കേരളസർക്കാർ



# ബജറ്റ് പ്രസംഗം 2018–2019

**ഡോ. ടി.എം. തോമസ് ഐസക്**
ധനകാര്യമന്ത്രി

2018 ഫെബ്രുവരി 2

# ബഡ്ജറ്റ് പ്രസംഗം
## 2018-19

**ഡോ. ടി.എം. തോമസ് ഐസക്**
ധനകാര്യ മന്ത്രി

2018 ഫെബ്രുവരി 2
കേരള സർക്കാർ

# ഉള്ളടക്കം


| | | | പേജ് നമ്പർ |
|---|---|---|---|
| ഭാഗം ഒന്ന് | - | ആമുഖം | 1 |
| ഭാഗം രണ്ട് | - | പൊതുസാമ്പത്തിക സ്ഥിതി | 7 |
| ഭാഗം മൂന്ന് | - | സമ്പൂർണ സാമൂഹ്യസുരക്ഷ | 21 |
| ഭാഗം നാല് | - | പരമ്പരാഗത തൊഴിൽമേഖലകൾ | 56 |
| ഭാഗം അഞ്ച് | - | പുത്തൻ വളർച്ചാ തൊഴിൽ മേഖലകൾ | 77 |
| ഭാഗം ആറ് | - | പശ്ചാത്തല സൌകര്യങ്ങൾ | 93 |
| ഭാഗം ഏഴ് | - | സാമൂഹികപശ്ചാത്തല സൌകര്യങ്ങൾ | 108 |
| ഭാഗം എട്ട് | - | തദ്ദേശഭരണം | 120 |
| ഭാഗം ഒമ്പത് | - | മറ്റു സാമ്പത്തികസേവനങ്ങൾ | 123 |
| ഭാഗം പത്ത് | - | നികുതി | 134 |
| ഭാഗം പതിനൊന്ന് | - | ഉപസംഹാരം | 150 |

സർ,

1. ഓഖി ചുഴലിക്കാറ്റ് വിതച്ച ദുരിതങ്ങളുടെയും സാമ്പത്തിക മുരടിപ്പ് സൃഷ്ടിക്കുന്ന അനിശ്ചിതാവസ്ഥയുടെയും മധ്യേയാണ് 2018-19 ലേയ്ക്കുള്ള സംസ്ഥാന ബജറ്റ് അവതരിപ്പിക്കുന്നത്. ഈ വൈഷമ്യങ്ങൾക്കിടയിലും അഭിമാനാർഹമായ പ്രവർത്തനങ്ങൾ നടത്താൻ സംസ്ഥാന സർക്കാരിനു സാധിച്ചിട്ടുണ്ട്. സമ്പൂർണ സാമൂഹ്യ സുരക്ഷയ്ക്കും സുസ്ഥിരതയ്ക്കും സമഗ്രപശ്ചാത്തല സൌകര്യ സൃഷ്ടിയ്ക്കും വേണ്ടിയുള്ള ദൃഢനിശ്ചയമാണ് പിണറായി വിജയൻ സർക്കാരിന്റെ മുഖമുദ്ര. ഇന്ത്യയാസകലം വീശിയടിക്കുന്ന വർഗീയതയ്ക്കു മുന്നിൽ അഭേദ്യമായ ഒരു കോട്ടയായി കേരളം നിലകൊള്ളുന്നു. സംസ്ഥാനത്തിന്റെ സാമൂഹ്യനേട്ടങ്ങളെപ്പോലും അഖി ലേന്ത്യാടിസ്ഥാനത്തിൽ ഇകഴ്ത്തിക്കാണിക്കാൻ വർഗീയ വാദികൾ കിണഞ്ഞു പരിശ്രമിച്ചെങ്കിലും കേരളം ഒന്നാം നമ്പരായി തുടരുന്നു. സർ, ഇതിനു നേതൃത്വം നൽകുന്ന സർക്കാരിന്റെ 2018-19 സാമ്പത്തിക വർഷത്തെ സംസ്ഥാന ബജറ്റ് സഭയ്ക്കു മുമ്പാകെ അവതരിപ്പിക്കുന്നതിൽ എനിക്ക് അഭിമാനമുണ്ട്.

2. ഓഖി ദുരന്തം ഒരു മുന്നറിയിപ്പാണ്. കേട്ടുകേൾവി പോലുമില്ലാത്ത ദുരന്തങ്ങളുടെ വെല്ലുവിളിയാണ് കാലാ വസ്ഥാവ്യതിയാനം ഭൂമിയിൽ സൃഷ്ടിക്കുന്നത്. ഇതു പ്രതിരോധിക്കാനുള്ള എല്ലാ തയ്യാറെടുപ്പും നാം നടത്തിയേ തീരൂ. ആധുനിക കേരള ചരിത്രത്തിൽ രേഖപ്പെടുത്തപ്പെട്ട ഏറ്റവും വലിയ പ്രകൃതിദുരന്തം തൊണ്ണൂറ്റിയൊമ്പതിലെ (1924) വെള്ളപ്പൊക്കമാണ്. അന്ന്, തിരുവിതാംകൂർ സർക്കാർ എന്തെല്ലാം അടിയന്തര നടപടികളാണ് സ്വീകരിച്ചത്, എങ്ങനെയാണ് ദീർഘകാല നയങ്ങൾക്കു

രൂപം നൽകിയത് എന്നതു സംബന്ധിച്ചൊരു പ്രബന്ധം കഴിഞ്ഞ വർഷത്തെ കേരള ഹിസ്റ്ററി കോൺഗ്രസിൽ ലേഖാ പിള്ളയും തുടങ്ങിയവരും ചേർന്ന് അവതരിപ്പിച്ചിരുന്നു. അതുപോലെ, ഓഖി ദുരന്തത്തിൽ സ്വീകരിച്ച അടിയന്തര നടപടികളും ദുരിതാശ്വാസ പ്രവർത്തനങ്ങളും രാജ്യ വ്യാപകമായ അംഗീകാരം നേടിയിട്ടുണ്ട്. ഇതരസംസ്ഥാന ങ്ങൾക്കുപോലും അനുകരിക്കാവുന്ന ഒരു മാതൃക തന്നെയാണ് ഇക്കാര്യത്തിലും നാം സൃഷ്ടിച്ചത്. അതിന്റെ തുടർച്ചയായി ദീർഘകാല തീരദേശ ദുരന്ത നിവാരണ വികസന പദ്ധതിയ്ക്കു രൂപം നൽകണം. ഇതിന്റെ കരടുരൂപം നാം കേന്ദ്രസർക്കാരിനു സമർപ്പിച്ചിട്ടുണ്ട്. അവ സംബന്ധിച്ച തീരുമാനത്തിനു വേണ്ടി കാത്തിരിക്കുമ്പോഴും തീരദേശത്തിന്റെ സമഗ്ര വികസനത്തിനുള്ള പാക്കേജിന് 2018-19 ലെ ബജറ്റ് തുടക്കം കുറിക്കുകയാണ്.

3. സർ, തീരദേശത്തിന് 2000 കോടി രൂപയുടെ ഒരു പാക്കേജ് പ്രഖ്യാപിക്കുന്നു. മത്സ്യഗ്രാമങ്ങളിലും മത്സ്യബന്ധനത്തിലേർ പ്പെട്ടിരിക്കുന്നവർക്കും യഥാസമയം മുന്നറിയിപ്പുകൾ എത്തിക്കുന്നതിനും അടിയന്തരസഹായ പ്രവർത്തനങ്ങൾ നടത്തുന്നതിനുമുള്ള സംവിധാനം എത്രയും പെട്ടെന്ന് സൃഷ്ടിക്കും. ഇതിന് എല്ലാ മത്സ്യബന്ധനയാനങ്ങളെയും തീരദേശ ഗ്രാമങ്ങളെയും ബന്ധിപ്പിച്ചുകൊണ്ടുള്ള സാറ്റലൈറ്റ് വിവര വിനിമയ സംവിധാനത്തിന് ദുരന്തനിവാരണ അതോറിറ്റി രൂപം നൽകിയിട്ടുണ്ട്. 100 കോടി രൂപ ചെലവു വരുന്ന ഈ സ്കീം ഈ സാമ്പത്തിക വർഷം നടപ്പാക്കും. തീരദേശ ഗ്രാമങ്ങളിൽ ഓരോ പൊതുകേന്ദ്രത്തിലും സൌജന്യ വൈ-ഫൈ സംവിധാനം ഉണ്ടാകും. കടൽത്തീരത്തിന്റെ 50 മീറ്റർ പരിധിയിലുള്ള മുഴുവൻ കുടുംബങ്ങളെയും മാറ്റി താമസിപ്പിച്ച് അവിടം

കണ്ടലും മരങ്ങളും വെച്ചുപിടിപ്പിക്കേണ്ടതുണ്ട്. ഇതിനു സന്നദ്ധമാകുന്ന ഓരോ കുടുംബത്തിനും 10 ലക്ഷം രൂപ നൽകുന്ന സ്കീം കഴിഞ്ഞ ബജറ്റിൽ പ്രഖ്യാപിച്ചതാണ്. ഇതിനായി 150 കോടി രൂപ വകയിരുത്തുന്നു. തീരദേശ വികസന പാക്കേജിന്റെ വിശദ പദ്ധതിരേഖ (ഡിപിആർ) ആഗോള അംഗീകാരമുള്ള ഒരു ഏജൻസിയെക്കൊണ്ട് തയ്യാറാക്കുന്നതിന് 10 കോടി വകയിരുത്തുന്നു. മത്സ്യമാർക്കറ്റുകളും ഫിഷ്‌ലാന്റിംഗ് സെന്ററുകളും വികസിപ്പിക്കും. മത്സ്യഫെഡിന്റെ ആഭിമുഖ്യത്തിൽ മത്സ്യം കേടുവരാതെ സൂക്ഷിക്കുന്നതിന് കോൾഡ് സ്റ്റോറേജ് ശ്യംഖല സൃഷ്ടിക്കുന്നതിന് എൻ.സി.ഡി.സി.യുടെ സഹായം തേടും. കക്ക സഹകരണ സംഘങ്ങളിൽ മൂല്യവർദ്ധിത ഉൽപന്നങ്ങളും ആധുനിക ചൂളയും നിർമ്മിക്കുന്നതിന് 3 കോടി രൂപ അധികമായി വകയിരുത്തുന്നു. ഉൾനാടൻ മത്സ്യബന്ധനത്തിനടക്കം മത്സ്യമേഖലയിൽ വാർഷിക പദ്ധതിയുടെ ഭാഗമായി 240 കോടി രൂപയും തീരദേശ വികസനത്തിനായി 238 കോടി രൂപയുമാണ് വകയിരുത്തിയിട്ടുള്ളത്. തീരദേശ റോഡുകൾക്കുള്ള തുകയടക്കം മത്സ്യമേഖലയുടെ മൊത്തം അടങ്കൽ 600 കോടി രൂപ വരും.

4. സർ, കേന്ദ്രധനസഹായം ഗണ്യമായി വെട്ടിക്കുറച്ചതുകൊണ്ട് മത്സ്യബന്ധന തുറമുഖങ്ങളുടെ നിർമ്മാണം പ്രതിസന്ധിയിലാണ്. അർത്തുങ്കൽ (61 കോടി), താനൂർ (36 കോടി), വെള്ളയിൽ (22 കോടി), മഞ്ചേശ്വരം (30 കോടി), തോട്ടപ്പള്ളി (80 കോടി), കാസർഗോഡ് (59 കോടി), ചെത്തി (111 കോടി), പരപ്പനങ്ങാടി (133 കോടി), കായംകുളം (36 കോടി), മുനമ്പം (8 കോടി), നീണ്ടകര (10 കോടി) എന്നിങ്ങനെ 584 കോടി രൂപ ഇവയുടെ നിർമ്മാണം പൂർത്തീകരിക്കാൻ വേണം. ഇത്

വായ്പയായി ലഭ്യമാക്കുന്നതിന് തത്വത്തിൽ നബാർഡ് സമ്മതിച്ചിട്ടുണ്ട്. പണി ആരംഭിക്കാത്ത അല്ലെങ്കിൽ രണ്ടാംഘട്ട പ്രവർത്തനം ആരംഭിക്കാനിരിക്കുന്ന ചെത്തി, പരപ്പനങ്ങാടി തുറമുഖങ്ങളെ കിഫ്ബിയിൽ ഉൾപ്പെടുത്തും. കിഫ്ബി സഹായത്തോടെ നടപ്പാക്കുന്ന ആശുപത്രി നവീകരണ പദ്ധതിയിൽ പറയുന്ന തീരദേശ ആശുപത്രികൾക്ക് മുൻഗണന നൽകും; കോഴിക്കോട് ബീച്ച് ഹോസ്പിറ്റലും കൊല്ലം, ആലപ്പുഴ ജനറൽ ആശുപത്രികളും ഫെറോഖ്, പൊന്നാനി, ചാവക്കാട്, കരുവേലിപ്പടി, ചെട്ടികാട്, കരുനാഗപ്പള്ളി, നീണ്ടകര, ചിറയിൻകീഴ് എന്നീ താലൂക്ക് ആശുപത്രികളും ഇതിൽ ഉൾപ്പെടും. കുടുംബാരോഗ്യ കേന്ദ്രങ്ങളെ തിരഞ്ഞെടുക്കുന്നതിന് തീരദേശത്തിന് മുൻഗണന നൽകും. തീരദേശത്തെ ഓരോ കുടുംബ ത്തിന്റെയും ആരോഗ്യ മൈക്രോപ്ലാനുകൾ തയ്യാറാക്കു കയും കുടുംബാരോഗ്യ സ്കീം നടപ്പാക്കുകയും ചെയ്യും. തീരദേശത്ത് 250 കുട്ടികളിൽ കൂടുതൽ പഠിക്കുന്ന മുഴുവൻ സ്കൂളുകളെയും ഈ വർഷത്തെ സ്കൂൾ നവീകരണ പാക്കേജിൽ ഉൾപ്പെടുത്തും. കടലാക്രമണം വളരെ ഗുരുതരമായിട്ടുള്ള ചെല്ലാനം, ഇടവനക്കാട്, പൊന്നാനി, ആലപ്പുഴ എന്നിവിടങ്ങളിൽ അടിയന്തര പ്രതിരോധ നടപടികൾക്ക് അനുവാദം നൽകിയിട്ടുണ്ട്. ഒരു സമഗ്രപഠനത്തിന്റെ അടിസ്ഥാനത്തിൽ കേരള തീരത്തുട നീളം സ്വീകരിക്കേണ്ടുന്ന പ്രതിരോധ നടപടികൾക്ക് അവസാനരൂപം നൽകും. ഇതിനായി ഇതിനകം കിഫ്ബിയിൽ നിന്നും 300 കോടി രൂപ അനുവദിച്ചിട്ടുള്ള താണ്. സർ, കിഫ്ബിയിൽ നിന്ന് 900 കോടിയുടെ നിക്ഷേപം തീരദേശ മേഖലയിൽ നടത്തും. ഇതിൽ തീരദേശ ഹൈവേയെയോ മറ്റു റോഡുകളെയോ ഉൾപ്പെടുത്തി യിട്ടില്ല എന്ന് എടുത്തു പറഞ്ഞുകൊള്ളട്ടെ.

5. കടലും കാറ്റും തീരത്തിന് ഉയിർ നൽകുന്നവരാണെന്ന് സുഗതകുമാരി ടീച്ചർ പാടി. പക്ഷേ, ആലോചനാരഹിതമായ മനുഷ്യ ഇടപെടൽ പ്രകൃതിയെ മഹാമൃത്യുരക്ഷസായി മാറ്റിയിരിക്കുകയാണ്. കെടുതി വിതച്ച് അലറുകയാണ് കാറ്റും കടലും. പക്ഷേ, തീരം തളരില്ല. പ്രിയങ്കരിയായ കവി പാടിയതുപോലെ,

*"കടലമ്മ തൻ മാറിൽ കളിച്ചുവളർന്നവർ, കരുത്തർ*

*ഉയിർത്തെഴുന്നേൽക്കുന്നു വീണ്ടും, ഞങ്ങൾ"*

6. സർ, എനിക്കുറപ്പുണ്ട്, നമ്മുടെ തീരം ഈ കെടുതികളെ അതിജീവിച്ച് ഉയർത്തെഴുന്നേൽക്കും. ഈ ബജറ്റ് അതു ലക്ഷ്യമിടുന്നു. ഏതു ദുരന്തവും കെടുതിയും സ്ത്രീകളെയാണ് ഏറ്റവും തീക്ഷ്ണമായി ബാധിക്കുന്നത്. ഓഖിയുടെ ഏറ്റവും ഒടുവിലെ ഉദാഹരണം നോക്കൂ. പുരുഷന്മാർ മരിച്ചു. ഇനി, കുടുംബം പോറ്റേണ്ട ചുമതല സ്ത്രീകൾക്കാണ്. ശിഷ്ട ജീവിതത്തിന്റെ എല്ലാ ക്ലേശങ്ങളെയും യാതനകളെയും അതിജീവിക്കേണ്ടത് സ്ത്രീകളാണ്. സാറാ തോമസിന്റെ വലക്കാർ എന്ന നോവലിൽ ഒരു കഥാപാത്രം ഇങ്ങനെ പറയുന്നുണ്ട്. *"അച്ചനറിയാമ്മേല ഞങ്ങടെ പെണ്ണുങ്ങടെ കാര്യം. ഞങ്ങൾ മീൻ പിടിച്ചു കരയിലെത്തിക്കുകയേ ഉള്ളൂ. വിറ്റു കിട്ടുന്ന കാശുകൊണ്ട് വീടു നടത്തേണ്ട ഭാരം ആ പാവത്തുങ്ങൾക്കാ"*. അങ്ങനെ മീൻ പിടിച്ചു കരയിലെത്തിച്ചിരുന്നവരെയാണ് ചുഴലിക്കാറ്റു കവർന്നെടുത്തത്. ഇനി അന്നന്നത്തെ വരുമാനം കണ്ടെത്തുന്നതു മുതൽ കുട്ടികളുടെ വിദ്യാഭ്യാസം, തൊഴിൽ, ഭാവി ജീവിതം എന്നിവയൊക്കെ ഉറപ്പു വരുത്തേണ്ട സ്ഥാനത്തേയ്ക്ക് സ്ത്രീ എത്തുന്നു. അവൾക്ക് പിന്തിരിഞ്ഞോടാനോ കീഴടങ്ങാനോ കഴിയില്ല.

7. ദുരന്തങ്ങൾക്ക് ഇരയാകുന്ന സ്ത്രീയുടെ മാത്രം അനുഭവമല്ലിത്. കുടുംബങ്ങളിലെ കാണാപ്പണിയടക്കം വിലമതിക്കാനാവാത്ത അധ്വാനമാണ് സ്ത്രീകളുടെ ജീവിതം. സർ, ഒരു സ്കൂൾ കലോത്സവത്തിൽ കവിതാരചനയ്ക്ക് *അടുക്കള* എന്ന വിഷയം ലഭിച്ചപ്പോൾ പുലാപ്പറ്റ സ്കൂളിലെ പത്താം ക്ലാസുകാരിയായ എൻ.പി സ്നേഹ എഴുതി, *"കെമിസ്ട്രി സാറാണ് പറഞ്ഞത്/ അടുക്കള ഒരു ലാബാണെന്ന്/പരീക്ഷിച്ചു നിരീക്ഷിച്ചു നിന്നപ്പോഴാണ് കണ്ടത്/വെളുപ്പിനുണർന്ന്/പുകഞ്ഞ് പുകഞ്ഞ്/തനിയെ സ്റ്റാർട്ടാകുന്ന/കരിപുരണ്ട/കേടുവന്ന/ ഒരു മെഷീൻ/അവിടെയെന്നും/സോഡിയം ക്ലോറൈഡ് ലായിനി/ ഉത്പ്പാദിപ്പിക്കുണ്ടെന്ന് !"*

8. സർ, ഈ അധ്വാനത്തിന് അനുസരിച്ചുള്ള അന്തസ് സ്ത്രീയ്ക്കു ലഭിക്കുന്നില്ല. മറ്റെല്ലാ മേഖലകളിലും കേരളം പ്രബുദ്ധതയുടെ പ്രകാശഗോപുരമായി നിൽക്കുമ്പോഴും ലിംഗനീതി ഉറപ്പു വരുത്തുന്ന കാര്യത്തിൽ അപമാനകരമായ നിരക്ഷരതയാണ് നാം പുലർത്തുന്നത്. അതേസമയം, അടിച്ചമർത്തലിന്റെയും അവഹേളനത്തിന്റെയും നാട്ടു നടപ്പുകളെ നിവർന്നു നിന്നു വെല്ലുവിളിക്കാൻ പുതിയ സ്ത്രീകൾ തയ്യാറായി വരുന്നു. സിനിമാ മേഖലയിലടക്കം ആൺകോയ്മയ്ക്കെതിരെയുള്ള തീക്ഷ്ണമായ പ്രതികരണങ്ങൾ ദൃശ്യമാണ്. സ്വന്തം വ്യക്തിത്വവും അന്തസും സ്ഥാപിച്ചുകിട്ടാനുള്ള സ്ത്രീകളുടെ പടയോട്ട ത്തിന് ഈ ബജറ്റ് എല്ലാ പിന്തുണയും വാഗ്ദാനം ചെയ്യുന്നു. സർ, അതുകൊണ്ടാണ് മലയാളത്തിലെ സാഹിത്യ കാരികളുടെ വരികൾ ചേർത്ത് 2018-19-ലെ ബജറ്റ് സഭയിൽ അവതരിപ്പിക്കുന്നത്. ജൻഡർ ബജറ്റിലേയ്ക്കു

വരുന്നതിനു മുമ്പ് ഈ ബജറ്റിന്റെ പൊതുസാമ്പത്തിക പശ്ചാത്തലം വിശദീകരിക്കട്ടെ.

## II

## പൊതുസാമ്പത്തിക സ്ഥിതി

9. ഓഖി ചുഴലിക്കാറ്റു പോലെയാണ് നോട്ടു നിരോധനം ഇന്ത്യൻ സമ്പദ്ഘടനയെ തകർത്തത്. ഒരു വ്യത്യാസം മാത്രം. ആദ്യത്തേത് പ്രകൃതി ദുരന്തമായിരുന്നുവെങ്കിൽ രണ്ടാമത്തേത് മനുഷ്യനിർമ്മിതമാണ്. നിരോധിച്ച നോട്ടൊക്കെ തിരിച്ചെത്തി എന്നു മാത്രമല്ല, പുതിയ നോട്ടുകൾ പകരം വരുന്നതിനുണ്ടായ കാലതാമസം കമ്പോളത്തെ തകർത്തു. വ്യാപാരം ശോഷിച്ചു. ചെറുകിട ഉത്പാദനം തകർന്നു. കോടിക്കണക്കിനു തൊഴിൽദിനങ്ങൾ നഷ്ടപ്പെട്ടു. നോട്ടുനിരോധനം കൊണ്ടു വലഞ്ഞ സമ്പദ്ഘടനയ്ക്ക് അവധാനതയില്ലാതെ നടപ്പാക്കിയ ജിഎസ്ടിയും തിരിച്ചടിയായി. 2016-17-ൽ 8 ശതമാനത്തിലേറെ വളരുമെന്നു പ്രതീക്ഷിച്ച ദേശീയ വരുമാനം 7.1 ശതമാനം മാത്രമാണ് ഉയർന്നത്.

**ചരക്കുസേവന നികുതി (ജിഎസ്ടി)**

10. ജിഎസ്ടിയുടെ ചരിത്രം യുപിഎ സർക്കാരിൽ നിന്നാണ് ആരംഭിക്കുന്നത്. ഈ പുതിയ നികുതി സമ്പ്രദായത്തിന്റെ നിർദ്ദേശം കേന്ദ്രബജറ്റിൽ അവതരിപ്പിക്കുകയും ധനമന്ത്രിമാരുടെ എംപവേർഡ് കമ്മിറ്റിയുടെ അജണ്ടയായി മാറുകയും ചെയ്തത് അക്കാലത്താണ്. യഥാർത്ഥത്തിൽ അന്നത്തെ മുഖ്യപ്രതിപക്ഷ കക്ഷി അവസാനനിമിഷം നിലപാട് മാറ്റിയില്ലായിരുന്നുവെങ്കിൽ യുപിഎ സർക്കാരിന്റെ കാലത്തുതന്നെ ജിഎസ്ടി നടപ്പിലാകുമായിരുന്നു. കേന്ദ്രത്തിൽ 2014-ൽ അധികാരത്തിൽവന്ന സർക്കാർ

ജിഎസ്ടിയിലേയ്ക്കുള്ള നീക്കം ദ്രുതഗതിയിലാക്കി. കേരളത്തിൽ ഇപ്പോഴത്തെ സർക്കാർ അധികാരത്തിൽ വന്നപ്പോഴേയ്ക്കും ജിഎസ്ടിയുടെ അടിസ്ഥാനഘടന സംബന്ധിച്ച് തീരുമാനങ്ങളായിക്കഴിഞ്ഞിരുന്നു. ലോക്സഭ ഭരണഘടനാ ഭേദഗതി പാസാക്കുകയും ചെയ്തിരുന്നു. പിന്നീട് രാജ്യസഭയും ഭരണഘടനാ ഭേദഗതി അംഗീകരിച്ചു. ഈ പശ്ചാത്തലത്തിൽ ജിഎസ്ടി കൌൺസിലിൽ കേരളം സ്വീകരിച്ച നിലപാട് ഇതായിരുന്നു – (ഒന്ന്) സംസ്ഥാനങ്ങളുടെ അധികാരം പരമാവധി സംരക്ഷിക്കുക. ഇതിനായി എസ്ജിഎസ്ടി നിരക്കുകൾ ചെറിയ ബാൻഡിനുള്ളിൽ വേണം നിശ്ചയിക്കാൻ. അഥവാ നിരക്കിൽ ചെറിയ നീക്കുപോക്ക് വരുത്തുവാൻ സംസ്ഥാനങ്ങൾക്ക് അധികാരം വേണം. നികുതി ഭരണത്തിൽ സംസ്ഥാനങ്ങൾക്ക് കൂടുതൽ അധികാരം ഉണ്ടാകണം. നികുതി വിഹിതത്തിൽ ഉയർന്ന പങ്ക് സംസ്ഥാനങ്ങൾക്കു വേണം. (രണ്ട്) നികുതി ഭാരം കുറയണം. പക്ഷെ ആഡംബര വസ്തുക്കൾക്ക് ഉയർന്ന നികുതിയും അവശ്യ വസ്തുക്കൾക്ക് നികുതി ഒഴിവോ അല്ലെങ്കിൽ വളരെ താഴ്ന്നന നികുതിയോ ആയിരിക്കണം. (മൂന്ന്) പുതിയ നികുതി സമ്പ്രദായം കേരളത്തിന് പരമാവധി അനുകൂലമാക്കുന്നതിന് ഡെസ്റ്റിനേഷൻ തത്വത്തിൽ വെള്ളം ചേർക്കുന്നതിനെ കേരളം ശക്തമായി എതിർത്തു. ഇക്കാര്യത്തിൽ വിജയിച്ചു. മറ്റുള്ളവയിൽ ഭാഗീകമായേ നമ്മുടെ നിലപാടുകൾ അംഗീകരിക്കപ്പെട്ടുള്ളൂ.

11. ചരക്കുകളുടെ മേലുള്ള നികുതിഭാരം മുമ്പുണ്ടായിരുന്ന മൊത്തം എക്സൈസ്, വാറ്റ് തുടങ്ങിയ നികുതികളെക്കാൾ മൂന്നിലൊന്നെങ്കിലും കുറഞ്ഞെങ്കിലും സാധനവില കുറഞ്ഞില്ല. അങ്ങനെ ജിഎസ്ടിയുടെ നേട്ടം ജനങ്ങൾക്കല്ല,

വൻകിട കോർപറേറ്റുകൾക്കാണ് ലഭിച്ചത്. ഇക്കാര്യം തുടക്കം മുതൽ ജിഎസ്ടി കൌൺസിലിൽ ഉന്നയിച്ച് ആന്റി പ്രോഫിറ്റിയറിംഗ് ക്ലോസ് നിയമത്തിൽ ഉൾപ്പെടുത്താൻ മുൻകൈയെടുത്തതും കേരളമായിരുന്നു. എക്സൈസ് നികുതിയേ ബാധകമല്ലാതിരുന്ന ചെറുകിട സ്ഥാപനങ്ങളുടെ മേൽ ജിഎസ്ടി നികുതി വന്നുപതിച്ചത് ആ മേഖലയ്ക്കു തിരിച്ചടിയായി. ഇതും കേരളം ഉന്നയിച്ചൊരു പ്രശ്നമാണ്. സമീപകാലത്തു മാത്രമാണ് നികുതി പരിധി ഒന്നരക്കോടി രൂപയായി ഉയർത്തി ഇതിനൊരു പരിഹാരം കാണാൻ ശ്രമിച്ചത്. റീഫണ്ടു കിട്ടാത്തതുകൊണ്ട് കയറ്റുമതിക്കാരും അവതാളത്തിലായി. ജിഎസ്ടി വരുന്നതുമൂലം നികുതി പിരിവിന്റെ കാര്യക്ഷമത കൂടും എന്ന പൊതുധാരണ യാഥാർത്ഥ്യമായില്ല. കാരണം ലളിതമാണ്. ജിഎസ്ടി ഭരണസംവിധാനം ഇതുവരെ പ്രാവർത്തികമായില്ല. ഒരു മാസത്തെ പൂർണ റിട്ടേണുകളേ ഡിസംബർ മാസം വരെ സമർപ്പിക്കാൻ കഴിഞ്ഞിട്ടുള്ളൂ. നികുതിദായകർ നൽകുന്ന ചുരുക്കക്കണക്കിന്റെ അടിസ്ഥാനത്തിലാണ് ഇപ്പോൾ നികുതി ലഭിക്കുന്നത്. അതുവെച്ചുകൊണ്ട് നികുതി വെട്ടിപ്പ് തടയാനാവില്ല. ചെക്ക് പോസ്റ്റുകളില്ലാതാക്കി. ഇപ്പോൾ ഏഴാം മാസത്തിൽ റിട്ടേൺ സമ്പ്രദായം സമൂലമായി പരിഷ്കരിക്കുന്നതിനു തീരുമാനിച്ചിരിക്കുകയാണ്. ചെക്ക് പോസ്റ്റ് പരിശോധനയ്ക്കു പകരം ഉദ്ദേശിച്ച ഇ-വേ ബിൽ സമ്പ്രദായം ഇന്നലെയാണ് നടപ്പിലായത്. ഇതിന്റെയൊക്കെ ഫലമായി നികുതി വരുമാനം അഖിലേന്ത്യാടിസ്ഥാനത്തിൽ പ്രതീക്ഷിച്ചതിനേക്കാൾ താഴെയാണ്. ജിഎസ്ടിയിൽ ലയിപ്പിച്ചത് ഏതാണ്ട് ഒരു ലക്ഷം കോടി രൂപയുടെ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ പരോക്ഷ നികുതികളാണ്. എന്നാൽ ജനുവരി മാസത്തെ നികുതിവരുമാനം 5407.47 കോടി രൂപ മാത്രമാണ്. ഇങ്ങനെ ഇതുവരെ പിരിച്ച

നികുതിയിൽ 1.35 ലക്ഷം കോടി രൂപയുടെ ഐജിഎസ്ടി നികുതി ഇതുവരെ വിതരണം ചെയ്യാനും കഴിഞ്ഞിട്ടില്ല. കേരളം പോലുള്ള സംസ്ഥാനങ്ങൾക്കാണ് ഇത് വലിയ തിരിച്ചടിയായിട്ടുള്ളത്.

12. ജിഎസ്ടി വരുമ്പോൾ കേരളത്തിന്റെ നികുതി 20-25 ശതമാനം കണ്ട് ഉയരും എന്ന് നിയമസഭയിലടക്കം ഞാൻ വാദിച്ചിട്ടുണ്ട് എന്നതു ശരിയാണ്. പക്ഷേ, നമ്മുടെ നികുതി വരുമാനം വാറ്റുകാലത്തെന്നപോലെതന്നെ പത്തു ശതമാനത്തിൽ താഴെ മാത്രമാണ് വർദ്ധിക്കുന്നത്. നഷ്ടപരിഹാരവും കൂടി ചേർക്കുമ്പോൾ പതിനാലു ശതമാനം വർദ്ധന ജിഎസ്ടിയിൽ ഉണ്ട്. കഴിഞ്ഞ അഞ്ചു മാസത്തെ ശരാശരിയെടുത്താൽ സംസ്ഥാനത്തു വിൽക്കുന്ന ചരക്കുകളിൽ നിന്ന് നാം നേരിട്ടു പിരിക്കുന്ന എസ്ജിഎസ്ടി നികുതി 691.75 കോടി രൂപ വരും. ഇതോടൊപ്പം മറ്റു സംസ്ഥാനങ്ങളിൽനിന്ന് കേരള ത്തിലേയ്ക്കു കൊണ്ടുവരുന്ന ചരക്കുകളുടെമേൽ ചുമത്ത പ്പെട്ട നികുതിയും നമുക്ക് അർഹതപ്പെട്ടതാണ്. ഇപ്രകാര മുള്ള ഐജിഎസ്ടി നികുതി ശരാശരി പ്രതിമാസം 802.06 കോടി രൂപയേ വരുന്നുള്ളൂ. യഥാർത്ഥത്തിൽ ഐജിഎസ്ടി, എസ്ജിഎസ്ടിയെക്കാൾ ഒരു മടങ്ങെങ്കിലും കൂടുതൽ വരേണ്ടതാണ് എന്നാണ് എന്റെ അനുമാനം. കാരണം നമ്മുടെ സംസ്ഥാനത്തുപയോഗിക്കുന്ന ചരക്കുകളുടെ 75 ശതമാനമെങ്കിലും മറ്റു സംസ്ഥാനങ്ങളിൽനിന്നു വരുന്നവയാണ്. ഈ ചരക്കുകളിൽ നിന്ന് നമുക്കു ലഭിക്കുന്ന എസ്ജിഎസ്ടി ഇവിടത്തെ വിൽപനക്കാരുടെ മാർജിനു മേലുള്ള നികുതിയാണ്. കാരണം അവർ ചരക്കുകൾ മറ്റു സംസ്ഥാനങ്ങളിൽ നിന്നു വാങ്ങിയപ്പോൾ കൊടുത്ത നികുതി ഇൻപുട്ട് ടാക്സ് ക്രെഡിറ്റായി അവർക്കു ലഭിക്കും.

ഈ ഇൻപുട്ട് ടാക്സ് ക്രെഡിറ്റിന് തുല്യമായ തുകയാണ് ഐജിഎസ്ടിയായി നമുക്കു ലഭിക്കുന്നത്. സ്വാഭാവികമായും ഐജിഎസ്ടി എസ്ജിഎസ്ടിയെക്കാൾ വളരെ ഉയർന്നതായിരിക്കും. വലിയതോതിൽ ഐജിഎസ്ടി ചോർച്ച സംഭവിക്കുന്നുവെന്നത് വളരെ വ്യക്തമാണ്.

13. ഈ ചോർച്ചയുടെ കാരണം നേരത്തെ തന്നെ സൂചിപ്പിച്ചു. ജിഎസ്ടി നടപ്പിലായതോടെ ചെക്ക്പോസ്റ്റുകൾക്ക് നിയമപ്രാബല്യമില്ലാതായി. അതോടെ ഒരു ബില്ലുമില്ലാതെ നിർബാധം ചരക്കുകൾ കേരളത്തിലേയ്ക്കൊഴുകുന്ന സ്ഥിതിയുണ്ടായി. ഇവ ബില്ലെഴുതാതെ കേരളത്തിലും വിൽക്കാൻ കഴിഞ്ഞാൽ നികുതിയിൽ നിന്നും പൂർണമായി ഒഴിവാകും. ഇതിനു തടയിടുന്നതിനുവേണ്ടി കേരളത്തിൽ പ്രാബല്യത്തിലുണ്ടായിരുന്ന ഇ-ഡിക്ലറേഷൻ സമ്പ്രദായം നാം പുനഃസ്ഥാപിക്കാൻ നടപടി സ്വീകരിച്ചു. എന്നാൽ ഐജിഎസ്ടിയുടെ പേരിൽ നടപടിയെടുക്കാൻ ജിഎസ്ടി കൌൺസിലിന്റെ നോട്ടിഫിക്കേഷൻ വേണമെന്ന് ഹൈക്കോടതി വിധിച്ചു. പലവട്ടം കൌൺസിലിൽ ഈ പ്രശ്നം ശക്തമായി ഉന്നയിക്കുകയും തീരുമാനിക്കുകയും ചെയ്തുവെങ്കിലും നോട്ടിഫിക്കേഷൻ ഇറങ്ങിയില്ല. ഏതാനും സംസ്ഥാനങ്ങൾക്കു വേണ്ടി പ്രത്യേക നോട്ടിഫിക്കേഷൻ വേണ്ടതില്ല എന്നതായിരുന്നു കേന്ദ്രസർക്കാർ തീരുമാനം.

14. ജിഎസ്ടി പ്രാബല്യത്തിൽ വന്നതോടെ നികുതി ഭരണത്തിൽ സംസ്ഥാനങ്ങൾക്ക് സംഭവിച്ച അധികാരനഷ്ടത്തിന്റെ ഉദാഹരണമാണ് ഈ അനുഭവം. നികുതി നിരക്കുകൾ മാറ്റുന്നതിനോ നികുതി ഭരണച്ചിട്ടകളിൽ മാറ്റം വരുത്തുന്നതിനോ സംസ്ഥാനങ്ങൾക്കു കഴിയില്ല. വാറ്റു വന്നപ്പോൾത്തന്നെ ഈ അധികാരങ്ങളിൽ നല്ലപങ്കും നഷ്ടപ്പെട്ടിരുന്നു. ഇപ്പോൾ ഭരണഘടനാഭേദഗതിയിലൂടെ

ഔപചാരികമായി ഇവ ഇല്ലാതായിരിക്കുന്നു. ഇനിയും ബാക്കിയുള്ള നികുതി അധികാരങ്ങൾ കവരുന്നതിനുള്ള എല്ലാ നീക്കങ്ങളെയും ശക്തമായി എതിർക്കുന്ന നിലപാടാണ് കേരളം കൈക്കൊള്ളുന്നത്.

## ധനപ്രതിസന്ധി

15. ജിഎസ്ടി മാത്രമല്ല, പെട്രോളിനുമേലുള്ള വിൽപന നികുതിയും രജിസ്ട്രേഷനും സ്റ്റാമ്പ് ഡ്യൂട്ടിയും മന്ദഗതിയിലാണ് വളരുന്നത്. യഥാക്രമം 18 ഉം 11.31 ഉം ശതമാനം വീതം. ഇതിന്റെ ഫലമായി നവംബർ വരെയുള്ള കണക്കെടുത്താൽ കേരളത്തിന്റെ നികുതി വരുമാനം ബജറ്റിൽ പ്രതീക്ഷിച്ച 16.08 ശതമാനത്തിനു പകരം 5.2 ശതമാനം വീതമേ ഉയർന്നുള്ളൂ. കേന്ദ്രധനസഹായമാകട്ടെ നവംബർ വരെയുള്ള കാലയളവിൽ മുൻകാലത്തെ അപേക്ഷിച്ച് 25.15 ശതമാനം മാത്രമാണ് ഉയർന്നത്. അങ്ങനെ സംസ്ഥാനത്തിന്റെ മൊത്തം റവന്യൂ വരുമാന വർദ്ധന 7.7 ശതമാനം മാത്രമായി. അതേസമയം, പദ്ധതിച്ചെലവ് 22 ശതമാനവും പദ്ധതിയിതര ചെലവ് 21 ശതമാനവും ഉയർന്നു. അഞ്ചുവർഷമായി കേരളത്തിലെ ധനകാര്യ സ്ഥിതിയുടെ ഒരു പൊതു പ്രവണതയാണീ വരവും ചെലവും തമ്മിലുള്ള വർദ്ധിച്ചുവരുന്ന പൊരുത്തക്കേട്. ഫലമോ, വാർഷിക പദ്ധതിയ്ക്ക് ആവശ്യമായ പണം കണ്ടെത്താൻ കഴിയുന്നില്ല. ഇതിനുള്ള അഡ്ജസ്റ്റുമെന്റായി വർഷാവസാനം വകുപ്പുകൾക്കുള്ള പദ്ധതിപ്പണം ചെലവായി കണക്കിലെഴുതിയ ശേഷം ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൌണ്ടുകളിൽ സൂക്ഷിക്കുന്നത് പതിവായി. ഇതുകൊണ്ടും മതിയാവാഞ്ഞിട്ട് 2015-16 മുതൽ E-LAMS രജിസ്റ്ററുകൾ കൊണ്ടുവന്നു. പൂർത്തിയാകാത്ത പ്രോജക്ടുകളെല്ലാം തിരക്കുപിടിച്ചു തീർക്കേണ്ടതില്ല, ഒരു

E-LAMS രജിസ്റ്ററിൽ രേഖപ്പെടുത്തിയാൽ അടുത്ത വർഷം നടപ്പാക്കാൻ അനുവാദം കിട്ടും. ഇത്തരത്തിൽ ഓരോ വർഷവും അടുത്ത വർഷത്തേയ്ക്കു മാറ്റിവെയ്ക്കുന്ന പദ്ധതിച്ചെലവുകൾ വർദ്ധിച്ചു. ഇതിപ്പോൾ ഒരു പ്രതിസന്ധിയായി മാറിയിരിക്കുകയാണ്.

16. വിവിധ വകുപ്പുകളുടേതായി ഡിസംബർ മാസത്തിൽ ട്രഷറി അക്കൌണ്ടുകളിൽ ചെലവാകാതെ ഏതാണ്ട് 13000 കോടി രൂപയാണ് ഡെപ്പോസിറ്റായി ഉണ്ടായിരുന്നത്. ഇതിനുപുറമെയാണ് ജീവനക്കാരുടെ ശമ്പളക്കുടിശിക പിഎഫിൽ ലയിപ്പിച്ചപ്പോഴും ട്രഷറി സേവിംഗ്സ് ബാങ്കിൽ ആളുകൾ പണം ഡെപ്പോസിറ്റു ചെയ്തപ്പോഴും ഉണ്ടായ ഡെപ്പോസിറ്റു വർദ്ധന. ഇത്തരത്തിൽ ഓരോ വർഷവും ഉണ്ടാകുന്ന അസൽ ഡെപ്പോസിറ്റു വർദ്ധന ബജറ്റ് കണക്കെഴുത്തിൽ പബ്ലിക്ക് അക്കൌണ്ടിൽനിന്നുള്ള വായ്പാ വരുമാനമായിട്ടാണ് സ്ഥാനം പിടിക്കുന്നത്. അങ്ങനെ 2016-17-ൽ പബ്ലിക് അക്കൌണ്ടിലെ വരുമാനം 10288 കോടി രൂപയായി ഉയർന്നു. ഇത്തരത്തിൽ വർദ്ധിച്ചത് ചട്ടലംഘനമായി കേന്ദ്രസർക്കാർ ചൂണ്ടിക്കാണിച്ചു. നമ്മുടെ അനുവദനീയമായ കമ്പോളവായ്പയിൽ ഈ തുക കുറവു വരുത്തും എന്ന് അറിയിച്ചു. ചരിത്രത്തിൽ ആദ്യമായിട്ടാണ് ഇത്തരമൊരു നിലപാട് കേന്ദ്രസർക്കാർ സ്വീകരിച്ചത്. എന്തായാലും കടമെടുപ്പ് പ്രതിസന്ധിയിലായതോടെ ദൈനംദിന ചെലവിന് പണം തികയാത്ത അവസ്ഥ വരികയും ട്രഷറി നിയന്ത്രണങ്ങൾ ഏർപ്പെടുത്താൻ നിർബന്ധിതമാവുകയും ചെയ്തു. ഇതിനെ തുടർന്ന് വിവിധ വകുപ്പുകളുടെ ട്രഷറി ഡെപ്പോസിറ്റുകളിൽ നിന്ന് 3038.81 കോടി ഡെപ്പോസിറ്റുകൾ നീക്കം ചെയ്തു. ഇവരുടെ അക്കൌണ്ടുകളിൽ ബാക്കിയുള്ള പണം ചെലവഴിച്ചു

കഴിഞ്ഞാൽ അധിക ധനാനുമതിയിലൂടെ നീക്കം ചെയ്ത പണം ലഭ്യമാക്കുന്നതാണ്. പക്ഷേ, ഇനിമേൽ പണം ചെലവാക്കാതെ ട്രഷറി അക്കൌണ്ടുകളിൽ കുന്നുകൂട്ടുന്ന പ്രവണത കർശനമായി നിയന്ത്രിക്കും. ഈ നടപടികളുടെ അടിസ്ഥാനത്തിൽ കേന്ദ്രസർക്കാർ വായ്പ എടുക്കാനുള്ള അവകാശം പുനഃസ്ഥാപിച്ചു. അങ്ങനെ വേയ്സ് ആൻഡ് മീൻസ് നിയന്ത്രണങ്ങൾ നീക്കം ചെയ്യാൻ കഴിഞ്ഞു. പക്ഷേ, വരുമാനവും ചെലവും തമ്മിലുള്ള അന്തരം തുടരുകയാണ്. ഈ പൊരുത്തക്കേടു പരിഹരിച്ചേ തീരൂ.

## സാമ്പത്തിക അച്ചടക്കം

17. കർശനമായ സാമ്പത്തിക അച്ചടക്കം അനിവാര്യമാണ്. ധനക്കമ്മി അനുവദനീയമായ 3 ശതമാനത്തിൽ ഒതുക്കി നിർത്തും. അനുവദനീയമായ വായ്പ ഉപയോഗ പ്പെടുത്തിയിട്ടും തികയുന്നില്ലെങ്കിൽ ചെലവിന് നിയന്ത്രണം ഏർപ്പെടുത്തുകയേ മാർഗമുള്ളൂ. ഇതുപോലെ റവന്യൂ കമ്മിയും ഇല്ലാതാക്കേണ്ടതുണ്ട്. പക്ഷേ, ഇതിന് അഞ്ച് - ആറ് വർഷമെങ്കിലുമെടുക്കും. ഇപ്പോൾ അവതരിപ്പിക്കുന്ന ബജറ്റടക്കം ഇനിയുള്ള ബജറ്റുകളിൽ ഓരോ വർഷവും റവന്യൂ കമ്മി 20 - 30 ബേസിസ് പോയിന്റുവീതം കുറയ്ക്കും. ഈ പരിധികൾക്കുള്ളിൽ നിന്നു വേണം ചെലവുകൾ നടത്താൻ. സർ, 2016-17ൽ ധനക്കമ്മി 4.3 ശതമാനമായിരുന്നു. 2017-18ൽ ബജറ്റ് മതിപ്പിൽ ഇത് 3.4 ശതമാനമായി താഴ്ത്തി നിശ്ചയിച്ചു. പുതുക്കിയ ബജറ്റ് കണക്കിൽ അത് 3.3. ശതമാനമായി വീണ്ടും താണിരിക്കുകയാണ്. 2018-19-ൽ ധനക്കമ്മി 3.1 ശതമാനം മാത്രമായിരിക്കും. ഇതുപോലെതന്നെ 2016-17-ൽ റവന്യൂ കമ്മി 2.5 ശതമാനമായിരുന്നു. 2017-18-ലെ ബജറ്റ് മതിപ്പിൽ ഇത് 2.1 ശതമാനമായി കുറച്ചു. പക്ഷേ 2017-18-ന്റെ

പുതുക്കിയ കണക്കു പ്രകാരം ഇത് 1.9 ശതമാനമായി താഴ്ന്നിരിക്കുകയാണ്. 2018-19-ൽ റവന്യൂ കമ്മി 1.6 ശതമാനം മാത്രമായിരിക്കും. പ്രതീക്ഷിച്ചതുപോലെ ജിഎസ്ടി വരുമാനത്തിൽ ഗണ്യമായ വർദ്ധന ഉണ്ടാവുക യാണെങ്കിൽ ധനസ്ഥിതി സുസ്ഥിരമാക്കുന്ന തിനുള്ള ഈ നീക്കം കൂടുതൽ സുഗമമാകും.

18. സംസ്ഥാനങ്ങളോട് കടുത്ത സാമ്പത്തിക അച്ചടക്കത്തെ ക്കുറിച്ചു പറയുന്ന കേന്ദ്രസർക്കാർ ഈ സാമ്പത്തിക അച്ചടക്കം പാലിക്കാത്തത് വിരോധാഭാസമാണ്. കേന്ദ്രധനകമ്മി 2017-18-ൽ 3 ശതമാനം ലക്ഷ്യമിട്ടത് 3.5 ശതമാനത്തിൽ നിർത്താൻ കഴിഞ്ഞതിലാണ് കേന്ദ്ര ധനമന്ത്രി അഭിമാനംകൊള്ളുന്നത്. ഇതു സാധിച്ചത് ഒരുലക്ഷം കോടി രൂപയുടെ പൊതുമേഖലാ ഓഹരികൾ വിൽക്കാൻ കഴിഞ്ഞതുകൊണ്ടാണ്. ഇതിൽ നല്ലൊരു പങ്ക് ഓഹരികളും വാങ്ങുന്നത് ഒഎൻജിസി പോലുള്ള പൊതുമേഖല സ്ഥാപനങ്ങൾ ബാങ്കുകളിൽ നിന്നും കടമെടുത്തുകൊണ്ടാണ്. ഇടതുകാലിൽ നിന്ന് വലതുകാലി ലേയ്ക്കുള്ള ഈ മന്തുമാറ്റം ആരെ ബോധ്യപ്പെടുത്താനാണ്? പ്രതിഷേധാർഹമായ കാര്യം സംസ്ഥാനങ്ങളോടു ചർച്ച ചെയ്യാതെ എഫ്ആർബിഎം റിവ്യു കമ്മിറ്റിയുടെ റിപ്പോർട്ട് നടപ്പിൽ വരുത്താനുള്ള ശ്രമമാണ്. കടമെടുക്കാനുള്ള സംസ്ഥാനങ്ങളുടെ അവകാശത്തെ ഇനിയും പരിമിതപ്പെടുത്താനുള്ള നീക്കം സംസ്ഥാന ധനകാര്യ സ്വാതന്ത്ര്യത്തിനുമേലുള്ള വെല്ലുവിളിയാണ്.

## കേരള ഇൻഫ്രാസ്ട്രക്ച്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് (കിഫ്ബി)

19. ബജറ്റിലെ സാമ്പത്തിക അച്ചടക്കം കിഫ്ബി വഴിയുള്ള വമ്പൻ മൂലധന നിക്ഷേപ കുതിപ്പ് വിജയിപ്പിക്കുന്നതിന്

ആവശ്യമാണ്. ഏതാണ്ട് 54,000 കോടി രൂപയുടെ നിർദ്ദേശങ്ങളാണ് കഴിഞ്ഞ ബജറ്റുകളിൽ മുന്നോട്ടു വെച്ചത്. അവയിൽ ഇരുപതിനായിരംകോടിയോളം രൂപയുടെ നിർദ്ദേശങ്ങൾക്ക് പണം അനുവദിച്ച് നിർവഹണത്തി ലേയ്ക്കു നീങ്ങുകയാണ്. അധികം താമസിയാതെ മറ്റൊരു പതിനായിരം കോടി രൂപയ്ക്കു കൂടി അനുവാദം നൽകും. ബാക്കി 2018-19-ലും. സമാനതകളില്ലാത്ത ഈ നിക്ഷേപം ഇന്നത്തെ സാമ്പത്തിക മാന്ദ്യത്തിന് ഒരു മറുമരുന്നാകും. ഈ നിക്ഷേപത്തിന്റെ അനുരണനങ്ങൾ സാമ്പത്തിക ഉത്തേജകമാകും.

20. പക്ഷേ, കിഫ്ബിയും അക്ഷയനിധിയല്ല. വായ്പയായെടു ക്കുന്ന മുതലും പലിശയും തിരിച്ചു നൽകേണ്ടതാണ്. ഒമ്പതു ശതമാനം പലിശയും മൂന്നുവർഷം മോറട്ടോറിയവും ഏഴു വർഷം തിരിച്ചടവു കാലവും അനുമാനിച്ചാൽ ഒരു ലക്ഷം കോടി രൂപ തിരിച്ചു നൽകേണ്ടി വരും. ഈ സഭ പാസാക്കിയ കിഫ്ബി നിയമപ്രകാരം പെട്രോൾ സെസിന്റെയും മോട്ടോർ വാഹനനികുതിയുടെയും വിഹിതമായി തിരിച്ചടവു കാലയളവ് തീരുംമുമ്പ് ഒരു ലക്ഷം കോടി രൂപ കിഫ്ബിയ്ക്ക് ഗ്രാന്റായി ലഭിച്ചിരിക്കും. തങ്ങളുടെ ഭാവി വരുമാനത്തെ സെക്യൂരിറ്റൈസ് ചെയ്യുക മാത്രമാണ് കിഫ്ബി ചെയ്യുന്നത്. ഇപ്രകാരം നിർദ്ദിഷ്ട കാലയളവിൽ കിഫ്ബിക്ക് ഗ്രാന്റായി ലഭിക്കുന്ന തുകയും തിരിച്ചവു ബാധ്യതകളും സന്തുലിത മായിരിക്കുമെന്ന് ഉറപ്പുവരുത്തിക്കൊണ്ടേ കിഫ്ബിയിൽ നിന്നും പ്രോജക്ടുകൾക്ക് കിഫ്ബി ബോർഡ് അനുവാദം നൽകൂ. കിഫ്ബി സൃഷ്ടിക്കാവുന്ന ഭാവിയിലെ ബാധ്യതയെ ക്കുറിച്ച് ആരും ആശങ്കപ്പെടേണ്ടതില്ല. നമ്മൾ ഇപ്പോൾ പ്രഖ്യാപിച്ചിട്ടുള്ള പദ്ധതികൾ ഓരോന്നും നമ്മുടെ നാടിന് അനിവാര്യമാണ്. പക്ഷെ സാധാരണഗതിയിലുള്ള ബജറ്റ്

മിച്ചത്തിൽ നിന്നാണ് ഈ മൂലധന ചെലവിനുള്ള പണം കണ്ടെത്തേണ്ടതെങ്കിൽ നമ്മൾ രണ്ടു പതിറ്റാണ്ട് കാത്തിരിക്കേണ്ടിവരും. ഇതിനു രണ്ടു ദോഷങ്ങളുണ്ട്. ഇന്നു വേണ്ടിവരുന്നതിനേക്കാൾ പതിൻമടങ്ങ് ചെലവ് നിർമ്മാണ പ്രവൃത്തികൾക്കു വേണ്ടിവരും. അതോടൊപ്പം ഒരു തലമുറയ്ക്ക് ഇവയുടെ നേട്ടങ്ങളും നഷ്ടപ്പെടും. അതുകൊണ്ട് നാം സ്വീകരിച്ചിരിക്കുന്ന തന്ത്രം കിഫ്ബി വഴി ഈ നിർമ്മാണ പ്രവൃത്തികൾ ഇന്നു നടത്തുകയും, അടുത്ത 15 വർഷക്കാലം നമ്മൾ അനിവാര്യമായും ഇത്തരം നിർമ്മാണ പ്രവൃത്തികൾക്കുവേണ്ടി നീക്കിവയ്ക്കേണ്ടി വരുമായിരുന്ന തുക നിയമത്തിൽ വ്യവസ്ഥ ചെയ്തിരിക്കുന്നതുപോലെ കിഫ്ബിയ്ക്ക് കൈമാറുകയുമാണ്.

21. സർ, ഇതുവരെ 4270 കോടി രൂപ സംസ്ഥാന സർക്കാർ കിഫ്ബിയ്ക്ക് ഗ്രാന്റായി നൽകിയിട്ടുണ്ട്. 3,000 കോടിയ്ക്ക് ജനറൽ ഒബ്ലിഗേഷൻ ബോണ്ട് പുറപ്പെടുവിക്കുന്നതിന് തയ്യാറെടുപ്പുകൾ പൂർത്തിയായി. നിർമ്മാണ പ്രവൃത്തികളിൽ നിന്ന് അടുത്ത 3-4 മാസക്കാലത്തേയ്ക്ക് സമർപ്പിക്കുന്ന ബില്ലുകൾക്ക് പണം നൽകാൻ ഈ തുക മതിയാകും. തുടർന്നുള്ള കാലയളവിൽ വേണ്ടിവരുന്ന തുക കമ്പോളത്തിൽ നിന്നും സമാഹരിക്കുന്നതിന് ഒരു പ്രയാസവും നേരിടില്ല. ക്രിസിൽ, ഇക്ര എന്നീ രണ്ടു റേറ്റിംഗ് ഏജൻസികളും കിഫ്ബിയ്ക്ക് എ പ്ലസ് ഗ്രേഡ് നൽകിയിട്ടുണ്ട്. ഇത് ഈ സ്ഥാപനത്തിന്റെ സംവിധാനങ്ങളുടെ സുതാര്യതയ്ക്കും കാര്യക്ഷമതയ്ക്കും ലഭിച്ചിട്ടുള്ള അംഗീകാരമാണ്. പ്രവാസി മലയാളികളെ ലക്ഷ്യമിട്ടുകൊണ്ട് മസാല ബോണ്ടുകൾ പുറപ്പെടുവിക്കുന്നതിന് കിഫ്ബി ബോർഡ് കൈക്കൊണ്ട തീരുമാനവും അടുത്ത ധനകാര്യവർഷം ആദ്യം നടപ്പിലാകും.

22. ജനറൽ ഒബ്ലിഗേഷൻ ബോണ്ട്, റവന്യു ബോണ്ട്, ലാന്റ് ബോണ്ട് തുടങ്ങി വിവിധതരം ബോണ്ടുകൾ ഉപയോഗപ്പെടുത്തിക്കൊണ്ടാണ് ഇന്ത്യയിലെ അഭ്യന്തര കമ്പോളത്തിൽ നിന്നും വിഭവസമാഹരണം നടത്തുവാൻ ഉദ്ദേശിക്കുന്നത്. നിർദ്ദിഷ്ട പ്രോജക്ടുകൾക്ക് വിദേശത്തുനിന്നു താഴ്ന്ന പലിശയ്ക്ക് ദീർഘകാല നിക്ഷേപം സമാഹരിക്കുന്നതിന് കിഫ്ബിയ്ക്കു കീഴിൽ ഓൾട്ടർനേറ്റീവ് ഇൻവെസ്റ്റ്മെന്റ് ഫണ്ടിന് രൂപം നൽകിയിട്ടുണ്ട്.

23. ഇതിനുപുറമേ കെഎസ്എഫ്ഇയുടെ എൻആർഐ ചിട്ടികൾ അടുത്ത മാർച്ച് - ഏപ്രിൽ മാസത്തിൽ ആരംഭിക്കും. ഇതിനുള്ള ഓൺലൈൻ സംവിധാനങ്ങൾ തയ്യാറായിക്കഴിഞ്ഞു. ചിട്ടിയിൽ ചേരുന്നവർക്ക് അപകട ഇൻഷ്വറൻസും നിബന്ധനകൾക്കു വിധേയമായി പെൻഷനും ലഭ്യമാക്കും. പലിശയല്ല, ഡിവിഡന്റും കമ്മീഷനുമാണ് ചിട്ടിയുടെ നടത്തിപ്പ് തത്വങ്ങൾ എന്നത് ഗൾഫ് മേഖലയിൽ ചിട്ടിയെ കൂടുതൽ ആകർഷകമാക്കും. വിദേശ മലയാളികൾ വലിയൊരുസംഖ്യ ഏതെങ്കിലും രൂപത്തിലുള്ള സമ്പാദ്യപദ്ധതിയിൽ നിക്ഷേപിക്കുന്നുണ്ട്. ഇതിന് ഒരു മാർഗ്ഗമായി ചിട്ടി തെരഞ്ഞെടുക്കുകയാണെങ്കിൽ സാധാരണഗതിയിൽ ബാങ്കിംഗ് മേഖലയിൽ നിന്നും മറ്റും ലഭിക്കുന്ന സാമ്പത്തികനേട്ടം ഉറപ്പായും ലഭിക്കുമെന്നു മാത്രമല്ല, ഇതു നാടിന്റെ വികസനത്തിനുള്ള സഹായമായി മാറുകയും ചെയ്യും. ചിട്ടിയിൽ നിന്നുള്ള ഫ്രീ ഫ്ളോട്ട് കിഫ്ബി ബോണ്ടുകളിൽ ഹ്രസ്വകാല ബോണ്ടുകളായി നിക്ഷേപിക്കുകയാണ് ചെയ്യുക. ഇതൊരു ഭാവനയല്ലേയെന്ന് ചിന്തിക്കുന്നവരോട് ഒരു കാര്യം പറയട്ടെ. ഇപ്പോൾ കെഎസ്എഫ്ഇയ്ക്ക് 18,000 കോടി രൂപ ടേൺഓവറാണ് ചിട്ടയിൽ നിന്നുള്ളത്. ഇതിൽ നിന്നും 5,000 കോടി രൂപയുടെ

ഫ്രീ ഫ്ലോട്ട് ഇപ്പോൾ ട്രഷറിയിൽ ഡെപ്പോസിറ്റായുണ്ട്. അതുകൊണ്ട് പ്രവാസി ചിട്ടിയിൽ നിന്നുമാത്രം കിഫ്ബിക്ക് ചുരുങ്ങിയ ചെലവിൽ വലിയ തോതിൽ വിഭവസമാഹരണം നടത്താനാകുമെന്നാണ് കരുതുന്നത്.

24. കിഫ്ബി പദ്ധതികൾക്കുള്ള കാലതാമസത്തെക്കുറിച്ച് പലരും വിമർശിക്കാറുണ്ട്. കർശനമായ ചിട്ടകളും പരിശോധനയും ഒഴിവാക്കാനാവില്ല. സമർപ്പിക്കപ്പെടുന്ന പദ്ധതികൾ വളരെ ചുരുങ്ങിയകാലം കൊണ്ടുതന്നെ പരിശോധന പൂർത്തിയാക്കുന്നുണ്ടെന്നാണ് കണ്ടത്. പക്ഷെ മാനദണ്ഡങ്ങളിൽ ഇളവ് നൽകാനാവില്ല. കിഫ്ബിയിൽ എല്ലാ പദ്ധതികൾക്കും നേട്ടകോട്ട വിശ്ലേഷണവും പാരിസ്ഥിതിക/സാമൂഹ്യ പ്രത്യാഘാത പഠനവും വിശദമായ ഇൻവെസ്റ്റിഗേഷനും എസ്റ്റിമേറ്റും അനിവാര്യമാണ്. നിർവ്വഹണ ഏജൻസികളുടെ കാര്യക്ഷമത ഉയർത്തുകയേ പരിഹാരമുള്ളൂ. നമ്മുടെ സംസ്ഥാനത്ത് നബാർഡിന്റെയും മറ്റും പദ്ധതികൾ പ്രവർത്തനപഥത്തിലെത്താൻ ശരാശരി രണ്ടു വർഷമെടുക്കാറുണ്ട്. കിഫ്ബിയുടെ ഏതാണ്ട് പകുതിയോളം പ്രോജക്ടുകൾ പ്രഖ്യാപിച്ച് ഒരു വർഷം പൂർത്തിയായില്ല എന്നത് പ്രത്യേകം ഓർമ്മിക്കണം. എന്നിരുന്നാലും 19,000 കോടി രൂപയ്ക്കുള്ള പദ്ധതികൾക്ക് നിർവ്വഹണാനുമതി നൽകിക്കഴിഞ്ഞു. ബാക്കിയുള്ള ഏതാണ്ട് എല്ലാ പദ്ധതികളും 2018-19-ൽ പ്രവർത്തന പഥത്തിലാക്കാൻ പറ്റുമെന്ന് എനിക്കുറപ്പുണ്ട്.

## പൊതുസാമ്പത്തിക സ്ഥിതി

25. സർ, പ്രതികൂലമായ സാഹചര്യങ്ങളിലും വളരെ പ്രതീക്ഷാനിർഭരമായ ഒരു സൂചികയിലേയ്ക്കു ഞാൻ വിരൽ ചൂണ്ടട്ടേ. ദേശീയ തലത്തിലുള്ള സാമ്പത്തിക മുരടിപ്പും ഗൾഫിൽ നിന്നുള്ള തിരിച്ചുവരവുമെല്ലാം

ഉണ്ടായിട്ടും കേരള സമ്പദ്ഘടന 2016-17-ൽ 7.41 ശതമാനം വേഗതയിൽ വളർന്നു. ദേശീയ ശരാശരിയേക്കാൾ മെച്ചപ്പെട്ട പ്രകടനമാണ് കേരളത്തിന്റേത്. ദാരിദ്ര്യ ലഘൂകരണത്തിലും ജീവിതഗുണമേന്മ ഉയർത്തുന്നതിലും സംസ്ഥാനത്തിന്റെ മികച്ച പ്രകടനം തുടർന്നു. ഇക്കണോമിക് സർവ്വേയിലെ ഒന്നാം അധ്യായത്തിൽ ഇതു സംബന്ധിച്ച വിശദാംശങ്ങൾ നൽകിയിട്ടുണ്ട്. ഇവയെല്ലാം നമ്മുടെ സമ്പദ്ഘടനയുടെ അതിജീവനശേഷിയെയാണ് സൂചിപ്പിക്കുന്നത്. വരാൻ പോകുന്ന ഗൾഫ് തിരിച്ചു വരവിന്റെ പ്രതിസന്ധിയെ നേരിടാൻ ഈ അനുഭവം നമുക്കു കരുത്തു പകരും. കിഫ്ബിയിൽ നിന്നുള്ള വൻനിക്ഷേപം ഇതിനു നമ്മെ സഹായിക്കും.

26. സംസ്ഥാന ബജറ്റിലെ പ്രതീക്ഷിത വരുമാനത്തിൽ ഉണ്ടായിട്ടുള്ള ഇടിവുമൂലം പാവപ്പെട്ടവരുടെ സാമൂഹ്യക്ഷേമ ചെലവുകളിൽ ഒരു കുറവും ഉണ്ടാകില്ല എന്ന് സഭയ്ക്കുറപ്പു നൽകാൻ ഞാൻ ആഗ്രഹിക്കുകയാണ്. പാവങ്ങളുടെ ആനുകൂല്യങ്ങൾക്കും സഹായങ്ങൾക്കുമായിരിക്കും ഏറ്റവും വലിയ മുൻഗണന. ഈ ബജറ്റിന്റെ ഏറ്റവും പ്രധാനപ്പെട്ട വശം സമ്പൂർണ സാമൂഹ്യ സുരക്ഷാ പദ്ധതിയാണ്. കഴിഞ്ഞ ബജറ്റിലും ഇതു വിവരിച്ചതാണ്. 2018-19 മുതലാണ് ഇതു പൂർണമായ തോതിൽ നടപ്പായി തുടങ്ങുക. എല്ലാവർക്കും വീട്, നല്ല ഭക്ഷണം, മെച്ചപ്പെട്ട വിദ്യാഭ്യാസം, ജീവിതശൈലീരോഗങ്ങൾക്കടക്കം സൌജന്യ ചികിത്സ, സാമൂഹ്യക്ഷേമ പെൻഷൻ എന്നിവയാണ് ഈ സമ്പൂർണ സാമൂഹ്യസുരക്ഷാ പദ്ധതിയുടെ സുപ്രധാന കണ്ണികൾ. സർ, ഇവയോരോന്നിനെയും കുറിച്ച് വിശദമായി പ്രതിപാദിക്കാനാണ് ഞാനുദ്ദേശിക്കുന്നത്.

## III

## സമ്പൂർണ സാമൂഹ്യസുരക്ഷ

### നല്ല ഭക്ഷണം

27. *"ഒരു നല്ല കുല വെട്ടാനുണ്ടായാൽ, ഒരു കോഴി മുട്ടയിടുന്നുവെന്നറിഞ്ഞാൽ, കളത്തിലെ കുട്ടികളോ തമ്പ്രാനോ അന്വേഷിച്ചു വരും. ഒരു ചിരട്ടെ നടാനുള്ള ശീലം എന്നോ നഷ്ടപ്പെടുത്തിയ മനുഷ്യർ'* നെല്ല് എന്ന നോവലിൽ പി. വത്സല കോറിയിട്ടതുപോലൊരു കാലം കേരളത്തിൽ പണ്ടുണ്ടായിരുന്നു. സർ, ആ കാലം മാറി. കേരളത്തിന്റെ ഉപഭോഗ നിലവാരത്തിലുണ്ടായ പുരോഗതിയുടെ ഏറ്റവും നല്ല സൂചന കപ്പയും മത്തിയും മുഖ്യാഹാരം ആയിരുന്നതിൽ നിന്ന് അരിയും മാംസാഹാരത്തിലേയ്ക്കുമുള്ള പരിവർത്തനമാണ്. ആളോഹരി ഉപഭോഗത്തിൽ കേരളത്തിന് ഒന്നാമതോ രണ്ടാമതോ സ്ഥാനമാണുള്ളത്. പക്ഷേ, ഒരു നേരത്തെ അരിഭക്ഷണം ലഭിക്കാത്തവർ ഇന്നും നമ്മുടെ നാട്ടിലുണ്ട്. വിശന്ന് അന്തിയുറങ്ങുന്ന ഒരാൾ ഈ കേരളത്തിൽ ഉണ്ടാകാൻ പാടില്ല. ഇതിന് ഏറ്റവും നല്ല ഉറപ്പ് ഭക്ഷ്യസുരക്ഷാ നിയമം ഫലപ്രദമായി നടപ്പാക്കുകയാണ്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് മതിയായ തയ്യാറെടുപ്പുകൾ എടുക്കാത്തതിന്റെ ഫലമായി വളരെ ധൃതിപിടിച്ച് ഭക്ഷ്യസുരക്ഷാ നിയമം നടപ്പാക്കേണ്ടി വന്നു. ഇതിന്റെ ഒട്ടേറെ പ്രശ്നങ്ങളുണ്ടായി. അവ ഓരോന്നായി പരിഹരിച്ചു വരികയാണ്.

28. സർവെയിലെ അപാകതമൂലം ആറര ലക്ഷത്തോളം അർഹരായവർ മുൻഗണനാ പട്ടികയിൽ നിന്നു പുറത്തു പോയതാണ് വലിയ അസംതൃപ്തിയ്ക്ക് ഇടയാക്കിയത്. ഇവരിൽ നല്ലപങ്കും മുമ്പ് ബിപിഎൽ കുടുംബങ്ങളായിരുന്നു.

മുൻഗണനാ ലിസ്റ്റിനു പുറത്തുള്ളവർക്ക് ചെറിയ തൂക്കം അരിയേ ലഭിക്കുന്നുള്ളൂ എന്നതും മറ്റൊരു ഗൌരവമായ പ്രശ്നമാണ്. കഴിഞ്ഞ ഏതാനും മാസത്തെ ചിട്ടയായ പ്രവർത്തനത്തിന്റെ ഭാഗമായി ഇതിനകം 2.4 ലക്ഷം സർക്കാർ ജീവനക്കാർ അടക്കമുള്ളവർ നിലവിലുള്ള മുൻഗണനാ ലിസ്റ്റിൽ നിന്നു പുറത്തുപോയി. കെട്ടിട ഉടമസ്ഥതയുടെ പരിശോധനയുടെ അടിസ്ഥാനത്തിൽ ഒരു ലക്ഷം പേരെങ്കിലും നിലവിലുള്ള ലിസ്റ്റിൽ നിന്നു പുറത്തുപോകേണ്ടി വരുമെന്ന് വ്യക്തമായി. ഇപ്പോൾ നാലു ചക്ര വാഹന ഉടമസ്ഥരുടെ പരിശോധന നടന്നു കൊണ്ടിരിക്കുകയാണ്. അങ്ങനെ ഇപ്പോൾ പട്ടികയിൽ ഉൾപ്പെട്ട അഞ്ച് - ആറ് ലക്ഷം പേരെങ്കിലും പരിശോധനയിൽ മുൻഗണനാലിസ്റ്റിൽ നിന്ന് ന്യായമായും പുറത്തുപോകും. ഇതോടെ മുൻഗണനാലിസ്റ്റിൽ നിന്നും വിട്ടുപോയതിന്റെ പരാതികൾ പൂർണമായും പരിഹരി ക്കാനാവും. ഇ പോസ് മിഷൻ സ്ഥാപിക്കുന്നതോടെ റേഷൻ ചോർച്ച ഗണ്യമായി കുറയ്ക്കാനാവുകയും മിച്ചം വരുന്ന അരിയുടെ ഒരു ഭാഗം മുൻഗണനാ ലിസ്റ്റിനു പുറത്തുള്ളവർക്ക് അധികമായി നൽകാനും കഴിയും.

29. ഭക്ഷ്യസബ്സിഡിയായി ഈ വർഷത്തെ ബജറ്റിൽ 954 കോടി രൂപ വകയിരുത്തുന്നു. റേഷൻ വ്യാപാരികളുടെ അലവൻസ് വർദ്ധിപ്പിക്കുക മാത്രമല്ല, സുഗമമായ റേഷൻ വിതരണത്തിന് 314 തസ്തികകൾകൂടി സൃഷ്ടിക്കുക യുണ്ടായി. ഭക്ഷ്യസുരക്ഷാ നിയമം നടപ്പാക്കുന്നതിനുവേണ്ടി 31 കോടി രൂപ പ്രത്യേകമായി വകയിരുത്തുന്നു. ഇതു മുഖ്യമായും റേഷൻ കടകളുടെ നവീകരണത്തിനും ഇ ഗവേണൻസിനും വേണ്ടിയുള്ളതാണ്. പരീക്ഷണാടി സ്ഥാനത്തിൽ തെരഞ്ഞെടുത്ത റേഷൻകടകളെ മാർജിൻ

ഫ്രീ പലചരക്കു കടകളായി പ്രവർത്തിപ്പിക്കുന്നതാണ്. കൌൺസിൽ ഫോർ ഫുഡ് റിസർച്ച് ആൻഡ് ഡെവലപ്പ്മെന്റിന് 6 കോടി രൂപ വകയിരുത്തുന്നു. ഇതിനു പുറമേ, കമ്പോള ഇടപെടലിനു വേണ്ടി സിവിൽ സപ്ലൈസ് കോർപറേഷനും കൺസ്യൂമർ ഫെഡിനും കൂടി 250 കോടി രൂപ വകയിരുത്തുന്നു. സപ്ലൈകോ കടകൾ നവീകരിക്കുന്നതിനുവേണ്ടി 8 കോടി രൂപ വകയിരുത്തുന്നു.

30. *"പാണിയിൽ തുഴയില്ല, തോണിയിൽ തുണയില്ല/ ക്ഷോണിയിലൊരു ലക്ഷ്യവുമറിയുകയില്ല"* എന്ന് ലളിതാംബിക അന്തർജനത്തിന്റെ *സാവിത്രി അഥവാ വിധവാവിവാഹം* എന്ന പ്രശസ്ത നാടകത്തിലെ ഒരു കഥാപാത്രം പാടുന്നുണ്ട്. ആരാരും തുണയില്ലാതെ, ഒരു നേരത്തെ ഭക്ഷണം പോലും കിട്ടാതെ, ഓരോ ദിവസവും എങ്ങനെ തള്ളിനീക്കണമെന്നറിയാതെ അഗതികളും അനാഥരുമായി ജീവിക്കുന്നവർ കേരളത്തിലുണ്ട്. അവർക്കു വേണ്ടിയാണ് വിശപ്പുരഹിത കേരളം പദ്ധതി. 2010-ലെ ബജറ്റിൽ പ്രഖ്യാപിച്ച ഈ പദ്ധതി ആലപ്പുഴയിൽ വിജയകരമായി പ്രാവർത്തികമാക്കിയത് ഇക്കൊല്ലമാണ്. അഗതികളായ 400 കിടപ്പുരോഗികൾക്ക് സൌജന്യമായി വീട്ടുപടിക്കൽ രണ്ടുനേരത്തെ ഭക്ഷണം നൽകുന്നതിനോടൊപ്പം സൌജന്യവിലയ്ക്ക് ഭക്ഷണശാലകൾ വഴി ഭക്ഷണം നൽകുകയാണ് ഇവിടെ ചെയ്യുന്നത്. കഴിഞ്ഞ ഒരു വർഷക്കാലം തുടർച്ചയായി മെഡിക്കൽ കോളേജ് ആശുപത്രികളിൽ രോഗികൾക്കും കൂട്ടിരിപ്പുകാർക്കും സൌജന്യ പൊതിച്ചോറ് ഒരു യുവജനസംഘടന നൽകിവരുന്നുണ്ട്. ഇത്തരം ഇടപെടലുകൾക്ക് ലഭിക്കാവുന്ന ജനപിന്തുണയുടെ ഉദാഹരണമാണിത്. ആലപ്പുഴയുടെ അനുഭവത്തിന്റെ അടിസ്ഥാനത്തിൽ വിശപ്പുരഹിത കേരളം

പദ്ധതി കേരളത്തിൽ കൂടുതൽ സ്ഥലങ്ങളിലേയ്ക്കു വ്യാപിപ്പിക്കുന്നതിനായി 20 കോടി രൂപ വകയിരുത്തുന്നു. റേഷനരിയും പലവ്യഞ്ജനങ്ങളും വിശപ്പുരഹിത കേരളം പദ്ധതിയ്ക്കു സഹായവിലയ്ക്കു ലഭ്യമാക്കും. പട്ടിണി കിടക്കുന്ന ഒരാളും കേരളത്തിൽ ഉണ്ടാകില്ല എന്ന് മൂന്നു വർഷം കൊണ്ട് ഉറപ്പു വരുത്തും.

31. നല്ല ഭക്ഷണം പരിപാടിയുടെ ഭാഗമായി പച്ചക്കറി, പാൽ എന്നിവയിൽ സ്വയംപര്യാപ്തതയും കോഴിയിറച്ചിയുടെയും മുട്ടയുടെയും ഉൽപാദനം ഗണ്യമായി ഉയർത്തുന്നതിനുമാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ഒരു നൂതന സംരംഭം ഇറച്ചിക്കോഴി വളർത്തൽ വ്യാപകമാക്കി ന്യായവിലയ്ക്ക് നല്ല ഇറച്ചി സംസ്ഥാനത്തു ലഭ്യമാക്കാനുള്ള ജനകീയ ഇടപെടലാണ്. എല്ലാ പഞ്ചായത്തുകളിലും കുടുംബശ്രീയുടെ ആഭിമുഖ്യ ത്തിൽ കോഴി വളർത്തൽ യൂണിറ്റുകൾ ആരംഭിക്കും. സർ, ആദ്യബാച്ച് കുടുംബശ്രീ കോഴിയിറച്ചി മാർക്കറ്റിലെത്തി ക്കഴിഞ്ഞുവെന്ന് അറിയിക്കുന്നതിൽ സന്തോഷമുണ്ട്. നിലവിലുള്ള കൃഷിക്കാർക്കും ഈ സ്കീമിൽ പങ്കാളി കളാകാം. സംസ്ഥാനത്തെ കോഴികളുടെ പേരെന്റ് സ്റ്റോക്ക് അമ്പതിനായിരം ആയി അടുത്തവർഷം ഉയർത്തും. ഇതിനുള്ള കൃത്യമായ ധാരണ ബ്രീഡർ കമ്പനികളുമായി ഉണ്ടാക്കിയിട്ടുണ്ട്. ഹാച്ചറികളിൽ മുട്ട വിരിയിച്ച് 30-35 രൂപയ്ക്ക് കോഴിക്കുഞ്ഞുങ്ങളെ കൃഷിക്കാർക്ക് ലഭ്യമാക്കുന്നതിനാണ് പരിപാടി. ഫാം ഗേറ്റിൽ കോഴി ഇറച്ചി 87 രൂപയ്ക്ക് കെപ്കോയ്ക്കും ബ്രഹ്മഗിരി മീറ്റ് പ്രോഡക്ട്സിനും ലഭ്യമാക്കും. പേരന്റ് സ്റ്റോക്ക് ഫാമുകളും ഹാച്ചറികളും മറ്റും സ്ഥാപിക്കുന്നതിനുവേണ്ടി പൌൾട്രി ഡെവലപ്പ്മെന്റ് കോർപ്പറേഷന് 18 കോടി രൂപ വകയിരുത്തുന്നു. ആവശ്യമെങ്കിൽ കോഴിക്കുഞ്ഞുങ്ങൾക്ക്

സബ്സിഡി നൽകുന്നതിനും മാളയിലെ കോഴിത്തീറ്റ ഫാക്ടറി പ്രവർത്തനക്ഷമമാക്കുന്നതിനും ബ്രഹ്മഗിരി സൊസൈറ്റി ഈ പദ്ധതിക്കുവേണ്ടി എടുക്കുന്ന വായ്പയ്ക്ക് പലിശ സബ്സിഡി നൽകുന്നതിനും വേണ്ടി 20 കോടി രൂപ അധികമായി വകയിരുത്തുന്നു. ബ്രഹ്മഗിരി സൊസൈറ്റിയുടെ വായ്പയ്ക്ക് സർക്കാർ ഗ്യാരണ്ടി നൽകുന്നതാണ്. മത്സ്യവിപണിയിലും ശക്തമായി മത്സ്യഫെഡു വഴി ഇടപെടുന്നതിന് പദ്ധതിയുണ്ട്.

## ലൈഫ് - എല്ലാവർക്കും വീട്

32. സ്വപ്നങ്ങളുടെ കണക്കെഴുതിയ ഡയറിയുമായി ജീവിക്കുന്ന ഒരു അച്ചൻ സാറാ ജോസഫിന്റെ മറ്റാത്തി എന്ന നോവലിലുണ്ട്. "*അതിൽ ഒരെണ്ണം 100 ശതമാനം പാർപ്പിട മെന്ന അതിമോഹമാണ്. അതും നോക്കി നെടുവീർ പ്പെടുന്നത് ഒന്നും രണ്ടും തവണയല്ല. നെടുവീർപ്പുകൾ സ്വപ്നത്തെ യാഥാർത്ഥ്യമാക്കാൻ സഹായിക്കുമെന്ന് അച്ചൻ ഉറച്ചു വിശ്വസിക്കുന്നു.*" സർ, ആ സ്വപ്നം ഈ സർക്കാർ യാഥാർത്ഥ്യമാക്കുകയാണ്. പാർപ്പിട പ്രശ്നം സ്ഥായിയായി പരിഹരിക്കാൻ ഭൌതികസാഹചര്യമുള്ള ഏക സംസ്ഥാനം ഇന്നു കേരളമാണ്. ഇന്ന് ഒരു കുടുംബത്തിൽ ശരാശരി ഒന്നോ രണ്ടോ കുട്ടികൾ മാത്രമാണുള്ളത്. അതുകൊണ്ട് ഇന്ന് വീടില്ലാത്തവർ ക്കെല്ലാം വീടു കൊടുത്തു കഴിഞ്ഞാൽ പുതിയ കുടുംബങ്ങൾ രൂപം കൊള്ളുമ്പോൾ അവർക്കു പുതിയ വീടുകൾ ആവശ്യമായി വരില്ല. ഇന്ത്യയിലൊരു സംസ്ഥാനത്തും ഇത്തരമൊരു അനുകൂല സാഹചര്യമില്ല. ഈ പശ്ചാത്തലത്തിലാണ് സമ്പൂർണ പാർപ്പിടം ഉറപ്പു വരുത്താനായി ലൈഫ് മിഷൻ ആരംഭിച്ചിട്ടുള്ളത്.

33. പണിതീരാത്ത 77,756 വീടുകളുടെ നിർമ്മാണം നടന്നുവരികയാണ്. വാസയോഗ്യമായ വീടില്ലാത്ത 4,21,073 പേർക്കും ഭൂരഹിതരായ 3,38,450 പേർക്കും പുതുതായി വീടുകൾ നിർമ്മിച്ചു നൽകേണ്ടതുണ്ട്. 4 ലക്ഷം രൂപയുടെ വീടുകളാണ് നൽകാനുദ്ദേശിക്കുന്നത്. ഇപ്പോൾ ലിസ്റ്റിലുള്ള 1.76 ലക്ഷം ഭൂമിയുള്ള ഭവനരഹിതർക്കും 2018-19-ൽ വീടു നൽകുന്നതിന് ലക്ഷ്യമിടുന്നു. റേഷൻകാർഡ് ഇല്ലായെന്നതു കൊണ്ട് ലിസ്റ്റിൽ നിന്നും വിട്ടുപോയിട്ടുള്ള അഗതി കുടുംബങ്ങളെ ലിസ്റ്റിൽ ഉൾപ്പെടുത്തും. മറ്റു പല കാരണങ്ങൾകൊണ്ടും ലിസ്റ്റിൽ നിന്നും വിട്ടുപോയി എന്നു പരാതിപ്പെടുന്നവരുടെ കാര്യം തുടർന്നുള്ള വർഷങ്ങളിൽ പരിഗണിക്കും. പിഎംഎവൈ വീടുകളാണെങ്കിൽ കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ ധനസഹായമായി രണ്ടര ലക്ഷം രൂപ നൽകുന്നതാണ്. പിഎംഎവൈയിൽ ഉൾപ്പെടാത്ത വീടുകളാണെങ്കിൽ ഒരു ലക്ഷം രൂപ വീതമാണ് ധനസഹായം നൽകുക. ബാക്കി തുക തദ്ദേശ ഭരണ സ്ഥാപനങ്ങൾ സ്വന്തം പ്ലാൻ ഫണ്ടിൽ നിന്നോ വായ്പയായോ കണ്ടെത്തേണ്ടതാണ്. ആവശ്യമായ തുക വായ്പയായി എടുത്ത് തദ്ദേശ ഭരണസ്ഥാപനങ്ങൾക്കു നൽകാൻ ഒരു പ്രത്യേക ഫിനാൻസ് കമ്പനിയ്ക്കു രൂപം നൽകുന്നുണ്ട്. ഇങ്ങനെ തദ്ദേശ ഭരണസ്ഥാപനങ്ങൾ എടുക്കുന്ന വായ്പകളുടെ മുതൽ അവരുടെ ഭാവി പ്ലാൻ ഫണ്ടിൽ നിന്ന് വർഷം തോറും കുറവു ചെയ്യും. പലിശ സർക്കാർ വഹിക്കും.

34. ഭൂരഹിതർക്ക് പൊതുവായ സ്ഥലം കണ്ടെത്തി ഫ്ളാറ്റ് അടിസ്ഥാനത്തിലുള്ള കെട്ടിട സമുച്ചയങ്ങൾ നിർമ്മിക്കാനാണ് പദ്ധതി. 10 ലക്ഷം രൂപ വരെ ഫ്ലാറ്റ് ഒന്നിനു ചെലവു വരും. താമസസൌകര്യത്തിനോടൊപ്പം

അംഗനവാടികൾ, തൊഴിൽ നൈപുണീ കേന്ദ്രങ്ങൾ തുടങ്ങിയ പൊതു സൌകര്യങ്ങളും ഈ സമുച്ചയങ്ങളി ലുണ്ടാകും. നഗരപ്രദേശങ്ങളിലെ പാർപ്പിട സമുച്ചയങ്ങൾ ക്കാണ് മുൻഗണന നൽകുക.

35. ലൈഫ് പാർപ്പിട പദ്ധതിയ്ക്കായി ഈ വർഷം 2500 കോടി രൂപ വകയിരുത്തുന്നു.

**ആർദ്രം - സമഗ്ര ആരോഗ്യ സുരക്ഷ**

36. കേരളത്തിലെ ആരോഗ്യ സംവിധാന വളർച്ചയിൽ നിർണ്ണായക സ്വാധീനം ചെലുത്തിയ പ്രതിഭകളിൽ ഒരാളാണ് ഡോ മേരി പുന്നൻ ലൂക്കോസ്. യൂണിവേഴ്സിറ്റി കോളേജിലെ ആദ്യത്തെ വിദ്യാർത്ഥിനി, ബ്രിട്ടനിൽ മെഡിക്കൽ ബിരുദം നേടിയ ആദ്യ ഇന്ത്യൻ വനിതാ ഡോക്ടർ, തിരുവിതാംകൂറിലെ ആദ്യത്തെ വനിത നിയമസഭ സാമാജിക, ലോകത്തെ ആദ്യത്തെ വനിത സർജന്റ് ജനറൽ എന്നീ നിലകളിലൊക്കെ അവർ തിളങ്ങി. ഇവരുടെ തലമുറ അസ്ഥിവാരമിട്ട ആധുനിക വൈദ്യശാസ്ത്ര ആതുരാലയങ്ങളുടെ ശൃംഖലയും വാക്സിനേഷനും പകർച്ചവ്യാധികളെ കേരളത്തിൽ നിന്നും അകറ്റി. സംസ്ഥാന രൂപീകരണവേളയിൽപ്പോലും 45 ആയിരുന്ന പ്രതിശീർഷ ആയുസിനെ 76 ആയി ഉയർത്തി. ഈ അനുഭവങ്ങളെ മറന്നുകൊണ്ട് വാക്സിനേഷനും ആധുനിക വൈദ്യ ശാസ്ത്രത്തിനുമെതിരെ സംഘടിതമായ എതിർപ്പ് ചില കോണുകളിൽ നിന്ന് ഉയരുന്നുവെന്നത് ഗൌരവമായി കാണേണ്ടതുണ്ട്. പ്രത്യേകിച്ച് ആരോഗ്യ മേഖലയിലെ രണ്ടാംതലമുറ വെല്ലുവിളികളെ നാം നേരിടുന്ന ഈ കാലഘട്ടത്തിൽ. ആയുർദൈർഘ്യത്തിലുണ്ടായിട്ടുള്ള വർദ്ധനയും ജീവിതശൈലിയിലെ മാറ്റങ്ങളും കാൻസർ, ഹൃദ്രോഗം, പക്ഷാഘാതം തുടങ്ങിയ ഒട്ടേറെ മാരക

രോഗങ്ങളുടെ വേലിയേറ്റം സൃഷ്ടിച്ചിട്ടുണ്ട്. ഇവയ്ക്കു സ്വകാര്യമേഖലയിൽ വേണ്ടിവരുന്ന ഭീമമായ ചെലവ് ഒരു കുടുംബത്തിനും താങ്ങാനാവില്ല. എന്നാൽ സർക്കാർ ആശുപത്രികളിൽ ഇവയ്ക്കുള്ള ചികിത്സാ സൌകര്യങ്ങൾ പരിമിതമാണ്. നാഷണൽ സാമ്പിൾ സർവ്വേയുടെ അറുപത്തി ഒൻപതാമത് റിപ്പോർട്ട് പ്രകാരം 2004-ൽ ഗ്രാമീണ മേഖലയിലെ 8 ശതമാനവും നഗരമേഖലയിലെ 12 ശതമാനവും കുടുംബങ്ങൾ ദാരിദ്ര്യരേഖയുടെ കീഴിലേയ്ക്ക് തള്ളപ്പെട്ടത് താങ്ങാനാവാത്ത ചികിത്സാ ചെലവുമൂലമാണ്. ഈ സാഹചര്യം കണ്ടുകൊണ്ടാണ് കിഫ്ബിയുടെ സഹായത്തോടെ മെഡിക്കൽ കോളജ്, ജില്ലാ, ജനറൽ, താലൂക്ക് ആശുപത്രികളിൽ വലിയ തോതിൽ ചികിത്സാസൌകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് മുൻകൈ യെടുത്തിട്ടുള്ളത്. ഇതോടൊപ്പം ആരോഗ്യരംഗത്ത് ഇതിനകം 558 ഡോക്ടർമാരുടെയും 1385 നെഴ്സുമാരു ടെയും 876 പാരാമെഡിക്കൽ സ്റ്റാഫിന്റെയും പോസ്റ്റുകളും സൃഷ്ടിച്ചിട്ടുണ്ട്. ഇതിന്റെ ഫലമായി നമ്മുടെ ഉന്നത പൊതു ആരോഗ്യ മേഖലയുടെ മുഖച്ഛായ മാറിക്കൊണ്ടിരിക്കുക യാണ്.

37. എല്ലാ മെഡിക്കൽ കോളേജുകളിലും ഓങ്കോളജി ഡിപ്പാർട്ട്മെന്റുകൾ ആരംഭിക്കുന്നതോടൊപ്പം മലബാർ ക്യാൻസർ സെന്ററിനെ ആർ.സി.സി. നിലവാരത്തിലേയ്ക്ക് ഉയർത്തുകയും കൊച്ചിയിൽ ഈ നിലവാരത്തിലുള്ള പുതിയൊരു ക്യാൻസർ സെന്റർ ആരംഭിക്കുകയും ചെയ്യും. ഇതോടെ സംസ്ഥാനത്തെ 80 ശതമാനം ക്യാൻസർ രോഗികൾക്കും ചികിത്സ നൽകാനുള്ള പ്രാപ്തി പൊതു മേഖലയ്ക്കുണ്ടാകും. എല്ലാ ജില്ലാ ആശുപത്രികളിലും കാത്ത്ലാബ്, ഓപ്പറേഷൻ തുടങ്ങിയ സൌകര്യങ്ങളോടു

കൂടിയ കാർഡിയോളജി വകുപ്പുകൾ ആരംഭിക്കുകയാണ്. എല്ലാ ജില്ലാ ജനറൽ ആശുപത്രികളിലും എമർജൻസി മെഡിസിൻ ഡിപ്പാർട്ട്മെന്റുകളും താലൂക്ക് ആശുപത്രികളിൽ ട്രോമ കെയർ സെന്ററുകളും ആരംഭിക്കും. എല്ലാ താലൂക്ക് ആശുപത്രികളിലും ഇപ്പോൾ ഡയാലിസിസ് യൂണിറ്റുകൾ ആയിക്കഴിഞ്ഞു. ഈ ഉന്നത ആശുപത്രി സൌകര്യ വിപുലീകരണം കൃത്യമായ ഒരു ലക്ഷ്യം വച്ചുകൊണ്ടാണ്. സാധാരണക്കാർക്ക് ജീവിതശൈലി രോഗങ്ങൾക്കടക്കം ഗുണമേന്മയുള്ള ചികിത്സ താങ്ങാവുന്ന ചെലവിന് ഉറപ്പുവരുത്താനാണ് ലക്ഷ്യമിടുന്നത്. ഉപ്പയുടെ ചികിത്സയ്ക്ക് പണ്ടങ്ങളോരോന്നായി പണയം വെയ്ക്കുമ്പോഴുള്ള ഉമ്മയുടെ മുഖത്തെ നിസംഗത അലട്ടിയ കുട്ടിക്കാലം ബി എം സുഹ്റയുടെ ഒരു കഥാപാത്രം ഓർമ്മിക്കുന്നുണ്ട്. ഗൾഫിൽ പോയിട്ടായാലും കുറച്ചു കാശുണ്ടാക്കി ഉമ്മയുടെ കണ്ണീരു തുടയ്ക്കാൻ സാധിച്ചിരുന്നെങ്കിലെന്ന് പ്രകാശത്തിനു മേൽ പ്രകാശം എന്ന നോവലിലെ ഖാദർ നെടുവീർപ്പിടുന്നുണ്ട്. മലയാളികളിൽ നല്ലൊരു പങ്കിന്റെ പരാധീനതകൾക്ക് ഏറ്റവും മുന്തിയ കാരണങ്ങളിലൊന്ന് പുതിയകാല രോഗചികിത്സയാണ്. ഉയർന്ന ആയുർദൈർഘ്യം നമുക്കു ചില ദുരിതങ്ങളും സംഭാവന ചെയ്യുന്നു. ഇവയ്ക്കുള്ള ചികിത്സ സാധാരണക്കാർക്കും പ്രാപ്യമാകുമ്പോഴേ നമ്മുടെ ആരോഗ്യസുരക്ഷാ സംവിധാനം കാലാനുസൃതമാകൂ.

38. നമ്മുടെ ഉന്നത പൊതു ആരോഗ്യ സംവിധാനങ്ങളെ ഉപയോഗപ്പെടുത്തി സാധാരണക്കാർക്കു മുഴുവൻ ജീവിതശൈലി രോഗങ്ങൾക്കും സൌജന്യ ആരോഗ്യ പരിരക്ഷ എങ്ങനെ ഉറപ്പുവരുത്താം? 2018-19-ലെ ബജറ്റിന്റെ മർമ്മപ്രഖ്യാപനമായി തയ്യാറാക്കിയിരുന്നത് ഇതിനുള്ള

ഉത്തരമായിരുന്നു. രണ്ടു തട്ടിലുള്ള ഒരു ആരോഗ്യ പരിപാടി യായിരുന്നു അത്. പ്രാഥമികതലം അടിസ്ഥാനപരമായത് വിപുലീകൃത ആർഎസ്ബിവൈ ആയിരുന്നു. 30,000 രൂപ വരെയാണ് കിടത്തി ചികിത്സയ്ക്ക് ഇതുവഴി ലഭിച്ചു കൊണ്ടിരുന്നത്. 50 ലക്ഷം കുടുംബങ്ങളെ എൻറോൾ ചെയ്യുകയും അവർക്കെല്ലാം നിർണ്ണയിക്കപ്പെട്ട പ്രോട്ടോക്കോൾ പ്രകാരം ജീവിതശൈലി രോഗചികിത്സ പൊതുആരോഗ്യ മേഖലയിൽ ഉറപ്പുവരുത്തുകയു മായിരുന്നു പരിപാടി. സ്വകാര്യ അക്രെഡിറ്റഡ് ആശുപത്രി കളിൽ ഈ സ്കീം പ്രകാരം 2 ലക്ഷം രൂപ വരെയുള്ള ചികിത്സാ ആനുകൂല്യം ലഭിക്കുമായിരുന്നു.

39. എന്നാൽ ഇന്നലെ അവതരിപ്പിച്ച കേന്ദ്രബജറ്റിൽ 5 ലക്ഷം രൂപയുടെ ദേശീയ ഇൻഷ്വറൻസ് പദ്ധതി പ്രഖ്യാപിച്ചി രിക്കുകയാണ്. ആർഎസ്ബിവൈയുടെ ആനുകൂല്യം ഉയർത്തണമെന്ന് കേന്ദ്രസർക്കാരിന് സമർപ്പിച്ച ബജറ്റപൂർവ്വ മെമ്മോറാണ്ടത്തിൽ കേരളം ആവശ്യ പ്പെട്ടിരുന്നു. ഉയർന്ന ഇൻഷ്വറൻസ് ആനുകൂല്യത്തെ സ്വാഗതം ചെയ്യുന്നതോടൊപ്പം കേരള സർക്കാരിന്റെ ആശങ്ക ഞാൻ പങ്കുവയ്ക്കുകയാണ്. അറിയാൻ കഴിഞ്ഞത് സോഷ്യോ ഇക്കണോമിക് സെൻസസിന്റെ അടിസ്ഥാനത്തിലായിരിക്കും പുതിയ സ്കീമിന്റെ ഗുണഭോക്താക്കളായ 10 കോടി കുടുംബങ്ങളിൽ സംസ്ഥാനങ്ങളുടെ അർഹത നിശ്ചയിക്കുക. ഇതുവച്ചു നോക്കുമ്പോൾ ഇന്ന് നമ്മുടെ സംസ്ഥാനത്ത് ആർഎസ്ബിവൈയിലുള്ള ഗണ്യമായൊരു വിഭാഗം കുടുംബങ്ങൾ ഇൻഷ്വറൻസ് പരിരക്ഷയിൽ നിന്നും പുറത്തുപോകുന്നതിനാണ് സാധ്യത. ഇതു കേരളത്തിലെ ആരോഗ്യമേഖലയ്ക്ക് വലിയൊരു തിരിച്ചടിയാണ്.

40. സർ, പുതിയ സ്കീമിന്റെ വിശദാംശങ്ങൾക്കുവേണ്ടി കാത്തിരിക്കുമ്പോൾ തന്നെ കേരളത്തിലെ സമഗ്രആരോഗ്യ പരിപാടി വ്യക്തമാക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇന്ന് ആർഎസ്ബിവൈ പദ്ധതിയിൽ ആനുകൂല്യമുള്ള മുഴുവൻ കുടുംബങ്ങൾക്കും സംസ്ഥാന സർക്കാർ ഇൻഷ്വറൻസ് പ്രീമിയം അടയ്ക്കേണ്ടി വന്നാലും പുതിയ ദേശീയ സ്കീമിൽ ഉൾപ്പെടുത്തും. നിലവിലുള്ള ആർഎസ്ബിവൈ സ്കീമിൽ നിന്നും അർഹതയുള്ള ആരെങ്കിലും വിട്ടുപോയിട്ടുണ്ടെങ്കിൽ അവരെയും ഉൾക്കൊള്ളിക്കും. ഇതിനുപുറമേ ഇടത്തര ക്കാർക്കും മറ്റുള്ളവർക്കും സ്വന്തം നിലയിൽ മുഴുവൻ പ്രീമിയവും അടച്ച് പദ്ധതിയിൽ ചേരുന്നതിനെ പ്രോത്സാഹിപ്പിക്കും. സർവ്വീസ് പെൻഷൻ ഇൻഷ്വറൻസ് സ്കീമും ഇതുമായി എങ്ങനെ ബന്ധപ്പെടുത്താം എന്നതിനെക്കുറിച്ച് ആലോചിക്കും. അങ്ങനെ ഇന്ത്യയിൽ ആദ്യമായി ഒരു സംസ്ഥാനത്ത് സാർവ്വത്രികമായ ആരോഗ്യ സുരക്ഷ ഉറപ്പുനൽകുന്ന സംസ്ഥാനമായി കേരളം മാറും.

41. സമഗ്ര ആരോഗ്യ സുരക്ഷ പദ്ധതിയ്ക്കുള്ള വിഭവ സമാഹരണം കേരള ഭാഗ്യക്കുറി വഴിയായിരിക്കും. സർ, കേരള ഭാഗ്യക്കുറി സുവർണ ജൂബിലി ആഘോഷിക്കുക യാണ്. ഇതര സംസ്ഥാനങ്ങളുടെ പേരിൽ നടത്തുന്ന ഭാഗ്യക്കുറികളുടെ ലാഭം ലോട്ടറി മാഫിയയുടെ പോക്കറ്റിലേയ്ക്കാണ് പോകുന്നത്. എന്നാൽ കേരള ഭാഗ്യക്കുറിയിൽനിന്നുള്ള വരുമാനം പൂർണമായും മേൽപ്പറഞ്ഞ ആരോഗ്യ പദ്ധതിയ്ക്കു വേണ്ടിയുള്ള തായിരിക്കും. ഇനിമേൽ നിങ്ങൾ ലോട്ടറി ടിക്കറ്റ് എടുക്കുമ്പോൾ അതുകേവലം ഭാഗ്യപരീക്ഷണം മാത്രമല്ല. സമഗ്ര ആരോഗ്യ പരിരക്ഷയ്ക്കു വേണ്ടിയുള്ള ഒരു സംഭാവന കൂടിയാണത്. ചൂതാട്ട ലോട്ടറികളെ വീണ്ടും

കേരളത്തിൽ കൊണ്ടുവരുന്നതിനെതിരെയുള്ള ജനകീയ ചെറുത്തുനിൽപ്പിന് സർക്കാരിന്റെ ഈ തീരുമാനം ശക്തിപകരും എന്നെനിക്കുറപ്പുണ്ട്. ചൂതാട്ട ലോട്ടറികളെ കേരളം ഒറ്റക്കെട്ടായി ചെറുക്കും.

42. ഇത്തരമൊരു പദ്ധതി വിജയിക്കണമെങ്കിൽ ജീവിതശൈലീ രോഗങ്ങൾക്ക് പകർച്ചവ്യാധികൾക്കെന്നപോലെ രോഗ പ്രതിരോധ നടപടികൾ സ്വീകരിക്കാൻ കഴിയണം. ഇതാണ് ആർദ്രം മിഷനിലൂടെ ലക്ഷ്യമിടുന്ന ഒരു കാര്യം. ശാസ്ത്രീയ തരംതിരിവിന്റെ അടിസ്ഥാനത്തിൽ മുഴുവൻ പൌരന്മാരുടെയും ബ്ലഡ് ഷുഗർ, കൊളസ്ട്രോൾ അടക്കമുള്ള ആരോഗ്യനിലയെക്കുറിച്ചുള്ള വിവരങ്ങൾ ശേഖരിക്കുകയും പിഎച്ച്സി അടിസ്ഥാനമാക്കി കുടുംബങ്ങളുടെ ആരോഗ്യനില തുടർച്ചയായി മോണിറ്റർ ചെയ്യുന്നതിനുള്ള സംവിധാനങ്ങൾ സൃഷ്ടിക്കുകയും ചെയ്യും. ഇതുവഴി രോഗികളെ തുടക്കത്തിൽത്തന്നെ കണ്ടെത്തി ചികിത്സിക്കുന്നതിനും രോഗികളാകാൻ സാധ്യതയുള്ളവരുടെ ജീവിതശൈലിയിൽ മാറ്റങ്ങൾ വരുത്താൻ പ്രേരിപ്പിക്കുന്നതിനും ശക്തമായ ഇടപെടലുകൾ പ്രാദേശികമായി സൃഷ്ടിക്കാൻ കഴിയും. ഓരോ രോഗിയ്ക്കും അല്ലെങ്കിൽ രോഗസാധ്യതയുള്ള ആൾക്കും വ്യക്തിഗത സൂക്ഷ്മ ആരോഗ്യ പദ്ധതി തയ്യാറാക്കണം. അങ്ങനെ രോഗാതുരത ഗണ്യമായി കുറയ്ക്കാനാവും. ഇത്തരമൊരു ജനകീയാരോഗ്യ പരിപാടിയ്ക്ക് മാതൃകാപരമായി മുൻകൈയെടുക്കുന്ന തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പ്രത്യേക ധനസഹായം നൽകുന്നതായിരിക്കും.

43. രോഗം വരാതിരിക്കാൻ രോഗപ്രതിരോധ നടപടികൾ, രോഗം വന്നാൽ ഫലപ്രദമായ ചികിത്സ, ചികിത്സിച്ചിട്ടു

ഫലമില്ലെങ്കിൽ സാന്ത്വനപരിചരണം. ഇവ മൂന്നും ചേർന്നുള്ള ഒരു പൊതു ആരോഗ്യസംവിധാനമാണ് ലക്ഷ്യമിടുന്നത്. ഇതിൽ സാന്ത്വന ചികിത്സാ നെറ്റുവർക്ക് ഇന്ന് കേരളം മുഴുവൻ വ്യാപിച്ചിട്ടുള്ള വലിയ സാമൂഹ്യപ്രസ്ഥാനമായി മാറിയിട്ടുണ്ട്. വീണ്ടും ക്യാൻസർ ലക്ഷണങ്ങൾ കണ്ടുതുടങ്ങിയപ്പോൾ ഡോക്ടറെ കാണിക്കുന്നതിന് പകരം അമ്മയെ തെക്കോട്ടെടുക്കാനാഗ്രഹിക്കുന്ന മകൾ ഗ്രേസിയുടെ ദേവാംഗന എന്ന കഥയിൽ പ്രത്യക്ഷപ്പെടുന്നുണ്ട്. സർ, സ്വാർത്ഥത ഒരു പകർച്ചവ്യാധിയായി പടരുന്ന സമൂഹത്തിൽ പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾക്ക് വിലമതിക്കാനാവാത്ത സ്ഥാനമുണ്ട്. സ്നേഹവും കരുതലും ഏറ്റവും കൂടുതൽ ആവശ്യപ്പെടുന്ന രോഗാവസ്ഥയിൽ അതിജീവിക്കാനുള്ള കരുത്ത് ഓരോ രോഗിക്കും പകർന്നുകൊടുക്കുന്ന സാന്ത്വന ചികിത്സാ പ്രവർത്തനങ്ങൾ പിഎച്ച്സി കേന്ദ്രീകരിച്ച് ഏകോപിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കും. ഓരോ പഞ്ചായത്തിലും വയോജനങ്ങൾക്ക് സാന്ത്വനം നൽകുന്നതിനും സാമൂഹ്യജീവിതം ഉറപ്പുനൽകുന്നതിനും പാലിയേറ്റീവ് നെറ്റുവർക്ക് ഉപയോഗപ്പെടുത്താനാകും.

44. മേൽവിവരിച്ച സമഗ്ര ആരോഗ്യ കാഴ്ചപ്പാട് നമ്മുടെ സംസ്ഥാനത്ത് നടപ്പാക്കണമെങ്കിൽ കേന്ദ്രസർക്കാരിന്റെ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി സംസ്ഥാനത്തെ സാഹചര്യങ്ങൾ പരിശോധിച്ച് ഉചിതമായ രീതിയിൽ ആവിഷ്കരിക്കുന്നതിനുള്ള സ്വാതന്ത്ര്യമുണ്ടാകണം. ആർഎസ്ബിവൈ നടപ്പിലാക്കിയപ്പോൾ അന്നത്തെ പ്ലാനിംഗ് ബോർഡ് വൈസ് ചെയർമാൻ പ്രഭാത് പട്നായികും ഞാനും വലിയ സംവാദം നടത്തിയതിനു ശേഷമാണ് ചിസും ചിസ് പ്ലസും കൂട്ടിച്ചേർക്കുന്നതിനുള്ള

അനുവാദം ലഭിച്ചത്. ഇൻഷ്വറൻസ് പദ്ധതി കേരളത്തിന്റെ പൊതുആരോഗ്യ സംവിധാനത്തെ തകർക്കാൻ അനുവദിക്കില്ല. അതുകൊണ്ട് പൊതുആരോഗ്യ സംവിധാനത്തിന്റെ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്ന രീതിയിലാവണം ഈ സ്കീം ആവിഷ്കരിക്കേണ്ടത്. പുതിയ സ്കീമിന്റെ 40 ശതമാനം പണം സംസ്ഥാന സർക്കാരുകളാണ് മുടക്കുന്നത്. അതുകൊണ്ട് സംസ്ഥാന സർക്കാരുകളുമായി ദേശീയ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയുടെ നടത്തിപ്പിനെക്കുറിച്ച് ചർച്ച ചെയ്യുന്നതിന് കേന്ദ്രസർക്കാർ തയ്യാറാകണം.

45. തമിഴ്നാട് സ്വദേശി മുരുകൻ പണമില്ലാത്തതുകൊണ്ട് അപകട ചികിത്സ ലഭിക്കാതെ മരണമടഞ്ഞത് കേരളത്തിന് അപമാനമാണെന്ന് നമ്മൾ കണ്ടു. ഇത് ആവർത്തിക്കാതിരിക്കാനുള്ള ബദൽ സംവിധാനം 2018-19 ൽ നടപ്പിൽ വരും. അപകടസ്ഥാനത്തു നിന്നും പ്രത്യേക മൊബൈൽ ആപ്പിൽ സന്ദേശം നൽകിയാൽ ഏറ്റവും അടുത്ത ആംബുലൻസ് എത്തിച്ചേർന്ന് ഏറ്റവും അടുത്തുള്ള അനുയോജ്യ ചികിത്സാകേന്ദ്രത്തിൽ എത്തിക്കുന്നതിനുള്ള സംവിധാനമുണ്ടാക്കും. സ്വകാര്യ ആശുപത്രികളടക്കം സൌജന്യ അടിയന്തിര ചികിത്സ ലഭ്യമാക്കേണ്ടതാണ്. ഇൻഷ്വറൻസ് വഴി അവർക്ക് പിന്നീട് പണം ലഭ്യമാക്കുന്നതാണ്. ഇതിനാവശ്യമായ പണം റോഡ് സേഫ്ടി ഫണ്ടിൽ നിന്നാണ് കണ്ടെത്തുക.

46. പൊതുആരോഗ്യ സർവ്വീസസിന് 1685.70 കോടി രൂപയാണ് പദ്ധതിയിൽ വകയിരുത്തുന്നത്. പ്രധാന ആശുപത്രികളിൽ കാത്ത്ലാബുകൾ, ഐസിയു, ഡയാലിസിസ് യൂണിറ്റ്, ബ്ലഡ് ബാങ്ക്, ദന്തൽ യൂണിറ്റ്, എമർജൻസി കെയർ സെന്ററുകൾ, സൂപ്പർ സ്പെഷ്യാലിറ്റി സൌകര്യങ്ങൾ, മെറ്റേണിറ്റി

യൂണിറ്റുകൾ എന്നിവ സ്ഥാപിക്കുന്നതിന് 69 കോടി രൂപ വകയിരുത്തുന്നു. മാനസികാരോഗ്യ പരിപാലനത്തിന് 17 കോടി രൂപ വകയിരുത്തുന്നു. പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ കുടുംബക്ഷേമ ആശുപത്രികളാക്കി ഉയർത്തുന്നതിന് 23 കോടി രൂപയും ആശുപത്രികൾ രോഗി സൌഹൃദമാക്കുന്നതിന് 15 കോടി രൂപയും വകയിരുത്തുന്നു. നാഷണൽ ഹെൽത്ത് മിഷനിൽ നിന്നും 2018-19 ൽ 837 കോടി രൂപ പ്രതീക്ഷിക്കുന്നു. സംസ്ഥാനവിഹിതമായ 335 കോടി രൂപ വകയിരുത്തി യിട്ടുണ്ട്.

47. സർ, യൂബർ ടാക്സി സംവിധാനംപോലെ സംസ്ഥാന വ്യാപകമായ ഒരു ആംബുലൻസ് സർവ്വീസ് ഇ-നെറ്റുവർക്ക് ശൃംഖലയ്ക്ക് രൂപം നൽകും.

48. ആർദ്രം പദ്ധതിയിൽ സുപ്രധാനപങ്ക് ആശാ പ്രവർത്തകർ ക്കുണ്ട്. കേന്ദ്രാവിഷ്കൃത സ്കീമിലെ ജീവനക്കാരായ ഇവർക്ക് ന്യായമായ ഹോണറേറിയം നൽകുന്നതിനുപോലും കേന്ദ്രസർക്കാർ തയ്യാറല്ല. കഴിഞ്ഞ ബജറ്റിൽ 500 രൂപ പ്രതിമാസ അലവൻസ് വർദ്ധിപ്പിക്കുകയുണ്ടായി. ഇത്തവണ 2000 രൂപ പ്രതിമാസ അലവൻസ് വർദ്ധിപ്പിക്കുന്നു. 84 കോടി രൂപ അധികച്ചെലവ് വരും.

## പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം

49. പൊതുആരോഗ്യം പോലെതന്നെ പൊതുവിദ്യാഭ്യാസവും കേരളീയർക്ക് ജീവൽപ്രധാനമാണ്. എന്നാൽ കഴിഞ്ഞ കാൽനൂറ്റാണ്ടായി പൊതുവിദ്യാഭ്യാസമേഖലയിൽനിന്ന് അൺഎയിഡഡ് മേഖലയിലേയ്ക്ക് വിദ്യാർത്ഥികൾ തുടർച്ചയായി കൊഴിഞ്ഞുപോവുകയായിരുന്നു. ഇതിനൊരു വിരാമമിടാൻ കഴിഞ്ഞിട്ടുണ്ട്. ഏതാണ്ട് 1.4 ലക്ഷം കുട്ടികൾ

അൺഎയിഡഡ് സ്കൂളുകളിൽ നിന്ന് ടിസി വാങ്ങി ഈ വർഷം പൊതുവിദ്യാലയങ്ങളിൽ ചേർന്നതാണ് ഈ സർക്കാരിനു ലഭിച്ച ഏറ്റവും വലിയ ജനകീയ അംഗീകാരം. അത്രയ്ക്കു വലിയ പ്രതീക്ഷയാണ് സാധാരണക്കാർ പഠിക്കുന്ന പൊതുവിദ്യാലയങ്ങളുടെ ഗുണനിലവാരം ഉയർത്തുന്നതിന് സർക്കാർ സ്വീകരിച്ചു തുടങ്ങിയ നടപടികളിൽ ജനങ്ങൾക്കുള്ളത്. എല്ലാ സ്കൂളുകൾക്കും പഠനത്തിനും പാഠ്യാനുബന്ധ പ്രവർത്തനങ്ങൾക്കും പാഠ്യേതര പ്രവർത്തനങ്ങൾക്കുമുള്ള ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. ഇത്തരമൊരു മാസ്റ്റർ പ്ലാനിന്റെ അടിസ്ഥാനത്തിലാണ് വിദ്യാഭ്യാസ സൌകര്യങ്ങൾ വിപുലീകരിക്കുന്നതിന് കിഫ്ബിയുടെ സഹായത്തോടെ യുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളത്.

50. കഴിഞ്ഞ വർഷം പൈലറ്റ് അടിസ്ഥാനത്തിൽ നാലു മണ്ഡലങ്ങളിലാണ് ഡിജിറ്റലൈസേഷൻ നടപ്പിലാക്കിയത്. അവിടത്തെ അനുഭവം അത്യന്തം ആവേശകരമായിരുന്നു. അധ്യാപകരുടെ അകമഴിഞ്ഞ മുൻകൈ, പ്രാദേശിക വിഭവസമാഹരണം, ജനകീയ പങ്കാളിത്തം, ഗുണനിലവാരം ഉയർത്താനുള്ള അനുബന്ധ പരിപാടികൾ, ഇപ്പോൾ അവസാനമായി സ്കൂളുകൾ തമ്മിൽ നെറ്റുവർക്കു ചെയ്ത് പൊതുവിദ്യാഭ്യാസ പരിപാടികളും വാർത്തകളും പ്രക്ഷേപണം ചെയ്യുന്നതിനുള്ള പരിശ്രമം വരെ എത്തി നിൽക്കുകയാണ്. ഈ വർഷം 4775 സ്കൂളുകളിലായി 45,000 ഹൈടെക് ക്ലാസ് മുറികളും ഐടി ലാബും സ്ഥാപിക്കും. ഫെബ്രുവരി മാസം അവസാനിക്കുംമുമ്പ് ഇരുപതിനായിരം ക്ലാസ് മുറികൾ, മാർച്ച് മാസത്തിൽ പതിനായിരം ക്ലാസ് മുറികൾ, ഏപ്രിൽ-മെയ് മാസങ്ങളിലായി ബാക്കിയുള്ള പതിനയ്യായിരം ക്ലാസ്

മുറികൾ എന്നിങ്ങനെ മൂന്നു ഘട്ടങ്ങളായിട്ടാണ് ഡിജിറ്റലൈസേഷൻ പൂർത്തീകരിക്കുന്നത്. ഡിജിറ്റലൈസേഷനുവേണ്ടിയുള്ള മുന്നൊരുക്കങ്ങൾ പൂർത്തീകരിക്കുന്ന സ്കൂളുകൾക്കാണ് മുൻഗണന. ഡിജിറ്റലൈസേഷൻ പ്രവർത്തനങ്ങൾക്കു നേതൃത്വം നൽകുന്ന കേരള ഇൻഫ്രാസ്ട്രക്ച്ചർ ആന്റ് ടെക്നോളജി ഫോർ എഡ്യുക്കേഷന് 33 കോടി രൂപ വകയിരുത്തുന്നു.

51. വലിയ പാടത്തിനു നടുവിൽ ഉണ്ടനക്ഷത്ര കണ്ണുകളുള്ള നെല്ലിമരങ്ങളുടെയും അഹങ്കാരി പറങ്കിമരങ്ങളുടെയും ചക്കരക്കുട്ടി നാട്ടുമാവുകളുടെയും ഇടയിൽ പഴയ ഓടുപാവിയ മേൽക്കൂരയും സിമൻറു തേക്കാത്ത ചെങ്കൽച്ചുവരുകളുമുള്ള ഒരു ഗ്രാമീണ സ്കൂളിനെ *കപ്പലിനെക്കുറിച്ചൊരു വിചിത്രജീവിതം* എന്ന നോവലിൽ ഇന്ദുമേനോൻ പരിചയപ്പെടുത്തുന്നുണ്ട്. സർ, ഈ ഗ്രാമീണ നന്മകൾ നിറുത്തിക്കൊണ്ടു തന്നെ നമ്മുടെ പള്ളിക്കൂടങ്ങൾ ലോകനിലവാരത്തിലേക്കുയരുകയാണ്. മികവിന്റെ കേന്ദ്രങ്ങളാകാൻ 138 സ്കൂളുകൾക്ക് 614 കോടി രൂപയും ആയിരം കുട്ടികളിൽ കൂടുതൽ പഠിക്കുന്ന 70 സ്കൂളുകൾക്ക് 210 കോടി രൂപയും ഇതുവരെ കിഫ്ബിയിൽ നിന്നും അനുവദിച്ചു കഴിഞ്ഞു. ഈ മാസം അവസാനം ചേരുന്ന കിഫ്ബി ബോർഡ് യോഗത്തിൽവച്ച് ബാക്കിയുള്ള സ്കൂളുകൾക്കും പണം അനുവദിക്കാനാവും എന്നാണ് കരുതുന്നത്. കിഫ്ബിയുടെ ആഭിമുഖ്യത്തിലുള്ള സ്കൂൾ നവീകരണ പരിപാടിയിൽ 2018-19-ൽ 500 കുട്ടികളിൽ കൂടുതൽ പഠിക്കുന്ന എല്ലാ സ്കൂളുകളുടെയും പശ്ചാത്തലസൌകര്യ വികസനത്തിന് 50 ലക്ഷം രൂപ മുതൽ 1 കോടി രൂപ വരെ ചെലവഴിക്കുന്നതാണ്. ഹരിതവിദ്യാലയം റിയാൽറ്റി ഷോയ്ക്ക് തെരഞ്ഞെടുക്കപ്പെട്ട

എല്ലാ സർക്കാർ സ്കൂളുകൾക്കും ഈ ധനസഹായത്തിന് അർഹതയുണ്ടാകും. എയ്ഡഡ് സ്കൂളുകൾക്ക് അവർക്കായുള്ള ചലഞ്ച് ഫണ്ട് തുടരും. കഴിഞ്ഞ വർഷം പ്രഖ്യാപിച്ച 1000 കുട്ടികളിൽ കൂടുതൽ പഠിക്കുന്ന സ്കൂളുകളുടെ ലിസ്റ്റിൽ നിന്ന് ഏതാനും സ്കൂളുകൾ വിട്ടുപോയി. അവർക്ക് മുമ്പ് പ്രഖ്യാപിച്ച 3 കോടി രൂപ വരെയുള്ള സഹായം ലഭ്യമാക്കും. എല്ലാ പ്രൈമറി, അപ്പർ പ്രൈമറി സ്കൂളുകളിലും കമ്പ്യൂട്ടർ ലാബ് സ്ഥാപിക്കുന്നതിന് കിഫ്ബിയിൽ നിന്ന് 300 കോടി രൂപ ചെലവഴിക്കും. 150 വർഷം പിന്നിട്ട എല്ലാ ഹെറിറ്റേജ് സ്കൂളുകൾക്കും പ്രത്യേക ധനസഹായം നൽകുന്നതാണ്.

52. പദ്ധതിയിൽ സ്കൂൾ വിദ്യാഭ്യാസത്തിന് 970 കോടി രൂപയാണ് വകയിരുത്തിയിരിക്കുന്നത്. ഇതിൽ 170 കോടി രൂപ കിഫ്ബി ധനസഹായമില്ലാത്ത ചെറിയ സ്കൂളുകളുടെ ഭൗതിക സൗകര്യങ്ങൾക്കു വേണ്ടിയാണ് ചെലവഴിക്കേണ്ടത്. അക്കാദമിക നിലവാരം ഉയർത്താനുള്ള വിവിധ പരിപാടികൾക്ക് 35 കോടി രൂപ വകയിരുത്തുന്നു. ശിശുകേന്ദ്രീകൃതമായ പ്രവൃത്തി പരിചയം, കലാ-സ്പോർട്സ് പ്രോത്സാഹനം, അതിമികവുകാട്ടുന്ന കുട്ടികൾക്കുള്ള പ്രത്യേക സഹായം, ഭിന്നശേഷിക്കാർക്കുള്ള പ്രത്യേക സഹായം തുടങ്ങിയവയ്ക്ക് 54 കോടി രൂപ വകയിരുത്തുന്നു. ബയോഡൈവേഴ്സിറ്റി പാർക്ക്, ഓട്ടിസം പാർക്ക് എന്നിവയുടെ പ്രവർത്തനങ്ങൾ വിപുലീകരിക്കും. പുതിയതായി ആർട്സ്, സ്പോർട്സ്, കൾച്ചറൽ പാർക്കുകൾ രൂപീകരിക്കുന്നതിന് 7 കോടി രൂപ വകയിരുത്തുന്നു. വൊക്കേഷണൽ ഹയർ സെക്കണ്ടറി വിദ്യാഭ്യാസത്തിന് 15 കോടി രൂപയും ഹയർ സെക്കണ്ടറി വിദ്യാഭ്യാസത്തിന് 106 കോടി രൂപയും വകയിരുത്തുന്നു.

ഇവിടെയും ഭൗതികസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള 80 കോടി രൂപ കിഫ്ബി ധനസഹായം കിട്ടാത്ത സ്കൂളുകൾക്കു വേണ്ടിയാണ് ചെലവഴിക്കുന്നത്. ആർ.എം.എസ്.എ.യിൽ നിന്ന് സെക്കണ്ടറി വിദ്യാഭ്യാസത്തിന് 290 കോടി രൂപ പ്രതീക്ഷിക്കുന്നു. ഉച്ചഭക്ഷണ പരിപാടിക്ക് 600 കോടിയിൽപ്പരം രൂപ ചെലവുവരും. ഇതിന്റെ 60 ശതമാനം കേന്ദ്രമാണ് വഹിക്കുക. കേരള സ്കൂൾ കലോത്സവ നടത്തിപ്പിന് 6.5 കോടി രൂപ വകയിരുത്തുന്നു.

## സാമൂഹ്യസുരക്ഷാ പെൻഷൻ

53. *ഇരുൾവിളയുന്ന രാത്രിയിൽ, ദുസ്സ്വപ്നങ്ങൾ കീറാത്ത പുതപ്പാരു തരുമെന്ന്* സാവിത്രി രാജീവൻ ഒരു കവിതയിൽ ചോദിക്കുന്നുണ്ട്. തുച്ഛവരുമാനത്തിന് ജീവിതകാലത്തുടനീളം ജോലി ചെയ്ത് വാർദ്ധക്യത്തിലെത്തുന്നവർക്ക് ശിഷ്ടജീവിതം ഒരു ദുസ്വപ്നമാണ്. മരവിപ്പിക്കുന്ന ഈ ദൈന്യതയിൽ ആശ്വാസത്തിന്റെ പുതപ്പെത്തിക്കുന്നത് ആരാണ്. അതിനു കഴിയുന്നില്ലെങ്കിൽ നാം ഒരു ആധുനിക സമൂഹമാണ് എന്നു പറയുന്നതിൽ അർത്ഥമില്ല. സർ, ഈ സർക്കാരിന്റെ ഏറ്റവും വലിയ നേട്ടമെന്ത് എന്നു ചോദിച്ചാൽ, ആദ്യം പറയുക, സാമൂഹ്യസുരക്ഷാ പെൻഷനുകളും ക്ഷേമപെൻഷനുകളും ഇരട്ടിയാക്കി യഥാസമയം വിതരണം ചെയ്തു എന്നതാണ്.

54. 42.4 ലക്ഷം പേർക്ക് സംസ്ഥാന സർക്കാർ നേരിട്ട് പെൻഷനോ സുരക്ഷാധനസഹായമോ നൽകുന്നു. ഇതിനു പുറമെ വിവിധ ക്ഷേമനിധികളിൽനിന്നായി അഞ്ച് ലക്ഷത്തിൽപ്പരം പേർക്ക് പെൻഷൻ നൽകുന്നുണ്ട്. പ്രതിവർഷം ആറായിരത്തോളം കോടി രൂപയാണ് സാമൂഹ്യസുരക്ഷാ പെൻഷനുവേണ്ടി സർക്കാർ

ചെലവഴിക്കുന്നത്. യു.ഡി.എഫ് ഭരണകാലത്ത് പ്രതിവർഷം ശരാശരി 1680 കോടി രൂപ മാത്രമായിരുന്നു സാമൂഹ്യസുരക്ഷാ പെൻഷനുകൾക്ക് ചെലവഴിച്ചിരുന്നത് എന്ന് ഓർക്കണം.

55. പെൻഷന് ഒരു ലക്ഷം രൂപയാണ് കുടുംബവരുമാന പരിധി. പക്ഷേ, വളരെ ഉയർന്ന വരുമാനക്കാർ ഇന്ന് പെൻഷൻ വാങ്ങിക്കൊണ്ടിരിക്കുകയാണ്. അനർഹരെ പെൻഷൻ പട്ടികയിൽ നിന്ന് നീക്കം ചെയ്യുന്നതിന് ഊർജിത തിരുത്തൽ പരിപാടി നടപ്പാക്കും. വരുമാനം സംബന്ധിച്ചുള്ള തർക്കം ഒഴിവാക്കുന്നതിനുവേണ്ടി വരുമാനപരിധിയ്ക്കു പുറമെ താഴെ പറയുന്ന മാനദണ്ഡങ്ങൾ കൂടി ബാധകമാക്കി അർഹത നിർണയിക്കും. 1200 ചതുരശ്ര അടിയിൽ മുകളിലുള്ള വീടുള്ളവർ, ആദായ നികുതി ഒടുക്കുന്നവർക്ക് ഒപ്പം താമസിക്കുന്നവർ രണ്ടേക്കറിൽക്കൂടുതൽ ഭൂമി ഉള്ളവർ, 1000 സിസിയേക്കാൾ എഞ്ചിൻ കപ്പാസിറ്റിയുള്ള ടാക്സി അല്ലാത്ത കാറുകൾ ഉള്ളവർ എന്നിവർക്കു സാമൂഹ്യസുരക്ഷാ പെൻഷന് അർഹതയുണ്ടാവില്ല. അനർഹമായി പെൻഷൻ വാങ്ങുന്നവർക്ക് സ്വമേധയാ പെൻഷൻ ഉപേക്ഷിക്കുന്നതിന് മാർച്ച് അവസാനംവരെ സമയം അനുവദിക്കുകയാണ്. അതിനുശേഷമുള്ള സർവെയിൽ കണ്ടെത്തുന്നവർ വാങ്ങിയ പെൻഷൻ തിരിച്ചടയ്ക്കാൻ ബാധ്യസ്ഥരായിരിക്കും. ഈ ശുദ്ധീകരണം നടന്നതിനുശേഷം വിഷുവിനു മുമ്പ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സമർപ്പിച്ചിട്ടുള്ള പുതിയ അപേക്ഷകൾ പരിഗണിക്കും. അടിയന്തിരമായി ഭിന്നശേഷിക്കാരും അംഗപരിമിതരുമായ അപേക്ഷകർക്ക് പെൻഷൻ അനുവദിക്കുന്നതാണ്.

56. സാമൂഹ്യക്ഷേമ പെൻഷനുകൾക്ക് അർഹതയില്ലാത്ത വർക്കുവേണ്ടി കോൺട്രിബ്യൂട്ടറി പെൻഷൻ സ്കീം ആരംഭിക്കുന്നതാണ്. സാമൂഹ്യക്ഷേമ പെൻഷൻ ലഭിക്കുന്ന വർക്ക് ഈ സ്കീമിലും ചേരാവുന്നതാണ്.

57. കയർ, കശുവണ്ടി, മത്സ്യം എന്നീ മേഖലകളിലെ ക്ഷേമനിധി അംഗങ്ങൾക്ക് റിട്ടയർമെന്റ് ആനുകൂല്യം നൽകുന്നതിനു വേണ്ടി 30 കോടി രൂപ അനുവദിക്കുന്നു.

## ഭിന്നശേഷിക്കാർക്കു സുരക്ഷ

58. നാം ഇതുവരെ ചർച്ച ചെയ്ത സുരക്ഷാ കവചങ്ങൾ നിഷേധിക്കപ്പെടുന്ന ഒരു ചെറുന്യൂനപക്ഷം കേരളത്തിലുണ്ട്. സ്വന്തം അവകാശങ്ങൾ ചോദിച്ചു വാങ്ങാൻ കഴിവില്ലാത്ത ഭിന്നശേഷിക്കാരാണ് അവർ. കാഴ്ചപരിമിതർ, കേൾവി പരിമിതർ, അംഗപരിമിതർ, ഭിന്നബുദ്ധിശേഷിക്കാർ തുടങ്ങിയവരുടെ എണ്ണം കേരളത്തിൽ 7.94 ലക്ഷം വരും. ഇതിൽ 1.23 ലക്ഷം പേർ 18 വയസിൽ താഴെയുള്ളവരാണ്. ഇവർക്കും അവകാശാധിഷ്ഠിതമായ ജീവിതചക്രസുരക്ഷ ലഭ്യമാക്കുന്നതിന് ഒരു സമഗ്ര നയപരിപാടി സംസ്ഥാന സർക്കാർ തയ്യാറാക്കി വരികയാണ്. 44 സ്കീമുകളിലായി എട്ടു ഡിപ്പാർട്ടുമെന്റുകളും മറ്റു പത്ത് ഏജൻസികളും വഴി ഏതാണ്ട് 289 കോടി രൂപയാണ് ഈ വർഷം സംസ്ഥാന ബജറ്റിൽ വകയിരുത്തിയിട്ടുള്ളത്.

59. ഭിന്നശേഷിക്കാരുടെ സമഗ്രപരിപാടിയുടെ തുടക്കം എംഎംആർ വാക്സിൻ അടക്കമുള്ള രോഗപ്രതിരോധ പ്രവർത്തനങ്ങളിലൂടെ വൈകല്യങ്ങളെ തടയുകയാണ്. അടുത്തഘട്ടം ശിശുവായിരിക്കുമ്പോൾതന്നെ പ്രാരംഭ സ്ക്രീനിംഗിലൂടെ വൈകല്യങ്ങളെ കണ്ടെത്തുകയും പരിഹാര നടപടികൾ സ്വീകരിക്കുകയുമാണ്. ഇത്തരം

പ്രവർത്തനങ്ങൾക്ക് 42 കോടി വകയിരുത്തുന്നു. ഭിന്നശേഷിക്കാരുടെ ചികിത്സയ്ക്കും പരിചരണത്തിനുമായുള്ള സ്കീമുകൾക്ക് 30 കോടി രൂപ വകയിരുത്തുന്നു.

60. മൈൽഡ്, മോഡറേറ്റ്, ഭിന്നശേഷിക്കാരെ സാധാരണ സ്കൂളുകളിൽത്തന്നെ ഉൾക്കൊള്ളിക്കുകയാണ് നയം. അതേസമയം തീവ്രഭിന്നശേഷിക്കാർക്കു വേണ്ടി സ്പെഷ്യൽ സ്കൂളുകളും ബഡ്സ് സ്കൂളുകളുമുണ്ട്. സ്കൂളുകളിലെ സൌകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് 17 കോടി രൂപയും ബഡ്സ് സ്കൂളുകൾക്ക് 26 കോടി രൂപയും വകയിരുത്തുന്നു. പുതുതായി 200 പഞ്ചായത്തുകളിൽക്കൂടി ബഡ്സ്കൂളുകൾ ആരംഭിക്കുന്നതാണ്. ജില്ലയിൽ ഒരു പഞ്ചായത്ത് വീതം തെരഞ്ഞെടുത്ത് ഭിന്നശേഷിക്കാരെ മുഴുവൻ റെഗുലർ സ്കൂളുകളിൽ പ്രത്യേക ക്ലാസിൽ പഠിപ്പിക്കുന്ന സ്കീമാണ് ഓട്ടിസം പാർക്ക്. ഇതിനായി ആ പഞ്ചായത്തിലെ റിസോഴ്സ് അധ്യാപകരെയും മറ്റും പൂൾ ചെയ്യും. 2018-19 ൽ ഈ സ്കീം കൂടുതൽ വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നു. ഇതിനായി 5 കോടി രൂപ വകയിരുത്തുന്നു.

61. ജയശ്രീ മിശ്രയുടെ ജന്മാന്തര വാഗ്ദാനങ്ങൾ (എൻഷ്യന്റ് പ്രോമിസസ്) എന്ന നോവലിൽ കേരളത്തിലെ സ്പെഷ്യൽ സ്കൂളിനെക്കുറിച്ച് ഒരു വർണ്ണനയുണ്ട്. ഒട്ടും സുഖകരമല്ലാത്ത ഇടം. പ്രായംകൊണ്ടും വലുപ്പംകൊണ്ടും വൈകല്യംകൊണ്ടും പലതട്ടിൽ നിൽക്കുന്ന കുട്ടികൾ. യോഗ്യതയുള്ള അധ്യാപകരുടെ അഭാവം. അസൌകര്യങ്ങളുടെ കൂമ്പാരം. പണമില്ലാത്തതുകൊണ്ട് നിസ്സഹായരായി നിൽക്കുന്ന സ്കൂൾ മാനേജ്മെന്റ്. ഇത് മാറേണ്ടിയിരിക്കുന്നു. ഈ മേഖലയിലെ സന്നദ്ധാടിസ്ഥാനത്തിലുള്ള ഇടപെടലുകളെ പ്രോത്സാഹിപ്പിക്കണം. വിദ്യാഭ്യാസ വകുപ്പിന്റെ അംഗീകാരത്തോടെ സന്നദ്ധ സംഘടനകളും മറ്റും നടത്തുന്ന 290

സ്പെഷ്യൽ സ്കൂളുകളുണ്ട്. അവയ്ക്ക് പ്രത്യേക ധനസഹായം 13 കോടിയിൽ നിന്ന് 40 കോടിയായി ഉയർത്തുന്നു.

62. പുനരധിവാസ പ്രവർത്തനങ്ങൾക്കുള്ള സ്കീമുകൾക്ക് 28 കോടി രൂപ നീക്കിവെയ്ക്കുന്നു. സ്വകാര്യ പുനരധിവാസ കേന്ദ്രങ്ങൾക്ക് 5 കോടി രൂപ അധികമായി വകയിരുത്തുന്നു. ബാരിയർ ഫ്രീ കേരളയ്ക്ക് 18 കോടി രൂപയും ബോധവത്കരണ പ്രവർത്തനങ്ങൾക്ക് 14 കോടി രൂപയും വകയിരുത്തുന്നു. സംസ്ഥാന വികലാംഗ കോർപ്പറേഷന് 12 കോടി രൂപ അനുവദിക്കുന്നു. പാറ്റൂരുള്ള അസിസ്റ്റീവ് ഡിവൈസസ് നിർമ്മാണ യൂണിറ്റ് വിപുലീകരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

63. വീടുകളിൽ സംരക്ഷിക്കപ്പെടുന്ന ഭിന്നശേഷിക്കാരുടെ പരിചരണസഹായികൾക്കുള്ള അലവൻസിനായി 42 കോടി രൂപയും ഭിന്നശേഷി വിദ്യാർത്ഥികളുടെ പ്രത്യേക ധനസഹായത്തിനായി 12 കോടി രൂപയും വകയിരുത്തുന്നു. അംഗപരിമിതരായ പെൺകുട്ടികൾക്കും അംഗപരിമിതരുടെ പെൺമക്കൾക്കും നൽകുന്ന വിവാഹധനസഹായം 10000 രൂപയിൽ നിന്നും 30000 രൂപയായി ഉയർത്തും. വിവിധങ്ങളായ സർക്കാർ, അർദ്ധസർക്കാർ ഭിന്നശേഷി പരിശീലന ഗവേഷണ ചികിത്സാ സ്ഥാപനങ്ങൾക്ക് 46 കോടി രൂപ ഗ്രാന്റായി നൽകും.

64. എൻഡോസൾഫാൻ ദുരിതബാധിതർക്കായി പ്രഖ്യാപിച്ചിട്ടുള്ള പാക്കേജ് പൂർണ്ണമായും നടപ്പാക്കും. ആദ്യഗഡുവായി 50 കോടി രൂപ അനുവദിക്കുന്നു. കാസർഗോഡ് പാക്കേജിലെ ഒരു ഭാഗം പണവും ഇതിനായി വിനിയോഗിക്കുന്നതാണ്.

65. ഇതിനെല്ലാം പുറമെ വികലാംഗ പെൻഷൻ 350 കോടിയോളം രൂപ വരും. തദ്ദേശ ഭരണസ്ഥാപനങ്ങൾ ചട്ടപ്രകാരം 200 കോടി രൂപയെങ്കിലും ഇവർക്കായി നീക്കിവെയ്ക്കുന്നുണ്ട്. 850 കോടിയോളം രൂപ വരുന്ന ഈ മേഖലയ്ക്കുള്ള മൊത്തം അടങ്കൽ ഏകോപിതമായി ചെലവഴിക്കാൻ കഴിഞ്ഞാൽ മുന്നോട്ടുള്ള വലിയൊരു കാൽവെയ്പായിരിക്കും. പക്ഷേ, സർ, ഭിന്നശേഷിക്കാരോടുള്ള കുടുംബാംഗങ്ങളുടെയും സമൂഹത്തിന്റെയും കാഴ്ചപ്പാടിൽ വലിയ മാറ്റം വരുത്തേണ്ടതുണ്ട്. ഭിന്നശേഷിക്കാരനായ കുട്ടിയോട് നമ്മുടെ വിദ്യാസമ്പന്ന സമൂഹംപോലും പുലർത്തുന്ന അകൽച്ചയുടെയും വിവേചനത്തിന്റെയും വിദേശത്തെ മറിച്ചുള്ള അനുഭവത്തിന്റെയും ഹൃദയാവർജകമായ താരതമ്യം ജയശ്രീ മിശ്രയുടെ നോവലിൽ കാണാം. സർ, കേരളത്തിന്റെ പാരമ്പര്യം അവകാശബോധത്തോടു കൂടിയുള്ള ഇടപെടലാണ്. അതിന്റെ നേട്ടങ്ങളാണ് നമുക്കുള്ളത്. എന്നാൽ, പല കാരണങ്ങൾ കൊണ്ടും അവകാശം ഉന്നയിക്കാൻപോലും കെൽപ്പില്ലാത്ത വിഭാഗങ്ങളും നമ്മുടെ നാട്ടിലുണ്ട്. അവരുടെ അവകാശസംരക്ഷണം നമ്മുടെ അജണ്ടയായി മാറണം.

66. സർ, വയോജനങ്ങൾക്കു വേണ്ടിയുള്ള പ്രത്യേക ബജറ്റ് വിശകലനം അടുത്ത വർഷം മുതൽ ആരംഭിക്കും. നമ്മുടെ സമൂഹത്തിൽ വയോജനങ്ങളുടെ എണ്ണം അതിവേഗത്തിൽ ഉയരുകയാണ്. ഇതിനനുസൃതമായി ആരോഗ്യമേഖലയിലും സാമൂഹ്യക്ഷേമമേഖലകളിലും പരിഷ്കാരങ്ങൾ ഉണ്ടാകേണ്ടതുണ്ട്. ഇതിനുള്ള ഒരു ഉപാധിയായിരിക്കും വയോജന ബജറ്റ്.

## സ്ത്രീക്ഷേമവും ശാക്തീകരണവും

67. സർ, ഈ ബജറ്റിലെ ഓരോ സ്കീമും സ്ത്രീപക്ഷത്തു നിന്നും പരിശോധിക്കുന്നതിന് ശ്രമിച്ചിട്ടുണ്ട്. ഈ ഓഡിറ്റ് റിപ്പോർട്ട് ബജറ്റ് രേഖകളോടൊപ്പമില്ലെങ്കിലും പിന്നീട് ലഭ്യമാക്കും. 2018-19-ലെ ജന്റർ ബജറ്റ് രേഖ അംഗങ്ങൾക്ക് മറ്റു ബജറ്റ് രേഖകൾക്കൊപ്പം വിതരണം ചെയ്യുന്നുണ്ട്. 2016-17-ൽ പൂർണമായും സ്ത്രീകൾക്കായുള്ള സ്കീമുകളുടെ അടങ്കൽ 760 കോടി രൂപ അഥവാ പദ്ധതി അടങ്കലിന്റെ 4 ശതമാനം ആയിരുന്നു. 2017-18-ൽ ഇത് 912 കോടി രൂപയും പദ്ധതിയുടെ 4.5 ശതമാനമായും ആയി ഉയർന്നു. സർ, 2018-19-ൽ പൂർണമായും സ്ത്രീകൾക്കായുള്ള സ്കീമുകളുടെ അടങ്കൽ 1267 കോടി രൂപയായി ഉയർത്തുന്നു. ഇതു പദ്ധതി അടങ്കലിന്റെ 5.7 ശതമാനം വരും. ഇതിനു പുറമെ, പൊതുവികസന സ്കീമുകളിൽ സ്ത്രീകൾക്കായുള്ള പ്രത്യേക ഘടകമോ ഗുണഭോക്തൃ എണ്ണമോ വേർതിരിച്ചെടുക്കാൻ കഴിയുന്ന സ്കീമുകളിലായി 1960 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇത് പദ്ധതി അടങ്കലിന്റെ 8.9 ശതമാനം വരും. അങ്ങനെ മൊത്തം സ്ത്രീകളുടെ, വിഹിതം, 2017-18-ൽ വർഷം 11.5 ശതമാനമായിരുന്നത് 14.6 ശതമാനമായി ഉയർത്തുന്നു.

68. സർ, വിജയലക്ഷ്മിയുടെ 'പച്ച'യെന്ന കവിത "*ഇടിമിന്നലിന്റെ വേരു തിന്ന്, പ്രളയത്തോളം മഴ കുടിച്ച്*" കരുത്തുനേടണമെന്നാണ് പെൺകുട്ടിയോട് ആഹ്വാനം ചെയ്യുന്നത്. നാം "*മണ്ണാങ്കട്ടയോ കരിയിലയോ ആവുകയില്ലെന്നും കാശിക്കു പോവുകയില്ലെ*"ന്നുമുള്ള ആധുനിക സ്ത്രീയുടെ വീര്യം ഇന്നു കേരളം കൺതുറന്നു കാണുകയാണ്. സർ, സ്ത്രീകൾക്കെതിരെയുള്ള അതിക്രമം തടയാൻ ലക്ഷ്യമിട്ടുള്ള വിവിധ പരിപാടികൾക്കായി

50 കോടി രൂപ വകയിരുത്തുകയാണ്. ലിംഗനീതിയെക്കുറിച്ചുള്ള അവബോധം വേരുറച്ച ഒരു സമൂഹമായി കേരളം മാറണം. സ്ത്രീവിരുദ്ധതയുടെ എല്ലാ മുഖങ്ങളും തുറന്നുകാട്ടുന്ന ശക്തമായ ആശയപ്രചരണം നമ്മുടെ സമൂഹത്തിൽ ആരംഭിക്കണം. പോലീസ് അടക്കമുള്ള വിവിധവിഭാഗം സർക്കാർ ഉദ്യോഗസ്ഥർ, ജനപ്രതിനിധികൾ, വക്കീലന്മാരും ജുഡീഷ്യറിയും, അധ്യാപകർ, വിദ്യാർത്ഥികൾ, പൊതുജനങ്ങൾ ഇവരെല്ലാം സ്റ്റേക്ക് ഹോൾഡർ മാരായിട്ടുള്ള വമ്പിച്ച ഒരു പ്രചാരണ പ്രവർത്തനമാണ് ലക്ഷ്യമിടുന്നത്. വനിതാ വികസന വകുപ്പാണ് ഈ പരിപാടികളിൽ മുഖ്യപങ്കുവഹിക്കുന്നത്. ഇതിനു പുറമെ കില, കുടുംബശ്രീ, വനിതാ വികസന കോർപറേഷൻ, വനിതാ കമ്മിഷൻ, പോലീസ് വകുപ്പിലെ വനിതാസെൽ തുടങ്ങി ഒട്ടേറെ ഏജൻസികൾ ചെറുതും വലുതുമായ ഈ ബോധവത്കരണ പ്രവർത്തനങ്ങളിൽ പങ്കാളികളാകും. പല സ്കീമുകളും അതിൽത്തന്നെ വളരെ ചെറുതായിരിക്കാം. പക്ഷേ, ഇവയുടെ കൂട്ടായ സ്വാധീനം വളരെ വലുതായിരിക്കും. ക്രൈം മാപ്പിംഗിന്റെയും ജന്റർ റിപ്പോർട്ടിംഗിന്റെയും അടിസ്ഥാനത്തിൽ സ്ത്രീ സൌഹൃദ ഗ്രാമം പദ്ധതി ഏറ്റെടുക്കുന്ന പഞ്ചായത്തുകൾക്ക് പ്രത്യേക ധനസഹായം നൽകാൻ 10 കോടി രൂപ അധികമായി വകയിരുത്തുന്നു.

69. അതിക്രമത്തെ അതിജീവിക്കുന്നവർക്ക് അടിയന്തര സഹായം നൽകുന്നതിന് 3 കോടി രൂപ മാറ്റിവെയ്ക്കുന്നു. പീഡനങ്ങളെ അതിജീവിച്ചവരിൽ പ്രത്യേക പരിചരണം ആവശ്യമുള്ളവരെയും തീവ്രമായ മാനസിക പീഡനമനുഭവിക്കുന്നവരെയും പുനരധിവസിപ്പിക്കാൻ നിർഭയ വീടുകൾ നിർമ്മിക്കുന്നതിന് 5 കോടി രൂപ വകയിരുത്തുന്നു.

ഇക്കൂട്ടരിൽ മിടുമിടുക്കരായ കുട്ടികളുണ്ടാകും. അവരുടെ പ്രതിഭയ്ക്ക് പ്രോത്സാഹനവും പ്രചോദനവും നൽകാനും കഴിവിനനുസരിച്ച് ഏറ്റവും മെച്ചപ്പെട്ട തൊഴിൽ മേഖലയിലെത്തിച്ചേരാനും വേണ്ട എല്ലാ ആധുനിക പരിശീലനങ്ങളുമൊരുക്കാൻ കേരള അക്കാദമി ഫോർ സ്കിൽ ആൻഡ് എക്സെലെൻസുമായി സഹകരിച്ച് തേജോമയ വീടുകൾ നിർമ്മിക്കാൻ മൂന്ന് കോടി നീക്കിവെയ്ക്കുന്നു. സ്ത്രീകളുടെയും വയോജനങ്ങളുടെയും അഭയകേന്ദ്രങ്ങൾ നവീകരിക്കുന്നതിന് 20 കോടി രൂപ അധികമായി വകയിരുത്തുന്നു. അവിവാഹിതരായ അമ്മമാർക്കുള്ള പ്രതിമാസ സഹായം സ്നേഹസ്പർശം 1000 രൂപയിൽ നിന്ന് 2000 രൂപയായി വർദ്ധിപ്പിക്കുന്നു.

70. 2018-19 ബജറ്റിലെ വനിതാ വികസന സമീപനത്തിന്റെ മറ്റൊരു പ്രത്യേകത ആധുനിക വ്യവസായ മേഖലയിലെ സ്ത്രീപങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനുള്ള പരിശ്രമമാണ്. ഐടി മേഖലയടക്കം വനിതാസംരംഭക സ്കീമുകൾക്കു വേണ്ടി 20 കോടി രൂപ വകയിരുത്തുന്നു. സ്വാഭാവികമായും നൈപുണീവികസനം പ്രധാനമാണ്. ജെൻഡർ പാർക്കിൽ സെന്റർ ഫോർ എക്സലെൻസ് സ്ഥാപിക്കുന്നതിന് 12 കോടി രൂപ വകയിരുത്തുന്നു. വനിതാ ഫെഡിനുവേണ്ടി 3 കോടി രൂപ വകയിരുത്തുന്നു. അഞ്ഞൂറ് ആധുനിക വനിതാ ചകിരി മില്ലുകൾ സ്ഥാപിക്കുന്നതിന് പരിപാടിയുണ്ട്. സ്ത്രീകൾ തൊഴിലെടുക്കുന്ന പരമ്പരാഗത മേഖലകളുടെ സംരക്ഷണത്തിന് മുന്നേതു കാലത്തേക്കാളും വകയിരുത്തൽ ഇക്കൊല്ലത്തെ പദ്ധതിയിലുണ്ട്.

71. വർദ്ധിക്കുന്ന സ്ത്രീപങ്കാളിത്തത്തിന് ഒരു തടസം ആവശ്യത്തിനുള്ള പൊതുസൌകര്യങ്ങളുടെ അഭാവമാണ്. 14 ജില്ലകളിലും വർക്കിംഗ് വിമൻസ് ഹോസ്റ്റലുകളും ഷോർട്ട്

സ്റ്റേ ഹോമുകളും നിർമ്മിക്കുന്നതിന് കേന്ദ്രവിഹിതമടക്കം 25 കോടി രൂപ വകയിരുത്തുന്നു. ഇതിനു പുറമേ കേരള ഹൌസിംഗ് ബോർഡിന്റെ 4.8 കോടി രൂപ കൂടി ഈ ആവശ്യത്തിലേയ്ക്കു വകയിരുത്തുന്നു. എറണാകുളത്ത് നാലു കോടി മുടക്കി ഷീ ലോഡ്ജ് സ്ഥാപിക്കും. സ്ത്രീകൾക്കായി തൊഴിൽ വകുപ്പ് സ്റ്റുഡിയോ അപ്പാർട്ടുമെന്റുകൾ സ്ഥാപിക്കും. തൊഴിലിടങ്ങളിൽ ക്രെഷെ സ്ഥാപിക്കുന്നതിന് പദ്ധതിയിൽ വലിയ പ്രാധാന്യം നൽകിയിട്ടുണ്ട്. ഇതിനു പുറമേ സർക്കാർ ഓഫീസുകൾ, പോലീസ് സ്റ്റേഷനുകൾ, സ്കൂൾ തുടങ്ങിയ പൊതു സ്ഥലങ്ങളിൽ സ്ത്രീ സൌഹൃദ ടോയ്ലെറ്റുകൾ സ്ഥാപിക്കുന്നതിന് നടപടിയെടുക്കും. കഴിഞ്ഞ രണ്ടു ബജറ്റുകളിലും പറഞ്ഞെങ്കിലും നടപ്പാക്കാൻ കഴിയാതെ പോയിട്ടുള്ള ഒരുകാര്യം വഴിയോരങ്ങളും മാർക്കറ്റുകളിലും മറ്റും സ്ത്രീകൾക്കു വേണ്ടിയുള്ള പൊതു ടോയ്ലെറ്റുകൾ സ്ഥാപിക്കുന്നതിലാണ്. ഇവ കേവലം ടോയ്ലെറ്റുകൾ മാത്രമായിരിക്കില്ല. റെസ്റ്റ് റൂമും കഫേയും അത്യാവശ്യം സ്റ്റേഷനറികളും വിൽക്കുന്ന കേന്ദ്രങ്ങൾ കൂടിയാകും. ശുചീകരണ പ്രവർത്തനങ്ങൾക്ക് നിയോഗിക്കുന്നവർക്ക് ഫീസ് കളക്ഷനു പുറമേ ഇവയിൽ നിന്നുള്ള ലാഭമടക്കം ന്യായമായ വരുമാനം ഉറപ്പു വരുത്താൻ കഴിയണം. ഇത്തരമൊരു ബിസിനസ് മോഡലിന് തയ്യാറുള്ള തദ്ദേശ ഭരണസ്ഥാപനമടക്കം ഏത് ഏജൻസിയ്ക്കും സംസ്ഥാന ഭാഗ്യക്കുറിയുടെ പരസ്യച്ചെലവിൽ നിന്ന് നിക്ഷേപത്തിന്റെ ഗണ്യമായ ഭാഗം ലഭ്യമാക്കുന്ന പദ്ധതിയിൽ പങ്കാളിയാകാം. പെട്രോൾ പമ്പുകളിലെ ടോയ്ലെറ്റ് സൌകര്യം നവീകരിക്കുന്നതിനും പൊതുജനങ്ങൾക്കു കൂടി പ്രാപ്യമാക്കുന്നതിനും എണ്ണക്കമ്പനികളുമായി ചർച്ച ചെയ്യും.

## കുടുംബശ്രീ

72. 1948-ൽ നമ്പൂതിരി സമുദായത്തിൽ സ്ത്രീ വിമോചനത്തിന്റെ കാഹളം മുഴക്കിയ നാടകമാണ് സ്ത്രീകൾ രചിച്ച് സ്ത്രീകൾ അവതരിപ്പിച്ച "തൊഴിൽകേന്ദ്രത്തിലേയ്ക്ക്" എന്ന നാടകം. ആ നാടകത്തിലെ കഥാപാത്രമായ ദേവകി പാടുന്നൊരു പാട്ടുണ്ട്. അതിങ്ങനെയായിരുന്നു, *"പടയൊരുങ്ങുകയായ് പടയൊരുങ്ങുകയായ്, അടുക്കളയ്ക്കകത്താണീ പടയൊരുക്കം"*. അങ്ങനെ കേരളത്തിലെ സ്ത്രീകൾ അടുക്കളയിൽ നിന്നും അരങ്ങത്തേയ്ക്കു കടന്നുവന്നത്. കെ.ആർ മീരയുടെ നായിക ആരാച്ചാരിൽ പറയുന്നതുപോലെ *"ഞങ്ങൾ സ്ത്രീകൾ ഒറ്റയ്ക്ക് ഒരു നേട്ടവും കൈവരിക്കാറില്ല. ഞങ്ങളുടെ ജീവിതങ്ങൾ ഒരു ചങ്ങലപോലെ പിണഞ്ഞു കിടക്കുന്നു. ഒരാൾ എന്നോ തുടങ്ങിവച്ചത് മറ്റൊരാൾ മറ്റൊരിക്കൽ പൂർത്തിയാക്കുന്നു."* നവോത്ഥാന കാലത്ത് തുടങ്ങിവച്ചതിന്റെ തുടർച്ചയായി ഇന്ന് കുടുംബശ്രീ ഉയർന്നു വന്നിരിക്കുകയാണ്. മറ്റു സംസ്ഥാനങ്ങൾ മാത്രമല്ല, ചില വിദേശരാജ്യങ്ങളും കുടുംബശ്രീ മാതൃകയിലുള്ള അയൽക്കൂട്ട സംവിധാനങ്ങൾ നടപ്പാക്കുന്നതിന് മുന്നോട്ടു വന്നിട്ടുണ്ട്. 1998ൽ ആരംഭിച്ച കുടുംബശ്രീ ഇരുപതാം വർഷത്തിലേയ്ക്കു കടക്കുന്ന വേളയിൽ പുതിയ 20 ഇന പരിപാടി പ്രഖ്യാപിക്കുകയാണ്.

1) 2018-19 അയൽക്കൂട്ട വർഷം – മൈക്രോ ഫിനാൻസ് സമ്മിറ്റ്
2) ആയിരം ഇറച്ചിക്കോഴി യൂണിറ്റുകൾ
3) അഞ്ഞൂറു ചകിരി മില്ലുകൾ
4) സൂക്ഷ്മ സംരംഭ പാർക്കുകൾ

5) സ്റ്റാർട്ട് അപ്പ് വില്ലേജ് എന്റർപ്രണർഷിപ്പ് പദ്ധതി

6) നാനോ മാർക്കറ്റുകൾ

7) വിപണനത്തിന് ഓൺലൈൻ പോർട്ടൽ

8) സൂക്ഷ്മ തൊഴിൽ സംരംഭങ്ങൾക്ക് ടെക്നോളജി ഹബ്ബ്

9) കെഎസ്എഫ്ഇയുമായി ചേർന്ന് കുടുംബശ്രീ ചിട്ടി

10) ജില്ലാ വനിതാ ലീഗൽ ക്ലിനിക്കുകൾ

11) ജില്ലാ കുടുംബശ്രീ പരിശീലന കേന്ദ്രങ്ങൾ

12) ആഗ്രോ സർവീസ് ടീമുകൾ

13) കിണർ റീ ചാർജിംഗിനായുള്ള സുജലം പദ്ധതി എല്ലാ ജില്ലകളിലേയ്ക്കും

14) ആലപ്പുഴ മാതൃകയിൽ പട്ടികവർഗ സൂക്ഷ്മപദ്ധതി മറ്റു ജില്ലകളിലേയ്ക്ക്

15) ഇരുനൂറ് പുതിയ ബഡ്സ് സ്കൂളുകൾ

16) ആയിരം ജെറിയാട്രിക് കെയർ എക്സിക്യൂട്ടീവുകൾ

17) അരക്ഷിത സമൂഹങ്ങൾക്കുള്ള പ്രത്യേക ഉപജീവന പദ്ധതി – പ്രത്യാശ

18) റിക്കവറി നേരിടുന്ന സംരംഭങ്ങൾക്ക് കടാശ്വാസം

19) കുടുംബശ്രീ അനുഭവത്തെക്കുറിച്ച് 20 ഓർമ്മ പുസ്തകങ്ങൾ

20) 14 മാതൃക സ്ത്രീ സൌഹൃദ ഗ്രാമങ്ങൾ

73. കുടുംബശ്രീയ്ക്ക് 200 കോടി രൂപ വകയിരുത്തുന്നു. ത്രിതല സംവിധാനം ശക്തിപ്പെടുത്തുന്നതിനുവേണ്ടിയുള്ള ഊർജിത

നടപടികൾ സ്വീകരിക്കുന്നതാണ്. ഈ ലക്ഷ്യം വെച്ചുകൊണ്ടാണ് 2018-19 അയൽക്കൂട്ട വർഷമായി പ്രഖ്യാപിക്കുന്നത്. മറ്റൊരു പ്രധാനപ്പെട്ട മേഖല സ്ത്രീ ശാക്തീകരണമാണ്. സ്ത്രീ സൌഹൃദമല്ലാത്ത എല്ലാ ഉദ്യോഗസ്ഥരീതികളും പിഴുതു മാറ്റപ്പെടേണ്ടതാണ്. നേരത്തെ പ്രഖ്യാപിച്ച സ്ത്രീശാക്തീകരണ പദ്ധതിയിൽ വൾണറബിലിറ്റി മാപ്പിംഗ്, കീഴ്ത്തല അതിക്രമ പ്രതിരോധ പ്രവർത്തനങ്ങൾ തുടങ്ങിയ പ്രവർത്തനങ്ങൾക്കുള്ള മുഖ്യ ഏജൻസിയായി കുടുംബശ്രീയാണ് കാണുന്നത്. കാസർഗോഡ് കുടുംബശ്രീ ജില്ലാ പരിശീലന കേന്ദ്രത്തിന് സ്ഥലം ലഭ്യമായിട്ടുണ്ട്. ഇതടക്കം പരിശീലന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് 5 കോടി രൂപ വകയിരുത്തുന്നു.

74. ട്രാൻസ്ജെൻഡർ സമൂഹത്തോടുള്ള വിവേചനം അവസാനിപ്പിക്കുന്നതിനും അവരെ മുഖ്യധാരയിൽ കൊണ്ടുവരുന്നതിനും ഒട്ടേറെ നടപടികൾ സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടുണ്ട്. എന്നാൽ ഇന്നും അവർക്കു നേരെ നടക്കുന്ന അതിക്രമങ്ങൾ കാണിക്കുന്നത് നാം ഇനിയും ബഹുദൂരം മുന്നോട്ടു പോകാനുണ്ട് എന്നാണ്. ട്രാൻസ് ജെൻഡർ ക്ഷേമത്തിനുവേണ്ടി 10 കോടി രൂപ വകയിരുത്തുന്നു. ജില്ലാ കേന്ദ്രങ്ങളിൽ ഇവർക്കായി സുരക്ഷിത സെയ്ഫ് ഹോംസ് സ്ഥാപിക്കുന്നതാണ്.

## പട്ടികജാതി പട്ടികവർഗക്ഷേമം

75. ഇന്ത്യയിലെ ദളിത് സമൂഹമാകെ ഉണർന്നു കൊണ്ടിരിക്കുകയാണ്. ഉച്ചനീചത്വങ്ങൾക്കെതിരായ സമരങ്ങളായി, അടിച്ചമർത്തലുകൾക്കെതിരായ പ്രതിരോധ ങ്ങളായി, പുതിയ സംഘടനകളുടെ ആവിർഭാവമായി, സാംസ്ക്കാരിക അക്കാദമിക് പഠനങ്ങളായി ആളിക്കത്തുകയാണ്. എന്നാൽ ഇതേ കാലയളവിൽ

ത്തന്നെയാണ് പഞ്ചവത്സര പദ്ധതി ഇല്ലാതാക്കിയതിന്റെ ഫലമായി പട്ടികജാതി ഘടകപദ്ധതിയും പട്ടികവർഗ ഉപപദ്ധതിയും അപ്രത്യക്ഷമായത്. കേന്ദ്രസർക്കാരിന്റെ ബജറ്റിൽ പട്ടികജാതി പട്ടികവർഗ വിഭാഗങ്ങൾക്ക് ജനസംഖ്യാനുപാതികമായി ഒരുകാലത്തും പണം നീക്കിവെച്ചിട്ടില്ല. 2016-17-ൽ 25.2 ശതമാനം വരുന്ന പട്ടികവിഭാഗങ്ങൾക്ക് കേന്ദ്രപദ്ധതിയുടെ 11.5 ശതമാന മാണ് വകയിരുത്തിയത്. പുതിയ പരിഷ്കാരം കൂടിയായപ്പോൾ പട്ടികജാതി പട്ടികവർഗ പദ്ധതികൾക്കുള്ള വകയിരുത്തൽ പിന്നെയും ഗണ്യമായി കുറഞ്ഞിരിക്കുക യാണ്. ഈയൊരു പശ്ചാത്തലത്തിൽ കേരള ബജറ്റ് വേറിട്ടു നിൽക്കുന്നു.

76. പട്ടികജാതി ഘടകപദ്ധതിയുടെ അടങ്കൽ 2599 കോടിയിൽ നിന്ന് 2859 കോടി രൂപയായി ഉയർത്തുന്നു. മൊത്തം പദ്ധതിയുടെ 9.8 ശതമാനം വരുമിത്. പട്ടിക വർഗ ഉപപദ്ധതിയുടെ അടങ്കൽ 751 കോടി രൂപയിൽ നിന്ന് 826 കോടി രൂപയായി ഉയർത്തുന്നു. പദ്ധതി അടങ്കലിന്റെ 2.83 ശതമാനം വരുമിത്. പട്ടികജാതി വിഭാഗം ജനസംഖ്യയുടെ 9.1 ശതമാനവും പട്ടികവർഗവിഭാഗം ജനസംഖ്യയുടെ 1.45 ശതമാനവുമാണ് എന്നോർക്കുക. കേരളത്തിലെ പട്ടിക ജാതി വിഭാഗക്കാരുടെ സാമൂഹ്യക്ഷേമ സൂചികകൾ ചില വടക്കേ ഇന്ത്യൻ സംസ്ഥാനങ്ങളിലെ പൊതുസാമൂഹ്യക്ഷേമ സൂചികകളെക്കാൾ ഉയർന്നതാണ്. പക്ഷേ, കേരളത്തിലെ പൊതുശരാശരിയെക്കാൾ പിന്നിലാണ്. ഇതു മറി കടക്കുന്നത് ലക്ഷ്യമിട്ടുകൊണ്ടാണ് താരതമ്യേന വലിയൊരു അടങ്കൽ ബജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. *തന്തക്കോളത്തിലെ കൂലി തന്നെ നിന്റെയും ഗതി*യെന്ന് പഴഞ്ചൊല്ലുപോലെ ക്ലാസിൽ മുഴങ്ങിയ ശാപം പുലപ്പങ്ക്

എന്ന കവിതയിൽ ബിലു സി നാരായണൻ പ്രതിദ്ധ്വനിപ്പിച്ചിട്ടുണ്ട്. പട്ടികവിഭാഗക്കാരുടെ സാമൂഹ്യ സൂചകങ്ങൾ പൊതുനിലവാരത്തിൽ എത്തിച്ചുകൊണ്ടാണ് ഈ ശാപവചനങ്ങൾക്ക് നാം മറുപടി നൽകേണ്ടത്.

77. പട്ടികജാതി ഘടകപദ്ധതിയിൽ 45 ശതമാനവും പട്ടികവർഗ ഉപപദ്ധതിയുടെ 2.34 ശതമാനവും തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കാണ് വകയിരുത്തിയിട്ടുള്ളത്. പട്ടികജാതി പട്ടികവർഗ വിഭാഗങ്ങൾക്ക് ആസൂത്രണ പ്രക്രിയയിൽ പങ്കെടുത്ത് തങ്ങളുടെ ആഗ്രഹപ്രകാരം പദ്ധതികൾ ആവിഷ്കരിക്കുന്നതിനുവേണ്ടിയാണ് ഈ ധനവിന്യാസം. എന്നാൽ ഈ ലക്ഷ്യം നിർവഹിക്കപ്പെടുന്നുണ്ടോയെന്നുള്ളത് വിമർശനാത്മകമായി പരിശോധിക്കേണ്ടതാണ്.

78. മുൻവർഷങ്ങളിലെന്നപോലെ ഇപ്പോഴും ഏറ്റവും കൂടുതൽ തുക എസ് സി പിയിലും ടിഎസ്പിയിലും വകയിരുത്തി യിട്ടുള്ളത് പാർപ്പിടത്തിനാണ്. യഥാക്രമം 651 കോടി രൂപയും 236 കോടി രൂപയും. ഇതിനു പുറമെ ഒറ്റപ്പെട്ട വീടുകളിലെ പട്ടികവർഗക്കാരെ മൈക്രോ പ്ലാനുകൾ ഉണ്ടാക്കി സഹായം നൽകുന്നതിന് പി കെ കാളൻ പദ്ധതി പ്രകാരം 110 കോടി രൂപ വകയിരുത്തുന്നു. ഈ മൈക്രോപ്ലാനുകൾ എങ്ങനെ യുണ്ടാക്കാം എന്നതിന് ഒരു രീതി സമ്പ്രദായം ആലപ്പുഴയിൽ നടന്ന പരീക്ഷണത്തിലൂടെ ആവിഷ്കരിച്ചിട്ടുണ്ട്. കുടുംബശ്രീയുടെ സഹകരണത്തോടെ ഇതു സംസ്ഥാന വ്യാപകമാക്കും. ഭൂരഹിതർക്ക് ഭൂമി വാങ്ങിനൽകാൻ 225 കോടി രൂപ എസ് സിപിയിലും 55 കോടി രൂപ ടിഎസ്പിയിലും വകയിരുത്തിയിട്ടുണ്ട്. 30 കുടുംബ ങ്ങളെങ്കിലുമുള്ള പട്ടികജാതി കോളനികളിലെ പശ്ചാത്തല സൌകര്യ വികസനത്തിനുള്ള അംബേദ്കർ പദ്ധതിയ്ക്ക്

എസ്.സി.പിയിൽ 100 കോടി രൂപയും ടിഎസ്പിയിൽ 110 കോടി രൂപയും വകയിരുത്തുന്നു.

79. പട്ടികവിഭാഗങ്ങൾക്കുള്ള പദ്ധതിയിൽ അടുത്ത പരിഗണന വിദ്യാഭ്യാസത്തിനാണ്. വിദ്യാഭ്യാസത്തിൽ എസ്.സി.പിയിൽ 464 കോടി രൂപയും ടിഎസ്പിയിൽ 119 കോടി രൂപയും വകയിരുത്തുന്നു. എസ് സി പി വിദ്യാഭ്യാസ അടങ്കലിന്റെ തൊണ്ണൂറു ശതമാനവും വിദ്യാർത്ഥികൾക്കുള്ള ധനസഹായ മാണ്. പട്ടികവർഗക്കാർക്കുള്ള ധനസഹായം കേന്ദ്രവിഹിതമടക്കം 37 കോടിയേ വരൂ. അതേസമയം ടിഎസ്പിയിൽ മോഡൽ റെസിഡൻഷ്യൽ സ്കൂളുകളു ടെയും ഹോസ്റ്റലുകളുടെയും നടത്തിപ്പിനുവേണ്ടി 76 കോടി രൂപ ചെലവഴിക്കുന്നുണ്ട്.

80. സർ, ഉന്നതവിദ്യാഭ്യാസത്തിലെ പട്ടികവിഭാഗങ്ങളുടെ പ്രവേശനം ഗണ്യമായി ഉയർന്നിട്ടുണ്ടെങ്കിലും കൊഴിഞ്ഞു പോക്ക് വളരെ ഉയർന്നതാണ്. എഞ്ചിനീയറിംഗ് കോളേജുകളിൽ പ്രവേശനം നേടിയെങ്കിലും പരീക്ഷ പാസ്സാകാത്ത 20,000-ൽപ്പരം വിദ്യാർത്ഥികൾ ഉണ്ടെന്നാണ് കണക്ക്. ഇവർക്ക് റെമഡിയൽ കോഴ്സും പ്രത്യേക സഹായവും നൽകി പരീക്ഷയ്ക്ക് തയ്യാറെടുപ്പിക്കുന്നതിനു പ്രത്യേക സ്കീം ഈ വർഷം ആവിഷ്കരിക്കും. 2018 ഏപ്രിൽ മാസം മുതൽ പട്ടികജാതി - പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ആനുകൂല്യം 25 ശതമാനം വർദ്ധിപ്പിക്കുന്നു. ഈ വർദ്ധന ഇവർക്കു മാത്രമേ ബാധകമാകൂ.

81. പട്ടികവിഭാഗക്കാരുടെ നൈപുണീവികസനത്തിന് പ്രത്യേക ഊന്നൽ പദ്ധതിയിലുണ്ട്. 48 കോടി രൂപ വകയിരുത്തുന്നു. പട്ടികജാതി പട്ടികവർഗ വികസന കോർപറേഷന് കേന്ദ്രവിഹിതമടക്കം 111 കോടി രൂപ ലഭ്യമാക്കും.

### പിന്നോക്കസമുദായക്ഷേമം

82. പിന്നാക്ക സമുദായക്ഷേമത്തിന് 114 കോടി രൂപ വകയിരുത്തുന്നു. കേന്ദ്രവിഹിതമടക്കം പിന്നാക്ക സമുദായ സ്കോളർഷിപ്പിന് 50 കോടി രൂപയും ഒഇസിയുടെ വിദ്യാഭ്യാസ സഹായത്തിന് 100 കോടി രൂപയും വകയിരുത്തുന്നു. പരമ്പരാഗത കളിമൺ പാത്ര നിർമ്മാണത്തിന്റെ പ്രോത്സാഹനത്തിന് 2 കോടി രൂപയും കുംഭാര കോളനികളുടെ വികസനത്തിന് 5 കോടി അധികമായും വകയിരുത്തുന്നു. പരമ്പരാഗത കൈവേലക്കാർക്ക് ടൂൾ കിറ്റു നൽകുന്നതിന് 3 കോടി രൂപയും ബാർബർ ഷോപ്പുകളുടെ നവീകരണത്തിന് 2 കോടി രൂപയും വകയിരുത്തുന്നു. പരിവർത്തിത ക്രൈസ്തവ വികസന കോർപ്പറേഷന് 10 കോടി രൂപ അധികമായി അനുവദിക്കുന്നു.

### ന്യൂനപക്ഷക്ഷേമം

83. ന്യൂനപക്ഷ ക്ഷേമത്തിന് 91 കോടി രൂപ വകയിരുത്തുന്നു. ഇതിൽ ഏറ്റവും പ്രധാനം വിധവകൾക്കും ഉപേക്ഷിക്കപ്പെട്ട സ്ത്രീകൾക്കും വേണ്ടിയുള്ള പ്രത്യേക ഭവനപദ്ധതിയ്ക്കുള്ള 58 കോടി രൂപയാണ്. അതുപോലെ ന്യൂനപക്ഷങ്ങൾ, കേന്ദ്രീകരിക്കുന്ന ബ്ലോക്കുകളുടെ ബഹുമുഖ വികസന പദ്ധതികൾക്ക് കേന്ദ്രവിഹിതമടക്കം 25 കോടി രൂപയുണ്ട്. പൊതുപരീക്ഷകൾക്കും മറ്റും വേണ്ടി പരിശീലിപ്പിക്കുന്ന 14 പുതിയ കോച്ചിംഗ് കേന്ദ്രങ്ങൾ ആരംഭിക്കുന്നതാണ്.

### മുന്നോക്കസമുദായക്ഷേമം

84. മുന്നോക്ക സമുദായങ്ങളിൽ സാമ്പത്തികമായി ഏറ്റവും പിന്നാക്കം നിൽക്കുന്നവർക്കുവേണ്ടി 42 കോടി രൂപ വകയിരുത്തുന്നു. ഇതിൽ 17 കോടി രൂപ സ്കോളർഷിപ്പും

എട്ടുകോടി രൂപ മുന്നോക്ക സമുദായ ക്ഷേമ കോർപറേഷന്റെ ഷെയർ കാപ്പിറ്റലായും നീക്കിവെയ്ക്കുന്നു.

## IV

## പരമ്പരാഗത തൊഴിൽമേഖലകൾ

85. സർ, തൊഴിൽകേന്ദ്രത്തിലേയ്ക്ക് എന്ന നാടകത്തിലെ *തൊഴിൽ കേന്ദ്രത്തെ തറവാടായും സ്വാതന്ത്ര്യത്തെ ഭർത്താവായും* വരിക്കുന്നുണ്ട്. കാണാപ്പണി വെടിഞ്ഞ് പരസ്യ തൊഴിലിടങ്ങളിൽ ജോലി ചെയ്യുന്നത് സമൂഹത്തിൽ സ്ത്രീയുടെ സ്ഥാനം ഉയർത്തുന്നതിന് പ്രധാനപ്പെട്ട പങ്കുവഹിക്കാൻ കഴിയും. ആറു പതിറ്റാണ്ടു മുമ്പ് കേരളം രൂപീകൃതമാവുമ്പോൾ ഇങ്ങനെ പണിയെടുത്തിരുന്ന സ്ത്രീകളുടെ ശതമാനത്തേക്കാൾ കുറവാണ് ഇന്നു വീടിനു പുറത്തു പണിയെടുക്കുന്ന സ്ത്രീകൾ. സ്ത്രീകൾ കൂടുതൽ പണിയെടുക്കുന്ന പരമ്പരാഗത മേഖലകൾ ഇന്നു വലിയ തകർച്ചയെ നേരിടുകയാണ്. മാത്രമല്ല, സാധാരണക്കാരുടെ സാമൂഹ്യസുരക്ഷിതത്വം ഉറപ്പാക്കുന്നതിനുള്ള ഏറ്റവും നല്ല നടപടി അവർക്ക് അറിയാവുന്ന തൊഴിൽ സുരക്ഷിത മാക്കുകയാണ്. ഇവർ ഏർപ്പെടുന്ന ചെറുകിട പരമ്പരാഗത തൊഴിലുകൾ താഴ്ന്ന വരുമാനത്തിന്റേതാണ്. അതു കൊണ്ടാണ് സാമൂഹ്യസുരക്ഷാ നടപടികൾ അനിവാര്യ മാകുന്നത്. അപ്പോൾ ഈ തൊഴിലുകളേ ഇല്ലാതായാലോ? ഈയൊരു അവസ്ഥാവിശേഷമാണ് കേരളത്തിൽ രൂക്ഷമായിക്കൊണ്ടിരിക്കുന്നത്. *കതകിനും കട്ടിളയ്ക്കു മിടയിൽ, അകത്തേയ്ക്കോ പുറത്തേയ്ക്കോ, എന്നുറപ്പി ക്കാനാവാതെ, ജീവിതം അതിൽ ചാരിവച്ചു* എന്ന് ഡോണ മയൂര എഴുതിയതുപോലെയാണ് പരമ്പരാഗത തൊഴിൽ മേഖലകളിൽ പ്രവർത്തിക്കുന്നവരുടെ ഭാവി. എല്ലാക്കാല

ത്തേയ്ക്കും ഈ തൊഴിലുകൾ ഇന്നത്തെ രൂപത്തിൽ തുടരുക സാധ്യമല്ല. പുതിയ തലമുറ അത്തരം തൊഴിലുകളിലേയ്ക്ക് നീങ്ങാൻ തയ്യാറുമല്ല. പക്ഷേ, ഇന്നും അവിടെ ജോലി ചെയ്യാൻ തയ്യാറുള്ള ഒരു വിഭാഗം ആളുകൾ ഉണ്ട്. അവരുടെ തൊഴിലുകൾ സംരക്ഷിച്ചേ തീരൂ. സർ, സാമൂഹ്യസുരക്ഷിതത്വത്തിൽ നിന്നും തൊഴിൽ മേഖലകളിലേയ്ക്ക് ബജറ്റ് നീങ്ങുകയാണ്.

**കൈത്തറി**

86. ആഗോളീകരണ പരിഷ്കാരങ്ങൾ നടപ്പാക്കിയശേഷം രാജ്യത്ത് ഏറ്റവുമധികംപേർ പണിയെടുത്തിരുന്ന കൈത്തറിമേഖല തകർച്ചയിലാണ്. ഈ മേഖലയ്ക്കുള്ള ആനുകൂല്യങ്ങളും സംരക്ഷണവും നല്ലപങ്കും പിൻവലിച്ചു കഴിഞ്ഞു. കേരളം ഈ പാത തുടരാൻ ആഗ്രഹിക്കുന്നില്ല. റിബേറ്റ് സമ്പ്രദായം തുടരും. അതോടൊപ്പം കേരളസർക്കാർ എടുത്ത നൂതനമായ ഒരു സംരക്ഷണ നടപടിയായിരുന്നു സ്കൂൾ കുട്ടികൾക്കുള്ള യൂണിഫോം കൈത്തറി മേഖലയിൽ നെയ്യിച്ചു വിതരണം ചെയ്യുക എന്നത്. കൈത്തറി/ഖാദി മേഖലയിൽ തൊഴിലെടുക്കാൻ തയ്യാറുള്ള വർക്കെല്ലാം മിനിമം 200 ദിവസത്തെ പണി ഈ സ്കീമിൽ നിന്ന് ഉറപ്പുവരുത്തും. ചോർച്ച ഒഴിവാക്കുന്നതിനുവേണ്ടി നെയ്ത്തുകാർക്ക് നേരിട്ട് അക്കൌണ്ടിലേയ്ക്ക് കൂലി നൽകുന്ന രീതിയാണ് അവലംബിച്ചിട്ടുള്ളത്. സാധാരണ സ്കൂൾ യൂണിഫോമിന് 400 രൂപ കാശായി നൽകുകയാണ് പതിവ്. എന്നാൽ പുതിയ സമ്പ്രദായത്തിൽ ചെലവേറും. നടപ്പു വർഷത്തെ അടങ്കൽ 150 കോടി രൂപയാണ്.

87. ഇതിനു പുറമെ, കൈത്തറിയ്ക്ക് പദ്ധതിയിൽ 46 കോടി രൂപ വകയിരുത്തിട്ടുണ്ട്. ഖാദി വ്യവസായത്തിന് 19 കോടി രൂപയും. ഖാദി റിബേറ്റ് കേരളത്തിൽനിന്നുള്ള ഉൽപന്നങ്ങൾ

ക്കായി പരിമിതപ്പെടുത്താൻ ഉദ്ദേശിക്കുന്നു. പയ്യന്നൂർ ഖാദി കേന്ദ്രത്തിന്റെ ഗാർമെന്റ്സ് ഡിവിഷന്റെ നവീകരണത്തിന് 50 ലക്ഷം രൂപ അനുവദിക്കുന്നു.

**കയർ**

88. ഒരുകാലത്ത് അഞ്ചുലക്ഷം പേർ തൊഴിലെടുത്തിരുന്ന കയർ മേഖലയിൽ ഇന്ന് ഒന്നരലക്ഷം പേരാണുള്ളത്. ഇതിൽ പകുതിപ്പേർക്കേ പണിയുള്ളൂ. കേരളത്തിലെ ചകിരിയുത്പാദനം നിലച്ചതാണ് ഏറ്റവും വലിയ തിരിച്ചടിയായിട്ടുള്ളത്. കേരളത്തിലെ നാളികേരത്തിന്റെ മൂന്നിലൊന്ന് അതായത്, 200 കോടി തൊണ്ടെങ്കിലും ചകിരിയാക്കി മാറ്റുന്നതിന് 1000 മില്ലുകൾ സ്ഥാപിക്കും. ഈ മില്ലുകളിൽ പണിയെടുക്കുന്നവർക്ക് 600 രൂപ കൂലി ഉറപ്പുവരുത്തുന്ന വില നൽകി ചകിരി കയർഫെഡ് സംഭരിച്ച് കയർ സഹകരണസംഘങ്ങൾക്കു ലഭ്യമാക്കും. കയർപിരി മേഖലയിൽ 1000 ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ സ്ഥാപിക്കും. എന്നാൽ ഈ മേഖലയിൽ ഏതാനും ആയിരംപേർക്കേ പണി നൽകാൻ കഴിയൂ. ബാക്കിയുള്ളവർക്ക് ഇലക്ട്രോണിക് റാട്ടുകൾ ലഭ്യമാക്കാനാണ് തീരുമാനം. ഇവർക്ക് 300 രൂപ കൂലി ഉറപ്പുവരുത്തിക്കൊണ്ട് പിരിക്കുന്ന കയർ മുഴുവൻ കയർ ഫെഡ് സംഭരിക്കും. അടുത്ത വർഷം കയർപിരി മേഖലയിലെ കയർ സഹകരണ സംഘങ്ങളുടെ ഉൽപാദനം മൂന്നു മടങ്ങെങ്കിലും ഉയരുമെന്നാണ് കരുതുന്നത്. ഇപ്പോൾ കൂലിയുടെ മൂന്നിലൊന്നിലേറെ വരുമാനമുറപ്പു പദ്ധതി വഴി സർക്കാർ സബ്സിഡി നൽകുന്നുണ്ട്. തൊഴിൽ വർദ്ധിക്കുമ്പോൾ സബ്സിഡിയ്ക്കു വേണ്ടി വരുന്ന തുക അധികമായി ലഭ്യമാക്കുന്നതാണ്. റിട്ടയർ ചെയ്ത കയർ സഹകരണ സംഘം ജീവനക്കാർക്ക് റിട്ടയർമെന്റ്

ആനുകൂല്യവും പെൻഷനും ലഭ്യമാക്കുന്നതിന് 5 കോടി രൂപ വകയിരുത്തുന്നു. എടുത്ത വായ്പ കുടിശികയായി പ്രതിസന്ധിയിലായിട്ടുള്ള കയർ സഹകരണ സംഘങ്ങൾക്ക് പുനസംഘടനയുടെ ഭാഗമായി ബാങ്കുകമായി ആലോചിച്ച് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പാക്കുന്നതാണ്. പത്തുവർഷം കൊണ്ട് ഇന്നത്തെ പരമ്പരാഗത കയർപിരി തൊഴിലാളികളിൽ നല്ലപങ്കും റിട്ടയർ ചെയ്യുമെന്നാണ് കരുതുന്നത്. അതോടെ ഉത്പാദനം കൂടുതൽ കൂടുതൽ യന്ത്രങ്ങളിലേയ്ക്കു നീങ്ങും. കയർ ഉൽപ്പന്ന മേഖലയിലെ മാനുഫാക്ചറിംഗ് സഹകരണ സംഘങ്ങൾ ആധുനിക ഫാക്ടറികളായി രൂപാന്തരപ്പെടുത്തുന്നതിനും ലക്ഷ്യ മിടുന്നുണ്ട്. ഓട്ടോമാറ്റിക്, സെമി ഓട്ടോമാറ്റിക് ലൂമുകൾ, ടഫ്റ്റിംഗ് യന്ത്രങ്ങൾ, നീഡിൽ ഫെൽട്ട് യന്ത്രങ്ങൾ, കോമ്പോസിറ്റ് മെഷീനുകൾ തുടങ്ങിയവ വിന്യസിക്കും.

89. വർദ്ധിക്കുന്ന കയർ ഉൽപ്പാദനം മുഴുവൻ മേൽപ്പറഞ്ഞ ഉൽപന്നങ്ങളാക്കി മാറ്റാനുള്ള മാർക്കറ്റ് ഉണ്ടാവില്ല. ഈ പശ്ചാത്തലത്തിൽ കയറിന്റെ നല്ലൊരു പങ്ക് കയർഭൂവസ്ത്രങ്ങളായി രൂപാന്തരപ്പെടുത്താനാണ് ലക്ഷ്യ മിടുന്നത്. ഇതിനകംതന്നെ തദ്ദേശ ഭരണസ്ഥാപന ങ്ങളിൽനിന്ന് ഏതാണ്ട് 120 കോടി രൂപയ്ക്കുള്ള കയർഭൂവസ്ത്രങ്ങളുടെ ഓർഡർ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായുള്ള മണ്ണുജല സംരക്ഷണ പ്രവൃത്തികളിൽനിന്നു ലഭിച്ചിട്ടുണ്ട്. കയറുൽപന്നങ്ങൾ വിൽക്കുന്നതിന് വലിയൊരു വിപണനശൃംഖല ദേശവ്യാപകമായി സൃഷ്ടി ക്കുന്നതിന് ചുമതലയുള്ള ഒരു മാർക്കറ്റിംഗ് കമ്പനിയ്ക്കും രൂപം നൽകാൻ ഉദ്ദേശിക്കുന്നു.

90. സ്വകാര്യ പങ്കാളിത്തത്തോടെയായിരിക്കും മാർക്കറ്റിംഗ് കമ്പനി സ്ഥാപിക്കുക. വ്യവസായ വികസനത്തിന് കയറ്റു

മതിക്കാർക്കും വ്യവസായികൾക്കുമുള്ള പങ്ക് അംഗീകരിക്കുകയും ഈ പദ്ധതി നടപ്പാക്കുന്നതിൽ സഹകരിപ്പിക്കുകയും ചെയ്യും. സ്വകാര്യനിക്ഷേപർക്ക് കയർ ബോർഡിന്റെ സബ്സിഡി കൂടാതെ 20 ശതമാനം നിക്ഷേപ സബ്സിഡി സർക്കാർ നൽകും.

91. ചുരുക്കത്തിൽ ഒരു രണ്ടാം കയർ വ്യവസായ പുനസംഘടനയാണ് നടപ്പിലാക്കാൻ പോകുന്നത്. അതിവേഗത്തിൽ ആധുനികവത്കരിക്കുന്നതോടൊപ്പം പരമ്പരാഗത തൊഴിലാളികളെ സംരക്ഷിക്കുക കൂടി ചെയ്യുന്ന സമീപനമാണ് സ്വീകരിച്ചിട്ടുള്ളത്. മേൽപ്പറഞ്ഞ പദ്ധതി നടപ്പാക്കുന്നതിന് 1200 കോടി രൂപയുടെയെങ്കിലും മുതൽമുടക്കു വേണം. ഇപ്പോൾ പദ്ധതിപ്പണത്തിനു പുറമെ എൻസിഡിസിയിൽനിന്നുള്ള വായ്പയാണ് ഉപയോഗപ്പെടുത്തുന്നത്. അടുത്ത വർഷം പദ്ധതിയിൽ 141 കോടി രൂപയും എൻസിഡിസി വായ്പയിൽ നിന്ന് 70 കോടി രൂപയും അടക്കം മൊത്തം കയർ വ്യവസായത്തിന്റെ അടങ്കൽ 211 കോടി രൂപയാണ്. പുനസംഘടനാ പദ്ധതി നടപ്പാക്കുന്നതിനുവേണ്ടി ഒരു പ്രത്യേക പ്രോജക്ട് മോണിട്ടറിംഗ് യൂണിറ്റ് എൻസിഡിസി നിർദ്ദേശിച്ചിട്ടുണ്ട്.

92. നാളികേര കർഷകരുടെ പൂർണസഹകരണത്തോടു കൂടിയല്ലാതെ തൊണ്ടു സംഭരണം വിജയിപ്പിക്കാനാവില്ല. നാളികേരം ഉണങ്ങാൻ അനുവദിക്കാതെ സമയത്ത് പറിക്കണം, തൊണ്ടു പൊളിച്ച് കൃഷിക്കാരുടെ സംഘങ്ങൾ തന്നെ ചകിരിയാക്കി മാറ്റണം അല്ലെങ്കിൽ, ചകിരിമില്ലുകൾക്കു ലഭ്യമാക്കണം. ഇതു നടക്കണമെങ്കിൽ, കൃത്യസമയത്ത് നാളികേരം ഇടുന്നതിനും റെഡി കാശ് കൃഷിക്കാർക്കു നൽകുന്നതിനുമുള്ള സൌകര്യങ്ങൾ ഉറപ്പു വരുത്തണം. ഇതിന് പ്രവർത്തന മൂലധനം അനിവാര്യമാണ്.

കോക്കനട്ട് പ്രൊഡ്യൂസർ കമ്പനികൾ, കേരഗ്രാമം സമിതികൾ, ഫൈബർ മില്ലുകൾ എന്നിവ നാളികേര സംഭരണത്തിനായി വായ്പയെടുത്താൽ അതിന്റെ പലിശ കയർ വകുപ്പിൽ നിന്നു നൽകുന്നതിനുവേണ്ടി 10 കോടി രൂപ അധികമായി വകയിരുത്തുന്നു.

**കശുവണ്ടി**

93. ഏതാണ്ട് ഒന്നര ലക്ഷത്തോളം പേർ പണിയെടുക്കുന്ന കശുവണ്ടി വ്യവസായവും പ്രതിസന്ധിയിലാണ്. താഴ്ന്ന കൂലിയ്ക്ക് കശുവണ്ടി സംസ്ക്കരിക്കാനുള്ള യന്ത്രവത്കൃത വ്യവസായങ്ങൾ മറ്റു സംസ്ഥാനങ്ങളിൽ വന്നതോടെയാണ് കേരളത്തിലെ കശുവണ്ടി വ്യവസായം പ്രതിസന്ധിയിലായത്. കേരളത്തിലെ വ്യവസായികൾക്കും കശുവണ്ടി കോർപറേഷനും കാപ്പെക്സിനും ഇതര സംസ്ഥാനങ്ങളിലെ വ്യവസായ സംരംഭകരോട് മത്സരിച്ച് തോട്ടണ്ടി വാങ്ങാൻ കഴിയുന്നില്ല. കേരളത്തിലെ വൻകിട വ്യവസായികൾ കേരളത്തിനു പുറത്ത് പുതിയ ഫാക്ടറികൾ ആരംഭിക്കുകയാണ്. ഈയൊരു പശ്ചാത്തലത്തിൽ കേരളത്തിലെ തൊഴിലാളികൾക്ക് തൊഴിലും ന്യായമായ കൂലിയും എങ്ങനെ ഉറപ്പുവരുത്താം? ഇതിനൊരു മാർഗമേയുള്ളൂ. ഇടനിലക്കാർക്കു ലഭ്യമാകുന്നതിനേക്കാൾ താഴ്ന്നവിലയ്ക്ക് കശുവണ്ടി ആഫ്രിക്കൻ രാജ്യങ്ങളിൽനിന്ന് വാങ്ങുക. കേരളത്തിലെ കശുവണ്ടി പരമാവധി സംഭരിക്കുക. കശുവണ്ടി ഇറക്കുമതി പലപ്പോഴും വിവാദങ്ങൾക്ക് ഇടനൽകിയിട്ടുണ്ട്. എന്നാൽ അതുകൊണ്ട് ഉത്തരവാദിത്തത്തിൽ നിന്ന് ഒഴിഞ്ഞുമാറാൻ സർക്കാർ ഉദ്ദേശിക്കുന്നില്ല. ആഫ്രിക്കൻ രാജ്യങ്ങളിലെ അംബാസഡർമാരുടെ സമ്മേളനം വിളിച്ച് സഹകരണം അഭ്യർത്ഥിച്ചു. പലരാജ്യങ്ങളും സർക്കാർതലത്തിൽത്തന്നെ സഹകരണം

ഉറപ്പു നൽകിയിട്ടുണ്ട്. ഇവരുമായി ചർച്ച ചെയ്ത് സുതാര്യമായ രീതിയിൽ കശുവണ്ടി സംഭരിക്കുന്നതിന് കേരളാ കാഷ്യൂ ബോർഡ് എന്നൊരു കമ്പനി 50 കോടി രൂപയുടെ മൂലധനത്തിൽ രൂപീകരിച്ചിട്ടുണ്ട്. കേരള സർക്കാരിന് 24.5 കോടിയുടെ ഷെയറാണുള്ളത്. ഈ വർഷത്തെ സീസൺ ആരംഭിച്ചു കഴിഞ്ഞെങ്കിലും കാഷ്യൂ ബോർഡ് എത്രയും പെട്ടെന്ന് വിപണിയിൽ ഇറങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ബാങ്ക് കൺസോർഷ്യം 200 കോടി രൂപ വായ്പ സമ്മതിച്ചിട്ടുണ്ട്. ഇപ്രകാരം സംഭരിക്കുന്ന കശുവണ്ടി പൊതുമേഖലാ സ്ഥാപനങ്ങൾക്കു മാത്രമല്ല, കേരളത്തിലെ മറ്റു വ്യവസായികൾക്കും ലഭ്യമാക്കാനാണ് ഉദ്ദേശിക്കുന്നത്. സ്വകാര്യ മേഖലയിലെ വ്യവസായശാലകളെ സഹായിക്കുന്നതിന് 20 കോടി രൂപ വകയിരുത്തുന്നു.

94. കശുവണ്ടി വ്യവസായത്തിന് ഈവർഷത്തെ പദ്ധതിയിൽ 54.45 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ഇതിൽ പൊതുമേഖലാ ഫാക്ടറികളുടെ നവീകരണത്തിനും ബ്രാൻഡ് ബിൽഡ് ചെയ്യുന്നതിനുമുള്ള പണമാണ് ഉൾപ്പെടുന്നത്. ഭാവിയിൽ ആഫ്രിക്കൻ രാജ്യങ്ങളുമായി ചേർന്ന് ഒരു സംയുക്ത ബ്രാൻഡ് സൃഷ്ടിക്കുന്നതിനുള്ള നിർദ്ദേശം അവരുടെ അംബാസിഡർമാരുടെ യോഗത്തിൽ ഉയർന്നുവരികയുണ്ടായി. ഇത്തരത്തിൽ അന്തർദേശീയ സഹകരണത്തോടെ കശുവണ്ടി വാല്യു ചെയിനിന്റെ മുകളിലേയ്ക്കുയരാൻ കഴിഞ്ഞാൽ കേരളത്തിലെ വ്യവസായത്തിന്റെ ഭാവി ഭാസുരമാക്കാനാവും.

95. കേരളത്തിൽ 32 തരം ക്രാഫ്റ്റുകളുണ്ട്. ഇവരുടെ വികസനത്തിന് 5 കോടി രൂപ വകയിരുത്തുന്നു. ബാംബു കോർപ്പറേഷന് 10 കോടി രൂപ വകയിരുത്തുന്നു.

## കൃഷി

96. *വിശപ്പും വെയിലും വിയർപ്പും വശം കെടുത്തിയ പ്രാചീനനായ ഒരപ്പൂപ്പനെയും അദ്ദേഹത്തിന്റെ കാലിലെ കനത്ത ഒരു ചങ്ങലയെയും* ഞങ്ങളുടെ ആണുങ്ങളും പെണ്ണുങ്ങളും എന്ന കൃതിയിൽ ധന്യ എം ഡി ഓർക്കുന്നു. അടിയേറ്റ് പുളയുന്ന ആണുങ്ങളെയും പെണ്ണുങ്ങളെയും കരിയും ചെളിയും പിടിച്ച് മുഷിഞ്ഞ അവരുടെ വസ്ത്രങ്ങളെയും വിശപ്പൊഴിയാത്ത വയറിനെയും പരുക്കൻ പാട്ടുകളെയും കുറിച്ചുള്ള ആ ഓർമ്മകളിൽ ഒരിക്കലും മറന്നുപോകാൻ പാടില്ലാത്ത ഒരു ചരിത്രകാലമുണ്ട്. സർ, ആ കാലം മാറിയെങ്കിലും കാർഷിക മേഖല പ്രതിസന്ധിയിലാണ്. തൊഴിലെടുക്കുന്നവരിൽ 20 ശതമാനം കൃഷിയെ ആശ്രയിച്ചാണ് ജീവിക്കുന്നത്. കാർഷികമേഖലയാകട്ടെ, കഴിഞ്ഞ ഏതാനും വർഷങ്ങളായി വളരുന്നില്ലെന്നു മാത്രമല്ല, കേവലമായിത്തന്നെ ചുരുങ്ങി ക്കൊണ്ടിരിക്കുന്നു. കർഷകത്തൊഴിലാളികളുടെ എണ്ണം കേവലമായി കുറഞ്ഞു കൊണ്ടിരിക്കുന്നു. കൃഷി മുഖ്യവരുമാന മാർഗമായിട്ടുള്ള ഭൂവുടമകളുടെ എണ്ണവും കുറഞ്ഞുകൊണ്ടിരിക്കുകയാണ്. കാർഷികമേഖലയുടെ സുസ്ഥിര അഭിവൃദ്ധി വരുമാനമെന്ന നിലയിൽ മാത്രമല്ല, പാരിസ്ഥിതിക സന്തുലനാവസ്ഥയിലും പ്രധാന സ്ഥാനമുണ്ട്. നെൽകൃഷിയുടെ കാര്യത്തിൽ ഇതു വളരെ വ്യക്തമാണ്. വയലേലകളുടെ നാശം കേരളത്തിന്റെ ജലചക്രത്തിന്റെ തകർച്ചയിൽ ഗൌരവമായ പങ്കു വഹിച്ചിട്ടുണ്ട്. നെൽകൃഷി താരതമ്യേനെ ലാഭകരമല്ലാത്ത ഒരു സാമ്പത്തിക പ്രവൃത്തിയാണ്. എന്നാൽ നെൽകൃഷി നിലനിൽക്കേണ്ടത് നാടിന് ആവശ്യമാണ്. ഇതു കണ്ടുകൊണ്ടാണ് നെൽവയലുകൾക്ക് റോയൽറ്റിയെന്ന ആശയം ഇടതുപക്ഷ

ജനാധിപത്യ മുന്നണി മാനിഫെസ്റ്റോയിൽ ഉൾപ്പെടുത്തിയത്. എന്നാൽ കേന്ദ്രസർക്കാർ നിലവിലുണ്ടായിരുന്ന നെൽകൃഷി സബ്സിഡിയിൽ നിന്നു പിൻവാങ്ങിയിരിക്കുകയാണ്. ഇതുവരെ ഈ സബ്സിഡിയുടെ ഗണ്യമായ ഭാഗം കേന്ദ്രസർക്കാർ ആർകെവൈ സ്കീമിൽ നിന്നാണ് നൽകിക്കൊണ്ടിരുന്നത്. ഇനിമേൽ ഈ ഫണ്ട് ഇതിനായി ഉപയോഗിക്കാൻ പാടില്ല എന്നാണ് കേന്ദ്രസർക്കാരിന്റെ ഇപ്പോഴത്തെ നിലപാട്. അതുകൊണ്ട് ഈ തുക പൂർണമായും സംസ്ഥാന പദ്ധതിയിൽ നിന്ന് വകയിരുത്തുന്നതിന് നിർബന്ധിതമായിരിക്കുന്നു. ഇപ്പോൾ സബ്സിഡിയ്ക്ക് 60 കോടി രൂപയാണ് വകയിരുത്തിയത്. ഇതുതന്നെ അപര്യാപ്തമാണ്. ആവശ്യമായ തുക അധിക ധനാനുമതിയിലൂടെ ലഭ്യമാക്കും. ഈ പശ്ചാത്തലത്തിൽ റോയൽറ്റിയെന്ന ആശയം തൽക്കാലം മാറ്റിവയ്ക്കാൻ നിർബന്ധിതമായിരിക്കുകയാണ്.

97. നടപ്പുവർഷത്തിൽ ഇതിനകം 525 കോടി രൂപ നെല്ലു സംഭരണത്തിനായി സംസ്ഥാന സർക്കാർ നൽകിയിട്ടുണ്ട്. 7 രൂപ കേന്ദ്രസർക്കാർ നൽകുമ്പോൾ 14 രൂപ സംസ്ഥാന സർക്കാർ സബ്സിഡി നൽകുന്നു. ഈ പണം കൃഷിക്കാർക്കു നൽകുന്നതിൽ വരുന്ന കാലതാമസം വലിയ വിമർശനമുയർത്തിയിട്ടുണ്ട്. ഈ പ്രശ്നം ഏതാണ്ട് പരിഹരിക്കുന്നതിന് ഇപ്പോൾ കഴിഞ്ഞിട്ടുണ്ട്. സിവിൽ സപ്ലൈസ് നെല്ല് അളന്നാൽ ഏതാനും ദിവസങ്ങൾ ക്കുള്ളിൽ കൃഷിക്കാർക്ക് ബാങ്കുകളിൽ നിന്നു പണം നൽകാൻ ക്രമീകരണങ്ങൾ വരുത്തിയിട്ടുണ്ട്. ഇപ്പോൾ പാലക്കാടും മറ്റും മില്ലുകാർ സംഭരണത്തിന് സഹകരിക്കുന്നില്ല. സഹകരണ സംഘങ്ങളെ

ഉപയോഗപ്പെടുത്തി നെല്ല് സംഭരണത്തിന് ഒരു ബദൽ സംവിധാനം പാലക്കാട് രൂപപ്പെടുത്തിക്കഴിഞ്ഞു.

98. നെൽവയൽ തരിശായി ഇടുന്നതിനെതിരെ കർശനമായ നിലപാട് സർക്കാർ സ്വീകരിക്കുകയാണ്. വേണ്ടിവന്നാൽ ഇങ്ങനെയുള്ള കൃഷിഭൂമി പാടശേഖര സമിതികൾക്കോ സ്വയംസഹായ സംഘങ്ങൾക്കോ രണ്ടുവർഷം കൃഷിക്ക് ഏൽപ്പിച്ചു കൊടുക്കുന്നതിനുള്ള നിയമനിർമ്മാണം നടത്തിക്കഴിഞ്ഞു. ഈ പശ്ചാത്തലത്തിൽ തരിശുഭൂമി കൃഷിയ്ക്കു വേണ്ടി 12 കോടി രൂപ വകയിരുത്തുന്നു.

99. നാളികേര വികസനത്തിന് 50 കോടി രൂപ വകയിരുത്തുന്നു. ഇതിൽ 40 കോടി രൂപ കേരഗ്രാമം പദ്ധതിയ്ക്കാണ്. 250 ഹെക്ടർ വിസ്തൃതിയിൽ ഒരു തുടർച്ചയായ പ്രദേശത്തെ നാളികേര കൃഷിയുടെ വികസനത്തിനുള്ള സംയോജിത കാർഷിക പരിപാടിയാണിത്. നാളികേരത്തെ പരമാവധി അതതു പ്രദേശത്തു തന്നെ സംസ്കരിക്കുന്നതിനും മൂല്യവർദ്ധിത ഉൽപന്നങ്ങളാക്കി മാറ്റുന്നതിനും കേരഗ്രാമം പദ്ധതി ലക്ഷ്യമിടുന്നു. ഇത്തരത്തിലുള്ള നാളികേര സംസ്കരണ സ്ഥാപനങ്ങൾ സ്ഥാപിക്കുന്നതിന് നബാർഡ് സഹായസന്നദ്ധത അറിയിച്ചിട്ടുണ്ട്. കുരുമുളക് തുടങ്ങിയ സുഗന്ധവിളകൾക്ക് 11 കോടി രൂപയും പുഷ്പം മെഡിസിനൽ പ്ലാന്റ്, വാഴകൃഷി എന്നിവയ്ക്കു വേണ്ടി 12 കോടി രൂപയും നീക്കിവെയ്ക്കുന്നു.

100. വിളയുടെ ആരോഗ്യപരിപാലനത്തിന് മൂന്നു രീതിയിലുള്ള ഇടപെടലുകളാണ് ഉദ്ദേശിക്കുന്നത്. ഒന്ന്, മണ്ണിന്റെ സൂക്ഷ്മഗുണങ്ങൾ പരിശോധിക്കുകയും പരിഹാര നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നതിന് 28 കോടി രൂപ വകയിരുത്തുന്നു. രണ്ട്, കീടപ്രതിരോധത്തിനും വിള ആരോഗ്യ ക്ലിനിക്കുകൾ നടത്തുന്നതിനും 16 കോടി രൂപ

വകയിരുത്തുന്നു. ജൈവ നിയന്ത്രണത്തിനാണ് ഊന്നൽ. മൂന്ന്, ജൈവകൃഷിയെയും സദ്കാർഷിക രീതികളെയും പ്രോത്സാഹിപ്പിക്കുന്നതിന് 10 കോടി രൂപയും വകയിരുത്തുന്നു.

101. കാർഷിക ഇടപെടലിന്റെ മറ്റൊരു ഘടകം ഗുണമേന്മയുള്ള വിത്തും നടീൽവസ്തുക്കളും ലഭ്യമാക്കുകയാണ്. ഇതിനായി 23 കോടി രൂപയും എക്സ്റ്റൻഷൻ പ്രവർത്തനങ്ങൾക്ക് 44 കോടി രൂപയും വകയിരുത്തുന്നു. ആത്മ മാതൃകയിലുള്ള കൃഷിക്കാരുടെ ഫീൽഡ് സന്ദർശനത്തെയും ലീഡ് ഫാർമേഴ്സിനെ കേന്ദ്രീകരിച്ചുള്ളതുമായ പരിശീലന പരിപാടികൾക്കാണ് ഊന്നൽ നൽകുന്നത്. പഞ്ചായത്തു കളിൽ റിസോഴ്സ് ഗ്രൂപ്പിനും പഞ്ചായത്തുതല ഫാം പ്ലാൻ ഉണ്ടാക്കുന്നതിനും പരിപാടിയുണ്ട്. ബ്ലോക്കുതലത്തിൽ ആഗ്രോ സർവീസ് സെന്ററുകളും റീജിയണൽ ഫാം ഫെസിലിറ്റേഷൻ സെന്ററുകളും സ്ഥാപിക്കുന്നതിന് 32 കോടി രൂപ വകയിരുത്തുന്നു. സംസ്ഥാന ക്രോപ്പ് ഇൻഷ്വറൻസ് സ്കീം കൂടുതൽ വിപുലീകരിക്കുന്നതിനും പരിപാടിയുണ്ട്. കേന്ദ്രാവിഷ്കൃത സ്കീമുകൾ സംസ്ഥാന കാർഷിക വികസന സ്കീമുകളുമായി സംയോജിപ്പിക്കുന്ന തിനാണ് പരിശ്രമിക്കുന്നത്. കേന്ദ്രാവിഷ്കൃത പദ്ധതികളുടെ 40 ശതമാനം സംസ്ഥാനവിഹിതമായി 188 കോടി രൂപ വകയിരുത്തുന്നു.

102. കാർഷിക മേഖലയിലെ ഒരു സുപ്രധാന ഇടപെടൽ മൂല്യവർദ്ധിത ഉൽപന്ന നിർമ്മാണത്തിനു നൽകുന്ന ഊന്നലാണ്. ആഗ്രോ പാർക്കുകൾ സ്ഥാപിക്കുന്നതിനും ആഗ്രോ ബിസിനസിനെ പ്രോത്സാഹിപ്പിക്കുന്നതിനും മൂല്യവർദ്ധിത യൂണിറ്റുകളെ സഹായിക്കുന്നതിനും വേണ്ടി കേരള ആഗ്രോ ബിസിനസ് കമ്പനി രൂപീകരിക്കും. ചെറുകിട

കാർഷിക സംസ്കരണ യൂണിറ്റുകൾക്ക് 8 കോടി രൂപയും സ്വയംസഹായ സംഘങ്ങളുടെയും വ്യക്തികളുടെയും യൂണിറ്റുകൾക്ക് 4 കോടി രൂപയും സഹകരണ സംഘങ്ങളുടെയും കുടുംബശ്രീയുടെയും മറ്റും സംസ്കരണ സംരംഭങ്ങൾക്ക് 3 കോടി രൂപയും ധനസഹായം അനുവദിക്കുന്നു. ഫാർമേഴ്സ് പ്രൊഡ്യൂസർ സംഘങ്ങൾക്ക് 2 കോടി രൂപയും വിവിധങ്ങളായ വിപണി ഇടപെടലുകൾക്കു വേണ്ടി 42 കോടി രൂപയും വകയിരുത്തുന്നു. കിഫ്ബിയിൽ പ്രഖ്യാപിച്ച കാർഷിക സംസ്കരണ പാർക്കുകളുടെ ഡിപിആർ തയ്യാറായി വരുന്നു.

103. നൂതന സാങ്കേതികവിദ്യകളെ പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ടി കേരള ഇന്നൊവേഷൻ എക്സ്റ്റെൻഷൻ പ്രോജക്ട് നടപ്പാക്കുന്നതാണ്. ആത്മ, ആത്മ പ്ലസ് തുടങ്ങിയ സമാനപദ്ധതികളിലെ ഘടകങ്ങൾ, സമൂഹ മാധ്യമങ്ങളുടെ സാധ്യതകൾ, കർഷകരുടെ പ്രായോഗിക അനുഭവങ്ങളും കണ്ടെത്തലുകളും സംയോജിപ്പിച്ചുകൊണ്ടായിരിക്കും കേരള ഇന്നൊവേഷൻ എക്സ്ടെൻഷൻ പ്രോജക്ട് നടപ്പിലാക്കുക.

104. വ്യവസായാടിസ്ഥാനത്തിൽ ഉഴുന്നതിനും, വാരം കോരുന്നതിനും, വളം ഇടുന്നതിനും, നഴ്സറി ട്രേ നിറയ്ക്കുന്നതിനും, നടുന്നതിനും, നനയ്ക്കുന്നതിനുമെല്ലാം യന്ത്രങ്ങൾ ഉപയോഗിച്ച് വ്യവസാടിസ്ഥനത്തിലുള്ള കൃഷി കേരളത്തിലും പ്രത്യക്ഷപ്പെട്ടു തുടങ്ങിയിട്ടുണ്ട്. നിലവിലുള്ള സ്കീമുകൾ ഇത്തരത്തിൽ മൂലധന സാന്ദ്രമായ കൃഷിരീതി സമ്പ്രദായങ്ങൾക്ക് അനുയോജ്യമല്ല. അതുകൊണ്ട് ഇത്തരം നൂതന രീതികളിൽ വലിയതോതിൽ മുതൽ മുടക്കുന്ന വർക്ക് സബ്സിഡി സ്കീം ആവിഷ്കരിക്കുന്നതിനു വേണ്ടി 5 കോടി രൂപ അനുവദിക്കുന്നു.

105. 2018-ൽ റബ്ബർ, നാളികേരം എന്നിവയെ സംബന്ധിച്ച് മൂന്നു ദിവസം നീണ്ടുനിൽക്കുന്ന രണ്ട് അന്തർദേശീയ പ്രദർശനങ്ങൾ സംഘടിപ്പിക്കും. കെഎസ്ഐഡിസി നോഡൽ ഏജൻസിയായി വ്യവസായ, കൃഷി വകുപ്പുകളുടെ സഹകരണത്തോടെയായിരിക്കും ഈ പ്രദർശനം. റബ്ബറിനെയും നാളികേരളത്തിനെയും ആധുനിക മൂല്യ വർദ്ധനവിന്റെ കേന്ദ്രമാക്കി തീർക്കാൻ ലക്ഷ്യമിട്ടു കൊണ്ടുള്ളതാണ് ഈ രണ്ടു പ്രദർശനങ്ങളും. അതുപോലെതന്നെ ഉൽപ്പാദനക്ഷമത, കൃഷിയുടെ വ്യാപനം, കർഷകരുടെ വരുമാനം, സംഭരണം, വിപണനം ഇവയെല്ലാംകുറിച്ച് ഈ എക്സ്പോകളിൽ ചർച്ച ചെയ്യുന്ന താണ്. വ്യവസായികൾ, കർഷകർ, കൃഷി ശാസ്ത്രജ്ഞർ, കൃഷിവ്യാപന പ്രവർത്തകർ, സാമൂഹ്യശാസ്ത്രജ്ഞർ, സംഘടനാ പ്രതിനിധികൾ, നയരൂപീകരണകർത്താക്കൾ എന്നിവരാണ് പങ്കെടുക്കുക. ഈ രണ്ടു എക്സ്പോകൾക്കു മുള്ള ചെലവ് കെഎസ്ഐഡിസിയുടെ വ്യവസായ വികസന ഫണ്ടിൽ നിന്നായിരിക്കും.

106. കർഷകക്ഷേമനിധി ബോർഡ് രൂപീകരിക്കും. നിലവിലുള്ള കർഷകത്തൊഴിലാളി ക്ഷേമനിധിയ്ക്ക് ഭൂവുടമകളുടെ അംശാദായം പിരിക്കാൻ കഴിയാത്തതുകൊണ്ട് ആനുകൂല്യ ങ്ങൾ കുടിശികയാണ്. ഈ പശ്ചാത്തലത്തിൽ ഈ രണ്ടു ക്ഷേമനിധികളുടെയും സാമ്പത്തിക സുസ്ഥിരത ഉറപ്പുവരുത്തുന്നതിന് ഭൂമിയുടെ മേലുള്ള ബേസിക് ടാക്സിൽ വർദ്ധന വരുത്തുന്നതിന് ഉദ്ദേശിക്കുന്നു. 2015 ൽ ഉണ്ടായിരുന്ന ഭൂനികുതി നിരക്ക് പുനസ്ഥാപിക്കുകയാണ്. ഇതുവഴി സമാഹരിക്കുന്ന 100 കോടി രൂപയുടെ അധികവരുമാനം കർഷക, കർഷകത്തൊഴിലാളി ക്ഷേമനിധികൾക്ക് തുല്യമായി നൽകുന്നതാണ്. എന്നാൽ

2018-19-ൽ ലഭിക്കുന്ന അധികവരുമാനം കർഷക തൊഴിലാളികളുടെ റിട്ടയർമെന്റ് ബെനഫിറ്റിന്റെ 7 വർഷത്തെ കുടിശിഖ കൊടുത്തു തീർക്കുന്നതി നായിരിക്കും ഉപയോഗിക്കുക.

## മൃഗപരിപാലനം

107. 8 ലക്ഷം കുടുംബങ്ങളുടെ ഉപവരുമാനമാർഗ്ഗമെങ്കിലുമാണ് മൃഗപരിപാലനം. മൃഗപരിപാലന വകുപ്പ് 330 കോടി രൂപയും ഡയറി വകുപ്പിന് 107 കോടി രൂപയും വകയിരുത്തുന്നു. ഈ മേഖലയിലെ വിവിധങ്ങളായ പരിപാടികളിൽ ഏറ്റവും ജനപ്രിയമായ കന്നുകുട്ടി പരിപാലന പദ്ധതിക്ക് ഈ വർഷം 60 കോടി രൂപയുണ്ട്. ഈ മേഖലയിലെ പൊതുമേഖലാ സ്ഥാപനങ്ങളായ ലൈവ് സ്റ്റോക്ക് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ, മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ, കേരള ഫീഡ്സ്, പൌൾട്രി ഡെവലപ്പ്മെന്റ് കോർപ്പറേഷൻ തുടങ്ങിയവയുടെ അടങ്കൽ 66 കോടി രൂപയാണ്.

108. ഡയറി സഹകരണ സംഘങ്ങളെ സഹായിക്കുന്നതിന് 28 കോടി രൂപയും കാലിത്തീറ്റ സബ്സിഡിക്ക് 15 കോടി രൂപയും വകയിരുത്തുന്നു. ഉപജീവനത്തൊഴിൽ എന്നുള്ളതു വിട്ട് കൂടുതൽ വാണിജ്യാടിസ്ഥാനത്തിലും സംഘടിതമായ രീതിയിലും കൃഷിക്കാരെയും സംരംഭകരെയും ഈ മേഖലയിലേയ്ക്ക് കൊണ്ടുവരുന്നതിനു വേണ്ടിയുള്ള പ്രത്യേക പരിപാടികൾക്ക് 52 കോടി രൂപ വകയിരുത്തുന്നു. ബ്രഹ്മഗിരി സൊസൈറ്റിക്ക് 50 ലക്ഷം രൂപ വകയിരുത്തുന്നു. വെള്ളൂർ മിൽക്ക് സൊസൈറ്റിയുടെ വൈവിധ്യവൽക്കരണ ത്തിന് 50 ലക്ഷം രൂപ പ്രത്യേകം അനുവദിക്കുന്നു.

## വനം, പരിസ്ഥിതി

109. വനം, വന്യജീവി മേഖലയ്ക്ക് 243 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. വനസംരക്ഷണത്തിനാണ് ഊന്നൽ നൽകുന്നത്. വനാതിർത്തികൾ വേർതിരിക്കുന്നതിനും സംരക്ഷിക്കുന്നതിനും 55 കോടി രൂപ വകയിരുത്തുന്നത്. വന്യമൃഗ ആവാസ മേഖലകളായ സാങ്ച്വറികളും പാർക്കുകളും സംരക്ഷിക്കുന്നതിന് കേന്ദ്രവിഹിതമടക്കം 90 കോടി രൂപ ലഭ്യമായിരിക്കും. ജൈവവൈവിദ്ധ്യ പ്രോത്സാഹനത്തിന് 10 കോടി രൂപ വകയിരുത്തുന്നു. വന്യജീവി ആക്രമണങ്ങൾ വർദ്ധിച്ചുവരികയാണ്. ഇതു പ്രതിരോധിക്കാൻ കിഫ്ബിയിൽ നിന്ന് 100 കോടി രൂപ അനുവദിച്ചത് ഈ വർഷം നടപ്പിലാക്കിത്തുടങ്ങും. നഷ്ടപരിഹാരം നൽകുന്നതിനും മറ്റുമായി 20 കോടി രൂപ വകയിരുത്തുന്നു. വന്യജീവികൾക്ക് കുടിവെള്ളവും മറ്റും കാട്ടിനുള്ളിൽത്തന്നെ ഉറപ്പുവരുത്തുന്നതിനുള്ള നടപടി കൾക്കും മറ്റുമായി നബാർഡിൽ നിന്ന് 50 കോടി രൂപ കൂടി ലഭ്യമാക്കുന്നതാണ്.

110. പരിസ്ഥിതി വകുപ്പിന്റെ കീഴിലുള്ള വിവിധ പരിപാടികൾക്കു വേണ്ടി 71 കോടി രൂപ വകയിരുത്തുന്നു. വനം വകുപ്പിൽ 20 കോടി രൂപ ജൈവവൈവിദ്ധ്യ സംരക്ഷണത്തിനുവേണ്ടി വകയിരുത്തിയിട്ടുണ്ട്. സ്റ്റേറ്റ് വെറ്റ്ലാൻഡ് അതോറിറ്റിയ്ക്ക് 29 കോടി രൂപ വകയിരുത്തുന്നു. കാലാവസ്ഥാ വ്യതിയാന പഠനങ്ങൾക്കും മറ്റുമായി 4.5 കോടി രൂപ വകയിരുത്തുന്നു. ദുരന്ത നിവാരണ മാനേജ്മെന്റിന് 6 കോടി വകയിരുത്തുന്നു. 2018-19ൽ സ്റ്റേറ്റ് എൻവയോൺമെന്റ് റിപ്പോർട്ട് പുറത്തിറക്കുന്നതാണ്. കേരളത്തിലെ തീരമേഖലയിലെ ഷോർലൈൻ മാനേജ്മെന്റ് പ്ലാൻ വരുന്ന സാമ്പത്തിക വർഷം തയ്യാറാക്കും. നഗരപ്രദേശങ്ങളിലെ പച്ചപ്പ്

പരിപാലിക്കുന്നതിനായി നഗരഹരിതാഭ പരിപാലനം (അർബൻ ഗ്രീൻ സ്പെയ്സ് മാനേജ്മെന്റ്) പദ്ധതി നടപ്പിലാക്കും.

111. മലിനീകരണ നിയന്ത്രണ ബോർഡിന് 13.50 കോടി രൂപ വകയിരുത്തുന്നു. ചന്തിരൂരിൽ മലിനീകരണ നിയന്ത്രണ പ്ലാന്റ് സ്ഥാപിക്കുന്നതിന് 5 കോടി രൂപ വകയിരുത്തുന്നു.

112. സർ, കഴിഞ്ഞ ബജറ്റിൽ മൂന്നുകോടി വൃക്ഷതൈകൾ നടുമെന്ന് പ്രഖ്യാപിച്ചിരുന്നുവെങ്കിലും എൺപത്തിയഞ്ച് ലക്ഷമേ നടാൻ കഴിഞ്ഞുള്ളൂ. നടീൽ വസ്തുക്കളുടെ ദൌർലഭ്യമാണ് കാരണം. ഇതു പരിഹരിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വൃക്ഷത്തൈകൾ വളർത്തുന്നതിനും വിതരണം ചെയ്യുന്നതിനും വനം വകുപ്പിന് 14 കോടി രൂപ വകയിരുത്തുന്നു. തൊഴിലുറപ്പ് പദ്ധതിയെയും ഇതിനായി ഉപയോഗപ്പെടുത്താം. 2018-19-ൽ മൂന്നുകോടി മരങ്ങൾ നടും.

### ഹരിതകേരളമിഷൻ

113. ഇന്ന് ഈ ബജറ്റ് അവതരിപ്പിക്കുന്ന ദിവസം ലോകനീർത്തട ദിനമാണ്. നീർത്തടാടിസ്ഥാനത്തിലുള്ള ഇടപെടലുകളിലൂടെയേ വരൾച്ചയെ അകറ്റാനാകൂ. കാർഷിക അഭിവൃദ്ധിയ്ക്ക് ആസൂത്രണം നീർത്തടാധിഷ്ഠിതമാകണമെന്നത് ഏവരും അംഗീകരിക്കുകയും ചെയ്യുന്ന കാര്യമാണ്. ഇതിനായി വലിയ തോതിൽ പണവും നീക്കിവെയ്ക്കാറുണ്ട്. മണ്ണുജല സംരക്ഷണ വകുപ്പിന് 120 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ചെറുകിട ജലസേചന വകുപ്പിന് 191 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിനുപുറമെ തൊഴിലുറപ്പ് പദ്ധതിയുടെ നാൽപതു ശതമാനമെങ്കിലും മണ്ണു ജലസംരക്ഷണ പ്രവർത്തനങ്ങൾ

ക്കായിരിക്കണമെന്ന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഇത് 400 കോടി രൂപയെങ്കിലും വരും. കൂടാതെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതവും ഉണ്ട്. ഇതെല്ലാം കൂട്ടിയെടുക്കുകയാണെങ്കിൽ 2018-19ൽ നീർത്തടാധിഷ്ഠിത പദ്ധതികൾക്ക് അടങ്കൽ ആയിരത്തോളം കോടി രൂപ വരും. ഹരിതകേരളം മിഷനിലൂടെ വിവിധ വകുപ്പുകളുടെയും ഏജൻസികളുടെയും പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനു കഴിഞ്ഞാൽ ഇന്നത്തെ വരൾച്ചയ്ക്കും മണ്ണൊലിപ്പിനുമെതിരെ വലിയ പ്രതിരോധം തീർക്കാനാവും. വേണ്ടത്ര ഏകോപനമോ തുടർച്ചയോ ശാസ്ത്രീയ സമീപനമോ ഇല്ല എന്നതാണ് ഇപ്പോഴത്തെ അനുഭവം. മണ്ണുജല സംരക്ഷണ പ്രവർത്തനങ്ങളുടെ തുടർച്ചയായിട്ടുവേണം കൃഷി വകുപ്പിന്റെയും തദ്ദേശ ഭരണസ്ഥാപനങ്ങളുടെയും കാർഷിക പദ്ധതികളെ ആവിഷ്കരിക്കേണ്ടത്.

114. മറ്റൊരു ഉദാഹരണം പച്ചക്കറി കൃഷിയാണ്. കൃഷി വകുപ്പിന് പച്ചക്കറി വികസനത്തിനായി 87 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിനു പുറമേ വെജിറ്റബിൾ ആന്റ് ഫ്രൂട്ട്സ് പ്രമോഷൻ കൌൺസിലിന്റെ 15 കോടി രൂപയുടെ അടങ്കലും ഉണ്ട്. തദ്ദേശ ഭരണസ്ഥാപനങ്ങൾ പ്ലാൻ ഫണ്ടിന്റെ പത്തു ശതമാനം കൃഷിയ്ക്കായി വകയിരുത്തിയാൽപ്പോലും പച്ചക്കറി കൃഷിയ്ക്ക് ചുരുങ്ങിയത് 350 കോടി രൂപ നീക്കിവെയ്ക്കപ്പെടും. ഇത്രയും തുക ഏകോപിതമായും ശാസ്ത്രീയമായും ചെലവാക്കപ്പെടുകയാണെങ്കിൽ നിശ്ചയമായും പച്ചക്കറി സ്വയംപര്യാപ്തതയിലേയ്ക്ക് നമുക്കു നീങ്ങാനാവും.

115. കൃഷിയ്ക്ക് ജലം പോലെ തന്നെ അത്യന്താപേക്ഷിതാണ് ജൈവവളവും. രാസവളങ്ങളുടെയും കീടനാശിനികളുടെയും അമിതവും അശാസ്ത്രീയവുമായ ഉപയോഗം ഇന്നു

കേരളത്തിൽ ഒരു പ്രശ്നമാണ്. ജൈവവളങ്ങളുടെ ഉപയോഗം ഗണ്യമായി ഉയർത്തേണ്ടതുണ്ട്. നമ്മുടെ വീടുകളിലെയും ഹോട്ടലുകളിലെയും മാർക്കറ്റുകളുടെയും ജൈവാവശിഷ്ടങ്ങൾ കമ്പോസ്റ്റ് ചെയ്യുന്നതിലൂടെ ശുചിത്വവും ഉറപ്പാക്കാം ജൈവവളവും ഉറപ്പാക്കാം. കേരളത്തിലെ ഈ സമീപനത്തെ ആത്യന്തിക ഹരിത ഉത്തരം (അൾട്ടിമേറ്റ് ഗ്രീൻ സൊല്യൂഷൻ) എന്നാണ് ഡോ. സുനിത നാരായൺ വിശേഷിപ്പിച്ചത്. ഉറവിടത്തിൽ തന്നെ ജൈവമാലിന്യങ്ങൾ സംസ്കരിക്കുക. അജൈവ മാലിന്യങ്ങൾ വേർതിരിച്ച് ശേഖരിച്ച് റീസൈക്കിൾ ചെയ്യുക. എന്നതാണ് ഹരിതമിഷൻ സ്വീകരിച്ചിരിക്കുന്ന തന്ത്രം. ഇതു വിജയിക്കണമെന്നുണ്ടെങ്കിൽ ബോധവൽക്കരണവും ജനകീയപങ്കാളിത്തവും അനിവാര്യമാണ്. സർ, അജൈവ മാലിന്യങ്ങൾ ശേഖരിക്കുന്നതിനും വേർതിരിക്കുന്നതിനും വീടുകളിൽ നിന്നും കടകളിൽ നിന്നും യൂസർഫീ വാങ്ങി പ്രവർത്തിക്കുന്ന ഹരിതകർമ്മസേന വ്യാപകമായി ക്കൊണ്ടിരിക്കുകയാണ്. യൂസർ ഫീ സമ്പ്രദായം ഉറയ്ക്കുന്നതുവരെ ചെറിയതോതിൽ വയബിലിറ്റി ഗ്യാപ് ഫണ്ടിംഗ് ഹരിതകർമ്മസേനയ്ക്കു വേണ്ടിവരും. ഇതു നൽകാനുള്ള അവകാശം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഉണ്ടാകും.

116. ജലം, കൃഷി, ശുചിത്വം എന്നിവയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും തദ്ദേശഭരണ സ്ഥാപനങ്ങളെ പങ്കാളികളാക്കി വലിയതോതിൽ ജനകീയ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനുമാണ് ഹരിതമിഷൻ ശ്രമിക്കുന്നത്. ഹരിതകേരളവുമായി ബന്ധപ്പെട്ടുള്ള ബോധവൽക്കരണ, സംഘാടന പ്രവർത്തനങ്ങൾക്ക് ബ്ലോക്കുകളിലെ നോഡൽ പ്രേരകിനെയും പ്രാദേശിക

തലത്തിലെ പ്രേരക്മാരിൽ ഗണ്യമായൊരു വിഭാഗത്തെയും വിന്യസിക്കും. ഇവരെ ഉപയോഗപ്പെടുത്തിക്കൊണ്ട് അതിബൃഹത്തായ ബഹുജന വിദ്യാഭ്യാസ കാമ്പയിൻ 2018-19-ൽ സംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നു. ഇവരുടെ ഉത്തരവാദിത്വത്തിൽ ഹരിതകേരളം സാമൂഹ്യ വിജ്ഞാന വിനിമയ കേന്ദ്രം, ഹരിതകേരളം ഹെൽപ്പ് ഡസ്ക്, ഹരിത പാഠശാല എന്നിവയ്ക്ക് രൂപം നൽകാനാകും. കുടുംബശ്രീ തുടങ്ങിയ സാമൂഹ്യസംഘടനാ സംവിധനത്തിലെ ഒട്ടേറെ പ്രവർത്തകരെ ഹരിതകേരളം കാമ്പയിനിലേയ്ക്ക് ഇതുവഴി ബന്ധപ്പെടുത്താനാകും. സാക്ഷര കേരളം സുന്ദര കേരളം എന്ന 1990 ലെ മുദ്രാവാക്യത്തിൽ നിന്ന് ഹരിതകേരളം സുസ്ഥിരകേരളം എന്നൊരു പുതിയ ജനകീയ പ്രസ്ഥാനത്തിനു രൂപം നൽകുകയാണ് ലക്ഷ്യം.

117. ഹരിതകേരളം പദ്ധതിയുടെ ലക്ഷ്യം കൈവരിക്കുന്നതിന് മാതൃകാപരവും സമഗ്രവുമായ ഏറ്റവും നല്ല പ്രോജക്ടുകൾ നടപ്പാക്കിയ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഹരിതഗ്രാമം, ഹരിതനഗരം, ഹരിതബ്ലോക്ക് അവാർഡുകൾ നൽകുന്നതിന് 10 കോടി രൂപ വകയിരുത്തുന്നു. ഹരിതസാങ്കേതിക വിദ്യ പ്രോത്സാഹിപ്പിക്കുന്നതിന് ഹരിതജോലികൾ സൃഷ്ടിക്കുന്നതിനുമുള്ള നൂതന സംരംഭകത്വ പരിപാടികൾക്ക് ഹരിതകേരള മിഷനും ശാസ്ത്രസാങ്കേതിക കൌൺസിലും നേതൃത്വം നൽകും. കോഴിക്കോട് ബ്ലോക്ക് പഞ്ചായത്തിന്റെ ജൈവവൈവിധ്യ പാർക്കിന് 3 കോടി രൂപ അനുവദിക്കുന്നു.

118. ഹരിതകേരളം മിഷന്റെ റിപ്പോർട്ടു പ്രകാരം 5881 കിലോമീറ്റർ തോടുകളും 5482 കുളങ്ങളും കേരളത്തിൽ പുനരുദ്ധരിച്ചിട്ടുണ്ട്. ചില നദികൾ പുനരുജ്ജീവിപ്പിക്കുന്നതിലുണ്ടായ വിജയം നാട്ടിൽ പുതിയൊരു ആവേശം

സൃഷ്ടിച്ചിട്ടുണ്ട്. ഇതിലേറ്റവും ശ്രദ്ധേയമായത് വരട്ടാറിന്റെ പുനരുജ്ജീവനമാണ്. സർ, യശശരീരനായ കെ.കെ. രാമചന്ദ്രൻനായർ നിസ്തുലമായ സംഭാവനയാണ് ഇതിനു നൽകിയിട്ടുള്ളത്. അദ്ദേഹം മുൻകൈയെടുത്ത് വഞ്ചിപ്പോട്ട് കടവിലെ ചപ്പാത്ത് പൊളിച്ചതോടെയാണ് നദി വീണ്ടും ഒഴുകുവാനുള്ള സാഹചര്യമൊരുങ്ങിയത്. ഇവിടെ നദീമുഖത്ത് ചപ്പാത്തിനു പകരം പണിയുന്ന പാലം അദ്ദേഹത്തിന്റെ നാമധേയത്തിൽ അറിയപ്പെടും. ഇതിനു പുറമേ, മറ്റ് ചപ്പാത്തുകൾക്കു പകരം തൃക്കയിൽ കടവ്, ആനയാർ, പുതുക്കുളങ്ങര എന്നിവിടങ്ങളിൽ പാലങ്ങൾക്ക് ഭരണാനുമതി നൽകുന്നതിനുവേണ്ടി 20 കോടി രൂപ വകയിരുത്തുന്നു. വരട്ടാർ നദീതീരത്തുകൂടി നടപ്പാത യൊരുക്കുന്നതിനും നദിയോരം സംരക്ഷിക്കുന്നതിനും ടെൻഡർ വിളിച്ചു കഴിഞ്ഞിട്ടുണ്ട്. വിശദമായ നീർത്തട പദ്ധതി തയ്യാറാക്കി നബാഡിനു സമർപ്പിക്കുന്നതാണ്. പള്ളിക്കലാർ, കോലറയാർ, മീനച്ചിലാർ- മീന്തറയാർ- കോടൂരാർ, കാനാമ്പുഴയാർ, മതിലകം വലിയതോട്, കുട്ടംപേരൂരാർ തുടങ്ങിയ ആറുകളുടെ പുനരുദ്ധാരണവും ശ്രദ്ധേയമായ ഇടപെടലുകളായിരുന്നു. ഇവയുമായി ബന്ധപ്പെട്ട അത്യാവശ്യം നിർമ്മാണ പ്രവൃത്തികൾക്കായി മൈനർ ഇറിഗേഷൻ വകുപ്പിന് 20 കോടി രൂപ വകയിരുത്തുന്നു. ഇവയുടെ നീർത്തട മാസ്റ്റർ പ്ലാനുകൾ തയ്യാറായാൽ മുൻഗണന നൽകാമെന്ന് നബാർഡ് സമ്മതിച്ചിട്ടുണ്ട്. മണ്ഡലാടിസ്ഥാനത്തിൽ നീർത്തട പദ്ധതി ആവിഷ്കരിക്കുന്നതിന് കാട്ടാക്കടയിലെ ജലസമൃദ്ധിയും തളിപ്പറമ്പിലെ സമൃദ്ധിയും ഉത്തമ മാതൃകകളാണ്.

119. പാലക്കാട്, മലപ്പുറം ജില്ലകളിലെ ജനപ്രതിനിധികളുടെയും പരിസ്ഥിതി പ്രവർത്തകരുടെയും പട്ടാമ്പിയിൽ ചേർന്ന നിള

പുനരുജ്ജീവന കൺവെൻഷൻ ഒരു പ്രവർത്തന പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ഇറിഗേഷൻ വകുപ്പ് പദ്ധതി പരിശോധിച്ച് അനുമതി നൽകുന്നതിലേയ്ക്കായി 5 കോടി രൂപ വകയിരുത്തുന്നു. പമ്പ ആക്ഷൻ പ്ലാൻ പുനരുജ്ജീവിപ്പിക്കുന്നതിന് പത്തനംതിട്ട കേന്ദ്രീകരിച്ച് പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. സമഗ്രമായൊരു പരിപാടി തയ്യാറാക്കുന്നതിന് ഒരു ടാസ്ക് ഫോഴ്സിനെ നിയോഗിക്കും.

120. കുട്ടനാട് കായൽ പരിസ്ഥിതി പുനസ്ഥാപന പദ്ധതി ലോകബാങ്ക് സഹായത്തിന് നൽകുന്നതിന് തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. 2019-20-ൽ ഒരു വർഷം മുഴുവൻ തണ്ണീർമുക്കം ബണ്ട് തുറന്നിടുന്നത് ലക്ഷ്യംവച്ചുകൊണ്ട് യുദ്ധകാലാടിസ്ഥാനത്തിൽ കുട്ടനാട് കുടിവെള്ള പദ്ധതി പൂർത്തീകരിക്കുന്നതാണ്. കിഫ്ബിയ്ക്ക് പദ്ധതി സമർപ്പിക്കാൻ തയ്യാറായിക്കഴിഞ്ഞു. കുട്ടനാട് മാലിന്യ വിമുക്തമാകണമെങ്കിൽ ടൂറിസം മലിനീകരണം ഇല്ലാതാക്കുകയും കായലോര പട്ടണങ്ങളിലെ സ്വീവേജ് കായലിലേയ്ക്ക് തുറന്നുവിടുന്നത് അവസാനിപ്പിക്കുകയും വേണം. ആലപ്പുഴ കനാലുകളിലേയ്ക്കുള്ള മലിനജല ഒഴുക്ക് തടയുന്നതിന് വികേന്ദ്രീകൃതമായ അനറോബിക് ഉറവിട ജലസംസ്കരണ സമ്പ്രദായം പരീക്ഷണാടിസ്ഥാനത്തിൽ നടപ്പാക്കുകയാണ്. ഇതിന്റെ വിശദമായ പ്ലാൻ തയ്യാറാക്കുന്നതിന് ഇന്ത്യയിലെ ഐ.ഐ.ടി.കൾ, മറ്റ് ഉന്നതപഠന കേന്ദ്രങ്ങളിലെ പരിസ്ഥിതി- ജല, എഞ്ചിനീയറിംഗ് ബിരുദാനന്തര വിദ്യാർത്ഥികളുടെ സമ്മർ വാട്ടർ സ്കൂൾ സംഘടിപ്പിക്കുന്നതാണ്. കിലയും ഐഐടി മുംബൈയുമാണ് ഈ പഠനപരിശീലന പരിപാടിയ്ക്ക് നേതൃത്വം നൽകുന്നത്.

121. കാർബൺ ന്യൂട്രൽ മീനങ്ങാടി പരീക്ഷണം വയനാട്ടെ കാർബൺ എമിഷൻ ശാസ്ത്രീയമായി കണക്കാക്കുന്ന തിനുള്ള രീതി സമ്പ്രദായം ആവിഷ്കരിക്കുന്നതിൽ വിജയിച്ചു. ഇപ്പോൾ വിവിധ മേഖലകളിലെ കാർബൺ എമിഷൻ കുറയ്ക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരി ക്കുകയാണ്. കാർബൺ ന്യൂട്രൽ വയനാട് സംബന്ധിച്ച് വിശദമായ രണ്ടു ദിവസത്തെ സെമിനാർ സ്വാമിനാഥൻ ഫൌണ്ടേഷൻ സംഘടിപ്പിക്കുകയുണ്ടായി. 2018-19-ൽ ഈ ബൃഹത് പദ്ധതി പ്രവർത്തന പഥത്തിലേയ്ക്ക് നീങ്ങും. ഈ പരിസ്ഥിതി കാമ്പയിന് കർഷക പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനുവേണ്ടി വയനാടിലെ കാപ്പി ബ്രാൻഡ് ചെയ്ത് വിൽക്കുന്നതിനുള്ള നടപടികളും 2018-19-ൽ സമാന്തരമായി ആരംഭിക്കും. മെഗാഫുഡ് പാർക്കിൽ ആയിരിക്കും ഇതിനുള്ള ഫാക്ടറി സൌകര്യങ്ങൾ ഒരുക്കുക. വയനാട് പാക്കേജിൽനിന്നും ഇതിന്റെ പ്രാരംഭപ്രവർത്തനങ്ങൾക്കുള്ള പണം കണ്ടെത്തും. വിശദമായ പദ്ധതി തയ്യാറാക്കി കഴിഞ്ഞാൽ അധിക തുക ലഭ്യമാക്കുന്നതാണ്. മണ്ണു-ജലസംരക്ഷണ വകുപ്പിന്റെ ആഭിമുഖ്യത്തിൽ കബനി നദിതീരത്തെ മുള്ളംകൊല്ലി, പുൽപ്പള്ളി പഞ്ചായത്തുകളിൽ നടപ്പാക്കിക്കൊണ്ടിരിക്കുന്ന നീർത്തട പദ്ധതിയ്ക്ക് അധിക തുക ലഭ്യമാക്കുന്നതാണ്.

## V

## പുത്തൻ വളർച്ചാ തൊഴിൽ മേഖലകൾ

122. പരമ്പരാഗത മേഖലകളുടെ സംരക്ഷണം സാമൂഹ്യ സുരക്ഷിതത്ത്വത്തിന് അനിവാര്യമാണ്. എന്നാൽ വളർച്ചയുടെ പുതിയ വിതാനത്തിലേയ്ക്ക് ഉയരണമെങ്കിൽ പുതിയ സൂര്യോദയ വ്യവസായങ്ങളെ കണ്ടെത്തിയേ തീരൂ.

വിജ്ഞാനാധിഷ്ഠിതമോ സേവനപ്രദമോ വൈദഗ്ധ്യോന്മുഖമോ മൂല്യവർദ്ധിതമോ ആയ വ്യവസായങ്ങളാണ് കേരളത്തിലെ വിദ്യാസമ്പന്നരായ തൊഴിൽസേനയ്ക്കും പരിസ്ഥിതിയ്ക്കും അനുയോജ്യം എന്ന് പരക്കെ അംഗീകരിക്കപ്പെട്ടിട്ടുണ്ട്. ഈ മേഖലകളുടെ വളർച്ച ത്വരിതപ്പെടുത്തുന്നതിനുള്ള നടപടികളും അവയ്ക്ക് അനിവാര്യമായ പശ്ചാത്തല സൌകര്യങ്ങളും സൃഷ്ടിക്കേണ്ടത് അത്യന്താപേക്ഷിതമാണ്.

## വൈജ്ഞാനിക സമ്പദ്ഘടന

123. എന്റെ ചിതയിൽ എനിക്കൊപ്പം പേനയും പുസ്തകവും വേണമെന്ന അമൃതാ പ്രീതത്തിന്റെ വാക്കുകൾ ഭാവിയെക്കുറിച്ചുള്ള പ്രതീക്ഷയും പ്രവചനവുമാണ്. വിജ്ഞാധിഷ്ഠിതമായ സമ്പദ്ഘടനയിലേയ്ക്കുള്ള പരിവർത്തനം പുരോഗമനത്തിന്റെയും സ്വാതന്ത്ര്യത്തിന്റെയും പ്രഖ്യാപനമാണ്. സർ, വൈജ്ഞാനിക സമ്പദ്ഘടനയിലേയ്ക്കുള്ള രൂപാന്തരത്തിലാണ് കേരളത്തിന്റെ ഭാവി കുടികൊള്ളുന്നത്. ഇത്തരമൊരു സമ്പദ്ഘടന സൃഷ്ടിക്കാൻ ഇന്ത്യയിലെ ഏതു സംസ്ഥാനത്തേക്കാൾ അനുകൂല സാഹചര്യം നമുക്കുണ്ട്. സാർവത്രിക വിദ്യാഭ്യാസമാണ് ഏറ്റവും പ്രധാനം. പക്ഷേ, വിദ്യാഭ്യാസത്തിന്റെ ഗുണമേന്മ ഗണ്യമായി ഉയർത്തിയേ വിജ്ഞാനോത്പാദനത്തിൽ മികവിന്റെ കേന്ദ്രങ്ങൾ സൃഷ്ടിക്കാൻ കഴിയൂ. പോര. ഇന്നൊവേഷന്റെ ഒരു ആവാസവ്യവസ്ഥ സംസ്ഥാനത്തുണ്ടാകണം. വിദ്യാകേന്ദ്രങ്ങളിലുള്ളവർ മാത്രമല്ല, സാധാരണക്കാർക്കും ഇന്നൊവേഷനിൽ പങ്കാളികളാകാം. ദൈനംദിന ജീവിതത്തിലെന്നപോലെ നൂതനസാങ്കേതിക വിദ്യകൾ ഉത്പാദന മേഖലകളിൽ സന്നിവേശിപ്പിക്കാനും കഴിയണം.

സമ്പദ്ഘടനയിലെ വിജ്ഞാനസാന്ദ്രത ഉയർത്താനും ഉയർന്ന മൂല്യവർദ്ധിത മേഖലകളിലേയ്ക്കു മാറാനും കഴിയണം. ഇതാണ് വൈജ്ഞാനിക സമ്പദ്ഘടനയുടെ സ്വഭാവം.

124. കഴിഞ്ഞ വർഷം ഉണ്ടായ ഒരു അനുഭവം പറയാം. തോട്ടിപ്പണി പൂർണ്ണമായി ഇല്ലാതാക്കുന്നതിനുള്ള ഒരു സ്കീം വിധു വിൻസെന്റിന്റെ മാൻഹോൾ എന്ന സിനിമയെ പരാമർശിച്ചുകൊണ്ട് കഴിഞ്ഞ ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിരുന്നു. മാൻഹോളുകളും സ്വീവേജ് പൈപ്പുകളും ക്ലീൻ ചെയ്യുന്നത് യന്ത്രവത്കരിച്ചേ ഈ ലക്ഷ്യം നേടാനാവൂ. ഇത് എങ്ങനെയാണ് ചെയ്യാൻ പറ്റുക എന്നതിനെക്കുറിച്ച് എനിക്ക് അപ്പോൾ വലിയ പിടിപാടൊന്നും ഉണ്ടായിരുന്നില്ല. പക്ഷേ, കോഴിക്കോടുകാരനായ ഒരു എംടെക് വിദ്യാർത്ഥി ഈ വെല്ലുവിളി ഏറ്റെടുത്തു. മാൻഹോൾ ക്ലീൻ ചെയ്യാൻ ബാൻഡികൂട്ട് എന്ന റോബോട്ടിന്റെ ആശയം അയാൾ മുന്നോട്ടു വെച്ചു. സ്റ്റാർട്ട് അപ് മിഷൻ പിന്തുണ നൽകി. റോബോട്ട് ഡിസൈൻ ചെയ്യാൻ തായ്വാനിൽ പോകാൻ വരെ സഹായിച്ചു. ഇദ്ദേഹത്തിന്റെ സ്റ്റാർട്ട് അപ് കമ്പനിയ്ക്ക് ഒരു എണ്ണക്കമ്പനി പിന്തുണയും നൽകി. ദേ, കഴിഞ്ഞ മാസം കാണകളും മാൻഹോളുകളും സ്വീവേജ് പൈപ്പുകളും ക്ലീൻ ചെയ്യാൻ ബാൻഡികൂട്ട് റെഡി. നമ്മുടെ ജലസേചന വകുപ്പിനു മാത്രമല്ല, ഇന്ത്യ മുഴുവൻ ഈ പുതിയ യന്ത്രത്തിന് ആവശ്യക്കാർ ഉണ്ടാകുമെന്ന് എനിക്ക് ഉറപ്പുണ്ട്. നാളത്തെ ലോകം ഇന്നത്തെ സ്റ്റാർട്ട് അപ്പുകളുടേതാണ്. ഐടി പാർക്കുകൾക്കും അതിലെ ഭീമൻ കമ്പനികൾക്കും ഇനിയും സ്ഥാനമുണ്ടാകും. പക്ഷേ, നാളത്തെ ലോകത്തിന്റെ ചലനാത്മകത നിർണയിക്കാൻ പോകുന്നത് പുത്തൻ തലമുറ സ്റ്റാർട്ട് അപ്പുകളായിരിക്കും. അതുകൊണ്ട് കേരള

സ്റ്റാർട് അപ്പ് മിഷൻ അഥവാ ടെക്നോപാർക്ക് ടെക്നോളജി ഇൻക്യുബേറ്ററിന് 80 കോടി രൂപ അനുവദിക്കുന്നു. മിഷന്റെ ശിപാർശയുള്ള സ്റ്റാർട്ട് അപ് കമ്പനികളുടെ ഓഹരികളിൽ സർക്കാർ ഗ്യാരണ്ടിയോടെ കെഎഫ്സി മുതൽമുടക്കുന്നതാണ്. ഇൻകുബേറ്ററിൽ വിരിയുന്ന സ്റ്റാർട്ട് അപ്പുകളെ മത്സരമേന്മയുള്ള കമ്പനികളാക്കി മാറ്റുന്നതിനുള്ള ആക്സിലറേറ്റർമാരുടെ സഹായം ഉറപ്പുവരുത്തുന്ന നടപടികളും ഐടി മിഷൻ സ്വീകരിക്കുന്നതാണ്.

125. പുതിയതായി രൂപീകരിച്ച ഡെവലപ്പ്മെന്റ് ആന്റ് ഇന്നവേഷൻ കൌൺസിൽ, കേരള (കെ-ഡി.ഐ.സി) യുടെ ലക്ഷ്യം ശാസ്ത്ര സാങ്കേതിക മേഖലകളിലെയും കൃഷി, ഫിനാൻസ് എന്നിവയിലെയും ചക്രവാള വിജ്ഞാനത്തെ ഭരണത്തിലും ഉൽപാദന മേഖലകളിലും സന്നിവേശിപ്പിക്കുക എന്നതാണ്. വിവിധ വകുപ്പുകൾക്കും സർക്കാർ സ്ഥാപനങ്ങൾക്കും ഇതിന് ആവശ്യമായ വിദഗ്ദ്ധ സേവനം കൌൺസിൽ ഒരുക്കും. പ്രതിഭാധനരായ ഇന്നവേറ്റേഴ്സിനെ കണ്ടെത്തുന്നതിന് യംഗ് ഇന്നവേറ്റേഴ്സ് പ്രോഗ്രാം (വൈ.ഐ.പി) എന്നൊരു പുതിയ പദ്ധതിയ്ക്ക് രൂപം നൽകും. ലോക കേരളസഭ തുറന്നുവച്ച സാധ്യതകളെ ഉപയോഗപ്പെടുത്തി ലോകത്തെമ്പാടുമുള്ള പ്രഗത്ഭരായ പ്രൊഫഷണലുകളുടെ ഒരു ഡാറ്റാ ബെയ്സ് സൃഷ്ടിക്കുകയും സംസ്ഥാനത്തെ നൂതന സംരംഭക വികസനത്തിന് പ്രയോജനപ്പെടുത്തുകയും ചെയ്യും. കൌൺസിലിന്റെ പ്രവർത്തനങ്ങൾക്കായി 20 കോടി രൂപ അധികമായി വകയിരുത്തുന്നു.

126. കേരളത്തിലെ വിവരവിനിമയ വ്യവസായം മുൻനിരയിലേയ്ക്കു വരണമെങ്കിൽ ഏറ്റവും നൂതനമായ സങ്കേതങ്ങളും വിശകലന സമ്പ്രദായങ്ങളിൽ പ്രാവീണ്യമുള്ള

വിദഗ്ധരെയും സൃഷ്ടിച്ചേ തീരൂ. ഇതാണ് ഐ.ഐ.ഐ.ടി.എം.കെ.-യുടെ ലക്ഷ്യം. ഇവിടത്തെ വിദ്യാർത്ഥികളുടെ എണ്ണം ആയിരമാക്കുന്നതിനും യുജിസി അംഗീകാരമുള്ള ഡീംഡ് യൂണിവേഴ്സിറ്റിയാക്കി ഉയർത്തുന്നതിനും 65 കോടി രൂപ വകയിരുത്തുന്നു. ഈ സ്ഥാപനം മറ്റൊരു സ്കിൽ ട്രെയിനിംഗ് സെന്ററോ പാരമ്പര്യവിധി പ്രകാരമുള്ള സർവകലാശാലയോ ആയാൽ പോര. ഏറ്റവും നൂതനമായ ശാസ്ത്രചക്രവാളങ്ങൾ എത്തിപ്പിടിക്കാനും അപൂർവങ്ങളായ വൈദഗ്ധ്യങ്ങളെ ആവാഹിക്കുന്നതിനുമുള്ള ഒരു ആവാസവ്യവസ്ഥയാകണം. ഇതിന് അനിവാര്യമായ അന്തർദേശീയ ബന്ധങ്ങൾ വളർത്തിയെടുക്കണം. കേരളത്തിലെ എഞ്ചിനീയറിംഗ് കോളജുകളെ ടെലി പ്രസൻസ് നെറ്റ് വർക്കു വഴി ഐടി പാർക്കുകളുമായി ബന്ധിപ്പിച്ചുകൊണ്ട് 50000 കുട്ടികൾക്ക് സ്കിൽ ട്രെയിനിംഗ് നൽകുന്നതിനുവേണ്ടിയുള്ള സ്കിൽ ഡെലിവറി പ്ലാറ്റ്ഫോം കേരളയ്ക്ക് 25 കോടി രൂപ വകയിരുത്തുന്നു. ഫ്രീ സോഫ്റ്റുവെയർ സെന്ററിന് 5 കോടി രൂപ വകയിരുത്തുന്നു. ഐഐഐടി-കെ പാലയ്ക്ക് 25 കോടി രൂപ വകയിരുത്തുന്നു.

127. ഐടി മേഖലയിൽ ഏറ്റവും കൂടുതൽ തുക വകയിരുത്തിയിട്ടുള്ളത് പാർക്കുകൾക്കു വേണ്ടിയാണ്. ടെക്നോപാർക്കിൽ അരലക്ഷത്തിലേറെ പേർക്ക് പണി നൽകുന്ന 370 കമ്പനികളാണ് പ്രവർത്തിക്കുന്നത്. ടെക്നോപാർക്കിനും ടെക്നോസിറ്റിയ്ക്കും കൊല്ലത്തെ ടെക്നോപാർക്കിനും വേണ്ടി 84 കോടി രൂപ വകയിരുത്തുന്നു. ഇൻഫോപാർക്കുകൾക്ക് 67 കോടി രൂപയും സൈബർ പാർക്കിന് 30 കോടി രൂപയും വകയിരുത്തുന്നു.

128. കേരളത്തിന് മുൻകൈ നേടാൻ പറ്റുന്ന ഒരു മേഖല ഇലക്ട്രോണിക്സ് ഹാർഡ് വെയർ നിർമ്മാണമാണ്. ഇന്ന് ഇലക്ട്രോണിക് ഉൽപന്നങ്ങളെല്ലാംതന്നെ നല്ല പങ്കും ചൈനയിൽനിന്നും മറ്റും ഇറക്കുമതി ചെയ്യുന്നതാണ്. മേക്ക് ഇൻ ഇന്ത്യ പദ്ധതിയുടെ ഊന്നലുകളിലൊന്ന് ഇലക്ട്രോണിക് ഹാർഡ് വെയറിലാണ്. ഈ പശ്ചാത്തലത്തിൽ ഇന്ത്യയിലെ ഇലക്ട്രോണിക് ഡിസൈന്റേയും എംബെഡഡ് സോഫ്ട് വെയറിന്റെയും മുൻനിരയിൽ സ്ഥാനം പിടിക്കുക എന്ന ലക്ഷ്യത്തോടെ ഇലക്ട്രോണിക്സ് ആൻഡ് ഹാർഡ് വെയർ മിഷന് സർക്കാർ രൂപം നൽകിയിട്ടുണ്ട്. സീഡ് മണിയായി മിഷന് 30 കോടി രൂപ വകയിരുത്തുന്നു. മിഷന്റെ ആദ്യത്തെ പദ്ധതി 2018-19ൽ പ്രായോഗിക രൂപം കൈക്കൊള്ളാൻ പോവുകയാണ്. ലാപ്ടോപ്പുകളും സെർവറുകളും നിർമ്മിക്കുന്നതിന് ഇന്റലും കെൽട്രോണും ചേർന്ന് സംയുക്തസംരംഭം ആരംഭിക്കും. 40 കോടി രൂപ ഇതിനായി വകയിരുത്തുന്നു. ആമ്പല്ലൂരുള്ള നൂറേക്കർ ഹാർഡ് വെയർ പാർക്കിന്റെ നിർമ്മാണപ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. മറ്റൊരു നൂതനസംരംഭം മെഡ്സ് പാർക്കാണ്. കെഎസ്ഐഡിസിയുടെയും ശ്രീചിത്തിര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ടിന്റെയും ഈ സംയുക്ത സംരംഭത്തിന്റെ ലക്ഷ്യം നൂതന മെഡിക്കൽ ഉപകരണങ്ങളുടെ നിർമ്മാണമാണ്. 180 കോടി രൂപ ചെലവു വരുന്ന ഈ പദ്ധതിയ്ക്ക് 25 കോടി രൂപ വകയിരുത്തുന്നു.

129. കേരള സ്റ്റേറ്റ് ഇൻഫർമേഷൻ ടെക്നോളജി മിഷൻ ആണ് സർക്കാരിന്റെ ഇ ഗവേണൻസ് മേഖലയിലെ നോഡൽ ഏജൻസി. വിവിധങ്ങളായ ഇ-ഗവേണൻസ് പ്രോജക്ടു

കൾക്കു വേണ്ടി 147 കോടി രൂപ വകയിരുത്തുന്നു. കെ ഫോൺ കമ്പനി ഇ ഗവേണൻസിലും ദൈനംദിന ജനജീവിതത്തിൽ ഐടിയെ സന്നിവേശിപ്പിക്കുന്നതിലും വിപ്ലവകരമായ മാറ്റം വരുത്തും. 823 കോടി രൂപ കിഫ്ബിയിൽ നിന്ന് ഈ കമ്പനിയ്ക്കായി അനുവദിച്ചു കഴിഞ്ഞു. 2000 പൊതുകേന്ദ്രങ്ങളിൽ വൈഫൈ സ്ഥാപിക്കുന്നതിന് 28 കോടി വകയിരുത്തുന്നു.

130. വിവരവിനിമയ സാങ്കേതികവിദ്യപോലെതന്നെ ബയോ ടെക്നോളജിയിലും കേരളത്തിന് മുദ്ര പതിപ്പിക്കാൻ കഴിയണം. ഇതിൽ ഏറ്റവും പ്രധാനപ്പെട്ട മുൻകൈ തിരുവനന്തപുരത്തെ ലൈഫ് സയൻസ് പാർക്കാണ്. കൊച്ചി പ്രദേശത്ത് കേന്ദ്രസർക്കാരിന്റെ സഹായത്തോടു കൂടി വിഭാവനം ചെയ്യുന്ന ഫാർമാ പാർക്ക് ആണ് മറ്റൊരു സുപ്രധാന മുൻകൈ. ഈ രണ്ടു പാർക്കുകൾക്കും ആവശ്യമായ പണം കിഫ്ബിയിൽ നിന്നാണ് കണ്ടെത്തുന്നത്.

**ടൂറിസം**

131. *അവസരം കിട്ടുമ്പോഴൊക്കെ ബാഗു നിറച്ച് പോകാൻ കഴിയുന്ന ഇടങ്ങളിലൊക്കെ പോയി, കാണാൻ തോന്നിയ കാഴ്ചകളെ തേടി അലഞ്ഞു, ഇന്ത്യയുടെ മിടിപ്പുകൾക്കു കാതോർത്തു.* എഴുതാൻ കഴിഞ്ഞതൊക്കെ എഴുതി. കെ. എ. ബീനയുടെ നദി തിന്നുന്ന ദ്വീപ് എന്ന യാത്രാക്കുറിപ്പുകളിലെ വരികളാണിത്. വീടിനു പുറത്തുള്ള ലോകം കാണേണ്ടവളല്ല സ്ത്രീ എന്ന പലരുടെയും സങ്കൽപം ഈ യാത്രകളിൽ നേരിട്ട് അനുഭവിച്ചിട്ടുണ്ടെന്നും ബീന എഴുതുന്നു. ഇഷ്ടമുള്ള സ്ഥലങ്ങളിലെല്ലാം പറന്നു ചെല്ലാനാണ് സൃഷ്ടാവ് ചിറകുകൾ തന്നത് എന്ന് സിസ്റ്റർ മേരി ബനീഞ്ഞയും എഴുതിയിട്ടുണ്ട്. സർ, ലോകമെമ്പാടും

ഏറ്റവും വേഗത്തിൽ വളരുന്ന സാമ്പത്തികമേഖലയാണ് വിനോദസഞ്ചാരം. സർ, കേരള ടൂറിസവും അഭിവൃദ്ധിയുടെ പാതയിലാണ്. ഈ സർക്കാർ അധികാരമേറ്റതിനുശേഷം വിവിധ മേഖലകളിൽ മികവു തെളിയിച്ചതിന് ഒമ്പത് ദേശീയ അവാർഡുകളാണ് സംസ്ഥാന ടൂറിസം വകുപ്പ് നേടിയത്.

132. കേരള ടൂറിസത്തിന്റെ മുഖച്ഛായ തന്നെ മാറ്റാൻ പര്യാപ്തമായ മുസിരിസ് പ്രോജക്ട് ഏന്തിവലിഞ്ഞാണ് നീങ്ങിയിരുന്നത്. രണ്ടു വർഷം കൊണ്ട് പദ്ധതി പൂർത്തീകരിക്കാൻ ഒരു സമയബന്ധിത പരിപാടി നടപ്പാക്കിത്തുടങ്ങി. ഈ പദ്ധതിയെക്കുറിച്ച് സ്ഥലം എംഎൽഎമാരിൽ ഒരാൾ പറഞ്ഞ അനുഭവം ഓർക്കുകയാണ്. കഴിഞ്ഞ വർഷമാണ് പദ്ധതിയെക്കുറിച്ച് ചെറിയൊരു പ്രചരണം ആരംഭിച്ചത്. പ്രതികരണം വിസ്മയകരമായിരുന്നു. ബോട്ടിലൂടെയുള്ള സന്ദർശനത്തിന് വൻതിരക്കായി. ടൂറിസത്തിൽ മാർക്കറ്റിംഗിനുള്ള സ്ഥാനം അടിവരയിടുന്നതാണ് ഈ അനുഭവം. ടൂറിസം വികസനത്തിൽ സംസ്ഥാന സർക്കാർ നിർവഹിച്ച ഏറ്റവും പ്രധാനപ്പെട്ട ധർമ്മംതന്നെ ദൈവത്തിന്റെ സ്വന്തം നാടായി കേരളത്തെ മാർക്കറ്റു ചെയ്യാൻ കഴിഞ്ഞുവെന്നതാണ്. ഈ വർഷത്തെ ബജറ്റിൽ ടൂറിസം മാർക്കറ്റിംഗിന് 82 കോടി രൂപ വകയിരുത്തുന്നു.

133. ഇതോടൊപ്പം മേൽപ്പറഞ്ഞ അനുഭവം രണ്ടാമതൊരു കാര്യവും കൂടി വ്യക്തമാക്കുന്നു. കേരളത്തിന്റെ പ്രകൃതി രമണീയതയോടൊപ്പം കേരള ടൂറിസത്തിന് പൈതൃക സംരക്ഷണവും വലിയൊരു ആകർഷണമാക്കി മാറ്റാനാവും. പൈതൃകസംരക്ഷണം വിദേശ സഞ്ചാരികൾക്കു മാത്രമല്ല, നാട്ടിലെ ജനങ്ങൾക്കും പ്രധാനപ്പെട്ടതാണ്. പൈതൃക സംരക്ഷണം വിജ്ഞാനോൽപാദനവും അനൗപചാരിക

വിദ്യാഭ്യാസവും അനിവാര്യമാക്കുന്നു. ഉത്തരവാദിത്ത ടൂറിസത്തിന്റെ ഏറ്റവും നല്ല സമീപനങ്ങൾ ഉൾക്കൊള്ളിച്ചു കൊണ്ടാണ് മുസിരിസ് പദ്ധതി തയ്യാറാക്കിയിട്ടുള്ളത്. മുസിരിസ്, തലശേരി തുടങ്ങിയ പൈതൃക പദ്ധതികൾക്കായി 40 കോടി രൂപ വകയിരുത്തുന്നു. ആലപ്പുഴ പൈതൃക പദ്ധതിയ്ക്ക് കിഫ്ബിയിൽ നിന്നാണ് പണം ലഭ്യമാക്കുന്നത്. ഏതാനും മ്യൂസിയങ്ങൾക്ക് അനുമതി നൽകിക്കഴിഞ്ഞു. ബാക്കി നിർമ്മാണപ്രവൃത്തികളെല്ലാം 2018-19-ൽ ആരംഭിക്കും. സ്പൈസസ് റൂട്ടിന്റെ പ്രവർത്തനം ആരംഭിക്കുന്നതോടെ പൊന്നാനി, ബേപ്പൂർ പോലുള്ള പ്രദേശങ്ങളും പൈതൃക പദ്ധതി ശൃംഖലയിലേയ്ക്കു വരും. കിഫ്ബിയിൽ ഉൾപ്പെടുത്തിയിട്ടുള്ള മുഴപ്പിലങ്ങാട് ബീച്ച് ടൂറിസം പ്രോജക്ടിന്റെ നിർമ്മാണ പ്രവർത്തനം ഈ വർഷം ആരംഭിക്കും. സ്പൈസസ് റൂട്ടിന്റെ നിർമ്മാണ പ്രവൃത്തികൾക്കും കിഫ്ബിയിൽ നിന്നാണ് പണം കണ്ടെത്തുന്നത്. കൊച്ചി ബിനാലെ, നിശാഗന്ധി ഡാൻസ് ആൻഡ് മ്യൂസിക് ഫെസ്റ്റിവെൽ, ഓണാഘോഷം, പൂരം, തെയ്യം ഉത്സവങ്ങൾ, വള്ളംകളി മത്സരങ്ങൾ തുടങ്ങിയവയുടെ പ്രോത്സാഹനത്തിന് 16 കോടി രൂപ വകയിരുത്തുന്നു. വള്ളംകളി ലീഗ് അടിസ്ഥാനത്തിൽ സംഘടിപ്പിക്കുന്നതിനുവേണ്ടി 10 കോടി രൂപ അധികമായി വകയിരുത്തുന്നു.

134. കേരള ടൂറിസം ഡെവലപ്പ്മെന്റ് കോർപറേഷൻ, കേരള ടൂറിസം ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ്, ബേക്കൽ റിസോർട്ട് ഡെവലപ്പ്മെന്റ് കോർപറേഷൻ, ഡിസ്ട്രിക്ട് ടൂറിസം പ്രമോഷൻ കൌൺസിലുകൾ തുടങ്ങിയ സ്ഥാപനങ്ങൾക്കായി 26.25 കോടി രൂപ വകയിരുത്തുന്നു. ടൂറിസം ഹോസ്പിറ്റാലിറ്റി പരിശീലന സ്ഥാപനങ്ങൾക്ക് 12 കോടി

രൂപയും വകയിരുത്തുന്നു. ഗസ്റ്റ് ഹൌസുകളുടെ നവീകരണത്തിന് 33 കോടി രൂപയും വകയിരുത്തുന്നു. വിഷൻ വർക്കല ഇൻഫ്രാസ്ട്രക്ചർ വികസന കോർപറേഷന് 3 കോടി രൂപ വകയിരുത്തുന്നു.

## വൻകിട ഇടത്തരം വ്യവസായങ്ങൾ

135. ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ പൊതു മേഖലയുടെ വാർഷിക നഷ്ടം 202-135 കോടി രൂപയായിരുന്നു. രണ്ടുവർഷം പിന്നിടുമ്പോൾ ഈ ധനകാര്യവർഷത്തിന്റെ അവസാനം 40 കോടി രൂപയെങ്കിലും ലാഭമുണ്ടാകും. 40 പൊതുമേഖലാ സ്ഥാപനങ്ങളിൽ 14 എണ്ണം ലാഭത്തിലായി. ബാക്കിയുള്ളവ യുടെ നഷ്ടം കുറഞ്ഞു. കഴിഞ്ഞ ബജറ്റ് പ്രസംഗത്തിൽ പൊതുമേഖലാസ്ഥാപനങ്ങളുടെ പുനഃസംഘടനയുടെ മാതൃകയായി കെഎസ്ഡിപിയെയാണ് ഉദാഹരിച്ചത്. ആ ബജറ്റിൽ കാപ്സ്യൂൾസും സിറപ്പുകളും മറ്റും ഉൽപാദിപ്പിക്കാൻ 32 കോടി രൂപ ചെലവിൽ നോൺ ബീറ്റാലാക്ടം പ്ലാന്റ് നിർമ്മിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നു. നിർമ്മാണം പൂർത്തീകരിച്ച പ്ലാന്റ് മാർച്ച് അവസാനം ഉദ്ഘാടനം ചെയ്യാൻ പോവുകയാണ്. കഴിഞ്ഞ ബജറ്റ് പ്രസംഗത്തിൽ ജിഎംപി സ്റ്റാൻഡേർഡിനെക്കുറിച്ചാണ് ഞാൻ പറഞ്ഞത്. സർ, കെഎസ്ഡിപി ആഗോള ഡബ്ല്യൂഎച്ച്ഓ സ്റ്റാന്റേർഡ് നേടിക്കഴിഞ്ഞു. അഞ്ചു വർഷമായി പൂട്ടിക്കിടന്നിരുന്ന ഫാർമ ടെസ്റ്റിംഗ് ലാബ് നബാൽ അക്രെഡിറ്റേഷൻ നേടി. സർ, 2017-18 ധനകാര്യ വർഷം അവസാനിക്കുമ്പോഴേയ്ക്കും കെഎസ്ഡിപി ലാഭകരമായ ഒരു പൊതുമേഖലാ സ്ഥാപനമായി മാറിക്കഴിഞ്ഞിരിക്കും. പദ്ധതി നിർവഹണത്തിൽ ഇതൊരു

അപൂർവ റെക്കോർഡാണെന്ന് എല്ലാവരും അംഗീകരിക്കു മെന്നു കരുതട്ടെ.

136. ഇനി എന്ത്? 54 കോടി രൂപ മുതൽമുടക്കു വരുന്ന ഇഞ്ചെക്ടബിൾസ് ഫാക്ടറിയ്ക്ക് ഏപ്രിൽ മാസത്തിൽ തറക്കല്ലിടും. ഒറ്റവർഷം കൊണ്ട് പൂർത്തീകരിച്ച് 2018-19-ൽ തന്നെ ഉദ്ഘാടനം ചെയ്യാനാണ് ഉദ്ദേശിക്കുന്നത്. അടുത്തഘട്ടം 2019-20-ൽ ഉൽപ്പാദനം തുടങ്ങാൻ ലക്ഷ്യമിടുന്ന ക്യാൻസർ മരുന്ന് ഫാക്ടറിയാണ്. ഇതിന്റെ പ്രാരംഭ ചെലവുകൾക്കായി 20 കോടി രൂപ അധികമായി വകയിരുത്തുന്നു. ഡബ്ല്യു.എച്ച്.ഒ. നിലവാരത്തിൽ പൂർത്തീകരിക്കുന്ന ഈ ഫാക്ടറിയിൽ പേറ്റന്റ് കാലാവധി അവസാനിച്ച കാൻസർ മരുന്നുകൾ വലിയതോതിൽ ഏറ്റവും കുറഞ്ഞ വിലയ്ക്ക് ഉൽപാദിപ്പിക്കുന്നതിനാണ് പരിപാടി. കെഎസ്ഡിപിയിൽ ഉൽപാദിപ്പിക്കുന്ന ജെനറിക് മരുന്നുകൾ കേരള ജെനറിക് എന്ന ബ്രാന്റിലായിരിക്കും ഉൽപാദിപ്പിക്കുക. 2018-19-ൽ ആഫ്രിക്കൻ രാജ്യ ങ്ങളിലേയ്ക്ക് ജനറിക് മരുന്നുകൾ കെഎസ്ഡിപി കയറ്റുമതി ചെയ്യും. കെഎസ്ഡിപിയുടെ അനുബന്ധമായി ഒരു മിനി വ്യവസായ പാർക്ക് സ്ഥാപിക്കുന്നതിന് കിഫ്ബിയുടെ പിന്തുണയോടെ നടപടി സ്വീകരിക്കും.

137. കെഎസ്ഡിപിയുടെ വളർച്ചയ്ക്കു തടസം വിപണിയുടെ പരിമിതിയാണ്. ബ്രാൻഡഡ് മരുന്നുകൾ ഇല്ലാത്തതിനാൽ കേരളത്തെയും പുറത്തെയും ആരോഗ്യവകുപ്പുകളെ ആശ്രയിച്ചു മാത്രമേ നിലനിൽക്കാനാവൂ. ഇവിടെ മാർജിൻ വളരെ കുറവാണ്. ബ്രാൻഡഡ് മരുന്നുകൾ വിറ്റ് വൻ ലാഭമുണ്ടാക്കുന്ന മറ്റു കുത്തക കമ്പനികളോട് മത്സരി ക്കാൻ ബുദ്ധിമുട്ടുന്നു. അതുകൊണ്ട് കെഎസ്ഡിപി ഉൽപ്പന്നങ്ങൾക്ക് കെഎംസിഎസ്എൽ പ്രത്യേക

മുൻഗണനയും ആവശ്യമായ ഓർഡറും നൽകുമെന്നാണ് കഴിഞ്ഞ രണ്ടു ബജറ്റ് പ്രസംഗങ്ങളിലും വിഭാവനം ചെയ്തിരുന്നത്. എന്നാൽ ഇന്നും ബീറ്റാലാക്ടം ഫാക്ടറിയുടെ 25 ശതമാനം ഉത്പാദനശേഷിയേ ഉപയോഗിക്കാൻ കഴിയുന്നുള്ളൂ. കേരളത്തിൽ നിന്നും ലഭിച്ചതിനേക്കാൾ കൂടുതൽ ഓർഡർ നടപ്പുവർഷം മറ്റു സംസ്ഥാനങ്ങളിൽ നിന്നാണ് ലഭിച്ചത്. ആരോഗ്യമേഖലയുടെ മൊത്തം വികസനതന്ത്രത്തിന്റെ അഭേദ്യഭാഗമാണ് മരുന്നുൽപാദനത്തിൽ പൊതുമേഖലയുടെ മുൻകൈ നേടുക എന്നുള്ളത്. 2018-19-ൽ 75 കോടി രൂപയുടെയെങ്കിലും മരുന്നിനുള്ള ഓർഡർ കെഎസ്ഡിപിയ്ക്ക് കെഎംസിഎസ്എൽ നൽകുമെന്ന് ഉറപ്പുവരുത്തണം. ഇതടക്കം 150 കോടി രൂപയുടെ ഉൽപാദനമാണ് അടുത്തവർഷത്തെ ലക്ഷ്യം.

138. സർ, കേരളത്തിലെ ഓരോ പൊതുമേഖലയ്ക്കും ഇതുപോലൊരു കഥ പറയാനുണ്ടാകും. വിസ്തരഭയത്താൽ ഞാൻ അതിനു ശ്രമിക്കുന്നില്ല. ഏറ്റവും ലാഭകരമായി പ്രവർത്തിക്കുന്ന സ്ഥാപനം ചവറയിലെ കെഎംഎംഎൽ ആണ്. നടപ്പുവർഷം 180 കോടി രൂപയാണ് പ്രതീക്ഷിത ലാഭം. നമ്മുടെ തീരദേശത്തെ ധാതുമണൽ അമൂല്യ സമ്പത്താണ്. അതിന്റെ ഖനനത്തിന്റെയും സംസ്കരണത്തിന്റെയും കപ്പാസിറ്റി ഗണ്യമായി ഉയർത്തേണ്ടതുണ്ട്. ടൈറ്റാനിയം ഡയോക്സൈഡിൽ നിന്നും വാണിജ്യാടിസ്ഥാനത്തിൽ ടൈറ്റാനിയം സ്പോഞ്ച് ഉൽപാദിപ്പിക്കുന്നുണ്ട്. ഇനി നമുക്ക് ടൈറ്റാനിയം മെറ്റലിലേയ്ക്കുതന്നെ നീങ്ങണം. ഇതിനായുള്ള പുതിയ ഫാക്ടറിയ്ക്കുള്ള ഡിപിആർ അവസാന ഘട്ടത്തിലാണ്. ഈ വർഷം ഇതിന് ആവശ്യമായ ഭൂമി ഏറ്റെടുക്കും.

139. 3000 തൊഴിലാളികൾ പണിയെടുക്കുന്നതാണ് ടെക്സ്റ്റയിൽ മേഖല. ഇവയുടെ സമ്പൂർണ്ണ പുനരുദ്ധാരണത്തിന് 490 കോടി രൂപ വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. ഏതാനും വർഷംകൊണ്ടേ ഈ തുക കണ്ടെത്താനാവൂ. സഹകരണ മില്ലുകളുടെ വികസനത്തിന് എൻസിഡിസി വായ്പയെയാണ് ആശ്രയിക്കുക. ടെക്സ്റ്റൈൽ കോർപറേഷന്റെ കീഴിലുള്ള മില്ലുകളുടെ ആധുനീകരണത്തിന് 82 കോടി രൂപ നീക്കിവെയ്ക്കുന്നു. നഗരമധ്യത്തിലും മറ്റും സ്ഥിതി ചെയ്യുന്ന മില്ലുകൾ മാറ്റിസ്ഥാപിക്കുന്നതിലൂടെ അവയുടെ നവീകരണത്തിന് ആവശ്യമായ പണം കണ്ടെത്താനാവും. ഈ സാധ്യതയെക്കുറിച്ചും ബന്ധപ്പെട്ടവർ ഗൌരവമായി ആലോചിക്കണം. പൊതുമേഖലാ സ്ഥാപനങ്ങൾക്കുള്ള പദ്ധതി അടങ്കൽ താഴെപ്പറയുന്നു.

കേരള സ്റ്റേറ്റ് മിനറൽ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ
- 5 കോടി

കേരള സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ് - 27 കോടി

ട്രാവൻകൂർ സിമന്റ്സ് - 10 കോടി

കേരള ഇലക്ട്രിക്കൽ ആന്റ് അലൈഡ് എഞ്ചിനീയറിംഗ്
- 10 കോടി

ട്രാക്കോ കേബിൾ - 10 കോടി

യുണൈറ്റഡ് ഇലക്ട്രിക്കൽസ് - 5 കോടി

ഓട്ടോകാസ്റ്റ് - 10 കോടി

കേരള ഓട്ടോമൊബൈൽസ് -10 കോടി

സ്റ്റീൽ ആന്റ് ഇൻഡസ്ട്രിയൽ ഫോർജിംഗ് - 5 കോടി

സ്റ്റീൽ ഇൻഡസ്ട്രീസ് കേരള - 8 കോടി

കെൽട്രോൺ - 40 കോടി

കേരള സെറാമിക്സ് -10 കോടി

കേരള ക്ലെയ്സ് ആന്റ് സിറാമിക് പ്രോഡക്ട്സ് - 9 കോടി

സിഡ്കോ - 7 കോടി

ബാംബു കോർപ്പറേഷൻ - 5 കോടി

ആർട്ടിസാൻസ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ - 3 കോടി

പ്രഭുറാം മിൽസ് -7 കോടി

മലബാർ സ്പിന്നിംഗ് ആന്റ് വീവിംഗ് - 30 കോടി

കോമളപുരം സ്പിന്നിംഗ് ആന്റ് വീവിംഗ് -13 കോടി

ഇതിനുപുറമേ എല്ലാ പൊതുമേഖലാ സ്ഥാപനങ്ങൾക്കുമായി 55 കോടി രൂപ പ്രവർത്തനമൂലധനമായും വകയിരുത്തുന്നു.

140. കൊല്ലം, രാമനാട്ടുകര, കൊരട്ടി, കാക്കനാട് എന്നിവിടങ്ങളിൽ ബഹുനില വ്യവസായ ഷെഡുകൾ പണിയും. തൃശൂരിലെ വടക്കാഞ്ചേരി വില്ലേജിലും കാസർകോട്ടെ കാഞ്ഞങ്ങാടും ചീമേനിയിലും പുതിയ വ്യവസായ പാർക്കുകൾ ആരംഭിക്കും. ശാസ്ത്രീയവും സുരക്ഷിതവുമായ പടക്ക-വെടിമരുന്ന് നിർമ്മാണത്തിനായി തൃശൂർ ജില്ലയിലെ തലപ്പള്ളി താലൂക്കിൽ ഫയർ ക്രാക്കേഴ്സ് പ്രോഡക്ട് ക്ലസ്റ്റർ സ്ഥാപിക്കുന്നതാണ്. വയനാട്ടിലും ഇടുക്കിയിലും സ്പൈസസ് പാർക്കിനുള്ള സ്ഥലമെടുപ്പ് ത്വരിതപ്പെടുത്തും. ജം ആൻഡ് ജുവലറി പാർക്ക് തൃശ്ശൂരിൽ സ്ഥാപിക്കും.

141. റബ്ബർ ഉത്പന്നങ്ങളുടെ നിർമ്മാണം പ്രോത്സാഹിപ്പിക്കുന്നതിനായി സിയാൽ മാതൃകയിൽ ഒരു കമ്പനി രൂപീകരിക്കും. പത്തനംതിട്ടയിലും കോട്ടയത്തും റബ്ബർ പാർക്കുകളും ചങ്ങനാശേരിയിലെ സി.എഫ്.എസ്.സിയിൽ റബ്ബറധിഷ്ഠിത വ്യവസായങ്ങൾക്കായി ഒരു ഇൻക്യുബേഷൻ സെന്ററും സ്ഥാപിക്കും. ഭാവിയുടെ വാഹനമായ ഇ-വെഹിക്കിൾസ് നിർമ്മിക്കുന്നതിന് ആവശ്യമായ സൌകര്യങ്ങൾ കേരള ഓട്ടോമൊബൈൽസ് ലിമിറ്റഡിൽ ഏർപ്പെടുത്തുന്നതാണ്.

142. പൊതുമേഖലാസ്ഥാപനങ്ങൾ വിറ്റുതുലയ്ക്കുന്ന കേന്ദ്ര സർക്കാർ നയങ്ങളിൽനിന്നു കടകവിരുദ്ധമായ ബദൽ സമീപനമാണ് കേരളം പിന്തുടരുന്നത്. കേരള സർക്കാർ സൌജന്യമായി നൽകിയ നൂറുകണക്കിന് ഏക്കർ ഭൂമിയിലാണ് എഫ്എസിറ്റി, എച്ച്എംടി, ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ്, ഹിന്ദുസ്ഥാൻ ലാറ്റക്സ് തുടങ്ങിയ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ നിൽക്കുന്നത്. ഈ ഭൂമിയടക്കം വിൽക്കുന്നതിനുള്ള നടപടികളിലേയ്ക്ക് കേന്ദ്രസർക്കാർ നീങ്ങിക്കൊണ്ടിരിക്കുകയാണ്. ഇതിനെതിരെ ശക്തമായ ജനകീയ പ്രതിരോധം ഉയർന്നു വരേണ്ടതുണ്ട്. സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭകരമാക്കി പ്രവർത്തിപ്പിച്ച് സൃഷ്ടിക്കുന്ന മാതൃക ഈ പ്രതിരോധത്തിന് ആവേശം പകരും.

143. സ്വകാര്യനിക്ഷേപകരെ കേരളത്തിലേയ്ക്ക് ആകർഷിക്കുന്നതിനുള്ള ഒരു സുപ്രധാന നടപടിയാണ് ഈസ് ഓഫ് ഡൂയിംഗ് ബിസനസ് റാങ്കിങ്ങിൽ കേരളത്തിലെ മുന്നിലേയ്ക്ക് കൊണ്ടുവരുന്നതിന് സ്വീകരിച്ചുകൊണ്ടിരിക്കുന്ന നടപടികൾ. സംസ്ഥാനത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട വ്യവസായ പ്രോത്സാഹന ഏജൻസിയായ കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്പ്മെന്റ് കോർപ്പറേഷന് 132 കോടി

രൂപ വകയിരുത്തുന്നു. ഇതിൽ 8 കോടി രൂപ ഏയ്ഞ്ചൽ ഫണ്ടിംഗിനു വേണ്ടിയുള്ളതാണ്. കിൻഫ്ര, കെഎസ്ഐഡിസി എന്നിവയുടെ ആഭിമുഖ്യത്തിലുള്ള പ്രധാന പാർക്കുകൾക്കു വേണ്ടി ബജറ്റിൽ 230-ൽപ്പരം കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിലേറ്റവും പ്രധാനം കൊച്ചിയിലെ പെട്രോ കെമിക്കൽ പാർക്കാണ്. ഇതിന് റിഫൈനറിക്കടുത്ത് 600 ഏക്കർ സ്ഥലം ഏറ്റെടുക്കുന്നതിന് 1264 കോടി രൂപ കിഫ്ബിയിൽ നിന്നും അനുവദിച്ചിട്ടുണ്ട്. വ്യവസായ പാർക്കുകൾക്കുവേണ്ടി കണ്ണൂരിൽ 1000 ഏക്കറും കാസർഗോഡും തിരുവനന്തപുരത്തും 500 ഏക്കർ വീതവും ഇടുക്കിയിൽ 900 ഏക്കറും ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. കിഫ്ബിയിൽ നിന്നായിരിക്കും പണം കണ്ടെത്തുന്നത്.

### ചെറുകിട വ്യവസായം

144. കേരളത്തിൽ ഏറ്റവും വേഗതയിൽ വളരുന്ന വ്യവസായ മേഖല വൻകിട ഫാക്ടറികളോ കുടിൽ വ്യവസായങ്ങളോ അല്ല. ഇതിനു രണ്ടിനും ഇടയിലുള്ള ചെറുകിട വ്യവസായ മേഖലയാണ്. 160 കോടി രൂപയാണ് ചെറുകിട വ്യവസായ മേഖലയ്ക്കു വേണ്ടി വകയിരുത്തുന്നത്. ചെറുകിട വ്യവസായികൾക്കു വേണ്ടിയുള്ള ഗ്രൂപ്പ് ഇൻഷ്വറൻസ് സ്കീം, സൂക്ഷമതൊഴിൽ സംരംഭങ്ങൾക്കു വേണ്ടിയുള്ള ക്ലസ്റ്റർ ഡെവലപ്പ്മെന്റ് സ്കീം, പീഡിത ചെറുകിട സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള പുനരുദ്ധാരണ പദ്ധതി എന്നിവയാണ് ഈ വർഷം ആരംഭിക്കുന്ന മൂന്ന് പുതിയ സ്കീമുകൾ. നിലവിലുള്ള ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളുടെ സൌകര്യം വർദ്ധിപ്പിക്കുന്നതിന് 28 കോടി രൂപയും ബഹുനില ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് നിർമ്മിക്കുന്നതിന് 37 കോടി രൂപയും വകയിരുത്തുന്നു. ചെറുകിട വ്യവസായി

കൾക്ക് മൂലധന സഹായം നൽകുന്നതിന് 60 കോടി രൂപ വകയിരുത്തുന്നു. വാണിജ്യമേഖലയ്ക്ക് 4.5 കോടി രൂപ വകയിരുത്തുന്നു. വ്യാപാരി വ്യവസായ ക്ഷേമനിധിയ്ക്ക് അധികമായി 10 കോടി രൂപ വകയിരുത്തുന്നു.

## VI

## പശ്ചാത്തല സൌകര്യങ്ങൾ

145. പുതിയ വളർച്ചാ മേഖലകളിലേയ്ക്ക് മൂലധനത്തെ ആകർഷിക്കുന്നതിന് രണ്ടു സുപ്രധാന നടപടികളാണ് സ്വീകരിക്കുന്നത്. ഒന്ന്) കേരളത്തിൽ വ്യവസായ വാണിജ്യ പ്രവർത്തനങ്ങൾ നടത്തുന്നത് സുഗമമാക്കുന്നതിന് നിയമങ്ങളിലും നടപടിക്രമങ്ങളിലും വരുത്തുന്ന മാറ്റങ്ങൾ. ഇതിന് ഓർഡിനൻസ് ഇറങ്ങിക്കഴിഞ്ഞു. സർ, ഈ സഭയിൽ നാമതു പരിഗണിക്കാൻ പോവുകയാണ്. രണ്ട്) റോഡ്, പാലം തുടങ്ങിയ ഗതാഗത മാർഗങ്ങളുടെയും ഇന്റർനെറ്റ് തുടങ്ങിയ വാർത്താവിനിമയ സംവിധാനങ്ങളുടെയും വൈദ്യുതിയും വ്യവസായ പാർക്കു തുടങ്ങിയ പശ്ചാത്തല സൌകര്യങ്ങളുടെയും മേഖലയിൽ വലിയൊരു കുതിപ്പ് നേടുക. കിഫ്ബിയുടെ ഭാഗമായുള്ള 54000 കോടിയുടെ നിക്ഷേപത്തിലൂടെ നാമിതിനു തുടക്കം കുറിച്ചു കഴിഞ്ഞു. കഴിഞ്ഞ ബജറ്റിൽ നിർദ്ദേശിച്ച ഈ കാര്യങ്ങൾ വീണ്ടും ആവർത്തിക്കുന്നില്ല. 2018-19-ൽ അവയുടെ നിർമ്മാണം ആരംഭിക്കും.

146. സർ, 2018-19-ൽ കണ്ണൂർ വിമാനത്താവളം, ഗെയിൽ പൈപ്പ്, കൊച്ചി ഇടമൺ വൈദ്യുതിലൈൻ, ആലപ്പുഴ, കൊല്ലം ബൈപാസുകൾ എന്നീ വൻകിട പശ്ചാത്തല പദ്ധതികൾ ഉദ്ഘാടനം ചെയ്യും.

## റോഡുകളും പാലങ്ങളും

147. പൊതുമരാമത്ത് വകുപ്പിൽ ഇപ്പോൾ ഏതാണ്ട് 10,000 കോടി രൂപയുടെ റോഡുകൾ, പാലങ്ങൾ, കെട്ടിടങ്ങൾ എന്നിവ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. 2016-17-ൽ പൊതുമരാമത്തിന് 1302.38 കോടി രൂപയാണ് ബജറ്റിൽ വകയിരുത്തിയതെങ്കിലും പൂർത്തീകരിച്ച ബില്ലുകൾക്കുള്ള തുക മാറുന്നതിന് 5272.47 കോടി രൂപ അനുവദിക്കുകയുണ്ടായി. 2017-18-ൽ 1544.84 കോടി രൂപയാണ് ബജറ്റിൽ വകയിരുത്തിയതെങ്കിലും ഇതിനകം 1559.77 കോടി രൂപ ചെലവഴിച്ചു കഴിഞ്ഞു. ആമുഖത്തിൽ ഞാൻ പറഞ്ഞതു പോലെ റവന്യൂക്കമ്മി ചിട്ടയായി കുറച്ചുകൊണ്ടുവരുമ്പോൾ ഏറ്റവും വലിയ നേട്ടമുണ്ടാവുക പൊതുമരാമത്ത് വകുപ്പിനായിരിക്കും. ഇതിനുപുറമേയാണ് കിഫ്ബിയിൽ ഉൾപ്പെടുത്തിയിട്ടുള്ള 24390 കോടി രൂപയുടെ 561 നിർമ്മാണ പ്രവൃത്തികൾ. ഇതിൽ 5379 കോടി രൂപയ്ക്കുള്ള 148 പ്രവൃത്തികൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്. ബാക്കിയുള്ളവയ്ക്ക് 2018-19-ൽ അംഗീകാരം നൽകും. സർ, കേരള സർക്കാരിന്റെ മൂലധന ചെലവിൽ പതിറ്റാണ്ടുകളായി ഉണ്ടായ കുറവ് ഈ 5 വർഷംകൊണ്ട് ഗണ്യമായി പരിഹരിക്കും.

148. 2018-19-ൽ 1454 കോടി രൂപയാണ് റോഡുകൾക്കും പാലങ്ങൾക്കും വേണ്ടി വകയിരുത്തിയിട്ടുള്ളത്. ഇതിനുപുറമേ വൻകിട പ്രോജക്ടുകൾക്കു വേണ്ടി ഒറ്റ ഹെഡ്ഡിലായി നീക്കിവച്ചിരിക്കുന്ന 1649 കോടി രൂപയിൽ നിന്നും മറ്റൊരു 250 കോടി രൂപകൂടി പൊതുമരാമത്തിന് ലഭ്യമാകും. ബഹുമാനപ്പെട്ട എംഎൽഎമാർ നൽകിയ നിർമ്മാണ പ്രവൃത്തികൾക്കുള്ള നിർദ്ദേശങ്ങളെല്ലാം

ടോക്കൺ പ്രൊവിഷൻ നൽകി ബജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇവയ്ക്ക് മുൻഗണനാക്രമത്തിൽ ഭരണാനുമതി നൽകുന്നതിനുള്ള നടപടി പൊതുമരാമത്ത് വകുപ്പ് സ്വീകരിക്കുന്നതാണ്. അധിക ധനാനുമതി ആവശ്യമുള്ളപക്ഷം ധനസ്ഥിതി അവലോകനം ചെയ്ത് അനുവാദം നൽകുന്നകാര്യം പരിഗണിക്കും.

149. നിലവിലുള്ള സ്റ്റേറ്റ് ഹൈവേയുടെയും മേജർ ഡിസ്ട്രിക്ട് റോഡുകളുടെയും പുനരുദ്ധാരണത്തിനുള്ള ഏറ്റവും പ്രധാന സ്രോതസ്സ് സെൻട്രൽ റോഡ് ഫണ്ടാണ്. ഇപ്പോൾ 396 കോടി രൂപയുടെ 29 പ്രവൃത്തികൾക്ക് അനുവാദമുണ്ട്. 2018-19-ൽ 234 കോടി രൂപയുടെ 16 പ്രവൃത്തികൾക്കുകൂടി അനുവാദം ലഭിക്കുമെന്നാണ് കരുതുന്നത്. 600 കോടി രൂപയുടെ പുതിയ പ്രവൃത്തികൾ പുതിയതായി സമർപ്പിക്കാൻ തയ്യാറാക്കിയിട്ടുമുണ്ട്. കെഎസ്ടിപിയുടെ രണ്ടാംഘട്ട പ്രവൃത്തികൾക്ക് 510 കോടി രൂപ വകയിരുത്തുന്നു. ഇതിനുപുറമേ 110 കോടി രൂപ സ്റ്റേറ്റ് ഹൈവേയുടെയും ഡിസ്ട്രിക്ട് റോഡുകൾക്കും വേണ്ടി വകയിരുത്തുന്നു. ഈ റോഡുകൾ നല്ലപങ്കും പ്ലാസ്റ്റിക് അല്ലെങ്കിൽ റബ്ബറൈസ്ഡ് ബിറ്റുമിൻ ഉപയോഗപ്പെടുത്തിയാണ് നിർമ്മിക്കുവാണ് ഉദ്ദേശിക്കുന്നത്.

150. കൊല്ലം-ആലപ്പുഴ ബൈപ്പാസുകൾക്ക് വേണ്ടിവരുന്ന 700 കോടി രൂപയിൽ 350 കോടി രൂപ സംസ്ഥാന സർക്കാരാണ് ചെലവഴിക്കുന്നത്. എയർപോർട്ട് - സീപോർട്ട് റോഡിന്റെ നിർമ്മാണം വേഗതയിലാക്കും. പുല്ലേപ്പടി - തമ്മനം റോഡിന്റെ ഭൂമി ഏറ്റെടുക്കലിന്റെ ചെലവ് കിഫ്ബി വഹിക്കും. ഹിൽ ഹൈവേയും കോസ്റ്റൽ ഹൈവേയുമാണ് സംസ്ഥാനത്ത് ഇപ്പോൾ ഏറ്റെടുത്തിരിക്കുന്ന ഏറ്റവും വലിയ രണ്ട് റോഡ് പദ്ധതികൾ. കോസ്റ്റൽ ഹൈവേ പലയിടങ്ങളിലും വീതി ഇല്ലാത്തതിന്റെ പ്രശ്നമുണ്ട്.

12 മീറ്ററെങ്കിലും വീതി കൂടിയേതീരു. ഇതിന് ഭൂമി ലഭ്യമായ മേഖലകൾ ആദ്യം ഏറ്റെടുക്കുന്നതിന് തീരുമാനിച്ചിരിക്കുകയാണ്. വൈറ്റിലയിലെന്നപോലെ ഒരു മൊബിലിറ്റി ഹബ്ബ് കോഴിക്കോട് രൂപംനൽകാനുള്ള വിശദമായ പദ്ധതി തയ്യാറാക്കുന്നതാണ്.

151. റോഡ് സേഫ്ടിക്കും ഗവേഷണത്തിനും ഡിസൈനിംഗിനും നൂതന സാങ്കേതികവിദ്യകൾ ഉപയോഗിക്കുന്നതിനും നൽകിയിരിക്കുന്ന ഊന്നൽ മരാമത്ത് നയത്തിന്റെ പ്രത്യേകതയാണ്. വിവിധങ്ങളായ റോഡ് സേഫ്ടി പ്രവൃത്തികൾക്ക് 72 കോടി രൂപയും ഇ-ഗവേണൻസിനും പഠനങ്ങൾക്കും 9 കോടി രൂപയും ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന് 21 കോടി രൂപയും വകയിരുത്തുന്നു.

152. അപകടത്തിലായ 155 പാലങ്ങളും കൾവെർട്ടുകളും അഞ്ചുവർഷം കൊണ്ട് പുതുക്കിപ്പണിയുന്നതിനുള്ള ഒരു സ്കീം പുതുതായി ആരംഭിക്കുകയാണ്. സർ, ഈ സ്കീമിനുള്ള പണം വൻകിട പ്രോജക്ടുകൾക്കായി പ്രത്യേകം വകയിരുത്തിയിട്ടുള്ള 1649 കോടി രൂപയിൽനിന്ന് ലഭ്യമാക്കുന്നതാണ്. 2018-19-ൽ ആരംഭിക്കുന്ന മറ്റൊരു വൻകിട സ്കീം 42 പുതിയ റെയിൽ ഓവർബ്രിഡ്ജുകളുടെ നിർമ്മാണമാണ്. ഇവയ്ക്ക് റെയിൽവേയുടെ അനുമതി ലഭിച്ചിട്ടുണ്ട്. ഇതിനുള്ള തുക കിഫ്ബിയിൽ നിന്നും അനുവദിക്കും. ഇവയുടെ നിർമ്മാണം മലബാർ മേഖലയിലെ റോഡു ഗതാഗതം സുഗമമാക്കുന്നതിൽ നിർണായക സംഭാവന ചെയ്യുമെന്ന് ഉറപ്പാണ്.

153. പൊതുമരാമത്ത് വകുപ്പ് സമൂലമായൊരു പുനസംഘടനയ്ക്ക് വിധേയമായിക്കൊണ്ടിരിക്കുകയാണ്. ഡിപ്പാർട്ട്മെന്റിലെ പ്രധാനപ്പെട്ട ദൌർബല്യം ഡിസൈനിലും ഇൻവെസ്റ്റിഗേഷനിലുമാണ്. ഇത് പരിഹരിക്കാനുള്ള

നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. ഇതിലൊരു പ്രധാന സംഭാവന കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന് വഹിക്കാനാവും. റോഡ് നിർമ്മാണത്തിന് നൂതനമായിട്ടുള്ള കോൾഡ് റീസൈക്ലിംഗ് ടെക്നോളജി, നാച്വറൽ റബ്ബറൈസ്ഡ് ബിറ്റുമിൻ, ഷ്രെഡ്ഡഡ് പ്ലാസ്റ്റിക് മിക്സ്ഡ് ബിറ്റുമിൻ തുടങ്ങിയ ആധുനിക സങ്കേതങ്ങൾ ഉപയോഗപ്പെടുത്തിത്തുടങ്ങി. ആവശ്യമുള്ളിടങ്ങളിൽ കയർ ഭൂവസ്ത്രവും ഉപയോഗിക്കുന്നു. എല്ലാറ്റിലുമുപരി ഡിപ്പാർട്ട്മെന്റിനെ ബാധിച്ചിരുന്ന അഴിമതിയെന്ന അർബുദത്തിനെതിരെ ശക്തമായ നടപടികൾ വകുപ്പ് സ്വീകരിക്കുകയാണ്.

**ട്രാൻസ്പോർട്ട്**

154. കെഎസ്ആർടിസിയുടെ പെൻഷൻ ഏറ്റെടുത്തില്ല എന്നതാണ് സർക്കാരിനെതിരെയുള്ള ഒരു പ്രധാന വിമർശനം. ഒരു വർഷത്തെ പെൻഷന് ഏതാണ്ട് 720 കോടി രൂപയാണ് വേണ്ടത്. ഇതിനകം 1507 കോടി രൂപ കെഎസ്ആർടിസിക്ക് നൽകിയിട്ടുണ്ട്. എന്നാൽ പെൻഷൻ സർക്കാർ ഏറ്റെടുത്താൽ തീരുന്നതല്ല കെഎസ്ആർടിസിയുടെ പ്രതിസന്ധി. സർക്കാർ ഗ്യാരണ്ടി നിന്ന് 505 കോടി രൂപ വായ്പയെടുത്തും നൽകിയിട്ടുണ്ട്. കിഫ്ബി വഴി 324 കോടി രൂപയാണ് നൽകിയത്. 44 കോടി രൂപ പ്ലാൻ ഫണ്ടിൽ നിന്നും നൽകിയിട്ടുണ്ട്. എല്ലാംകൂടി എടുക്കുമ്പോൾ ഏതാണ്ട് 1507 കോടി രൂപയുടെ സഹായമാണ് കെഎസ്ആർടിസിക്ക് നൽകിയിട്ടുള്ളത്. നഷ്ടത്തിലുള്ള പൊതുമേഖലാസ്ഥാപനങ്ങളുടെ ശമ്പളവും പെൻഷനും ഏറ്റെടുത്ത് പ്രതിസന്ധി പരിഹരിക്കലല്ല മറിച്ച്, സമഗ്രമായ പരിഷ്കാരങ്ങളിലൂടെ അവയെ ശമ്പളവും പെൻഷനും നൽകാൻ പ്രാപ്തരാക്കുകയാണ് ഇടതുപക്ഷ

ജനാധിപത്യ മുന്നണി സർക്കാരിന്റെ നയം. ഇതിന് ആവശ്യമായ സഹായങ്ങൾ എന്തൊക്കെയാണോ അവയെല്ലാം നൽകും. ഈ സമീപനത്തിന്റെ ഉജ്ജ്വലമായ വിജയമാണ് കേരളത്തിലെ പൊതുമേഖലാ വ്യവസായശാലകൾ മൊത്തത്തിൽ ലാഭത്തിലാക്കാൻ കഴിഞ്ഞത്. ഈ വിജയം കെഎസ്ആർടിസിയിലും ആവർത്തിക്കാൻ പോവുകയാണ്.

155. കെഎസ്ആർടിസിയുടെ പുനരുദ്ധാരണത്തിന്റെ വർഷ മായിരിക്കും 2018-19. ബാങ്കുകളുടെ കൺസോർഷ്യത്തിൽ നിന്നും 3500 കോടി രൂപയുടെ താഴ്ന്ന നിരക്കിലുള്ള ദീർഘകാല വായ്പ താമസിയാതെ ലഭ്യമാകും. ഇത് ഉപയോഗപ്പെടുത്തി നിലവിലുണ്ടായിരുന്ന ഉയർന്ന പലിശയ്ക്കുള്ള ഹ്രസ്വകാല വായ്പകൾ തിരിച്ചടച്ചാൽ കടം സർവ്വീസ് ചെലവിൽ പ്രതിമാസം 60 കോടി രൂപയുടെ കുറവ് ഉണ്ടാകും. ഉയർന്ന മാനേജ്മെന്റ് തലത്തിൽ പൊളിച്ചെഴുത്തു തുടങ്ങി. താമസിയാതെ കെഎസ്ആർടിസിയെ മൂന്നു പ്രത്യേക ലാഭകേന്ദ്രങ്ങളായി പുനഃസംഘടിപ്പിക്കും. കിഫ്ബി പണം ഉപയോഗിച്ചു വാങ്ങുന്ന 1000 ബസുകളുടെ ആദ്യബാച്ച് ഉടൻ നിരത്തിലിറങ്ങും. 2018-19-ൽ പുതിയതായി 2000 ബസുകൾകൂടി വാങ്ങുന്നതിനുള്ള പണം കിഫ്ബിയിൽ നിന്നും ലഭ്യമാക്കും. ആലപ്പുഴ ബസ് സ്റ്റാന്റ് കിഫ്ബി സഹായത്തോടുകൂടി മൊബിലിറ്റി ഹബ്ബിന്റെ ഭാഗമായി വികസിപ്പിക്കുകയാണ്. ഇതുപോലെ റവന്യു മോഡലിൽ എറണാകുളം, കായംകുളം, തുടങ്ങി ഏതാനും ബസ് ടെർമിനലുകൾകൂടി നവീകരിക്കുന്നതാണ്. ഫ്ലീറ്റ് യൂട്ടിലൈസേഷൻ, ഒരു ബസിന്റെ പ്രതിദിന സഞ്ചാരദൂരം, പ്രതിദിന വരുമാനം, ഡീസൽ മൈലേജ്, ബ്രേക്ക് ഡൌൺ

നിരക്ക്, ടേൺ എറൗണ്ട് നിരക്ക്, അപകടനിരക്ക് എന്നിവ ദേശീയ ശരാശരിയിൽ എത്തിക്കാനുള്ള നടപടികൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്. ഇവ 2019-20 ആകുമ്പോഴേയ്ക്കെങ്കിലും പൂർണ്ണ ഫലപ്രാപ്തിയിലെത്തുമെന്ന് ഉറപ്പുവരുത്തുന്നതിനുവേണ്ടി കാലാകാലങ്ങളിൽ കൈവരിക്കേണ്ട ഉൽപ്പാദനക്ഷമതാ ടാർജറ്റുകൾ നിശ്ചയിച്ചിട്ടുണ്ട്. പുനസംഘടനാ കാലയളവിൽ കെഎസ്ആർടിസിയുടെ വരവും ചെലവും തമ്മിലുള്ള ഓരോ ഘട്ടത്തിലെയും വിടവ് നിർണ്ണയിച്ചിട്ടുണ്ട്. ഈ വിടവ് സർക്കാർ നികത്തും. സർ, 2018-19-ൽ ഇതിനായി കെഎസ്ആർടിസിയ്ക്ക് 1000 കോടി രൂപ നൽകും. ഈ സഹായം ഉപാധിരഹിതമല്ലെന്ന് വ്യക്തമാക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ഉൽപ്പാദനക്ഷമത സംബന്ധിച്ച ടാർജെറ്റുകൾ നേടിയേ തീരൂ. ജസ്റ്റിസ് രാമചന്ദ്രൻനായർ കമ്മീഷന്റെ നിർദ്ദേശാനുസരണത്തിൽ ടിക്കറ്റ് നിരക്ക് സംബന്ധിച്ച നിർദ്ദേശങ്ങൾ സർക്കാർ പരിഗണനയിലാണ്. ഇവയെല്ലാം ഉൾക്കൊള്ളുന്ന പാക്കേജ് മാർച്ച് മാസത്തിൽ പ്രാബല്യത്തിൽ വരുമെന്നാണ് പ്രതീക്ഷിക്കുന്നത്.

156. സർ, കെഎസ്ആർടിസിയുടെ പെൻഷൻ കുടിശിക മാർച്ച് മാസത്തിനുള്ളിൽ വിതരണം ചെയ്യുന്നതാണ്. പുനസംഘടനയുടെ ഭാഗമായി ഭാവി പെൻഷൻ കൃത്യമായി നൽകുന്നതിന് പുതിയൊരു സംവിധാനത്തിന് രൂപംനൽകുകയാണ്. എല്ലാ ജില്ലകളിലും ജില്ലാ സഹകരണ ബാങ്കും പ്രധാന പ്രാഥമിക സഹകരണസംഘങ്ങളും ഒരു കൺസോർഷ്യമായി ആ ജില്ലയിലെ പെൻഷൻ കുടിശികയും മാസപെൻഷനും നൽകും. പലിശ സഹിതം ആറു മാസത്തിനുള്ളിൽ വായ്പകൾ സർക്കാർ തിരിച്ചടയ്ക്കും. കെഎസ്ആർടിസിയ്ക്ക് അനുവദിച്ചിട്ടുള്ള

1000 കോടി രൂപ ധനസഹായത്തിൽ നിന്നായിരിക്കും ഈ പണം കണ്ടെത്തുക. പുനസംഘടനയുടെ ഭാഗമായി കെഎസ്ആർടിസിയുടെ ധനസ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് പെൻഷന്റെ ബാധ്യത പൂർണ്ണമായും കെഎസ്ആർടിസിയിലാകും.

157. എത്രയോ ദശാബ്ദമായി ഏന്തിവലിഞ്ഞു നീങ്ങുന്ന ജലപാത നിർമ്മാണം കേരള വാട്ടർ വേയ്സ് ആന്റ് ഇൻഫ്രാസ്ട്രക്ച്ചർ കമ്പനി ഏറ്റെടുത്തിരിക്കുകയാണ്. 49 ശതമാനം ഓഹരി സിയാലിനുള്ള ഈ കമ്പനി സിയാലിന്റെ കാര്യക്ഷമതയുടെ മാതൃകയിൽ 2020 ആകുമ്പോഴേയ്ക്കും കോവളം മുതൽ ബേക്കൽ വരെയുള്ള ജലപാത പൂർത്തീകരിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇപ്പോൾ വളപട്ടണം മുതൽ മാഹി വരെ ജലമാർഗ്ഗം ഒട്ടുമേ ഇല്ലാത്ത 26 കിലോമീറ്റർ ഭൂമി ഏറ്റെടുക്കുകയാണ്. ഇതിനുവേണ്ടി കിഫ്ബി 650 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

158. സംസ്ഥാന ജലഗതാഗത വകുപ്പിന് 24.2 കോടി രൂപ വകയിരുത്തുന്നു. പുതുതായി സർവീസ് ആരംഭിച്ച ആദിത്യ എന്ന സൌരോർജ ബോട്ട് വളരെ വിജയപ്രദമായ ഒന്നാണ്. പരിസ്ഥിതി സൌഹൃദപരമായ ഈ സംരംഭം 2018-19-ൽ കൂടുതൽ വ്യാപിപ്പിക്കും.

159. കേരളത്തിൽ വാഹനാപകടങ്ങളിൽ ശരാശരി 4000 പേർക്ക് ജീവഹാനിയും 45000 പേർക്ക് പരിക്കേൽക്കുന്നുമുണ്ട്. ഇതു ദേശീയ ശരാശരിയേക്കാൾ വളരെ ഉയർന്നതാണ്. കേരളത്തിൽ വർദ്ധിച്ചുവരുന്ന റോഡപകടങ്ങളും മരണങ്ങളും കുറയ്ക്കുന്നതിനായി സംസ്ഥാനത്ത് ഇന്റഗ്രേറ്റഡ് ഡിജിറ്റൽ ട്രാഫിക് എൻഫോഴ്സ്മെന്റ് സിസ്റ്റം നടപ്പിലാക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഇതിനായി ഡിപിആർ തയ്യാറാക്കുന്നതിന് അനുയോജ്യമായ

നിർവ്വഹണ ഏജൻസിയെ നിശ്ചയിക്കുന്നതിന് ആഗോള ടെണ്ടർ വിളിച്ച് കൺസൾട്ടന്റിനെ നിയമിക്കുവാൻ കെഎസ്ഐഡിസിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ടോക്കൺ പ്രൊവിഷനായി 10 കോടി രൂപ വകയിരുത്തുന്നു. ഇത് റോഡ് സേഫ്ടി ഫണ്ടിൽ നിന്നും കണ്ടെത്തുന്നതാണ്.

160. മോട്ടോർ വാഹന നികുതി വകുപ്പിന് റോഡ് സേഫ്ടി നടപടികൾക്ക് 18 കോടി രൂപ വകയിരുത്തുന്നു. ട്രാഫിക് ലംഘനങ്ങളെ പൊതുജനങ്ങളുടെ സഹായത്തോടുകൂടി കണ്ടുപിടിക്കുന്നതിന് തേഡ് ഐ എൻഫോഴ്സ്മെന്റ് പ്രോജക്ട് നടപ്പാക്കാൻ ഉദ്ദേശിക്കുകയാണ്. പൊതു ജനത്തിന് ഫോട്ടോകളും വീഡിയോ ക്ലിപ്പിംഗുകളും പ്രത്യേക പോർട്ടലിലേയ്ക്ക് അപ്പ് ലോഡ് ചെയ്താൽ മതിയാകും. വെഹിക്കിൾ കം ഡ്രൈവർ സ്റ്റേഷനുകൾക്ക് 17 കോടി രൂപ വകയിരുത്തുന്നു.

161. വിമാനത്താവളങ്ങൾക്കുള്ള സ്ഥലമെടുപ്പ് 2018-19-ൽ പൂർത്തീകരിക്കും. ഇതിനുള്ള ചെലവ് മേജർ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്പ്മെന്റ് പ്രോജക്ടുകൾക്കുള്ള വകയിരുത്തലിൽ നിന്നും കണ്ടെത്തുന്നതാണ്.

162. കൊച്ചിമെട്രോ പേട്ടയിൽ നിന്നും എസ്.എൻ ജംഗ്ഷനിലേയ്ക്ക് നീട്ടുന്നതിനുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾ തുടങ്ങുന്നതാണ്. കൊച്ചിയിലെ ഇന്റഗ്രേറ്റഡ് വാട്ടർ ട്രാൻസ്പോർട്ട് പദ്ധതിക്കുള്ള ഭൂമി ഈ വർഷം ഏറ്റെടുക്കും. കേരള റെയിൽ ഡെവലപ്പ്മെന്റ് കോർപ്പറേഷനെന്ന സംയുക്ത സംരംഭം 2018-19-ൽ ഏതാനും പദ്ധതികൾക്കെങ്കിലും തുടക്കം കുറിക്കുമെന്ന് കരുതുന്നു. മൈസൂർ - തലശ്ശേരി റെയിൽവേയുടെ ഡിപിആർ തയ്യാറായിക്കൊണ്ടിരിക്കുകയാണ്. കേരളത്തിന് ഒരു തെക്കുവടക്ക് ഹൈസ്പീഡ് റെയിൽവേ

കോറിഡോറിനെക്കുറിച്ച് മുൻബജറ്റുകളിൽ ചർച്ച ചെയ്തിട്ടുണ്ട്. നിലവിലുള്ള റെയിൽപാളത്തിന് സമാന്തര മായി പുതിയ രണ്ടു പാളങ്ങൾകൂടി നിർമ്മിക്കുന്നതിനുള്ള ബദൽ നിർദ്ദേശവും സർക്കാരിന്റെ പരിഗണനയിലാണ്. റെയിൽവേ രണ്ടാമത്തെ നിർദ്ദേശത്തോടാണ് അനുഭാവം പ്രകടിപ്പിച്ചിരിക്കുന്നത്. ഇതു സംബന്ധിച്ച അന്തിമതീരുമാനം എടുക്കുകയും നടപ്പുവർഷത്തിൽ പദ്ധതി പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്യും.

163. കളമശേരിയിൽ നടപ്പിലാക്കുന്ന സിറ്റി ഗ്യാസ് വിതരണ പരിപാടി ഏറെ സ്വീകാര്യവും ഫലപ്രദവുമാണ്. ഗെയിൽ പൈപ്പ് ലൈൻ കടന്നുപോകുന്ന എല്ലാ നഗരങ്ങളിലും സിറ്റി ഗ്യാസ് വിതരണ പരിപാടി നടപ്പിലാക്കും.

**തുറമുഖം**

164. തുറമുഖ വകുപ്പിന് 110 കോടി രൂപ വകയിരുത്തുന്നു. ഏറ്റവും വലിയ തുറമുഖ പദ്ധതിയായ വിഴിഞ്ഞം ഇന്റർനാഷണൽ പോർട്ടിന്റെ നിർമ്മാണപ്രവർത്തനം മുന്നോട്ടു പോകുന്നുണ്ട്. ഇതിന് ആവശ്യമായ പണം വൻകിട പ്രോജക്ടുകളുടെ ഹെഡ്ഡിൽ നിന്നാണ് കണ്ടെത്തുക. ആലപ്പുഴ മരീനയുടെ പരിസ്ഥിതി ആഘാതപഠനം നടന്നുകൊണ്ടിരിക്കുകയാണ്. ഇടത്തരം തുറമുഖങ്ങളായ അഴീക്കൽ, ബേപ്പൂർ, കൊല്ലം, വിഴിഞ്ഞം ഫീഡർ പോർട്ട്, കൊടുങ്ങല്ലൂർ തുറമുഖങ്ങൾക്ക് 77 കോടി രൂപ വകയിരുത്തുന്നു. മറ്റു ചെറുകിട തുറമുഖങ്ങൾക്ക് സാഗരമാല പദ്ധതിയിൽ നിന്നും പണം കണ്ടെത്തുന്നതിന് ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന് 14 കോടി രൂപ വകയിരുത്തുന്നു.

## വൈദ്യുതി

165. ആവശ്യമായ തോതിലും ഗുണത്തിലും വൈദ്യുതിലഭ്യത ഉറപ്പുവരുത്തിക്കൊണ്ടല്ലാതെ വ്യവസായവൽക്കരണം സാധ്യമല്ല. കേരളത്തിലെ പ്രതിശീർഷ വൈദ്യുതി ഉപഭോഗം ദേശീയശരാശരിയേക്കാൾ താഴെയാണ്. അതുതന്നെ കേരളത്തിലെ വ്യവസായമേഖലയെക്കാൾ ഗാർഹിക വാണിജ്യ മേഖലകളിലാണ് ഉപയോഗിക്കുന്നത്. കേരളത്തിലെ വൈദ്യുതി ഉൽപ്പാദനം വർദ്ധിപ്പിച്ചുകൊണ്ടും പുറത്തുനിന്നും ന്യായമായ വിലയ്ക്ക് വൈദ്യുതി ഉറപ്പുവരുത്തിക്കൊണ്ടും ഈ പിന്നോക്കാവസ്ഥ പരിഹരിക്കാൻ കഴിയണം. വൈദ്യുതി മേഖലയുടെ മൊത്തം അടങ്കൽ 1854 കോടി രൂപയാണ്. ഇതിൽ 900 കോടി രൂപ വിതരണത്തിനും 486 കോടി രൂപ പ്രസരണത്തിനും 428 കോടി രൂപ ഉൽപാദനത്തിനുമാണ്.

166. വാർഷിക പദ്ധതിയിൽ 49 ജലവൈദ്യുത പദ്ധതികളും 2 തെർമ്മൽ പദ്ധതികളും 2 കാറ്റാടി പദ്ധതികളും 1 സോളാർ പദ്ധതിയും ഉൾപ്പെടും. നിർമ്മാണത്തിലിരിക്കുന്ന 27 ജലവൈദ്യുത പദ്ധതികളുടെ പ്രതിഷ്ഠാപിതശേഷി 276 മെഗാവാട്ടും ഉൽപാദനശേഷി 70.7 കോടി യൂണിറ്റുമാണ്. പാരമ്പര്യേത ഊർജ്ജ പ്രോജക്ടുകളുടെ പ്രതിഷ്ഠാപിതശേഷി 4.4 മെഗാവാട്ടും ഉൽപ്പാദനശേഷി 30 ലക്ഷം യൂണിറ്റുമാണ്.

167. കിഫ്ബി വഴി നടപ്പാക്കുന്ന 5200 കോടി രൂപയുടെ ട്രാൻസ്ഗ്രിഡ് 2 ആണ് പ്രസരണമേഖലയിലെ ഏറ്റവും വലിയ പദ്ധതി. കേന്ദ്രാവിഷ്കൃത പദ്ധതികളിൽ നിന്ന് ഗ്രാമീണ വിതരണത്തിന് 270 കോടി രൂപയും നഗരവിതരണത്തിന് 450 കോടി രൂപയും കണ്ടെത്തും.

168. വൈദ്യുതി ഉൽപ്പാദനംപോലെ തന്നെ പ്രധാനമാണ് വൈദ്യുതി ദുർവ്യയം കുറയ്ക്കുക എന്നതും. വൈദ്യുതി ദുർവ്യയം കുറയ്ക്കുന്നതിനുള്ള നൂതന കണ്ടുപിടിത്തങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും അവയെ സംരംഭക അടിസ്ഥാനത്തിൽ വികസിപ്പിക്കുന്നതിനും ഒരു പുതിയ സ്കീം ആരംഭിക്കുകയാണ്. വൈദ്യുതി ബോർഡിലെ എനർജി സേവിംഗ് ആന്റ് കോർഡിനേഷൻ ടീമിന്റെ നേതൃത്വത്തിലായിരിക്കും ഇത് നടപ്പിലാക്കുക. ഇതിനായി 28 കോടി രൂപ വകയിരുത്തുന്നു. എനർജി മാനേജ്മെന്റ് സെന്ററിന് 18 കോടി രൂപയും അനർട്ടിന് 53 കോടി രൂപയും വകയിരുത്തുന്നു. സർ, വൈദ്യുതി ഉപയോഗിച്ച് പ്രവർത്തിക്കുന്ന വാഹനങ്ങൾ വ്യാപകമാക്കുക എന്നതൊരു ദേശീയ ലക്ഷ്യമാണ്. കൊച്ചി മെട്രോ സ്റ്റേഷനുകളിൽ നിന്നും തുടർയാത്രകൾക്കായി ബാറ്ററിയിലോടുന്ന ഓട്ടോറിക്ഷകൾ കൊണ്ടുവരുന്നതാണ്. ഇവയുടെ റീ ചാർജിംഗിനായി ഇലക്ട്രിസിറ്റി ബോർഡിന്റെ ചുമതലയിൽ ബൾക്ക് ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കും. 2018-19-ൽ ഇതിനു തുടക്കം കുറിക്കും.

**ജലസേചനം**

169. വൻകിട ഇടത്തരം ജലസേചന പദ്ധതികൾക്ക് 304 കോടി രൂപ വകയിരുത്തിയിരിക്കുന്നതിൽ 13.5 കോടി രൂപ ഇടമലയാർ, മൂവാറ്റുപുഴ, കാരാപ്പുഴ, ബാണാസുരസാഗർ എന്നിവയ്ക്കായി ഏതാണ്ട് തുല്യമായി വകയിരുത്തിയിട്ടുണ്ട്. അന്തർസംസ്ഥാന ജലതർക്കങ്ങളുടെ പശ്ചാത്തലത്തിൽ പാമ്പാർ, ഭവാനി നദീതടങ്ങളിലെ പദ്ധതികൾക്കായി 14 കോടി രൂപ വകയിരുത്തുന്നു. ഇന്റർസ്റ്റേറ്റ് വാട്ടർ ഹബ്ബിനുവേണ്ടി പാലക്കാട് ഒരു പ്രത്യേക സമുച്ചയം നിർമ്മിക്കുന്നതാണ്. ചമ്രവട്ടത്തിന്റെ പൂർണ്ണ വിനിയോഗം

ഉറപ്പുവരുത്തുന്നതിനു വേണ്ടി 48 കോടി രൂപ വകയിരുത്തുന്നു. കുറ്റ്യാടി, പഴശ്ശി, ചിത്രപ്പുഴ പദ്ധതികളുടെ നവീകരണത്തിനും കനാൽ പുനരുദ്ധാരണത്തിനുമായി ഈ വർഷം പുതിയതായി ഏറ്റെടുക്കുന്ന സ്കീമിന് 14 കോടി രൂപ വകയിരുത്തുന്നു. കനാലുകളുടെ പുനരുദ്ധാരണത്തിന് സമഗ്രമായ ഒരു സമയബന്ധിത പരിപാടി തയ്യാറാക്കി നബാർഡിന്റെ ധനസഹായം തേടുന്നതാണ്.

170. ഡാം റീഹാബിലിറ്റേഷൻ പ്രോജക്ടിന് ഈ വർഷം 137 കോടി രൂപയുണ്ട്. ഡാമുകളിലെ മണൽ സംബന്ധിച്ച മതിപ്പു കണക്ക് ഉണ്ടാക്കുന്നതിനും മണൽ വാരുന്നതിനുള്ള പദ്ധതി ടെണ്ടർ സജ്ജമാക്കുന്നതിനുമുള്ള നടപടികൾ പുരോഗമിച്ചു വരികയാണ്.

171. ചെറുകിട ജലസേചനത്തിൽ 21 കോടി രൂപ ഭൂഗർഭ ജലത്തിനും 170 കോടി രൂപ ലിഫ്റ്റ് ഇറിഗേഷൻ പോലുള്ള സർഫസ് വാട്ടർ ഇറിഗേഷനുമാണ്. കുളങ്ങളും ടാങ്കുകളും പുനരുദ്ധരിക്കുന്നതിന് 13 കോടി രൂപ വകയിരുത്തുന്നു.

## കുടിവെള്ളം

172. കെഎസ്ആർടിസി പോലെ വാട്ടർ അതോറിറ്റിയും ഗൌരവമായ പ്രതിസന്ധിയിലേയ്ക്ക് നീങ്ങുകയാണ്. വാട്ടർ അതോറിറ്റിയുടെ വാർഷിക റവന്യു ചെലവ് 1280 കോടി രൂപയാണ്. വാട്ടർ ചാർജ്ജിൽ നിന്നുള്ള വരുമാനം 554 കോടി രൂപയും കേരള സർക്കാർ നൽകുന്ന നോൺ പ്ലാൻ ഗ്രാന്റ് 335 കോടി രൂപയുമാണ്. അങ്ങനെ ഇപ്പോൾ വാർഷിക കമ്മി 386 കോടി രൂപയാണ്. ഈ വിടവ് നികത്തുന്നത് കെഎസ്ഇബിയ്ക്കുള്ള വൈദ്യുതി ബില്ലും കോൺട്രാക്ടർമാരുടെ ബില്ലും വൈകിപ്പിച്ചാണ്. വരുമാനം ഇത്ര കുറയുന്നതിന്റെ മുഖ്യകാരണം വെള്ളത്തിന്റെ

ചോർച്ചയാണ്. 55 ശതമാനം വെള്ളമേ മീറ്റർ ചെയ്യ പ്പെടുന്നുള്ളൂ. ഇതു കണ്ടുകൊണ്ടാണ് കിഫ്ബിയിൽ നിന്നുമുള്ള 3776 കോടി രൂപ നിക്ഷേപത്തിൽ ആയിരത്തോളം കോടി രൂപ നിലവിലുള്ള സ്കീമുകളുടെ വിതരണ ശൃംഖല പുനരുദ്ധരിക്കുന്നതിന് വകയിരുത്തിയത്. ഇതിൽ ആലപ്പുഴ കുടിവെള്ള പദ്ധതിയും ഉൾപ്പെടും. ഇവയുടെ നിർവഹണം യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തീകരിക്കണം. വാട്ടർ അതോറിറ്റിക്കുള്ള ഡിപ്പാർട്ട്മെന്റുകളുടെയും തദ്ദേശഭരണ സ്ഥാപന ങ്ങളുടെയും കുടിശിക തീർക്കണം. സാധാരണക്കാരുടെമേൽ ഭാരം അടിച്ചേൽപ്പിക്കാതെ കഴിയുന്നതും കൂടുതൽ ആനുകൂല്യങ്ങൾ നൽകിക്കൊണ്ടു തന്നെ വരുമാനം ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചേമതിയാകൂ.

173. ഇപ്പോൾ 300 കോടി രൂപ കരാറുകർക്ക് കുടിശിഖയാണ്. ഏതാണ്ട് 600 കോടി രൂപയുടെ പദ്ധതികൾ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. കേന്ദ്രസഹായം നിലച്ചതോടെ പല പദ്ധതികളും സ്തംഭനത്തിലാണ്. റവന്യുക്കമ്മി കേരള വാട്ടർ അതോറിറ്റിതന്നെ പരിഹാരം കണ്ടെത്തണം. എന്നാൽ നിർമ്മാണത്തിലിരിക്കുന്ന പ്രവൃത്തികളുടെ സ്തംഭനാവസ്ഥ പരിഹരിക്കുന്നതിന് ധനവകുപ്പ് മുൻകൈയെടുക്കുന്നതാണ്. പൊതുമരാമത്തി ലെന്നപോലെ വാട്ടർ അതോറിറ്റിയിലും ലെറ്റർ ഓഫ് ക്രെഡിറ്റ് സംവിധാനം ഏർപ്പെടുത്തുകയും സർക്കാർ ഗ്യാരണ്ടിയിൽ ബിൽ ഡിസ്കൌണ്ടിംഗ് സ്കീം നടപ്പാക്കുകയും ചെയ്യും. കിഫ്ബി പദ്ധതികൾക്ക് മുൻഗണന നൽകി നടപ്പാക്കുന്നതിന് വാട്ടർ അതോറിറ്റിയും മുൻകൈയെടുക്കണം. കെഎസ്ആർടിസിയിലെന്നപോലെ

തന്നെ വാട്ടർ അതോറിറ്റിയുടെ നടത്തിപ്പിൽ ഒരു പൊളിച്ചെഴുത്ത് അനിവാര്യമാണ്.

174. കുടിവെള്ളത്തിനുള്ള പദ്ധതിയടങ്കൽ 1072.43 കോടി രൂപയാണ്. ഇതിൽ 216 കോടി രൂപ ജലനിധിക്കാണ്. മെഡിക്കൽ കോളേജുകൾ, ശബരിമല എന്നിവിടങ്ങളിൽ വെള്ളം എത്തിക്കുന്നതിന് 80 കോടി രൂപ വകയിരുത്തുന്നു. ജപ്പാൻ കുടിവെള്ള പദ്ധതിക്ക് 75 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ആറ് കോർപ്പറേഷനുകളിലെയും ആലപ്പുഴയിലെയും സ്വീവേജ് പദ്ധതികൾക്ക് 120 കോടി രൂപ വകയിരുത്തുന്നു. ചെങ്ങന്നൂർ നഗരസഭയിലെ സമഗ്ര കുടിവെള്ള പദ്ധതിയായ മുളക്കുഴ – വെൺമണി കുടിവെള്ള പദ്ധതിക്ക് ഭരണാനുമതി നൽകുന്നതാണ്.

175. വരൾച്ചയുടെ അപകടം കണക്കിലെടുത്തുകൊണ്ട് ദുരന്തനിവാരണ പ്രവർത്തനങ്ങൾക്ക് 5 കോടി രൂപ വകയിരുത്തുന്നു. ഇതോടൊപ്പം മഴവെള്ള കൊയ്ത്തിനും കിണർ റീചാർജ്ജിംഗ് പദ്ധതികൾക്കും 20 കോടി രൂപ വകയിരുത്തുന്നു. ജലനിധി ഒന്നാംഘട്ട പദ്ധതികളിലെ മൂന്നിലൊന്നോളം ഭാഗീകമായോ പൂർണ്ണമായോ പ്രവർത്തന ക്ഷമമല്ലെന്ന് സിഎജി റിപ്പോർട്ടുണ്ട്. ഇവയുടെ പുനരുദ്ധാരണത്തിന് 10 കോടി രൂപ വകയിരുത്തുന്നു.

176. കേരള സ്റ്റാർട്ട് അപ്പ് മിഷനുമായി സഹകരിച്ച് കുടിവെള്ള വിതരണത്തിന്റെയും മലിനജല സംസ്കരണത്തിന്റെയും കുരുക്കൾ അഴിക്കുന്നതിനു നവീന ആശയങ്ങളെ പ്രായോഗിക സാങ്കേതികവിദ്യകളായി മാറ്റുന്നതിന് വാട്ടർ അതോറിറ്റി ഇന്നവേഷൻ സോൺ എന്ന പേരിൽ പുതിയൊരു സ്കീം ആരംഭിക്കുകയാണ്. ഈ സ്കീമിന്റെ ആദ്യത്തെ അംഗീകാരം ഞാൻ നേരത്തെ പരാമർശിച്ച് ബാന്റിക്യൂട്ടിനായിരുന്നു. ഫെബ്രുവരി അവസാനവാര

ത്തോടെ ആറ്റുകാൽ പൊങ്കാലയ്ക്ക് മുന്നോടിയായി ഈ യന്ത്രമനുഷ്യനെ വിന്യസിക്കും. ഇതുപോലെ ഓരോ ഡിപ്പാർട്ട്മെന്റും സാങ്കേതിക വിദഗ്ദ്ധരായ യുവതി-യുവാക്കളുടെ നൂതന ആശയങ്ങളെ അവരുടെ മേഖലകളിൽ സന്നിവേശിപ്പിക്കുന്നതിനുള്ള മുൻകൈകൾ എടുക്കേണ്ടിയിരിക്കുന്നു.

## VII

## സാമൂഹികപശ്ചാത്തല സൌകര്യങ്ങൾ

### ഉന്നത വിദ്യാഭ്യാസം

177. സ്ത്രീകളൊന്നും പഠിക്കേണ്ട കാര്യമേയില്ല എന്നായിരുന്നു പഴയകാലത്തെ ചിന്ത. പഠിച്ചിട്ടും കാര്യമില്ലെന്ന് ഉറക്കെപ്പറയാനും അന്നാർക്കും മടിയുമുണ്ടായിരുന്നില്ല. "നിൻറമ്മയെ ഞാൻ കുറെ പഠിപ്പിച്ചു. എന്നിട്ടെന്തുണ്ടായി? പെൻസിലു പിടിക്കാൻ കൂടി ഓള് മറന്നിട്ടുണ്ടാകും" എന്ന് രാജലക്ഷ്മി എഴുതിയ കാലമല്ല ഇന്ന് എന്ന് നമുക്ക് അഭിമാനത്തോടെ പറയാനാകും. ഉന്നതവിദ്യാഭ്യാസ മേഖലയിലും ഇന്ന് സ്ത്രീകളാണ് മുന്നിൽ. പക്ഷേ വിദ്യാഭ്യാസത്തിന്റെ ഉള്ളടക്കം ഇന്നും മാമൂൽ കാഴ്ചപ്പാടുകളെ അരക്കെട്ടുറപ്പിക്കുന്നവയാണ്.

178. പ്രാഥമികാരോഗ്യവും സ്കൂൾ വിദ്യാഭ്യാസവും അവതരിപ്പിച്ചു കഴിഞ്ഞ സ്ഥിതിക്ക് ഇവിടെ ഉന്നതവിദ്യാഭ്യാസവും ആരോഗ്യവുമാണ് പരാമർശിക്കുന്നത്. ഉന്നതവിദ്യാഭ്യാസ ത്തിന് 789 കോടി രൂപ വകയിരുത്തുന്നു. സർവ്വകലാ ശാലകളിൽ നിലവിലുള്ള പോസ്റ്റുകൾ പൂർണ്ണമായും നിയമനം നടത്തേണ്ടതുണ്ട്. സർവ്വകലാശാല ഡിപ്പാർട്ട്മെന്റു കളുടെ പോസ്റ്റുകളുടെ കാര്യം സമഗ്രമായ റിവ്യൂവിന് വിധേയമാക്കും. കേരള സർവ്വകലാശാലയിലെ ബയോ

ഇൻഫോമാറ്റിക്സ് വകുപ്പ് ആരംഭിച്ചിട്ട് 10 വർഷമായെങ്കിലും ഇതുവരെ ഒരു പോസ്റ്റും സൃഷ്ടിച്ചിട്ടില്ല. ഇതുപോലെ നൂതനവും മർമ്മപ്രധാനവുമായിട്ടുള്ള വകുപ്പുകളിൽ ആവശ്യമായ അധ്യാപക തസ്തികകൾ അനുവദിക്കും. യൂണിവേഴ്സിറ്റുകൾ തമ്മിൽ പദ്ധതിയേതര ഗ്രാന്റിൽ വലിയ അസന്തുലിതാവസ്ഥ നിലനിൽക്കുന്നുവെന്ന ആക്ഷേപമുണ്ട്. ഇക്കാര്യം വിശദമായി പരിശോധിച്ച് ആവശ്യമായ തിരുത്തലുകൾ വരുത്തുന്നതാണ്. സർവ്വകലാശാലകളുടെ ഭൌതികസാഹചര്യ വികസനത്തിന് കിഫ്ബിയിൽ നിന്നും പണം ഉപയോഗപ്പെടുത്തുന്നതിനുള്ള സാധ്യത ഇതുവരെ കൊച്ചി സർവ്വകലാശാല മാത്രമേ ഉപയോഗപ്പെടുത്തിയിട്ടുള്ളൂ. വിവിധ സർവ്വകലാശാലകൾക്കുള്ള വകയിരുത്തൽ ചുവടെപ്പറയുന്നു.

| | | |
|---|---|---|
| കേരള യൂണിവേഴ്സിറ്റി | - | 27 കോടി |
| കാലിക്കറ്റ് യൂണിവേഴ്സിറ്റി | - | 25 കോടി |
| എം.ജി യൂണിവേഴ്സിറ്റി | - | 25 കോടി |
| ശ്രീശങ്കര സംസ്കൃത സർവ്വകലാശാല | - | 16 കോടി |
| കണ്ണൂർ സർവ്വകലാശാല | - | 25 കോടി |
| എൻ.യു അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ് | - | 7 കോടി |
| മലയാളം സർവ്വകലാശാല | - | 8 കോടി |
| കാർഷിക സർവ്വകലാശാല | - | 82.5 കോടി |
| വെറ്ററിനറി സർവ്വകലാശാല | - | 78 കോടി |
| ഫിഷറീസ് സർവ്വകലാശാല | - | 41 കോടി |
| മെഡിക്കൽ സർവ്വകലാശാല | - | 24.5 കോടി |

അബ്ദുൾകലാം സാങ്കേതിക സർവ്വകലാശാല-31 കോടി

കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല-24 കോടി

കലാമണ്ഡലം -12.5 കോടി

179. ഹയർ എഡ്യുക്കേഷൻ കൌൺസിലിന്റെ അടങ്കൽ 16.5 കോടി രൂപയാണ്. കെ.സി.എച്ച്.ആർ.ന് 10 കോടി രൂപയും അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാമിന് 28 കോടി രൂപയും ലഭ്യമാക്കും. അന്തർസംസ്ഥാന സർവ്വകലാശാല സെന്ററുകൾക്ക് 7.5 കോടി രൂപയുണ്ട്. ലൈബ്രറികളും ലബോറട്ടികളും കോഴ്സുകളും അപ്ഗ്രേഡ് ചെയ്യുന്നതിന് 13 കോടി രൂപ വകയിരുത്തുന്നു. ഉന്നത വിദ്യാഭ്യാസ മേഖലയിലെ ഒട്ടേറെ നൂതന സ്കീമുകളുണ്ട്. ഇതിൽ പ്രധാനപ്പെട്ട എറുഡിറ്റ് അഥവാ ലോകോത്തര പണ്ഡിതരെ നമ്മുടെ സർവ്വകലാശാലകളിലേയ്ക്ക് ക്ഷണിക്കുന്നതിനുള്ള സ്കീം, ടൈലെ ട്രെയിനിംഗിനുള്ള എഡ്യുസാറ്റ് സ്കീം, മികവുറ്റ കുട്ടികൾക്കുള്ള പ്രത്യേക പിന്തുണ സ്കീം, മെന്ററിംഗിനുവേണ്ടിയുള്ള വാക് വിത്ത് എ സ്കോളർ സ്കീം, അധ്യാപകരിൽ അക്കാദമിക് ഗവേഷണ അഭിരുചി വളർത്താനുള്ള ഫ്ലെയർ, പോസ്റ്റ് ഗ്യാജ്യുവേറ്റ് വിദ്യാർത്ഥികൾക്ക് ഗവേഷണ അഭിരുചി വളർത്താനുള്ള അസ്പെയർ തുടങ്ങിയവയ്ക്ക് 18 കോടി രൂപ വകയിരുത്തുന്നു. 10 പൈതൃക കോളേജുകൾക്ക് 10 കോടി രൂപയും അനുവദിക്കുന്നു. മഹാത്മാഗാന്ധി സർവ്വകലാ ശാലയിൽ ഉണ്ടായിരുന്ന സ്വാശ്രയ കോഴ്സുകൾ നടത്തുന്നതിന് രൂപീകരിച്ച സൊസൈറ്റിയ്ക്ക് ടോക്കൺ പ്രൊവിഷനായി 1 കോടി രൂപ അനുവദിക്കുന്നു.

180. ആർട്സ് ആന്റ് സയൻസ് കോളേജുകളുടെ ഭൌതികസൌകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് കിഫ്ബിയിൽ നിന്നും 188 കോടി രൂപയ്ക്കുള്ള പദ്ധതി കളുടെ ഡി.പി.ആർ തയ്യാറായിട്ടുണ്ട്. അതുകൊണ്ട്

കോളേജ് അപ്ഗ്രഡേഷൻ ഇൻഫ്രാസ്ട്രക്ച്ചറിനുള്ള 25 കോടി രൂപ ലൈബ്രറി, ലബോറട്ടറി, കളിസ്ഥലങ്ങൾ തുടങ്ങിവയ്ക്കുവേണ്ടിയാണ് ഉപയോഗിക്കേണ്ടത്. ആർട്സ് ആന്റ് സയൻസ് കോളേജുകളിൽ നാക് അക്രഡിറ്റേഷന് സഹായിക്കുന്നതിനും വിദ്യാഭ്യാസ ഗുണനിലവാരം ഉയർത്തുന്നതിനും വേണ്ടി 26 കോടി രൂപ വകയിരുത്തുന്നു. ഹോണേഴ്സ് ഡിഗ്രി അടക്കം നൂതന കോഴ്സുകൾ ആവിഷ്കരിക്കുന്നതിനും ഇന്റർ ഡിസിപ്ലിനറി ഗവേഷണ കോഴ്സ് ആരംഭിക്കുന്നതിനും 6 കോടി രൂപ വകയിരുത്തുന്നു. 61 സർക്കാർ കോളേജുകളിലെ ഓരോ വിഷയത്തിലും മികച്ച ഒരു കുട്ടിക്ക് എൻഡോവ്മെന്റായി പ്രതിവർഷം 10000 രൂപ വീതം പഠനകാലയളവിൽ നൽകുന്നതിനുള്ള 5 കോടി രൂപ അനുവദിക്കുന്നു. സ്പോർട്സിൽ മികവുകാണിക്കുന്ന കുട്ടികൾക്ക് പ്രത്യേക സ്കോളർഷിപ്പിന് 2 കോടി രൂപ നീക്കിവയ്ക്കുന്നു. പുതിയതായി കാസർഗോഡ് കിനാലൂർ കരിന്തളം പഞ്ചായത്തിലും പാലക്കാട് കുത്തന്നൂർ പഞ്ചായത്തിലും ആർട്സ് ആന്റ് സയൻസ് കോളേജുകൾ അനുവദിക്കുന്നതാണ്.

181. ഉന്നതവിദ്യാഭ്യാസ മേഖലയിലെ ഏറ്റവും വലിയ ഫണ്ടിംഗ് സ്രോതസ്സായി റൂസ വളർന്നിരിക്കുകയാണ്. 2018-19 ൽ 500 കോടി രൂപയാണ് ഇതിൽ നിന്നും പ്രതീക്ഷിക്കുന്നത്. 40 ശതമാനം സംസ്ഥാന വിഹിതം വകയിരുത്തിയിട്ടുണ്ട്. ഇതിനായുള്ള സംസ്ഥാന ഉന്നതവിദ്യാഭ്യാസ പദ്ധതി സംസ്ഥാന സർക്കാർ കേന്ദ്രസർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

182. അക്കാദമിക് മേഖലയിൽ വലിയ അസഹിഷ്ണുതയുടെ അന്തരീക്ഷം വളർന്നുകൊണ്ടിരിക്കുകയാണ്. സർവ്വകലാ ശാലകൾക്കു പോലും സ്വതന്ത്രമായ അക്കാദമിക ചർച്ചകൾ

സാധ്യമല്ലാത്ത അന്തരീക്ഷം സംജാതമായിട്ടുണ്ട്. കേരളം ബഹുസ്വരതയെയും സ്വതന്ത്രമായ ചർച്ചകളെയും പ്രോത്സാഹിപ്പിക്കുന്നു. ദേശീയ അക്കാദമിക് സംഘടനകൾക്ക് ആതിഥ്യമരുളാനും ധനസഹായം നൽകുന്നതിനും കേരളം സദാസന്നദ്ധമായിരിക്കും. ഇതിനായി 5 കോടി രൂപ വകയിരുത്തുന്നു. ഇതിൽ 1 കോടി രൂപ മൂലധനത്തിന്റെ നൂറ്റിഅമ്പതാം വാർഷികത്തിന്റെ സമാപനമായി നടത്താൻ ഉദ്ദേശിക്കുന്ന അന്തർദേശീയ സെമിനാറിനു വേണ്ടിയാണ്. ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആന്റ് ടാക്സേഷനും സോഷ്യൽ സയന്റിസ്റ്റ് മാസികയും സംയുക്തമായിട്ടാണ് ഈ സെമിനാർ സംഘടിപ്പിക്കുന്നത്. ഫെസ്റ്റിവൽ ഓഫ് ഐഡിയാസ് സംഘടിപ്പിക്കുന്നതിനുള്ള 50 ലക്ഷം രൂപയും ഇതിൽ നിന്നായിരിക്കും. ലാറി ബേക്കർ ശതാബ്ദി ആഘോഷവുമായി ബന്ധപ്പെട്ട് ബദൽ നിർമ്മാണരീതികളെക്കുറിച്ചുള്ള തിരുവനന്തപുരത്തെ അന്തർദേശീയ സെമിനാറിനും മൊബൈൽ എക്സിബിഷനും എഞ്ചിനീയറിംഗ് കോളേജുകളിലും ജില്ലാ കേന്ദ്രങ്ങളിലുമുള്ള വികസന സെമിനാറുകൾക്കുമായി 50 ലക്ഷം രൂപ വകയിരുത്തുന്നു. കേരളത്തിൽ നടക്കുന്ന അന്തർദേശീയ ലിറ്ററി ഫെസ്റ്റിവെലുകൾക്കും ഈ ഹെഡിൽ നിന്ന് പണം അനുവദിക്കുന്നതാണ്.

183. ഗോഖലെ ഇൻസ്റ്റിറ്റ്യൂട്ട് ദക്ഷിണേന്ത്യയുടെ സാമൂഹിക, സാമ്പത്തിക പഠനങ്ങളെക്കുറിച്ച് തയ്യാറാക്കിയ അനോട്ടേറ്റഡ് ബിബ്ലിയോഗ്രഫിയുടെ മാതൃകയിൽ ഒരു ബിബ്ലിയോഗ്രഫി കേരളത്തിനു വേണ്ടി തയ്യാറാക്കുന്നതിന് കേരള ഇക്കണോമിക് അസോസിയേഷന് 50 ലക്ഷം രൂപ അനുവദിക്കുന്നു.

## സാങ്കേതികവിദ്യാഭ്യാസം

184. സാങ്കേതികവിദ്യാഭ്യാസത്തിന്റെ അടങ്കൽ 248 കോടി രൂപയാണ്. പുതിയതായി ആരംഭിച്ചിട്ടുള്ള അഞ്ച് എഞ്ചിനീയറിംഗ് കോളേജുകൾക്ക് ഏതാണ്ട് തുല്യമായി 42 കോടി രൂപ വകയിരുത്തുന്നു. സർക്കാർ പോളി ടെക്നിക്കുകളുടെ വികസനത്തിന് 36 കോടി രൂപ വകയിരുത്തുന്നു.

185. സാങ്കേതികവിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം ഉയർത്തുന്നതിനും നൂതനസംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും ഒട്ടേറെ ഭാവനാപൂർണ്ണമായ നടപടികൾ കൈക്കൊള്ളുന്നുണ്ട്. വ്യവസായികളുമായി ഇന്ററാക്ട് ചെയ്യുന്നതിനുള്ള പ്രത്യേക സെല്ലുകൾ, ഫിനിഷിംഗ് സ്കൂളുകൾ, വ്യവസായ പാർക്കുകളുമായുള്ള കണക്ടിവിറ്റി, സയൻസ് ആന്റ് ടെക്നോളജി റിസർച്ച് പാർക്ക്, വ്യവസായ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് ഓട്ടോമോട്ടീവ് മെക്കാട്രോണിക്സ്, ഓട്ടമേഷൻ റോബോട്ടിക്, ട്രാൻസ്ലേഷണൽ എഞ്ചിനീയറിംഗ് തുടങ്ങിവയ്ക്കുള്ള കേന്ദ്രങ്ങൾ, ട്രാൻസ്പോർട്ടേഷൻ, ഡിസൈൻ, ബിസിനസ് ഇൻക്യുബേഷൻ കേന്ദ്രങ്ങൾ, അക്രഡിറ്റേഷൻ സ്കീമുകൾ, റൂറൽ ടെക്നോളജി സെന്ററുകൾ എന്നിവ പ്രധാനപ്പെട്ട ചില പ്രവർത്തനങ്ങളാണ്. ഐ.എസ്.ആർ.ഒ.യുമായി ചേർന്നുകൊണ്ട് വിദ്യാർത്ഥികളുടെ ഒരു ഉപഗ്രഹം വിക്ഷേപണം ചെയ്യാനുള്ള പ്രവർത്തനം ഈ വർഷം ആരംഭിക്കും. ഇന്റർ ഡിസിപ്ലിനറി ഗവേഷണ കേന്ദ്രങ്ങളും എഞ്ചിനീയറിഗ് കോളേജുകളിൽ ആരംഭിക്കുന്നതാണ്. പുനർജനനിയ്ക്ക് 1 കോടി രൂപ വകയിരുത്തുന്നു. പോളിടെക്നിക്കുകളിൽ മെറ്റീരിയിൽ ടെസ്റ്റിംഗ് ആന്റ് സർട്ടിഫിക്കേഷൻ കേന്ദ്രങ്ങൾ ആരംഭിക്കും.

186. ഐടിഐകളുടെ ആധുനികവൽക്കരണത്തിന് 55 കോടി രൂപ വകയിരുത്തുന്നു. നിലവിലുള്ള ട്രേഡുകൾ പുനരാവിഷ്കരിക്കുന്നതിനും നൂതനമായ പുതിയ യന്ത്രങ്ങൾ വാങ്ങുന്നതിനും നവീകരിക്കുന്നതിനുമെല്ലാമാണ് ഈ തുക വിനിയോഗിക്കുക. ഐടിഐകളിലെ ഉച്ചഭക്ഷണ പദ്ധതിക്ക് 8 കോടി രൂപ അനുവദിക്കുന്നു. കഴിഞ്ഞ വർഷങ്ങളിൽ തുടങ്ങിയ ഐടിഐകളുടെ നിർമ്മാണം പൂർത്തീകരിക്കുന്നതിന് 9 കോടി രൂപ വകയിരുത്തുന്നു. കളമശ്ശേരി ഐടിഐ മോഡൽ ഐടിഐ, സ്റ്റേറ്റ് സ്കിൽ ഡെവലപ്പ്മെന്റ് മിഷൻ എന്നിവയ്ക്ക് കേന്ദ്രവിഹിതമടക്കം 28 കോടി രൂപ ലഭ്യമാക്കും. കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആന്റ് എംപ്ലോയ്മെന്റിന് 5 കോടി രൂപ വകയിരുത്തുന്നു.

187. ഐ.എച്ച്.ആർ.ഡി.ക്ക് 20 കോടി രൂപ വകയിരുത്തുന്നു.

188. കേരള ശാസ്ത്ര സാങ്കേതികവിദ്യ പരിസ്ഥിതി കൌൺസിലിന് 121 കോടി രൂപ വകയിരുത്തുന്നു. ഇതിൽ 64 കോടി രൂപ കൌൺസിലിന്റെ കീഴിലുള്ള ഗവേഷണ സ്ഥാപനങ്ങൾക്കുള്ളതാണ്. ശാസ്ത്ര പ്രചാരണത്തിന് 4 കോടി രൂപ നീക്കിവയ്ക്കുന്നു.

## ഉന്നത ആരോഗ്യസ്ഥാപനങ്ങൾ

189. 11 മെഡിക്കൽ കോളേജുകൾക്ക് 207 കോടി രൂപയും 5 ദന്തൽ കോളേജുകൾക്ക് 34 കോടി രൂപയും 6 നഴ്സിംഗ് കോളേജുകൾക്ക് 7 കോടി രൂപയും വകയിരുത്തുന്നു. പുതിയ മെഡിക്കൽ കോളേജുകൾക്ക് 15 കോടി രൂപ വകയിരുത്തുന്നു. ഇതിനു പുറമേ മെഡിക്കൽ കോളേജുകളിലെ മാതൃ-ശിശു യൂണിറ്റുകൾ, ഓൺകോളജി കേന്ദ്രങ്ങൾ, ബയോമെഡിക്കൽ വിംഗുകൾ, മോളിക്കുലർ

ഡയഗ്നോസ്റ്റിക് ഫെസിലിറ്റി, സ്ട്രോക്ക് സെന്റർ തുടങ്ങിയവ സ്ഥാപിക്കുന്നതിന് 42.45 കോടി രൂപ വകയിരുത്തുന്നു.

190. റീജിയണൽ ക്യാൻസർ സെന്ററിന് 79 കോടി രൂപ വകയിരുത്തുന്നു. സ്റ്റേറ്റ് ക്യാൻസർ സെന്ററെന്ന പദവിയുടെ അടിസ്ഥാനത്തിൽ കേന്ദ്രസർക്കാരിന്റെ സഹായവും ലഭ്യമാണ്. മലബാർ ക്യാൻസർ സെന്ററിന് 38 കോടി രൂപ അനുവദിക്കുന്നു. മികവിന്റെ കേന്ദ്രമെന്ന നിലയിൽ പുതിയൊരു വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട് ലൈഫ് സയൻസ് പാർക്കിൽ സ്ഥാപിക്കുന്നതിന് 15 കോടി രൂപ വകയിരുത്തുന്നു.

191. കേരളത്തിൽ ഇന്ന് ആയുർവ്വേദ, സിദ്ധ, യുനാനി, നാച്ചുറോപ്പതി വിഭാഗങ്ങളിലായി 128 ആശുപത്രികളും 818 ഡിസ്പെൻസറികളും 24 സബ് സെന്ററുകളുമുണ്ട്. ഇവ ശക്തിപ്പെടുത്തുന്നതിന് 21 കോടി രൂപ വകയിരുത്തുന്നു. ആയുഷിന് ആകെ 43 കോടി രൂപയാണ് വകയിരുത്തുന്നത്. ഇതിനുപുറമേ നാഷണൽ ആയുഷ് മിഷനിൽ നിന്ന് 8 കോടി രൂപയും പ്രതീക്ഷിക്കുന്നു.

192. ആയുർവ്വേദ വിദ്യാഭ്യാസത്തിന് 46 കോടി രൂപ വകയിരുത്തുന്നു. ഇതിൽ കേരള ആയുർവ്വേദിക് സ്റ്റഡീസ് സൊസൈറ്റിക്കുള്ള 4.5 കോടി രൂപയും ഉൾപ്പെടും.

193. ഹോമിയോപ്പതിക്ക് 23 കോടി രൂപ വകയിരുത്തുന്നു. ഹോമിയോ കോളേജുകൾക്ക് 9 കോടി രൂപ നീക്കി വയ്ക്കുന്നു.

### സാംസ്കാരിക സ്ഥാപനങ്ങൾ

194. കഴിഞ്ഞ രണ്ടു ബജറ്റുകളും സാംസ്കാരിക മേഖലയ്ക്ക് സമാന്തരമില്ലാത്ത പിന്തുണയാണ് നൽകിയിട്ടുള്ളത്. സാംസ്കാരിക സമുച്ചയങ്ങൾക്കും ഫിലിം സിറ്റിയ്ക്കും

ഫിലിം ഫെസ്റ്റിവൽ കോംപ്ലക്സിനും തിയേറ്റർ ശൃംഖലയ്ക്കും കിഫ്ബിയിൽ നിന്നും ലഭ്യമാകുന്ന നിക്ഷേപംകൂടി കണക്കിലെടുക്കുമ്പോഴാണ് നാം തുടക്കം കുറിച്ചിട്ടുള്ള സാംസ്കാരിക മേഖലയിലെ കുതിപ്പിന്റെ മാനം വെളിപ്പെടുക. ഇത്തവണ കലാ, സാംസ്കാരിക മേഖലയ്ക്ക് 144 കോടി രൂപയാണ് വകയിരുത്തുന്നത്. ഫൈൻ ആർട്സ് കോളേജുകൾക്ക് 5 കോടി രൂപയും സംഗീത കോളേജുകൾക്ക് 1 കോടി രൂപയും വകയിരുത്തുന്നു.

195. സാഹിത്യ അക്കാദമി, സംഗീത-നാടക അക്കാദമി, ലളിതകലാ അക്കാദമി, ഫോക് ലോർ അക്കാദമി, മാപ്പിളകലാ അക്കാദമി എന്നിവയ്ക്ക് 15.9 കോടി രൂപ വകയിരുത്തുന്നു. ഗുരുഗോപിനാഥ് നടനഗ്രാമത്തിന് 5 കോടി രൂപയും വൈലോപ്പള്ളി സംസ്കൃതി ഭവന് 0.80 കോടി രൂപയും വകയിരുത്തുന്നു. കേരള ബുക്ക് മാർക്ക് സൊസൈറ്റിയ്ക്ക് 0.60 കോടി രൂപയും ആർക്കേവ്സ് കെട്ടിടത്തിൽ നിന്നും ഗോഡൌൺ ഉചിതമായ സ്ഥലത്തേയ്ക്ക് മാറ്റി സ്ഥാപിക്കുന്നതിന് നോൺപ്ലാൻ ഗ്രാന്റും അനുവദിക്കുന്നതാണ്. മലയാളം മിഷന് -1.6 കോടി രൂപയും ശ്രീനാരായണ ഇന്റർനാഷണൽ സ്റ്റഡി സെന്ററിന് 25 ലക്ഷം രൂപയും അനുവദിക്കുന്നു.

196. റൂറൽ ആർട്ട് ഹബ്ബുകൾ ആരംഭിക്കുന്നതിന് 3 കോടി രൂപയും മാനവീയംവീഥിയുടെ മാതൃകയിൽ മറ്റു പട്ടണങ്ങളിൽ നാട്ടരങ്ങുകൾ സ്ഥാപിക്കുന്നതിന് 50 ലക്ഷം രൂപയും വയോജന കലാകാരൻമാർക്കുവേണ്ടി സന്തോഷഭവനം സ്ഥാപിക്കുന്നതിന് 50 ലക്ഷം രൂപയും വകയിരുത്തുന്നു.

197. മഹാത്മാഗാന്ധിജിയുടെ രക്തസാക്ഷിത്വത്തിന്റെ എഴുപതാം വാർഷികാചരണം തിരുവനന്തപുരത്ത് തുഷാർ ഗാന്ധി യടക്കമുള്ളവർ പങ്കെടുത്ത് ഉദ്ഘാടനം ചെയ്തു. അഞ്ചു തവണ ഗാന്ധിജി കേരളം സന്ദർശിച്ചു. അദ്ദേഹം സന്ദർശിച്ച 30 കേന്ദ്രങ്ങളിലും ഈ വർഷം വിപുലമായ അനുസ്മരണ സമ്മേളനങ്ങൾ നടത്തുന്നതാണ്. ഇതിനായി 5 കോടി രൂപ വകയിരുത്തുന്നു.

198. ആർക്കൈവൽ റെക്കോർഡുകളുടെ കാര്യത്തിൽ കേരളം വളരെ സമ്പന്നമാണ്. നമ്മുടെ ആർക്കൈവ്സിൽ ഒരു കോടിയിൽപ്പരം താളിയോല രേഖകളുണ്ട്. ഈ അമൂല്യമായ സമ്പത്ത് ഭാവിയ്ക്കുവേണ്ടി ഏറ്റവും സുരക്ഷിതമായ രീതിയിൽ സംരക്ഷിക്കുന്നതിനും ഗവേഷകർക്ക് ലഭ്യമാക്കുന്നതിനും ഏറ്റവും ആധുനികമായ സൌകര്യ ങ്ങളോടുകൂടിയ ഒരു സമുച്ചയം നിർമ്മിക്കുന്നതാണ്. കാര്യവട്ടം കാമ്പസായിരിക്കും അഭികാമ്യം. ഈ സമുച്ചത്തിനു ഭരണാനുമതി നൽകുന്നതിനു വേണ്ടുന്ന 15 കോടി രൂപ ആദ്യ ഗഡുവായി അനുവദിക്കുന്നു.

199. കേരള സ്റ്റേറ്റ് സയൻസ് ആന്റ് ടെക്നോളജി മ്യൂസിയത്തിന് 17 കോടി രൂപ വകയിരുത്തുന്നു. റീജിയണൽ കേന്ദ്രങ്ങൾ ശക്തിപ്പെടുത്തുന്നതാണ്. ഡിപ്പാർട്ട്മെന്റ് ഓഫ് ആർക്കിയോളജിയുടെ അടങ്കൽ 25.25 കോടി രൂപയാണ്. തിരുവനന്തപുരം, തൃശ്ശൂർ, കോഴിക്കോട് മ്യൂസിയങ്ങൾക്ക് 6.50 കോടി രൂപ വകയിരുത്തുന്നു. എല്ലാ ജില്ലകളിലും പൈതൃക മ്യൂസിയങ്ങൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി തുടരും. മ്യൂസിയങ്ങളുടെ ശൃംഖലയ്ക്ക് 5 കോടി രൂപ വകയിരുത്തുന്നു. നാണയശേഖരത്തിന്റെ അപ്ഗ്രഡേഷന് 0.75 കോടി രൂപ വകയിരുത്തുന്നു.

200. ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന് 2.20 കോടി രൂപയും ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്, എൻസൈക്ലോപീഡിയക് ഇൻസ്റ്റിറ്റ്യൂട്ട് എന്നിവയ്ക്ക് 3.36 കോടി രൂപയും വകയിരുത്തുന്നു. ലൈബ്രറി കൌൺസിലിന് 1.15 കോടി രൂപയും സ്റ്റേറ്റ് സെൻട്രൽ ലൈബ്രറിക്ക് 3.62 കോടി രൂപയും വകയിരുത്തുന്നു.

201. മൃഗശാലകളുടെ വികസനത്തിന് 11.55 കോടി രൂപ വകയിരുത്തുന്നു.

202. ഇന്ത്യയുടെ സ്വാതന്ത്ര്യത്തിനും അടിച്ചമർത്തപ്പെട്ടവന്റെ ഉയർത്തെഴുന്നേൽപ്പിനും ഒരേ പ്രാധാന്യം കൊടുത്ത് പ്രക്ഷോഭമുഖത്ത് തീജ്വാലപോലെ ആഞ്ഞുവീശിയ വിപ്ലവകാരിയായിരുന്നു എകെജി. അടിയുറച്ച രാഷ്ട്രീയ ബോധ്യത്തിന്റെ പിൻബലത്തിൽ നവോത്ഥാന കേരള സൃഷ്ടിയ്ക്കു വേണ്ടി പടപൊരുതിയ എകെജി ഇന്ത്യയുടെ രാഷ്ട്രീയ ചരിത്രത്തിൽ എന്നും ജ്വലിക്കുന്ന കേരളത്തിന്റെ അധ്യായമാണ്. ജന്മനാടായ പെരളശേരിയിൽ നടന്ന പോലീസ് അതിക്രമങ്ങൾക്കെതിരെ ശാരീരികമായ അവശത അവഗണിച്ച് നിശ്ചയദാർഢ്യത്തോടെ പൊരുതി വിജയിച്ച എകെജിയെ ഇഷ്ടതോഴൻ, ഭർത്താവ്, സഖാവ്, നേതാവ് എന്ന ലേഖനത്തിൽ സുശീലാഗോപാലൻ അനുസ്മരിക്കുന്നത് ഉൾപ്പുളകത്തോടെ മാത്രമേ വായിച്ചു തീർക്കാനാവൂ. നിരാഹാരം പ്രഖ്യാപിച്ച പ്രിയ സഖാവിനോട് ആരോഗ്യത്തെക്കുറിച്ചു സൂചിപ്പിച്ചപ്പോൾ ആയിരം തൊഴിലാളി കുടുംബങ്ങൾ കഴിഞ്ഞ 24 ദിവസമായി പട്ടിണിയിലാണ്. ഈ ഗ്രാമത്തിലെ ആയിരക്കണക്കായ കുടുംബങ്ങൾക്ക് ഉപ്പുപോലും വാങ്ങാന് കഴിയുന്നില്ല. അവരുടെ കഷ്ടപ്പാടുകളേക്കാൾ വലുതാണോ എന്റെ ആരോഗ്യം? എന്നു തട്ടിക്കയറിയെ ഏകെജിയെയും

അദ്ദേഹത്തിന്റെ കാലഘട്ടത്തെയും അനുഭവങ്ങളുടെയും ചരിത്രപാഠങ്ങളുടെയും പിൻബലത്തോടെ പുതിയ തലമുറയ്ക്കു പകർന്നു നൽകേണ്ടതുണ്ട്. സർ, അദ്ദേഹത്തിന്റെ സ്മരണയ്ക്ക് ഇണങ്ങുന്നതരത്തിൽ ഒരു സ്മാരകം ജന്മനാടായ പെരളശ്ശേരിയിൽ സ്ഥാപിക്കുന്ന തിന് 10 കോടി രൂപ വകയിരുത്തുന്നു. പുന്നപ്ര-വയലാർ സ്മൃതി മണ്ഡപത്തിനു സമീപം ഭൂമി ഏറ്റെടുത്ത് സ്മാരക മ്യൂസിയം സ്ഥാപിക്കുന്നതിന് 10 കോടി രൂപ അനുവദി ക്കുന്നു. ഒഎൻവി സാംസ്കാരിക സമുച്ചയത്തിന് 5 കോടി രൂപ വകയിരുത്തുന്നു.

**സ്പോർട്സ്**

203. 108 സ്പോർട്സ് ഹോസ്റ്റലുകൾ, 108 ഡേ ബോർഡിംഗ് സെന്ററുകൾ, 14 സ്റ്റേ ട്രെയിനിംഗ് സെന്ററുകൾ, 12 റൂറൽ കോച്ചിംഗ് സെന്ററുകൾ, 4 എലൈറ്റ് സ്കീമുകൾ എന്നിവയാണ് സ്പോർട്സ് കൌൺസിലിന്റെ കീഴിൽ പ്രവർത്തിക്കുന്നത്. ഇവയിൽ പരിശീലനത്തിനും ഏകോപനത്തിനും മതിയായ സാങ്കേതിക കോച്ചുകളും മറ്റു സാങ്കേതിക ജീവനക്കാരും ലഭ്യമല്ലെന്ന പരാതി നിലനിൽക്കുന്നു. ശാസ്ത്രീയമായി വർക്ക് സ്റ്റഡിയുടെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം പരിശോധിക്കും. സ്പോർട്സ് മേഖലയിൽ പുതിയ സ്റ്റേഡിയങ്ങളും പശ്ചാത്തലസൌകര്യങ്ങളും ഒരുക്കുന്നതിനായി കിഫ്ബി യിൽ നിന്നും 267.61 കോടി രൂപ മുൻ ബജറ്റുകളിൽ അനുവദിച്ചിട്ടുണ്ട്. ഇവ പ്രവർത്തനപഥത്തിൽ വന്നതിനുനശേഷമേ പുതിയ നിർദ്ദേശങ്ങൾ പരിഗണിക്കൂ.

# VIII

## തദ്ദേശഭരണം

204. സർ, തദ്ദേശഭരണ സ്ഥാപനങ്ങളുടെ അടങ്കൽ 7,000 കോടി രൂപയാണ്. ഇതിൽ 3406.89 കോടി രൂപ ഗ്രാമപഞ്ചായത്തുകൾക്കും 891.32 കോടി രൂപ ബ്ലോക്ക് പഞ്ചായത്തുകൾക്കും 891.32 കോടി രൂപ ജില്ലാ പഞ്ചായത്തുകൾക്കും 1013.03 കോടി രൂപ മുനിസിപ്പാലിറ്റികൾക്കും 797.45 കോടി രൂപ കോർപ്പറേഷനുകൾക്കുമാണ്. വികസന ഫണ്ട് 7000 കോടി രൂപയും മെയിന്റനൻസ് ഗ്രാന്റ് 2343.88 കോടി രൂപയും ജനറൽപർപ്പസ് ഗ്രാന്റ് 1426.71 കോടി രൂപയുമാണ്. വികസന ഫണ്ടിൽ 1289.26 കോടി രൂപ പട്ടികജാതിഘടക പദ്ധതിക്കും 191.60 കോടി രൂപ പട്ടികവർഗ്ഗ ഉപപദ്ധതിയ്ക്കുമാണ്. ധനകാര്യ കമ്മീഷന്റെ തീർപ്പ് അനുസരിച്ച് ഓരോ തദ്ദേശഭരണ സ്ഥാപനത്തിനും ലഭ്യമാകുന്ന ഫണ്ടിന്റെ വിശദാംശങ്ങൾ ബജറ്റ് രേഖയുടെ അനുബന്ധം 4 ൽ നൽകിയിട്ടുണ്ട്.

205. തദ്ദേശഭരണ രംഗത്തെ ഏറ്റവും പ്രധാനപ്പെട്ട പുതിയ പരിഷ്കാരം ജില്ലാ പദ്ധതി രൂപീകരണമാണ്. ജില്ലാ പദ്ധതികളുടെ പ്രധാനപ്പെട്ട ലക്ഷ്യം വൻകിട സംയോജിത പരിപാടികൾ ജില്ലാ അടിസ്ഥാനത്തിൽ ആവിഷ്കരിക്കുകയാണ്. ഇത്തരത്തിൽ ആവിഷ്കരിക്കുന്ന പദ്ധതികൾക്ക് പ്രത്യേക ധനസഹായം നൽകുന്നതാണ്. ഇതിനായി 40 കോടി രൂപ നീക്കിവയ്ക്കുന്നു.

206. 133 കോടി രൂപ വിനോദനികുതിയുടെ 2017-18-ലെ നഷ്ടപരിഹാരമായി അനുവദിക്കുന്നു. ഇതു 2015-16-ൽ ഓരോ തദ്ദേശഭരണ സ്ഥാപനത്തിനും പിരിച്ച വിനോദ നികുതിയ്ക്ക് ആനുപാതികമായിട്ടാണ് നൽകുക.

അതുപോലെ മുനിസിപ്പാലിറ്റികളുടെ പെൻഷന് ഫണ്ടിലേക്ക് 50 കോടി രൂപയും അനുവദിക്കുന്നു.

207. ഗ്രാമവികസനത്തിന്റെ അടങ്കൽ 1,160 കോടി രൂപയാണ്. കേന്ദ്രാവിഷ്കൃത പദ്ധതികളുടെ വിഹിതംകൂടി ഉൾപ്പെടുത്തിയാൽ ഇത് 4,000 കോടി രൂപയേക്കാൾ അധികംവരും. 2018-19-ൽ 2100 കോടി രൂപയുടെ തൊഴിലുറപ്പ് പദ്ധതിയാണ് ലക്ഷ്യമിടുന്നത്. പി.എം.ജി.എസ്.വൈയുടെ സംസ്ഥാന വിഹിതമായി 282 കോടി രൂപ അനുവദിക്കുന്നു. ഇതുപോലെ മറ്റു കേന്ദ്രാവിഷ്കൃത സ്കീമുകൾക്കും സംസ്ഥാനവിഹിതം വകയിരുത്തിയിട്ടുണ്ട്. കിലയ്ക്ക് 35 കോടി രൂപ വകയിരുത്തുന്നു. ഇതിൽ ഗ്രാമീണ സാങ്കേതികവിദ്യകളും നൂതന വികസന സമ്പ്രദായങ്ങളും ആവിഷ്കരിക്കുന്നതിനുവേണ്ടിയുള്ള വിദ്യാർത്ഥികളുടെ സന്നദ്ധപ്രവർത്തനങ്ങളുടെ ക്യാമ്പുകളും സംഘടിപ്പിക്കുന്നതിനുള്ള 3 കോടി രൂപയും ഉൾപ്പെടും.

208. മഹാത്മാഗാന്ധി തൊഴിലുറപ്പു പദ്ധതിയിൽ നിയമം അനുശാസിക്കും പ്രകാരമുള്ള സോഷ്യൽ ഓഡിറ്റിംഗിന് തുടക്കമായിട്ടുണ്ട്. ഭക്ഷ്യഭദ്രതാ നിയമം, ഭിന്നശേഷിക്കാരുടെ അവകാശങ്ങൾ ഉറപ്പുവരുത്തുന്ന നിയമം, ജുവനൈൽ ജസ്റ്റിസ് ആക്ട് എന്നീ നിയമങ്ങൾ അതാതു മേഖലകളിൽ സോഷ്യൽ ഓഡിറ്റ് നടത്തണമെന്ന് അനുശാസിക്കുന്നുണ്ട്. ഇതു കൂടാതെ സംസ്ഥാന സർക്കാർ വിവിധ വകുപ്പുകളിൽ സോഷ്യൽ ഓഡിറ്റ് നടത്തുന്നതിന് നയപരമായി തീരുമാനവും കൈക്കൊണ്ടിട്ടുണ്ട്. ഇവയ്ക്കെല്ലാംകൂടി ഏകോപിതമായൊരു സംവിധാനമുണ്ടാക്കും. സുതാര്യതയും നഷ്ടോത്തരവാദിത്തവും ഉറപ്പുവരുത്തുന്നതിന് പല നിയമനിർമ്മാണങ്ങളും നടത്തിയിട്ടുണ്ട്. ഇവയെല്ലാം

ഏകോപിപ്പിച്ച് സമഗ്രമായൊരു ട്രാൻസ്പരൻസി ആന്റ് അക്കൌണ്ടബിലിറ്റി നിയമം കൊണ്ടുവരും.

209. ഓഡിറ്റ് കമ്മീഷൻ രൂപം നൽകുന്നതിനുവേണ്ടി സ്പെഷ്യൽ ഓഫീസറെ നിയമിക്കുന്നതാണ്. കേരള ലോക്കൽ അതോറിറ്റീസ് ലോൺസ് ആക്ടിൽ ഉചിതമായ ഭേദഗതികൾ വരുത്തി കേരള ലോക്കൽ ഗവൺമെന്റ് ഡെവലപ്പ്മെന്റ് ഫണ്ടിനെ പുനരുജ്ജീവിപ്പിക്കുന്നതാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തനതു വരുമാനം വർദ്ധിപ്പിക്കുന്നതിന് ഫിനാൻസ് കമ്മീഷന്റെ നിർദ്ദേശങ്ങൾ നടപ്പാക്കും.

210. ശുചിത്വമിഷന് 2018-19-ൽ സംസ്ഥാനസർക്കാരിൽ നിന്നും 85 കോടി രൂപയും കേന്ദ്രസർക്കാരിൽ നിന്നും 67 കോടി രൂപയും ലഭിക്കും.

211. കാസർഗോഡ് പാക്കേജിന് 2013-14 മുതൽ ഇതുവരെ 273 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. 2018-19 ൽ 95 കോടി രൂപ വകയിരുത്തുന്നു. വയനാട് പാക്കേജിന് 28 കോടി രൂപ വകയിരുത്തുന്നു.

212. ശബരിമല മാസ്റ്റർപ്ലാനിന് ഇതുവരെ 50 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. 2018-19-ൽ 28 കോടി രൂപ വകയിരുത്തുന്നു. ഇതിനുപുറമേ ഇടത്താവളങ്ങളുടെയും ബന്ധപ്പെട്ട റോഡുകളുടെയും വികസനത്തിന് കിഫ്ബിയിൽ നിന്നും പണം അനുവദിച്ചിട്ടുണ്ട്.

# IX

# മറ്റു സാമ്പത്തികസേവനങ്ങൾ

## സഹകരണം

213. സഹകരണ മേഖലയുടെ അടങ്കൽ 155 കോടി രൂപയാണ്. ഇതിൽ ഏറ്റവും പ്രധാനപ്പെട്ടത് ക്രെഡിറ്റ് സഹകരണ സംഘങ്ങൾക്കുള്ള വിവിധങ്ങളായ ധനസഹായങ്ങൾക്കു വേണ്ടിയുള്ള 57 കോടി രൂപയാണ്. പട്ടികജാതി, പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾക്ക് 15 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. മാതൃകാ സഹകരണ സംഘങ്ങൾക്ക് പ്രത്യേക പ്രോത്സാഹനമായി 6 കോടി രൂപ വകയിരുത്തുന്നു.

214. 2018-19-ൽ സഹകരണ മേഖലയിലെ ഏറ്റവും പ്രധാനപ്പെട്ട സംഭവവികാസം കേരള കോ-ഓപ്പറേറ്റീവ് ബാങ്കിന്റെ രൂപീകരണമായിരിക്കും. 14 ജില്ലാ സഹകരണ ബാങ്കുകളുടെയും സംസ്ഥാന സഹകരണ ബാങ്കിന്റെയും മൂല്യനിർണ്ണയം എസ്.ബി.ഐ ക്യാപ്സ് നടത്തിക്കൊണ്ടിരിക്കുകയാണ്. കേരള ബാങ്ക് രൂപീകരിക്കുമ്പോൾ റിസർവ്വ് ബാങ്ക് മാനദണ്ഡപ്രകാരമുള്ള 9 ശതമാനം മൂലധന പര്യാപ്തത, 5 ശതമാനത്തിനു താഴെ നിഷ്ക്രിയാസ്തി എന്നിവയെല്ലാം ആർജ്ജിക്കേണ്ടതുണ്ട്. വിലയിരുത്തൽ ഏജൻസിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ ക്യാപിറ്റലൈസേഷൻ ഉറപ്പുവരുത്തുന്നതാണ്.

215. സാഹിത്യപ്രവർത്തക സഹകരണ സംഘത്തിന്റെ ആഭിമുഖ്യത്തിൽ കൊച്ചിയിൽ നടത്തുന്ന ഇന്റർനാഷണൽ ബുക്ക് ഫെയറിനും സാഹിത്യ വിജ്ഞാനോത്സവത്തിനും 1 കോടി രൂപ വകയിരുത്തുന്നു.

## നോർക്കയും പ്രവാസികളും

216. പൊടിമണലൂതുന്ന മരുഭൂമിയിലെ വന്യതീക്ഷ്ണത ചുറ്റിവരിയുമ്പോൾ ഖദീജാ മുംതാസിന്റെ ബർസയിലെ നായിക സ്വന്തം നാടിന്റെ മൃദു സ്പർശങ്ങളെക്കുറിച്ചാണോർമ്മിച്ചത്. ഇടവഴിയും വാഴത്തോപ്പുകളും തെങ്ങുകയറ്റത്തിന്റെ ആർപ്പും കുത്തിയൊഴുകുന്ന തോടിന്റെ കുശലം പറച്ചിലും കേരള ക്വയർ ബസിലെ കോളേജു യാത്രകളും ഇനിയൊരിക്കലും തിരികെ പിടിക്കാനാവാത്ത വിദൂരസ്മൃതികളാണോ എന്നാണ് പ്രവാസിയായ സബിത നെടുവീർപ്പിടുന്നത്. സർ, ഓരോ പ്രവാസി മലയാളിയും ഈ ഗൃഹാതുരത്വത്തോടൊപ്പം നാടിന്റെ സാമ്പത്തിക സാമൂഹിക വളർച്ചകളെക്കുറിച്ചും വേവലാതിപ്പെടുന്നുണ്ട്. അങ്ങനെ പ്രവാസിയായി തുടരുമ്പോഴും തന്റെയും അടുത്ത തലമുറയുടെയും വാസസ്ഥാനം കേരളം തന്നെയായിരിക്കണമെന്നാണ് മഹാഭൂരിപക്ഷവും ആഗ്രഹിക്കുന്നത്. നാടുമായി അത്തരത്തിൽ പൊക്കിൾക്കൊടി ബന്ധം സൂക്ഷിക്കാനാഗ്രിക്കുന്ന ലോകമലയാളികളെ വൈകാരികമായും സാമൂഹ്യമായും സാമ്പത്തികമായും അകംകേരളവുമായി ബന്ധിപ്പിക്കുന്നതിൽ ഒരു വഴിത്തിരിവായിരുന്നു ലോക കേരളസഭ. നമ്മുടെ നാട്ടിൽ നടക്കുന്ന മറ്റുപല പ്രവാസിസംഗമങ്ങളും പോലെ ഒരു ഒറ്റത്തവണ ആഘോഷമല്ല ലോക കേരളസഭ. കേരളത്തിലെ ജനപ്രതിനിധികളുടെയും പ്രവാസി പ്രതിനിധികളുടെയും സ്ഥിരം സംവാദ-ആലോചന വേദിയാണിത്. ഈ സഭയ്ക്ക് വിഷയാടിസ്ഥാനത്തിൽ സ്റ്റാൻഡിംഗ് കമ്മിറ്റികൾ രൂപീകരിക്കുന്നുണ്ട്. വിദേശങ്ങളിൽ പ്രവാസി പ്രൊഫഷണൽ സമിതികൾക്കും ബിസിനസ്

ചേംബറുകൾക്കും രൂപം നൽകും. പ്രവാസി നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിന് കേരള വികസന നിധി, എൻആർഐ നിക്ഷേപത്തിനുള്ള പ്രത്യേക ഏകജാലകം, സാധ്യതാ പഠനങ്ങളും മേഖല തിരിച്ചുള്ള മെൻഡറിംഗും ഉദ്ദേശിക്കുന്നുണ്ട്. ലോക മേഖലാടിസ്ഥാനത്തിൽ ബിസിനസ് ചേംബറുകൾക്കു രൂപം നൽകുന്നതാണ്. ഇതുപോലുള്ള തുടർ പ്രവർത്തനങ്ങൾക്കും അടുത്ത ലോക കേരള സഭയുടെയും ഗ്ലോബൽ കേരള ഫെസ്റ്റിവെലിന്റെ സംഘാടനത്തിനും 19 കോടി രൂപ വകയിരുത്തുന്നു.

217. ദുരന്ത ക്ലേശബാധിതരായ ഒരു ലക്ഷത്തിൽ താഴെ വാർഷിക വരുമാനമുള്ള പ്രവാസികൾക്ക് ഒറ്റത്തവണ സഹായം നൽകുന്നതിന് സാന്ത്വനം എന്ന സ്കീമിന് രൂപം നൽകുകയാണ്. ചികിത്സാ ചെലവ്, നിയമസഹായം, എയർ ആംബുലൻസ്, മൃതദേഹം തിരിച്ചുകൊണ്ടുവരൽ, ജയിൽ വിമോചിതർക്കുള്ള സഹായം തുടങ്ങിയവയ്ക്കെല്ലാമായി 16 കോടി രൂപ വകയിരുത്തുന്നു.

218. ബോധവത്കരണത്തിനും കുടിയേറ്റ സഹായത്തിനും വേണ്ടി 7 കോടി രൂപ വകയിരുത്തുന്നു. പ്രവാസികളുടെ ഓൺലൈൻ റിയൽടൈം ഡേറ്റാബേസ് സൃഷ്ടിക്കും. ഒരു ഗ്രീവൻസ് റിഡ്രസൽ സെല്ലും സ്ഥാപിക്കും. നിയമവിരുദ്ധ റിക്രൂട്ട്മെന്റുകൾക്കെതിരെയുള്ള ബോധവത്കരണത്തിനും കുടിയേറ്റത്തിനുള്ള ഫിനിഷിംഗ്-നൈപുണീ പരിശീലന ത്തിനും സംവിധാനം സൃഷ്ടിക്കും. 24 മണിക്കൂർ ഹെൽപ് ലൈനും ഗ്രീവെൻസ് സെല്ലും ആരംഭിക്കും.

219. നോർക്ക റൂട്സിന്റെ നേതൃത്വത്തിൽ ഒരു ജോബ് പോർട്ടൽ വികസിപ്പിക്കുന്നതിനും വിദേശ തൊഴിലുടമകളുമായി ബന്ധപ്പെട്ട് കൂടുതൽ തൊഴിലവസരങ്ങൾ ഉറപ്പുവരുത്തുന്ന തിനും 8 കോടി രൂപ വകയിരുത്തുന്നു.

220. നോർക്ക വെൽഫെയർ ഫണ്ടിന് 9 കോടി രൂപ പ്രത്യേകം അനുവദിക്കുന്നു. വെൽഫെയർ ഫണ്ടിൽ നിന്നാണ് ഇപ്പോൾ പ്രവാസികൾക്ക് പെൻഷൻ അനുവദിക്കുന്നത്. 300 രൂപ പ്രതിമാസ അംശാദായം അടയ്ക്കുന്നവർക്ക് പ്രതിമാസം 2000 രൂപ വീതമാണ് പെൻഷൻ. ഇത് അനാകർഷക മാണെന്നുള്ള വിമർശനമുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ പ്രവാസിക്ഷേമ പെൻഷനു പുറമേ പെൻഷൻ ഫണ്ടിലേയ്ക്കുള്ള പ്രത്യേക നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ കൂടുതൽ ഉയർന്ന പെൻഷൻ ലഭ്യമാക്കുന്നതിനുള്ള സ്കീം തയ്യാറാക്കുന്നതാണ്. പ്രവാസി ചിട്ടിയിൽ വട്ടമെത്തുന്നതോ നറുക്കു വീഴുന്നതോ ആയ തുക പെൻഷൻ ഫണ്ടിലേയ്ക്ക് ഡെപ്പോസിറ്റ് ചെയ്താൽ പെൻഷൻ നൽകുന്നതിനുള്ള ഒരു സ്കീം എൽഐസിയുമായി ബന്ധപ്പെട്ട് രൂപം നൽകിയിട്ടുണ്ട്.

221. ഷാർജ ഷെയ്ഖിന്റെ സന്ദർശനവേളയിൽ കേരള - അറബ് സാംസ്കാരിക പഠനകേന്ദ്രം കോഴിക്കോട് സ്ഥാപിക്കുന്ന തിനെക്കുറിച്ച് പ്രഖ്യാപിച്ചിരുന്നു. ഇത് നടപ്പിൽ വരുത്തുന്നതിനുവേണ്ടി ടോക്കൺ പ്രൊവിഷനായി 10 കോടി രൂപ വകയിരുത്തുന്നു.

222. തിരിച്ചു വരുന്ന പ്രവാസികളുടെ പുനരധിവാസത്തിനും നോർക്ക ബിസിനസ് ഫെസിലിറ്റേഷൻ സെന്ററിനുംവേണ്ടി 17 കോടി രൂപ വകയിരുത്തുന്നു. എൻആർഐ കമ്മിഷന് 3 കോടി രൂപ അനുവദിക്കുന്നു. അങ്ങനെ മൊത്തം പ്രവാസി മേഖലയ്ക്കുവേണ്ടി ബജറ്റിൽ 80 കോടി രൂപ വകയിരുത്തുന്നു.

## തൊഴിൽ

223. ലേബർ കമ്മീഷണറേറ്റിനുവേണ്ടി 401 കോടി രൂപയും ഇൻഡസ്ട്രിയൽ ട്രെയിനിംഗിന് 132 കോടി രൂപയും നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസിന് 30 കോടി രൂപയും വകയിരുത്തുന്നു. തൊഴിൽ വകുപ്പ് ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. ഐടിഐകളുടെ നവീകരണത്തിന് 55 കോടി രൂപയും അക്കാദമി ഫോർ സ്കിൽ എക്സലൻസിന് 38 കോടി രൂപയും വകയിരുത്തുന്നു.

224. ഇതരസംസ്ഥാന തൊഴിലാളികൾ സംസ്ഥാനത്തിനു നൽകിക്കൊണ്ടിരിക്കുന്ന സംഭാവനകൾ നിസ്തുലമാണ്. ഇതരസംസ്ഥാന തൊഴിലാളികളുടെ സംസ്ഥാനത്തെ സാഹചര്യങ്ങളെക്കുറിച്ച് സമഗ്രമായ പഠനം നടത്തും. ആർഎസ്ബിവൈ ആരോഗ്യ ഇൻഷ്വറൻസിൽ ഇവർക്ക് അംഗത്വം നൽകും. ക്ഷേമനിധിയിയിലെ ആനുകൂല്യങ്ങൾ ഗണ്യമായി ഉയർത്തിക്കൊണ്ടു മാത്രമേ സ്വമേധയാ രജിസ്റ്റർ ചെയ്യുമെന്ന് ഉറപ്പുവരുത്താനാകൂ. കെട്ടിട നിർമ്മാണ സെസിൽ നിന്ന് 50 കോടി രൂപ ഈ ആവശ്യത്തിലേയ്ക്ക് ലഭ്യമാക്കുന്നതാണ്. സെസിന്റെ കളക്ഷൻ മെച്ചപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കും. നിയമസഹായം, സർക്കാർ സേവനങ്ങൾ എന്നിവ ഇതര സംസ്ഥാനത്തൊഴിലാളികൾക്ക് വേഗത്തിൽ ലഭ്യമാക്കുന്നതിനു വേണ്ടി സുസാധ്യ കേന്ദ്രങ്ങൾ തുറക്കും.

## ട്രഷറി

225. ട്രഷറി വകുപ്പിന് 22 കോടി രൂപ വകയിരുത്തുന്നു. ഇതു മുഖ്യമായും ട്രഷറിയുടെ ഐ.ടി നെറ്റുവർക്ക് ശക്തിപ്പെടുത്തുന്നതിനു വേണ്ടിയാണ് ചെലവഴിക്കുക.

ട്രഷറി - സംയോജിത ധനകാര്യ മാനേജ്മെന്റ് സിസ്റ്റം (ഐ.എഫ്.എം.എസ്) നടപ്പിലായതോടെ ട്രഷറികളിലെ പ്രവർത്തനം കൂടുതൽ മികവുറ്റതായിട്ടുണ്ട്. എന്നാൽ ട്രഷറികളിൽചെന്ന് സേവനംപറ്റുന്ന പെൻഷൻകാർ പോലുള്ള ഉപഭോക്താക്കൾക്ക് ദീർഘനേരം കാത്തുനിൽക്കേണ്ട അവസ്ഥയുണ്ട്. ഇത് ഒഴിവാക്കുന്ന തിനായി ട്രഷറി സേവനങ്ങൾക്ക് വെർച്വൽ ക്യൂ സമ്പ്രദായം ഏർപ്പെടുത്തും. നേരത്തെക്കൂട്ടി ട്രഷറി വെബ്സൈറ്റ് മുഖാന്തിരം നിശ്ചയിക്കുന്ന സമയത്ത് ട്രഷറിയിലെത്തി സേവനം കൈപ്പറ്റാൻ ഈ സംവിധാനം സഹായകമാകും. 2018-19 ൽ തെരഞ്ഞെടുക്കപ്പെടുന്ന 50 ട്രഷറികളിൽ ഇതു നടപ്പാക്കും. ഐ.എഫ്.എം.എസ് നടപ്പായതോടെ ട്രഷറികൾ പരസ്പരബന്ധിതമാവുകയും കോർ ബാങ്കിംഗ് സേവനങ്ങൾ ലഭ്യമാവുകയും ചെയ്തിട്ടുണ്ട്. നടപ്പു സാമ്പത്തികവർഷം തന്നെ മൊബൈൽ ബാങ്കിംഗ് സൌകര്യം ട്രഷറികളിൽ ഏർപ്പെടുത്തും. 2018-19-ൽ ട്രഷറിയിൽ അക്കൌണ്ടുള്ളവർക്ക് നെറ്റ് ബാങ്കിംഗ് സൌകര്യവും ഡെബിറ്റ്-ക്രെഡിറ്റ് കാർഡ് സൌകര്യവും ഏർപ്പെടുത്തുന്നതാണ്. ട്രഷറിയിൽ പുതിയ പൌരാവകാശരേഖ പ്രസിദ്ധീകരിച്ച് ഇതിന്റെ അടിസ്ഥാന ത്തിൽ സോഷ്യൽ ഓഡിറ്റ് നടത്തും. സോഷ്യൽ ഓഡിറ്റിലും അല്ലാതെയും വരുന്ന പരാതികൾ പരിഹരിക്കാൻ അദാലത്തുകൾ വരുന്ന സാമ്പത്തികവർഷം നടപ്പാക്കും. ബില്ലുകളും മറ്റും ഇലക്ട്രോണിക്കായി സമർപ്പിക്കുന്ന തോടൊപ്പം ഫിസിക്കൽ ഫോമിലും ഇപ്പോൾ സമർപ്പിക്കേണ്ടതുണ്ട്. വരുന്ന സാമ്പത്തികവർഷം പൂർണ്ണമായും ഡിജിറ്റൽ രൂപത്തിൽ മാത്രം ബില്ലുകളും മറ്റും സമർപ്പിക്കുന്ന അവസ്ഥ നിലവിൽവരും. പെൻഷൻ രേഖകൾ പൂർണ്ണമായും ഡിജിറ്റൈസ് ചെയ്ത്

പെൻഷനേഴ്സ് ഇൻഫർമേഷൻ ആന്റ് മാനേജ്മെന്റ് സിസ്റ്റവും 2018-19-ൽ നടപ്പിലാകും. പൂർണ്ണമായും കമ്പ്യൂട്ടറധിഷ്ഠിത ഇ-സംവിധാനത്തിലേയ്ക്ക് ട്രഷറികൾ രൂപാന്തരപ്പെടും.

226. അടുത്ത ധനകാര്യവർഷം ആദ്യം മുതൽ സംസ്ഥാന ജീവനക്കാരുടെയും പെൻഷൻകാരുടെയും ശമ്പളവും പെൻഷനും ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൌണ്ടു വഴിയാണ് വിതരണം ചെയ്യുക. മാർച്ച് മാസത്തിൽ പരീക്ഷണാടിസ്ഥാനത്തിൽ മുഴുവൻ സെക്രട്ടേറിയറ്റ് ജീവനക്കാരുടെ ശമ്പളവും ഈ രീതിയിലായിലാണ് വിതരണം ചെയ്യാനാണ് ഉദ്ദേശിക്കുന്നത്. ജീവനക്കാർക്ക് തങ്ങളുടെ ശമ്പളം പിൻവലിക്കുന്നതിനോ മറ്റു ബാങ്ക് അക്കൌണ്ടുകളിലേയ്ക്ക് മാറ്റുന്നതിനോ ഒരു നിയന്ത്രണവും ഉണ്ടാകില്ല. ജീവനക്കാരും പെൻഷൻകാരും മുൻകൂട്ടി നിർദ്ദേശം നൽകിയാൽ ശമ്പളവും പെൻഷനും നിർദ്ദിഷ്ട ദിവസങ്ങളിൽ ബാങ്ക് അക്കൌണ്ടുകളിലേയ്ക്ക് ഓട്ടോമാറ്റിക്കായി കൈമാറിക്കൊടുക്കുന്നതാണ്. കേന്ദ്ര സർക്കാരിന്റെ ധനസഹായം ഇപ്പോൾ ശമ്പളദിവസം ലഭിക്കുന്നില്ല. മാസം പകുതി കഴിഞ്ഞേ ലഭിക്കുകയുള്ളൂ. തന്മൂലം മാസാരംഭത്തിൽ ഉണ്ടാകുന്ന വെയ്സ് ആന്റ് മീൻസ് ഞെരുക്കം ഒഴിവാക്കുന്നതിന് ഈ പുതിയ സമ്പ്രദായം സഹായിക്കും. 2010-ൽ ആരംഭിച്ച ഇതിനായുള്ള ഉദ്യമം ഇപ്പോഴാണ് ഫലപ്രാപ്തിയിൽ എത്തുന്നത്.

## ആസൂത്രണ ബോർഡ്

227. സംസ്ഥാന ആസൂത്രണ ബോർഡിന്റെ അടങ്കൽ 22 കോടി രൂപയാണ്. ഇതിൽ 17 കോടി രൂപയും ജില്ലാ ആസൂത്രണ സംവിധാനം ശക്തിപ്പെടുത്താൻ വേണ്ടിയുള്ളതാണ്.

228. ഐഎംജിയ്ക്ക് 22 കോടി രൂപ വകയിരുത്തുന്നു. സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്പ്മെന്റിന് പുതിയ ഹോസ്റ്റൽ നിർമ്മിക്കുന്നതിന് 3 കോടി രൂപ അധികമായി അനുവദിക്കുന്നു.

**രജിസ്ട്രേഷൻ**

229. രജിസ്ട്രേഷൻ ഡിപ്പാർട്ട്മെന്റിന് 17 കോടി രൂപ വകയിരുത്തുന്നു. ഇതിൽ 7 കോടി രൂപ പഴയ റെക്കോർഡുകൾ ഡിജിറ്റലൈസ് ചെയ്യുന്നതിനു വേണ്ടിയാണ്.

**പൊലീസ്**

230. പൊലീസ് വകുപ്പിന്റെ ആകെ അടങ്കൽ 160 കോടി രൂപയാണ്. പൊലീസ് വകുപ്പിന്റെ ആധുനിക വൽക്കരണത്തിന് സർക്കാർ നൽകുന്ന പ്രാധാന്യത്തിന്റെ ഒരു തെളിവാണിത്. ജനമൈത്രി സുരക്ഷാ പ്രോജക്ട് 100 പൊലീസ് സ്റ്റേഷനുകളിൽക്കൂടി ആരംഭിക്കും. സ്റ്റുഡന്റ്സ് പൊലീസ് കേഡറ്റ് ഇപ്പോൾ 574 സ്കൂളുകളിൽ പ്രവർത്തിക്കുന്നു. പുതിയതായി 100 സ്കൂളുകളി ലേയ്ക്കുകൂടി വ്യാപിപ്പിക്കും. ഇതിനായി 15 കോടി രൂപ വകയിരുത്തുന്നു. 20 കോടി രൂപ വിവിധ ഐ.ടി അധിഷ്ടിത സംവിധാനങ്ങൾക്കും 50 കോടി രൂപ പുതിയ കെട്ടിടങ്ങൾക്കും വകയിരുത്തുന്നു. വിജിലൻസ് ഡിപ്പാർട്ട്മെന്റ് നവീകരണത്തിന് 10 കോടി രൂപ വകയിരുത്തുന്നു.

**ജയിൽ**

231. സർ, ജയിൽ ചപ്പാത്തിയുടെയും ചിക്കന്റെയും ജനപ്രിയത ജയിൽ തൊഴിലിന് പുതിയൊരു മാനം നൽകിയിട്ടുണ്ട്.

ചുരുങ്ങിയ വിലയ്ക്ക് നല്ല ഭക്ഷണം ലഭ്യമാക്കുന്ന ഒരു സംവിധാനമായി ഇതു മാറിയിട്ടുണ്ട്. ഇപ്പോൾ ചുരുങ്ങിയ വേതനത്തിന് തടവുകാർ ഉൽപാദിപ്പിക്കുന്ന ഉൽപന്നങ്ങളുടെ ലാഭം മുഴുവൻ ഖജനാവിലേയ്ക്ക് മുതൽ കൂട്ടുകയാണ്. ഈ ലാഭവിഹിതത്തിന്റെ 50 ശതമാനം പ്രിസൺ ഡെവലപ്പ്മെന്റ് ഫണ്ട് എന്ന നിലയിൽ അനുവദിക്കുന്നു. ഇത് തടവുകാരുടെ ക്ഷേമത്തിനും ജയിലുകളിലെ അത്യാവശ്യം അറ്റകുറ്റപ്പണികൾക്കും ഉപയോഗപ്പെടുത്താവുന്നതാണ്. ജയിലുകളുടെ നവീകരണത്തിന് 14.50 കോടി രൂപ അനുവദിക്കുന്നു.

## എക്സൈസ്

232. എക്സൈസ് വകുപ്പിന്റെ ആധുനികവൽക്കരണത്തിന് 10 കോടി രൂപ വകയിരുത്തുന്നു. കേരള സംസ്ഥാന ലഹരി വർജ്ജന മിഷൻ വിമുക്തിയുടെ ഭാഗമായി സർക്കാർ ആശുപത്രിയോടുകൂടി ചേർന്ന് 10 ഡി-അഡിക്ഷൻ സെന്ററുകൾ ആരംഭിക്കുന്നതാണ്. ഇവയിൽ നാലെണ്ണം നെടുങ്ങോലം (കൊല്ലം), ചാലക്കുടി (തൃശ്ശൂർ), പയ്യന്നൂർ (കണ്ണൂർ), റാന്നി (പത്തനംതിട്ട) എന്നീ താലൂക്ക് ഹെഡ്ക്വാർട്ടേഴ്സുകളിലും പാലാ (കോട്ടയം), ആലുവ (എറണാകുളം), നെയ്യാറ്റിൻകര (തിരുവനന്തപുരം), കൽപ്പറ്റ (വയനാട്) എന്നീ നാലു ജനറൽ ആശുപത്രികളിലും ആലപ്പുഴ ജില്ലയിലെ മാവേലിക്കര ജില്ലാ ആശുപത്രിയിലും പാലക്കാട് ജില്ലയിലെ അഗളി പ്രാഥമികാരോഗ്യ കേന്ദ്രത്തിലുമാണ് സ്ഥാപിക്കുന്നത്. സ്കൂളുകളിൽ ലഹരിമരുന്നുവിരുദ്ധ ക്യാമ്പയിനുകൾ സംഘടിപ്പിക്കും.

## ഫയർഫോഴ്സ്

233. ഫയർ ആന്റ് റെസ്ക്യൂ സർവ്വീസ് എല്ലാത്തരം ദുരന്തലഘൂകരണ, നിവാരണ പ്രവൃത്തികളിലും സേവനം നൽകുന്ന ഒരു വകുപ്പായി രൂപാന്തരപ്പെട്ടിട്ടുണ്ട്. ഇതിന് അനുസരിച്ച് വകുപ്പിലും ലഭ്യമായ സൌകര്യങ്ങളിലും കാലാനുസൃതമായിട്ടുള്ള പുതുക്കലുകൾ അനിവാര്യമാണ്. കാലാവസ്ഥ വ്യതിയാനത്തിന്റെയും മറ്റും പശ്ചാത്തലത്തിൽ നാം ആർജ്ജിക്കേണ്ട ദുരന്തനിവാരണ തയ്യാറെടുപ്പുകളിൽ സുപ്രധാനമായ ഒന്നാണ് ഫയർ ആന്റ് റെസ്ക്യൂ സർവ്വീസിന്റെ ആധുനീകരണം. ആധുനിക ഉപകരണങ്ങൾ വാങ്ങുന്നതിനും വകുപ്പിന്റെ നവീകരണത്തിനുമായി 65 കോടി രൂപ വകയിരുത്തുന്നു. ഉയർന്ന കെട്ടിടങ്ങളിലുണ്ടാകുന്ന അഗ്നിബാധയും മറ്റും നേരിടുന്നതിനുള്ള ലാഡറും പ്ലാറ്റ്ഫോമുമടക്കം ആധുനിക സൌകര്യങ്ങൾ ആർജ്ജിക്കുന്നതിനാണ് ഈ തുക ഉപയോഗിക്കുക. ഇതടക്കം ഫയർ ആന്റ് റെസ്ക്യൂ സർവ്വീസിന് 70 കോടി രൂപയാണ് വകയിരുത്തുന്നത്.

## റവന്യൂ

234. റവന്യൂ വകുപ്പിന് മൊത്തം 120 കോടി രൂപ വകയിരുത്തുന്നു. ഇതിൽ 50 കോടി രൂപ കേരള ലാന്റ് സെറ്റിൽമെന്റ് അതോറിറ്റി രൂപീകരിക്കുന്നതിനു വേണ്ടിയാണ്. 2018-19-ൽ 427 വില്ലേജുകളിൽ റീസർവ്വേ പൂർത്തിയാക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. ഇതിനായി 50 കോടി രൂപ വകയിരുത്തുന്നു. സമയബന്ധിതമായി റീസർവ്വേ പൂർത്തീകരിക്കുമെന്ന് ഉറപ്പുവരുത്തുന്നതിനായി സാറ്റ്ലൈറ്റ് വിവരങ്ങളെ അടിസ്ഥാനമാക്കിയുള്ള ഡിജിറ്റലൈസേഷൻ ഉപയോഗപ്പെടുത്തും. വില്ലേജ് ഓഫീസുകളുടെ നവീകരണത്തിന് 18 കോടി രൂപ വകയിരുത്തുന്നു.

### ഹൌസിംഗ്

235. പാർപ്പിട മേഖലയ്ക്ക് മൊത്തം 85.41 കോടി രൂപയാണ് വകയിരുത്തുന്നു. ഇതിൽ 54.10 കോടി രൂപ കേരള ഹൌസിംഗ് ബോർഡിനാണ്. ഗൃഹശ്രീ പാർപ്പിട പദ്ധതി പ്രകാരം സന്നദ്ധ സംഘങ്ങൾക്ക് രണ്ടു ലക്ഷം രൂപ വീടൊന്നിന് സബ്സിഡിയായി നൽകുന്നു. 2018-19ൽ 1250 വീടുകൾക്ക് ധനസഹായം നൽകും. മെഡിക്കൽ കോളജുകൾക്കുള്ള ആശ്വാസ് റെന്റൽ സ്കീമിന് 4.3 കോടി രൂപ വകയിരുത്തുന്നു.

### ജുഡീഷ്യറി

236. ജുഡീഷ്യൽ സർവ്വീസിന് 26 കോടി രൂപ വകയിരുത്തുന്നു. കോടതിയുടെ ഇ-ഗവേണൻസിനാണ് പ്രാമുഖ്യം നൽകിയിട്ടുള്ളത്. സബോർഡിനേറ്റ് കോടതികളുടെ ആധുനികവൽക്കരണത്തിന് 8 കോടി രൂപ വക യിരുത്തുന്നു. കോടതി കെട്ടിടങ്ങൾക്ക് കേന്ദ്രവിഹിതമടക്കം 60 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

### ലീഗൽ മെട്രോളജി

237. ലീഗൽ മെട്രോളജി വകുപ്പിന് 11 കോടി രൂപ വകയിരുത്തുന്നു. ഇതു മുഖ്യമായും ലബോറട്ടറികളുടെ കാലിബറേഷൻ ആൻഡ് മെഷർമെന്റ് കപ്പാസിറ്റി വർദ്ധിപ്പിക്കുന്നതിനാണ് ചെലവഴിക്കുന്നത്.

### സ്റ്റേഷനറി ആൻഡ് പ്രിന്റിംഗ്

238. പ്രിന്റിംഗ് വകുപ്പിന്റെ കീഴിൽ 11 സർക്കാർ പ്രസ്സുകളാണ് പ്രവർത്തിക്കുന്നത്. അത്ഭുതാവഹമായ മാറ്റങ്ങളാണ് അച്ചടി സാങ്കേതികവിദ്യയിൽ ഉണ്ടായിട്ടുള്ളത്. ഈ സാങ്കേതിക തികവ് ആർജ്ജിക്കാനായാൽ

പുസ്തകങ്ങളടക്കം സർക്കാരിന് ആവശ്യമുള്ള സുരക്ഷിത അച്ചടികളുടെ നിർവ്വഹണം ഏറെ കാര്യക്ഷമമായി മാറും. സർക്കാർ പ്രസുകൾക്ക് ആധുനിക സൌകര്യങ്ങൾ 7 കോടി രൂപയടക്കം അച്ചടി വകുപ്പിന് 10 കോടി രൂപ പദ്ധതിയിൽ വകയിരുത്തിയിട്ടുണ്ട്. ഇവയുടെ നവീകരണത്തിനുള്ള സമഗ്ര പദ്ധതികളുടെ നടത്തിപ്പിനായി 100 കോടി രൂപ കിഫ്ബിയിൽ വകയിരുത്തിയിരുന്നു. ഇതിന്റെ ഡിപിആർ തയ്യാറാക്കി ഈ പദ്ധതി നടപ്പിലാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

## ഡയറക്ടറേറ്റ് ഓഫ് എക്കണോമിക്സ് ആൻഡ് സ്റ്റാറ്റിസ്റ്റിക്സ്

239. സ്ഥിതിവിവരക്കണക്കു ശേഖരണത്തിൽ ഏറ്റവും പ്രധാനപ്പെട്ട പ്രവർത്തനം കാർഷിക സ്ഥിതിവിവര ക്കണക്കുകൾ മെച്ചപ്പെടുത്തുന്നതിനുവേണ്ടിയുള്ള കേന്ദ്ര സർക്കാരിന്റെ സ്കീമാണ്. ഇതിനുവേണ്ടി 55 കോടി രൂപ വകയിരുത്തുന്നു.

# X

# നികുതി

## കേരള സംസ്ഥാന ചരക്കുസേവന നികുതി

240. 2017 ജൂലൈ മുതൽ ചരക്ക് സേവന നികുതി നിയമം കേരളത്തിലും നടപ്പിലാക്കി. വാണിജ്യനികുതി വകുപ്പിനെ ചരക്ക് സേവന നികുതി വകുപ്പ് എന്ന് പുനർനാമകരണം ചെയ്തു. പുതിയ നികുതി നിയമത്തിന്റെ വെല്ലുവിളികൾ നേരിടുവാൻ വിവരസാങ്കേതിക വിദ്യയുടെ സാദ്ധ്യതകൾ

ഉപയോഗിച്ച് വകുപ്പിനെ ആധുനികവൽക്കരിക്കുകയാണ് അടുത്ത നടപടി.

241. വകുപ്പിന്റെ ഐടി ഹാർഡ് വെയർ സംവിധാനം പൂർണ്ണമായും നവീകരിക്കുന്നതിനും പുതിയ ആശയങ്ങള് ഇതോടനുബന്ധിച്ച് നടപ്പിലാക്കുന്നതിനെക്കുറിച്ച് സമഗ്ര പഠനം നടത്തുവാനുമായി ഈ രംഗത്ത് പ്രാവീണ്യമുള്ള ഏജൻസിയെ നിയമിക്കുന്നതും സമയബന്ധിതമായി പൂർത്തീകരിക്കുന്നതുമാണ്.

242. അന്യസംസ്ഥാനങ്ങളിൽ നിന്നുള്ള ചരക്കുനീക്കം നിരീക്ഷിക്കുന്നതിനുള്ള ഈവേ ബിൽ സമ്പ്രദായം ഫെബ്രുവരി 1 മുതൽ നടപ്പിലായിക്കഴിഞ്ഞു. കള്ളക്കടത്തും നികുതിവെട്ടിച്ചുള്ള ചരക്കുനീക്കവും കൂടുതൽ ഫലപ്രദമായി നിയന്ത്രിക്കുന്നതിനായി സംസ്ഥാനത്തിന്റെ പ്രധാന അതിർത്തികളിൽ സംസ്ഥാന സർക്കാർ നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കും. നിരീക്ഷണക്യാമറകളിൽ നിന്ന് ലഭ്യമാകുന്ന ചരക്കുവാഹനങ്ങളുടെ വിവരങ്ങള് ഇ-വേബില്ലുകൾ വഴി ജി.എസ്.ടി. നെറ്റ് വർക്ക് പോർട്ടലിൽ അപ് ലോഡ് ചെയ്തിട്ടുണ്ടോ എന്ന് പരിശോധിക്കുന്നതിനും, ഇല്ലെങ്കിൽ തത്സമയം തന്നെ മൊബൈൽ സ്ക്വാഡുകളെ അറിയിക്കുന്നതിനുമുള്ള സംവിധാനം സജ്ജമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും. ഇ-വേബിൽ സമ്പ്രദായം ഫലപ്രദമായി നടപ്പിലാക്കുന്നതിന് ഇതു സഹായകരമാകും. കേന്ദ്രസർക്കാർ ആർ.എഫ്.ഐ.ഡി സമ്പ്രദായം നടപ്പാക്കുന്നതോടെ ഈ സംവിധാനം സ്വയംപ്രവർത്തനക്ഷമമായി മാറുകയും ചെയ്യും.

243. ചരക്കുസേവന നികുതി വകുപ്പിന്റെ ഇന്റലിജൻസ് സ്ക്വാഡുകളെ ശക്തിപ്പെടുത്തുകയും 24x7 അടിസ്ഥാനത്തിൽ വാഹന പരിശോധന നടത്തുന്നതിന് സംവിധാനമൊരുക്കുകയും ചെയ്യും. ഇതിനായി ഇന്റലിജൻസ് സ്ക്വാഡുകൾ പുനഃസംഘടിപ്പിക്കുകയും പരിശോധനകൾക്കാവശ്യമായ ആധുനിക ഉപകരണങ്ങള് നൽകുകയും ചെയ്യുന്നതാണ്.

## കേരള മൂല്യവർദ്ധിത നികുതി

244. 2017 ജൂൺ വരെ സമർപ്പിച്ചിട്ടുള്ള വാറ്റ് റിട്ടേണുകളിൽ ഭേദഗതി വരുത്തുവാൻ ഒരു അവസരം കൂടി നൽകണമെന്ന് വ്യാപാരികൾ അഭ്യർത്ഥിച്ചിട്ടുണ്ട്. ഈ അഭ്യർത്ഥനമാനിച്ച് 2017 ജൂൺവരെ സമർപ്പിച്ചിട്ടുള്ള റിട്ടേണുകളിൽ ഭേദഗതി വരുത്തുവാൻ ഒരു അവസരം കൂടി നൽകുന്നു. വിറ്റുവരവിനോ നികുതിയ്ക്കോ വ്യത്യാസം വരുത്താതെ റിട്ടേണുകളുടെ സാങ്കേതിക പിഴവുകൾ അപേക്ഷ സമർപ്പിച്ച് തിരുത്താവുന്നതാണ്. മൂല്യവർദ്ധിത നികുതി നിയമം സെക്ഷൻ 42 പ്രകാരം ഓഡിറ്റ് സ്റ്റേറ്റ്മെന്റുകൾ സമർപ്പിച്ചിട്ടുള്ള വ്യാപാരികൾക്ക് റിട്ടേണുകളിൽ ഭേദഗതി വരുത്താവുന്നതാണ്. റിട്ടേണുകളിൽ വരുത്തുന്ന ഭേദഗതികൾ സ്വീകരിച്ചാലും വാറ്റ് നിയമപ്രകാരമുള്ള മറ്റു നടപടികൾ സ്വീകരിക്കുന്നതിന് തടസ്സമുണ്ടാകില്ല. എന്നാൽ അസസ്മെന്റ് നടപടികൾക്ക് ഇതിനകം നോട്ടീസ് നൽകിയിട്ടുള്ള വ്യാപാരികൾക്ക് ഈ ആനുകൂല്യം ലഭ്യമല്ല. ഭേദഗതികൾക്കുള്ള അപേക്ഷകള് 2018 ജൂൺ 30 നകം സമർപ്പിക്കേണ്ടതാണ്.

245. 2017-18 ബജറ്റിൽ 2010-11 വരെയുള്ള വിൽപന നികുതി, കാർഷികാദായനികുതി, മൂല്യവർദ്ധിതനികുതി, ആഡംബര നികുതി എന്നീ ആക്ടുകൾ പ്രകാരമുള്ള അസസ്സ്മെന്റു കളിൽ വന്നിട്ടുള്ള നികുതികുടിശ്ശികയ്ക്ക് ആംനസ്റ്റി പ്രഖ്യാപിച്ചിരുന്നു. ഈ ആംനസ്റ്റി പ്രകാരമുള്ള ഓപ്ഷനുകള് സമർപ്പിക്കാനും തുക അടയ്ക്കാനുമുള്ള കാലാവധി 2018 ജൂൺ 30 വരെ നീട്ടി നൽകുന്നു. ആംനസ്റ്റിയുടെ മറ്റു വ്യവസ്ഥകളിൽ മാറ്റമില്ല.

246. 2017-18 ബജറ്റിൽ അനുമാന നികുതിദായകർക്ക് പ്രത്യേക ആംനസ്റ്റി നൽകിയിരുന്നു. ഈ സ്കീം പ്രകാരം ഓപ്ഷൻ നൽകുവാനും തുക അടയ്ക്കാനുമുള്ള കാലാവധി 2018 ജൂൺ 30 വരെ നീട്ടുന്നു. വാറ്റ് രജിസ്ട്രേഷൻ എടുക്കാതെ അസസ്സ്മെന്റുകൾ ലഭിച്ചിട്ടുള്ളതും നടപടികൾ നേരിടു ന്നതുമായ വ്യാപാരികൾക്കും അനുമാന നികുതിദായകർക്ക് നൽകിയ സ്കീം പ്രകാരം കുടിശ്ശിക അടച്ചു തീർക്കാവുന്നതാണ്. ഇവർ ആംനസ്റ്റിയിൽ നിർണ്ണയിക്കുന്ന തുകയ്ക്കു പുറമേ രജിസ്ട്രേഷൻ ഫീസും തുല്യമായ തുക പിഴയും അടയ്ക്കേണ്ടതാണ്. എന്നാൽ അന്തർസംസ്ഥാന വാങ്ങലുകളോ വിൽപനയോ നടത്തിയ വ്യാപാരികള് ഈ പദ്ധതിയുടെ പരിധിയിൽ വരുന്നതല്ല. ഇത്തരം കേസുകളിൽ 2016-17 വരെയുള്ള വിറ്റുവരവ് പരിഗണിച്ച് തീർപ്പാക്കാവുന്നതാണ്.

247. രജിസ്റ്റേർഡ് ട്രേഡ് നെയിം ഉപയോഗിച്ച് ബേക്കറി ഉൽപന്നങ്ങൾ വിറ്റ വ്യാപാരികൾക്ക് 2016-17 ബജറ്റിൽ പ്രഖ്യാപിച്ച ആംനസ്റ്റി പ്രകാരം തുക അടയ്ക്കേണ്ട കാലാവധി 2018 മാർച്ചിൽ അവസാനിക്കുന്നതാണ്.

ചെറുകിട/ ഇടത്തരം വ്യാപാരസംരംഭങ്ങളായ ഇത്തരം യൂണിറ്റുകൾക്കും വ്യാപാരികൾക്കും നോട്ടുനിരോധനം തുടങ്ങിയ കാരണങ്ങളാൽ തുക പൂർണ്ണമായും അടച്ചുതീർക്കാൻ കഴിയാത്ത സാഹചര്യത്തിൽ കാലാവധി നീട്ടി നൽകണമെന്ന് അഭ്യർത്ഥിച്ചിരുന്നു. ഈ ആവശ്യം പരിഗണിച്ച് ബാക്കി തുക 24 പ്രതിമാസ ഗഡുക്കളായി അടയ്ക്കുവാനുള്ള അവസരം നൽകുന്നു. ആംനസ്റ്റിയുടെ മറ്റു വ്യവസ്ഥകൾക്ക് മാറ്റമില്ല.

248. അന്തർസംസ്ഥാന വിൽപന നടത്തുന്ന അടയ്ക്ക വ്യാപാരികൾക്ക് അവർ നൽകുന്ന സി ഫോറത്തിന്റെ അടിസ്ഥാനത്തിൽ 2 ശതമാനം നികുതി ബാദ്ധ്യത മാത്രമേ ഉണ്ടായിരുന്നുള്ളൂ. എന്നാൽ ഈ വ്യാപാരികൾ സമർപ്പിച്ച പല സി ഫോറങ്ങളും നിയമപ്രകാരം സ്വീകരിക്കാന് യോഗ്യമല്ലെന്ന് വകുപ്പിന്റെ അന്വേഷണത്തിൽ തെളിഞ്ഞിട്ടുണ്ട്. അടയ്ക്ക വിൽപന നടത്തിയ വ്യാപാരികൾക്ക് ഇതുമൂലം ഒട്ടേറെ വർഷങ്ങളിലെ 5 ശതമാനം നികുതി ഒരുമിച്ച് അടയ്ക്കേണ്ട അവസ്ഥ വന്നുചേർന്നിട്ടുണ്ട്. ഇത്തരം വ്യാപാരികളുടെ നികുതിഭാരത്തിന് ഇളവുകള് നൽകണമെന്ന ആവശ്യം ഉയർന്നുവന്നിട്ടുണ്ട്. ഇതുപരിഗണിച്ച് അടയ്ക്ക അന്തർസംസ്ഥാന വ്യാപാരം നടത്തിയ വ്യാപാരികൾക്ക് മാത്രമായി നിബന്ധനകൾക്ക് വിധേയമായി ആംനസ്റ്റി പ്രഖ്യാപിക്കുന്നു.

1) സമർപ്പിച്ച സി ഫോറങ്ങൾ നിരസിച്ച് അന്തർസംസ്ഥാന വിറ്റുവരവിന് പൂർണ്ണനികുതി ചുമത്തിയ അടയ്ക്കയുടെ

നികുതിബാദ്ധ്യതയ്ക്ക് മാത്രമാണ് ഈ ആംനസ്റ്റി ബാധകമാകുന്നത്.

2) സമർപ്പിച്ച സി ഫോറങ്ങൾ നിരസിച്ച് ചുമത്തിയ പിഴയ്ക്കും നികുതിനിർണ്ണയ ഉത്തരവു പ്രകാരമുണ്ടായ പലിശയ്ക്കും ഇളവു നൽകുന്നു. നികുതി പൂർണ്ണമായും അടയ്ക്കണം.

3) ഇതിനകം നികുതി നിർണ്ണയ ഉത്തരവ് ലഭിച്ച വ്യാപാരികൾ 2018 മേയ് 31നകം ആംനസ്റ്റിക്ക് അപേക്ഷ നൽകേണ്ടതാണ്. മറ്റു വ്യാപാരികൾ നികുതി നിർണ്ണയ ഉത്തരവുലഭിച്ച് ഒരു മാസത്തിനകം അപേക്ഷ നൽകിയിരിക്കണം. യുക്തമായ സാഹചര്യത്തിൽ അപേക്ഷ നൽകേണ്ട തീയതി നികുതി കമ്മീഷണർക്ക് നീട്ടി നൽകാവുന്നതാണ്.

4) ഇത്തരം അപേക്ഷകൾ 2019 മാർച്ച് 31 വരെ ഫയൽ ചെയ്യാവുന്നതാണ്.

5) ആംനസ്റ്റി പ്രകാരം തുക തീരുമാനിച്ചു കഴിഞ്ഞാൽ 12 പ്രതിമാസ തുല്യഗഡുക്കളായി അടച്ചുതീർക്കേണ്ടതാണ്.

6) ഇതുസംബന്ധമായി എല്ലാ ഫോറങ്ങളിലും നില നിൽക്കുന്ന കേസുകൾ പിൻവലിക്കേണ്ടതാണ്.

7) ഇതിനകം അടച്ച പിഴയും പലിശയും നികുതി ബാദ്ധ്യതയിലേക്ക് പുനഃക്രമീകരിക്കുന്നതല്ല.

249. 2011-12 വരെയുള്ള നികുതിനിർണ്ണയങ്ങൾ പൂർത്തീകരിക്കാനുള്ള കാലാവധി 2018 മാർച്ച് 31-ന് അവസാനിക്കുകയാണ്. 2011-12 വരെയുള്ള നികുതി

നിർണ്ണയങ്ങളുടെ കാലാവധി 2019 മാർച്ച് 31 വരെ നീട്ടി നൽകുന്നു.

250. മൂല്യവർദ്ധിത നികുതി നിയമത്തിൽ ഇനിയും ധാരാളം നികുതി നിർണ്ണയങ്ങൾ ബാക്കി നിൽക്കുകയാണ്. ജി.എസ്.ടി നിയമം നടപ്പാക്കിയതിന്റെ പശ്ചാത്തലത്തിൽ വാറ്റ് നിയമപ്രകാരമുള്ള എല്ലാ അസസ്സ്മെന്റുകളും സമയബന്ധിതമായി പൂർത്തിയാക്കേണ്ടതുണ്ട്. ഇതിനായി ഡെപ്യൂട്ടി കമ്മീഷണർമാരെക്കൂടി നികുതി നിർണ്ണയാധി കാരികളായി ചുമതലപ്പെടുത്തുന്നു. ഡെപ്യൂട്ടി കമ്മീഷണർ നടത്തുന്ന നികുതിനിർണ്ണയത്തിന്റെ അപ്പീൽ നൽകേണ്ടത് ജോയിന്റ് കമ്മീഷണർ, അപ്പീലിനാണ്. തുടർന്നുള്ള അപ്പീൽ വാറ്റ് ട്രൈബ്യൂണലിലും നൽകണം. കഴിഞ്ഞ വർഷം നൽകിയ ആംനസ്റ്റി പദ്ധതി വളരെ കുറച്ചു വ്യാപാരികൾ മാത്രമേ ഉപയോഗപ്പെടുത്തിയിട്ടുള്ളൂ. അതുകൊണ്ട് പുതിയതായി വാറ്റ് നികുതിദായകർക്കുള്ള ആംനസ്റ്റി പ്രഖ്യാപിക്കുന്നില്ല. എത്രയും പെട്ടെന്ന് അസ്സസ്സ്മെന്റുകൾ പൂർത്തീകരിച്ച് റവന്യു റിക്കവറി അടക്കമുള്ള നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്.

251. മേൽപ്പറഞ്ഞ എല്ലാ ഭേദഗതികളും നടപ്പിലാക്കുന്നതിന് ആവശ്യമായ മാറ്റങ്ങൾ ബന്ധപ്പെട്ട നിയമങ്ങളിൽ കൊണ്ടുവരുന്നതാണ്.

### എക്സൈസ്

252. ഇന്ത്യൻ നിർമിത വിദേശമദ്യത്തിനും, ബിയറിനും നിലവിലെ വിൽപ്പന നികുതി സർചാർജ്, സാമൂഹിക സുരക്ഷ സെസ്, മെഡിക്കൽ സെസ്, പുനരധിവാസ സെസ്, ടേൺ ഓവർ

ടാക്സ് എന്നിവ ഈടാക്കി വരുന്നു. ഇവയിൽ സർചാർജ്, സാമൂഹിക സുരക്ഷ സെസ്, മെഡിക്കൽ സെസ്, പുനരധിവാസ സെസ് എന്നിവ എടുത്തു കളയാനും തത്തുല്യമായി വിൽപ്പന നികുതി നിരക്ക് പരിഷ്കരിക്കുന്നതിനും തീരുമാനിക്കുന്നു. ഇന്ത്യൻ നിർമിത വിദേശമദ്യത്തിന്റെ വിൽപ്പന നികുതി 400 രൂപ വരെ വിലയുള്ളതിനു 200 ശതമാനമായും 400 രൂപയ്ക്കു മുകളിൽ വിലവരുന്നതിനു 210 ശതമാനമായും പരിഷ്കരിക്കുന്നു. ബിയറിന്റെ നികുതി 100 ശതമാനമായി പരിഷ്കരിക്കുന്നു. വിവിധയിനം സെസും സർചാർജും ഒഴിവാക്കിയതിനാൽ ഈ പരിഷ്കരണത്തിലൂടെ മദ്യത്തിന്റെ മൊത്തവിൽപ്പന വിലയിൽ കാര്യമായ വർദ്ധന ഉണ്ടാകാത്ത സാഹചര്യത്തിൽ നാമമാത്രമായ അധികവരുമാനം മാത്രമേ ഇതിലൂടെ പ്രതീക്ഷിക്കുന്നുള്ളൂ.

253. അബ്കാരി നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് ഇന്ത്യൻ നിർമിത വിദേശ മദ്യത്തിന്റെയും വിദേശ നിർമിത വിദേശ മദ്യത്തിന്റെയും വിപണനം ബിവറേജസ് കോർപ്പറെഷനിൽ നിക്ഷിപ്തമാണ്. എന്നാൽ നാളിതുവരെ കോർപ്പറേഷൻ വിദേശ നിർമിത വിദേശ മദ്യം വിപണനം നടത്തിയിട്ടില്ല. എന്നാൽ വിദേശ നിർമിത വിദേശ മദ്യത്തിന്റെ അനധികൃത വ്യാപാരം നടക്കുന്നതായി പരാതികൾ ലഭിക്കുന്നുണ്ട്. ഇത് സർക്കാരിനു റവന്യു നഷ്ടം വരുത്തുന്നുണ്ട്. ഈ സാഹചര്യത്തിൽ ബിവറേജസ് കോർപ്പറേഷൻ വിദേശ നിർമിത വിദേശ മദ്യത്തിന്റെ വ്യാപാരവും വിപണനവും ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്നു. നിലവിൽ 150 ശതമാനം ഇറക്കുമതി തീരുവയുള്ള വിദേശ-നിർമ്മിത

വിദേശമദ്യത്തിനും വൈനിനും മത്സരക്ഷമമായ നികുതി ഏർപ്പെടുത്തേണ്ടത് ആവശ്യമാണ്. ആയതിനാൽ വിദേശ നിർമ്മിത വിദേശ മദ്യത്തിന്റെ വിൽപ്പന നികുതി 78 ശതമാനമായും വിദേശ നിർമ്മിത വൈനിന്റെ വിൽപ്പന നികുതി 25 ശതമാനമായും നിശ്ചയിക്കുന്നു. വിദേശ നിർമ്മിത വിദേശമദ്യത്തിന്റെ വിപണനംമൂലം ഇന്ത്യൻ നിർമ്മിത വിദേശമദ്യത്തിന്റെ വിൽപ്പനയെ ബാധിക്കാതിരിക്കാൻ വിദേശ നിർമ്മിത വിദേശമദ്യത്തിന്റെ അടിസ്ഥാനവില ഇറക്കുമതി തീരുവ ഇല്ലാതെ കെയ്സ് ഒന്നിന് 6,000 രൂപയും വൈനിന് 3,000 രൂപയായും നിശ്ചയിക്കുന്നതാണ്. ഇതിനു പുറമേ അബ്കാരി നിയമ പ്രകാരമുള്ള പ്രത്യേക ഫീസ് പ്രൂഫ് ലിറ്ററിന് 87 രൂപ 70 പൈസ വിദേശ നിർമ്മിത വിദേശമദ്യത്തിന് ഏർപ്പെടുത്തുന്നു. വിദേശ നിർമ്മിത വൈനിന് ഒരു ബൾക്ക് ലിറ്ററിന് 1.25 രൂപ പ്രത്യേക ഫീസായി ഈടാക്കും. ഇതിനാവശ്യമായ ഭേദഗതികൾ കേരള പൊതുവിൽപ്പന നികുതി ആക്ട്, സർചാർജ്ജ് ഓൺ ടാക്സസ് ആക്ട്, കേരള അബ്കാരി ആക്ട് എന്നിവയിൽ വരുത്തുന്നതാണ്. ഇതിൽ നിന്നും 60 കോടി രൂപ അധിക നികുതി വരുമാനം പ്രതീക്ഷിക്കുന്നു.

**മോട്ടോർവാഹന നികുതി**

254. കേരളത്തിൽ രജിസ്റ്റർ ചെയ്യപ്പെടേണ്ട 1,500 ഓളം ആഡംബര വാഹനങ്ങളും 2,000 ഓളം മറ്റു കാറുകളും പുതുച്ചേരിയിൽ വ്യാജമേൽവിലാസത്തിൽ രജിസ്റ്റർ ചെയ്ത് സ്ഥിരമായി കേരളത്തിൽ ഉപയോഗിക്കുന്ന തായിട്ടാണ് പൊലീസിന്റെയും മോട്ടോർ വാഹന

വകുപ്പിന്റെയും അന്വേഷണത്തിൽ കണ്ടെത്തിയിട്ടുള്ളത്. ഇത്തരം വാഹനങ്ങളിൽ നിന്നും നികുതി ഈടാക്കുന്ന തിനുള്ള നടപടികൾ വകുപ്പ് സ്വീകരിച്ചുവരുന്നു. വാഹന ഉടമകളിൽ പലരും നിയമപരമായ ഭവിഷത്തുകളെക്കുറിച്ച് പൂർണ്ണമായും ബോധവാൻമാരായിട്ടായിരുന്നില്ല ഇത്തരം ഇടപാടുകളിൽ ഏർപ്പെട്ടതെന്ന് വ്യക്തമാണ്. ഇവർക്ക് ഒരു ആംനസ്റ്റി സ്കീം പ്രഖ്യാപിക്കുകയാണ്. കേരളത്തിൽ വാഹനം രജിസ്റ്റർ ചെയ്തിരുന്നെങ്കിൽ അടയ്ക്കേണ്ടുന്ന തുക ഒടുക്കിയാൽ അവരുടെമേലുള്ള നിയമനടപടികൾ സർക്കാർ പുനപരിശോധിക്കുന്നതാണ്. അല്ലാത്തവരുടെ പേരിൽ വാഹനം കണ്ടുകെട്ടൽ അടക്കമുള്ള കർശന നടപടികൾ സ്വീകരിക്കും. എന്നാൽ ഇപ്പോൾ ഇത്തരം വാഹന ഉടമകൾ ക്രിമിനൽ നടപടികൾ നേരിടേണ്ടി വരുമെന്ന ഭയത്താൽ സംസ്ഥാനത്തിന് അടയ്ക്കേണ്ടതായ നികുതി അടയ്ക്കുന്നതിൽ നിന്നും ഒഴിഞ്ഞു നിൽക്കുക യാണ്. 2018 ഏപ്രിൽ 30 വരെ മാത്രമേ ഈ ആംനസ്റ്റി ആനുകൂല്യം നിലവിലുണ്ടാകൂ. പുതുച്ചേരിയിൽ രജിസ്റ്റർ ചെയ്ത് കേരളത്തിൽ സ്ഥിരമായി ഉപയോഗിക്കുന്ന വാഹന ഉടമകൾ സംസ്ഥാനത്ത് അടയ്ക്കേണ്ടതായ നികുതി അടച്ച് തുടർനടപടികളിൽ നിന്നും വിമുക്തരാകുവാനുള്ള ഈ അവസരം ഉപയോഗപ്പെടുത്തുമെന്നു കരുതട്ടെ. ഇതുവഴി സർക്കാരിന് 100 കോടി രൂപയുടെ അധികവരുമാനം ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

255. ഇലക്ട്രിക് ഓട്ടോറിക്ഷകളുടെയും എൽ.പി.ജി/സി.എൻ.ജി ഉപയോഗിച്ച് ഓടുന്ന ഓട്ടോറിക്ഷകളുടെയും നിലവിലെ വാർഷിക നികുതി 500 രൂപയിൽ നിന്ന് 450/- രൂപയായി

കുറയ്ക്കുന്നു പുതുതായി രജിസ്റ്റർ ചെയ്യുന്ന ഇത്തരം വാഹനങ്ങൾ 5 വർഷത്തേയ്ക്ക് 2,000/- എന്ന നിരക്കിൽ നികുതി അടയ്ക്കേണ്ടതാണ്.

256. ഇലക്ട്രിക് വാഹനമായ ഇ-റിക്ഷകൾ സംസ്ഥാനത്ത് കൂടുതലായി രജിസ്റ്റർ ചെയ്യപ്പെടുന്നുണ്ട്. ഇവയുടെ സീറ്റുകൾ നാലിൽ കൂടുതലായതിനാൽ പുതുതായി രജിസ്റ്റർ ചെയ്യുന്ന ഇത്തരം വാഹനങ്ങളിൽ നിന്നും അവയുടെ വിലയുടെ 6 ശതമാനം നികുതി 15 വർഷത്തേയ്ക്ക് ഒന്നിച്ച് ഈടാക്കി വരുകയാണ്. ഈ വാഹനങ്ങളുടെ രജിസ്ട്രേഷൻ പ്രോത്സാഹിപ്പിക്കുന്നതിനായി ഓട്ടോറിക്ഷകളുടെ നികുതി നിരക്ക് ഇത്തരം വാഹനങ്ങൾക്കും ഏർപ്പെടുത്തുന്നു.

257. നിലവിലെ നികുതി ഘടനയനുസരിച്ച് ഭാരംകൂടിയ ചരക്കുവാഹനങ്ങൾക്ക്, ഇതേ ഭാരമുള്ള ടിപ്പർ വാഹനങ്ങളെക്കാൾ നികുതി കൂടുതലാണ്. കൂടുതലായി റോഡുകൾ ഉപയോഗിക്കുന്ന ടിപ്പർ ലോറികളുടെ നികുതി മറ്റ് ലോറികളുടേതിന് സമാനമായി നിജപ്പെടുത്തേണ്ടത് അനിവാര്യമാണ്. ആയതിനാൽ 20 ടണ്ണിനു മുകളില് ആർഎൽഡബ്ല്യുയുള്ള ടിപ്പർ ലോറികളുടെ ത്രൈമാസ നികുതിയിൽ 35 ശതമാനം വർദ്ധനവ് വരുത്തുന്നു. സംസ്ഥാനത്ത് സർവ്വീസ് നടത്തുന്ന ഭൂരിഭാഗം ടിപ്പര് ലോറികളും 20 ടണ്ണിൽ ആർഎൽഡബ്ല്യുയുള്ളവിനു താഴെ വരുന്നതുകൊണ്ട് അവയ്ക്ക് ഈ വർദ്ധനവ് ബാധകമാവുകയില്ല. ഇതുവഴി സർക്കാരിന് ഒരു വർഷം 8.4 കോടി രൂപയുടെ അധിക വരുമാനം പ്രതീക്ഷിക്കുന്നു.

258. അന്യസംസ്ഥാനത്ത് രജിസ്റ്റര് ചെയ്തശേഷം സംസ്ഥാനത്തേയ്ക്ക് പ്രവേശിച്ച് ഒരു മാസത്തിൽ കൂടുതൽ

സർവ്വീസ് നടത്തുന്ന നോൺ ട്രാൻസ്പോർട്ട് വാഹനങ്ങൾക്ക് ഒരു മാസത്തിൽ കൂടുതൽ ഒരു വർഷം വരെ വാഹനം കേരളത്തിൽ ഉപയോഗിക്കുകയാണെങ്കിൽ കേരളത്തിൽ രജിസ്റ്റർ ചെയ്ത ഇതേ തരത്തിലുള്ള വാഹനങ്ങൾക്ക് 15 വർഷത്തേയ്ക്ക് ഈടാക്കുന്ന ഒറ്റത്തവണ നികുതിയുടെ പതിനഞ്ചിൽ ഒരു ഭാഗം ഒരു വർഷത്തേയ്ക്ക് ഏർപ്പെടുത്തുന്നു. ഇതിനായി കേരള മോട്ടോർ വാഹന നിയമത്തിലെ ഷെഡ്യൂളിൽ ഭേദഗതി വരുത്തുന്നതാണ്. എന്നാൽ ഒറ്റത്തവണ നികുതി അടയ്ക്കേണ്ടതില്ലാത്ത മറ്റ് നോൺ ട്രാൻസ്പോർട്ട് വാഹനങ്ങൾ കേരള മോട്ടോർ വാഹന ടാക്സേഷൻ നിയമത്തിലെ ഷെഡ്യൂൾ അനുസരിച്ചുള്ള നിരക്കിൽ ത്രൈമാസ നികുതിയാണ് അടയ്ക്കേണ്ടത്. ഇതുവഴി ഒരു വർഷം സർക്കാരിന് 2 കോടി രൂപയുടെ വരുമാനം പ്രതീക്ഷിക്കുന്നു.

259. അന്യസംസ്ഥാനങ്ങളിൽ നിന്ന് നികുതിയടക്കാതെ കേരളത്തിലേയ്ക്ക് അനധികൃതമായി പ്രവേശിക്കുന്ന ട്രാൻസ്പോർട്ട് വാഹനങ്ങൾ സംസ്ഥാനത്ത് പിടിക്കപ്പെടുകയാണെങ്കിൽ അവയ്ക്ക് നിലവിലുള്ള നികുതിയുടെ ഇരട്ടി നികുതിവരെ ഈടാക്കാവുന്നതാണ് എന്ന് കേരള മോട്ടോർ വാഹന നികുതി നിയമത്തില് ഭേദഗതി വരുത്തുന്നതാണ്.

260. അന്യസംസ്ഥാനത്ത് രജിസ്റ്റർ ചെയ്തശേഷം നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് എടുത്ത് കേരളത്തില് രജിസ്റ്റർ ചെയ്യുവാൻ സമർപ്പിക്കപ്പെടുന്ന അപേക്ഷകളിന്മേൽ നടപടികൾ സ്വീകരിക്കുന്നതിന് നിലവിൽ കാലതാമസം

നേരിടുന്നുണ്ട്. കേന്ദ്ര ഗതാഗത മന്ത്രാലയം തയ്യാറാക്കിയ വാഹൻ സാരഥി എന്ന സോഫ്ട് വെയർ വഴി പരിശോധിച്ച് അപേക്ഷ ലഭിച്ച അന്നുതന്നെ തീർപ്പ് കൽപ്പിച്ച് പുതിയ നമ്പർ വാഹന ഉടമയ്ക്ക് നൽകുവാൻ നടപടി സ്വീകരിക്കുന്നതാണ്. ഇതുവഴി മറ്റ് സംസ്ഥാനത്ത് നിന്നും നോ ഒബ്ജക്ഷന് സർട്ടിഫിക്കറ്റ് എടുത്ത് സംസ്ഥാനത്തിനകത്ത് പേര് മാറുന്നതിനും മേൽവിലാസം മാറ്റുന്നതിനും പുതിയ നമ്പർ ലഭിക്കുന്നതിനും പൊതുജന ങ്ങൾക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ പൂർണ്ണമായും പരിഹരിക്കുന്നതാണ്.

261. 2014-ലെ ഫൈനാൻസ് ആക്ട് പ്രകാരം മോട്ടോർ കാബുകൾക്കും ടൂറിസ്റ്റ് മോട്ടോർ കാബുകൾക്കും വാഹനവിലയുടെ അടിസ്ഥാനത്തിൽ 15 വർഷത്തേയ്ക്ക് ഒറ്റത്തവണ നികുതി ഏർപ്പെടുത്തിയിരുന്നു. എന്നാൽ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഉത്തരവു പ്രകാരം ഇത്തരം വാഹനങ്ങളിൽ നിന്നും അഞ്ചു വർഷത്തെ നികുതി മാത്രമാണ് സ്വീകരിച്ചിട്ടുള്ളത്. ബഹുമാനപ്പെട്ട ഹൈക്കോടതി 15 വർഷത്തെ നികുതി ബാധ്യത അംഗീകരിച്ചതിന്റെ അടിസ്ഥാനത്തിൽ മേൽവാഹനങ്ങളിൽ നിന്നും 10 വർഷത്തെ നികുതികൂടി വസൂലാക്കുവാൻ നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇതിൽ ഇളവുകൾ വേണമെന്ന് വാഹന ഉടമകൾ അഭ്യർത്ഥിച്ചിട്ടുണ്ട്. ഈ അഭ്യർത്ഥന മാനിച്ച് 2014 ഏപ്രിൽ 1 മുതൽ രജിസ്റ്റർ ചെയ്തിട്ടുള്ളതും അഞ്ചു വർഷത്തേയ്ക്കു മാത്രം നികുതി അടച്ചിട്ടുള്ളതുമായ മോട്ടോർകാബുകൾക്കും ടൂറിസ്റ്റ് മോട്ടോർകാബുകൾക്കും ബാക്കി പത്തു വർഷത്തെ

നികുതി അധികനികുതിയും പലിശയും ഒഴിവാക്കിക്കൊണ്ട് 2018-19 സാമ്പത്തികവർഷത്തിൽ അഞ്ചു തുല്യദ്വൈമാസ ഗഡുക്കളായി സ്വീകരിക്കുന്നതാണ്.

## രജിസ്ട്രേഷനും സ്റ്റാമ്പ് ഡ്യൂട്ടിയും

262. 2010 ലാണല്ലോ ഭൂമിയുടെ ന്യായവില നിലവിൽവന്നത്. അതിനു മുമ്പുള്ള കാലയളവിൽ ഭൂവില കുറച്ചു കാണിച്ചതിന് 10 ലക്ഷത്തിലേറെ കേസുകൾ നിലവിലുണ്ട്. ഭൂമിയുടെ ന്യായവില നിശ്ചയിച്ചശേഷവും കെട്ടിടങ്ങളുടെ ന്യായവില സംബന്ധിച്ച് കേസുകൾ ഉണ്ടായിട്ടുണ്ട്. 1986 മുതൽ 2017, മാർച്ച് വരെ റിപ്പോർട്ട് ചെയ്ത എല്ലാ അണ്ടർവാല്യുവേഷൻ കേസുകളും തീർപ്പ് കല്പിക്കുന്നതിനായി സമഗ്രമായ ഒരു പദ്ധതി ആവിഷ്കരിക്കുവാൻ ഉദ്ദേശിക്കുന്നു. കുറവു മുദ്രവില 5000 രൂപവരെയുള്ള എല്ലാ കേസുകൾക്കും പൂർണ്ണ ഇളവ് നൽകി ഒഴിവാക്കുന്നതാണ്. ബാക്കിയുള്ളവർ മുദ്രവിലയിലുണ്ടായ കുറവിന്റെ 30 ശതമാനം അടച്ചാൽ തുടർനടപടികൾ അവസാനിപ്പിക്കുന്നതാണ്. ഇതിനായി എല്ലാ ജില്ലകളിലും സെറ്റിൽമെന്റ് കമ്മീഷൻ രൂപീകരിക്കാൻ ഉദ്ദേശിക്കുന്നു. ഇതിനുള്ള വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നതാണ്. ഇത്തരത്തിൽ കേസുകൾ തീർപ്പാക്കാത്തവരുടെമേൽ റവന്യു റിക്കവറി അടക്കമുള്ള കർശന നടപടികൾ സ്വീകരിക്കുന്നതാണ്. ഇതിൽ നിന്നും 300 കോടി രൂപ പ്രതീക്ഷിക്കുന്നു.

263. കുടുംബാംഗങ്ങൾ തമ്മിലുള്ള ഭാഗപത്രം, ദാനം, ധനനിശ്ചയം, ഒഴിമുറി എന്നീ ആധാരങ്ങൾക്ക് മുദ്രവില നിരക്ക് 1000 രൂപയാണ്. ഏഴ് വർഷം മുമ്പാണ് ഈ നിരക്ക് നിശ്ചയിച്ചത്. രൂപയുടെ മൂല്യശോഷണംകൂടി കണക്കിലെടുക്കുമ്പോൾ ഈ നിരക്കുകൾ യുക്തിസഹ മല്ലെന്ന് മനസ്സിലാക്കുന്നു. ഈ ആധാരങ്ങൾക്ക് ഏറ്റവും കുറഞ്ഞത് 1000 രൂപ അല്ലെങ്കിൽ വിൽപ്പന വിലയുടെ 0.2 ശതമാനം ഏതാണോ അധികം അത് മുദ്രവിലയായി നിശ്ചയിക്കുന്നു. ഇതിൽ നിന്നും 25 കോടി രൂപ അധികമായി പ്രതീക്ഷിക്കുന്നു.

264. ചിട്ടി നിയമപ്രകാരമുള്ള ആർബിട്രേഷൻ നടപടികൾക്ക് ആർബിട്രേഷൻ തുകയടെ 2 ശതമാനം കോർട്ട് ഫീസ് ഏർപ്പെടുത്തുന്നതാണ്.

265. സബ് രജിസ്ട്രാർ ഓഫീസുകളിൽ നിന്നും നൽകിവരുന്ന സാക്ഷ്യപ്പെടുത്തിയ ആധാരപ്പകർപ്പുകൾക്ക് 10 പേജ് വരെയുള്ളതിന് നിലവിലുള്ള നിരക്കും 10 പേജിൽ കൂടുതലുള്ള ഓരോ പേജിനും 5 രൂപ നിരക്കിൽ അധിക ഫീസ് ഈടാക്കുന്നതാണ്.

266. പൊതുമരാമത്ത് പ്രവൃത്തികൾക്കും മറ്റ് സേവന കരാറുകൾക്കും കരാർ തുകയുടെ 0.1 ശതമാനമോ പരമാവധി ഒരു ലക്ഷം രൂപ എന്ന നിരക്കിൽ മുദ്രവില ഈടാക്കുന്നതാണ്.

267. ലാഭേച്ഛയോടെ പ്രവർത്തിക്കുന്ന എല്ലാ പരസ്യ കരാറുകൾക്കും പ്രക്ഷേപണ സംപ്രേക്ഷണ അവകാശ ങ്ങൾക്കും 500 രൂപ നിരക്കിൽ മുദ്രവില ചുമത്തുന്നതാണ്.

268. കേരളത്തിൽ ആധാര രജിസ്ട്രേഷൻ മുദ്രവില ഈടാക്കിവരുന്നത് ഭൂമിയ്ക്ക് നിശ്ചയിച്ചിട്ടുള്ള ന്യായവിലയുടെ അടിസ്ഥാനത്തിലാണ്. എന്നാൽ ഭൂമിയിൽ സ്ഥിതി ചെയ്യുന്ന ഫ്ലാറ്റുകളൊഴികെയുള്ള കെട്ടിടങ്ങൾക്ക് വില നിശ്ചയിച്ചിട്ടില്ലാത്തതിനാൽ കെട്ടിടങ്ങൾക്ക് വില കുറച്ച് രജിസ്റ്റർ ചെയ്യുന്ന പ്രവണത വർദ്ധിച്ചു വരുന്നതായി കാണുന്നു. ആയതിനാൽ ഫ്ലാറ്റുകളൊഴികെയുള്ള കെട്ടിടങ്ങൾക്ക് ആദായ നികുതി നിയമപ്രകാരം മൂല്യം നിർണ്ണയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചു കൊണ്ട് നിയമ നിർമ്മാണം നടത്തുന്നതാണ്.

269. കേരളത്തിലെ ഭൂമിയുടെ വിപണി വിലയും സർക്കാർ നിശ്ചയിച്ചിട്ടുള്ള ന്യായവിലയും തമ്മിലുള്ള അന്തരം കുറച്ചുകൊണ്ടു വരുന്നതിന് വേണ്ടി നിലവിലെ ന്യായവില 10 ശതമാനം വർദ്ധിപ്പിക്കുന്നതാണ്.

270. ന്യായവിലയിൽ നിലനിൽക്കുന്ന അപാകതകൾ പരിഹരിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് ന്യായവില യുക്തിസഹമായി പുനർനിർണ്ണയിക്കുന്നതാണ്. ഇതിനാവശ്യമായ നടപടികൾ 2018-19 സാമ്പത്തികവർഷം തന്നെ ആരംഭിക്കുന്നതാണ്.

271. സ്ഥാവര വസ്തുക്കളുടെ കൈമാറ്റത്തിന് കുടുംബാംഗങ്ങൾ തമ്മിലുള്ള മുക്ത്യാറുകൾക്കുള്ള നിലവിലെ മുദ്രവില 300 രൂപയിൽ നിന്നും 600 രൂപയായി വർദ്ധിപ്പിക്കുന്നതാണ്.

272. കാർഷികേതര വാണിജ്യ ഇടപാടുകൾക്ക് പാട്ടക്കാലാവധിക്ക് മുമ്പുള്ള പാട്ടഒഴിവുകുറി ഇടപാടുകളിന്മേലുള്ള റവന്യൂ നഷ്ടം ഒഴിവാക്കുന്നതിനായി പാട്ടക്കാലാവധിക്ക്

മുമ്പുള്ള എല്ലാ പാട്ടഒഴിവുകുറികൾക്കും 1000 രൂപ നിരക്കിൽ മുദ്രവില ഈടാക്കുന്നതാണ്.

### ലാന്റ് റവന്യൂ

273. കേരള ഭൂനികുതി ഓർഡിനൻസ് 2014 പ്രകാരം വർദ്ധിപ്പിച്ച നികുതി നിരക്കുകൾ പുനസ്ഥാപിക്കുന്നു.

### സേവനങ്ങൾ

274. സേവനങ്ങൾക്കുള്ള എല്ലാ ഫീസുകളും ചാർജ്ജുകളും 5 ശതമാനം ഉയർത്തുന്നു.

### ധനഉത്തരവാദിത്വ നിയമം

275. ധനഉത്തരവാദിത്വ നിയമത്തിൽ സർക്കാർ ഗ്യാരണ്ടി നൽകുന്നതിനുള്ള പരിധി 21000 കോടി രൂപയായി നിജപ്പെടുത്തിയിരിക്കുകയാണ്. ഇങ്ങനെ കേവലമായി പരിധി നിശ്ചയിക്കുന്നത് തികച്ചും അശാസ്ത്രീയമാണ്. അതുകൊണ്ട് സംസ്ഥാന വരുമാനത്തിന്റെ 5 ശതമാനമായി ഗ്യാരണ്ടി പരിധി പുനർനിശ്ചയിച്ചുകൊണ്ട് നിയമം ഭേദഗതി ചെയ്യുന്നതാണ്.

## XI

## ഉപസംഹാരം

276. കഴിഞ്ഞ ബജറ്റിന്റെ ഉപസംഹാരത്തിൽ 2016-17-ലെ പുതുക്കിയ കണക്കിനെ ഞാൻ വിശേഷിപ്പിച്ചത് "ധനപ്രതിസന്ധിയുടെ നഖചിത്രം" എന്നാണ്. 2017-18-ലെ മതിപ്പു കണക്ക് നൽകിക്കൊണ്ട് ഞാൻ പറഞ്ഞത് "നടപ്പുവർഷത്തെ പ്രതിസന്ധി അടുത്ത വർഷവും തുടരും എന്നുതന്നെയാണ്." അപ്പോൾപോലും അത് ഇത്ര

രൂക്ഷമാകുമെന്നു കരുതിയില്ല. അതുകൊണ്ട് ഇനി കൂടുതൽ ജാഗ്രത പാലിച്ചേപറ്റൂ. വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ വിശദീകരിച്ചുകഴിഞ്ഞു. ഇതോടൊപ്പം ചെലവു പ്രത്യേകിച്ച് പദ്ധതിയിതര ചെലവുകൾ ചുരുക്കുന്നതിനും ശ്രദ്ധിക്കേണ്ടതുണ്ട്.

277. ഒരു വികസനോന്മുഖ സംസ്ഥാനം എന്ന നിലയിൽ വർദ്ധിക്കുന്ന സർക്കാർ ചുമതലകൾ നിർവഹിക്കുന്നതിന് ആവശ്യമായ പുതിയ തസ്തികകൾ സൃഷ്ടിക്കേണ്ടി വരും. പക്ഷേ, ഒരു കാരണവശാലും നമുക്ക് 2017-18-ൽ ഉണ്ടായതുപോലുള്ള ശമ്പള പെൻഷൻ ചെലവുകൾ ഉയരുന്നത് താങ്ങാനാവില്ല. അതുകൊണ്ട് അനിവാര്യമായ വർക്ക് സ്റ്റഡി നടത്തിയതിനു ശേഷമേ തസ്തികകൾ സൃഷ്ടിക്കുകയുള്ളൂ. പലപ്പോഴും വകുപ്പിനുള്ളിൽ പുനർവിന്യാസം കൊണ്ട് ആവശ്യങ്ങൾ പരിഹരിക്കാൻ കഴിയും. ഇ-ഗവേണൻസിന്റെ നേട്ടങ്ങളും പ്രയോജന പ്പെടുത്തേണ്ടതുണ്ട്.

278. അതുപോലെതന്നെ, പുതിയ ഗ്രാന്റ് ഇൻ എയിഡ് സ്ഥാപനങ്ങൾ അനുവദിക്കുന്നത് വളരെ കർശനമായ പരിശോധനയുടെ അടിസ്ഥാനത്തിലേ പാടുള്ളൂ. നിലവിലുള്ള ഇത്തരം സ്ഥാപനങ്ങളുടെ പെർഫോമൻസ് ഓഡിറ്റും അനിവാര്യമാണ്.

279. സർക്കാർ വകുപ്പുകളിൽ വാഹനങ്ങൾ വാങ്ങുന്നതിൽ മിതത്വം പാലിക്കണം. വാഹനം വാടകയ്ക്കെടുത്ത് ഉപയോഗിച്ചാൽ, വാഹനങ്ങൾ വാങ്ങി ഉപയോഗിക്കുന്ന ചെലവിന്റെ മൂന്നിലൊന്നെങ്കിലും കുറവായിരിക്കും. അതുകൊണ്ട് സ്വന്തം വാഹനം വാങ്ങാനുള്ള അനുമതി,

വകുപ്പു മേധാവികൾക്കും പോലീസിനും നിയമനിർവഹണ ഏജൻസികൾക്കും തദ്ദേശ ഭരണസ്ഥാപന അധ്യക്ഷന്മാർക്കും ഗ്രാന്റ് ഇൻ എയിഡ് സ്ഥാപനങ്ങളുടെ മേധാവികൾക്കും മാത്രമായി പരിമിതപ്പെടുത്തുന്നു. പതിനാലു ലക്ഷത്തിൽ കൂടുതൽ വിലയുള്ള കാറുകൾ നിരുത്സാഹപ്പെടുത്തും. എല്ലാ വകുപ്പുകളിലും വാഹനങ്ങളുടെ എണ്ണത്തിന്റെ രജിസ്റ്ററുണ്ടാക്കി ഓരോ വർഷവും വണ്ടികളുടെ എണ്ണം കുറയ്ക്കുകയും വേണം.

280. യാത്രാച്ചെലവുകളും ചുരുക്കണം. അനിവാര്യ സാഹചര്യങ്ങളിൽ മാത്രമേ വിദേശ യാത്രകൾ അനുവദിക്കൂ. വകുപ്പുകൾ പരമാവധി വീഡിയോ കോൺഫറൻസ് സംവിധാനം ഉപയോഗപ്പെടുത്തണം.

281. ടെലിഫോൺ ചാർജുകളാണ് മറ്റൊരു ഇനം. നിലവിലുള്ള ലാൻഡ് ലൈനുകളുടെ ചെലവുകൾ പരമാവധി ചുരുക്കണം. ചെലവു കുറഞ്ഞ മൊബൈൽ ഫോൺ പാക്കേജുകളിലേയ്ക്ക് മാറുന്നതിന് എല്ലാവരും ശ്രദ്ധിക്കണം. 440 രൂപ വരെയുള്ള മൊബൈൽ ബില്ലുകൾ ഓട്ടോമാറ്റിക് ആയി റീ ഇംബേഴ്സ് നൽകും. ഇതിൽ കൂടുതലുള്ളതിന് മൊബൈൽ ബില്ലുകൾ ഹാജരാക്കണം.

282. ഇനി ഞാൻ 2017-18-ലെ സംസ്ഥാന സർക്കാരിന്റെ വരവു ചെലവിന്റെ സംക്ഷിപ്തരൂപം പുതുക്കിയ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ നൽകുകയാണ്. ചെലവ് ചുരുക്കലിന്റെ ഭാഗമായിട്ട് റവന്യുക്കമ്മി 13079.64 കോടി രൂപയായി കുറയ്ക്കുന്നതിനു കഴിഞ്ഞിട്ടുണ്ട്.

## 2017-18-ലെ പുതുക്കിയ എസ്റ്റിമേറ്റ്

*(രൂപ കോടിയിൽ)*

| | |
|---|---|
| റവന്യൂ വരവ് | 88266.85 |
| റവന്യൂ ചെലവ് | 101346.49 |
| റവന്യൂ കമ്മി | (-)13079.64 |
| മൂലധന ചെലവ് (തനി) | (-)8633.17 |
| വായ്പകളും മുൻകൂറുകളും (തനി) | (-)1061.60 |
| പൊതുകടം (തനി) | 20404.00 |
| പൊതുകണക്ക് (തനി) | 1677.54 |
| ആകെ കമ്മി | (-)692.87 |
| വർഷാരംഭ രൊക്ക ബാക്കി | (-)47.70 |
| വർഷാന്ത്യ രൊക്ക ബാക്കി | (-)740.57 |

283. 2018-19 ലെ വരവു ചെലവു കണക്കുകൾ സൂചിപ്പിക്കുന്നത് കമ്മി കുറച്ചുകൊണ്ടുവരാനുള്ള നമ്മുടെ ദൃഢനിശ്ചയ ത്തെയാണ്. പക്ഷെ ഇത് അത്യന്തം ശ്രമകരമായിട്ടുള്ള ഒരു കാര്യമാണ്. വരുമാനം വർദ്ധിച്ചില്ലെങ്കിൽ ചെലവു ചുരുക്കേണ്ടിവരും. കാരണം നമ്മൾ നൂൽപ്പാലത്തിനു മേൽക്കൂടിയുള്ള നടപ്പ് തുടരുകയാണ്. കിഫ്ബി വഴി ഗണ്യമായി മൂലധനനിക്ഷേപം ഉയർത്തുകയാണ്. ജിഎസ്ടി ഫലപ്രദമായി നടപ്പാക്കപ്പെടുമെന്നും നമ്മുടെ വരുമാനം ഗണ്യമായി ഉയരുമെന്നും നമ്മുടെ യാത്ര കൂടുതൽ സുഖകരമാകുമെന്നുമാണ് പ്രതീക്ഷിക്കുന്നത്.

## 2018-19-ലെ ബജറ്റ് എസ്റ്റിമേറ്റ്

*(രൂപ കോടിയിൽ)*

| | |
|---|---|
| റവന്യൂ വരവ് | 102801.24 |
| റവന്യൂ ചെലവ് | 115661.05 |
| റവന്യൂ കമ്മി | (-)12859.81 |
| മൂലധന ചെലവ് (തനി) | (-)10292.29 |
| വായ്പകളും മുൻകൂറുകളും (തനി) | (-)804.96 |
| പൊതുകടം (തനി) | 22288.87 |
| പൊതുകണക്ക് (തനി) | 1592.53 |
| ആകെ കമ്മി | (-)75.66 |
| വർഷാരംഭ രൊക്ക ബാക്കി | (-)740.57 |
| വർഷാന്ത്യ രൊക്ക ബാക്കി | (-)816.23 |
| ഇപ്പോൾ പ്രഖ്യാപിച്ച അധിക ചെലവ് | 915.15 |
| അധിക വിഭവ സമാഹരണം | 970.40 |
| വർഷാന്ത്യ രൊക്ക ബാക്കി | (-)760.98 |

284. സർ, ഞാൻ ഉപസംഹരിക്കുകയാണ്. തുടക്കത്തിൽ പറഞ്ഞതുപോലെ പ്രയാസങ്ങൾക്കു മധ്യത്തിലും പ്രതീക്ഷാനിർഭരമായ ഒരു നാളെയുടെ സാധ്യതയും ചിത്രവും വരച്ചുവെയ്ക്കാനാണ് ശ്രമിച്ചത്. സാമൂഹ്യ നീതിയുടെ ഘടകങ്ങളെ സംരക്ഷിക്കുന്നതിലും വികസിപ്പി ക്കുന്നതിലും വിട്ടുവീഴ്ചയില്ലാത്ത നിലപാട് ബജറ്റ്

സ്വീകരിക്കുന്നു. സർ, കുട്ടികളോടും അശരണരായ പ്രായം ചെന്നവരോടും പരമ്പരാഗത മേഖലകളിൽ വ്രതംപോലെ ഇന്നും പണിയെടുക്കുന്നവരോടും ഒപ്പം ചേർന്നു കൊണ്ട് ഈ ബജറ്റ് ഭാവികേരളത്തെ പ്രതീക്ഷയോടെ കാണുന്നു. സർവതലസ്പർശിയായ സ്ത്രീ നീതി സമൂഹത്തിൽ ആഴ്ന്നിറങ്ങിയ അടിസ്ഥാന സ്വഭാവമാകണം എന്ന സന്ദേശമാണ് ഈ ബജറ്റ് നൽകുന്നത്.

285. ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിന്റെ മുൻ ബജറ്റുകളുടെ തുടർച്ചയും ഒരുവേള വളർച്ചയുമാണ് ഈ ബജറ്റ്. കേരളത്തിന് സഹജമായ ശക്തിയും നന്മകളുമുണ്ട്. അവയെ മുറുകെ പിടിച്ച് നാളെയിലേയ്ക്ക് നടന്നു കയറാനുള്ള പ്രവർത്തനങ്ങൾക്കാണ് ഇടതുമുന്നണി സർക്കാരിന്റെ ബജറ്റുകൾ പരിശ്രമിച്ചുപോരുന്നത്. ദുരിതങ്ങൾക്കും മറ്റു ബുദ്ധിമുട്ടുകൾക്കും കീഴ്പ്പെടുന്ന മത്സ്യത്തൊഴിലാളികൾ അടക്കമുള്ള ദുർബല വിഭാഗങ്ങൾക്കൊപ്പമാണ് ഈ ബജറ്റ്. ബജറ്റ് വിഭാവനം ചെയ്യുന്ന സമഗ്ര സാമൂഹ്യസുരക്ഷാ കവചം കേരളത്തെ വീണ്ടും ഇന്ത്യയ്ക്കു മാതൃകയാക്കാൻ പോന്ന ഒന്നാണ്. ഒപ്പം, നാളത്തെ കേരളത്തെക്കുറിച്ചുള്ള സ്വപ്നങ്ങൾക്കു മൂർത്തരൂപം നൽകാനും പരിശ്രമിക്കുന്നു. വിദ്യാ സമ്പന്നരായ പുതിയ തലമുറയ്ക്ക് പുതിയ തൊഴിൽത്തുറകൾ വേണം. ഇതിനുവേണ്ട നിക്ഷേപം ആകർഷിക്കാൻ ലോകനിലവാരത്തിലുള്ള പശ്ചാത്തല സൌകര്യസൃഷ്ടിയാണ് വേണ്ടത്. അതിനായി നാം കിഫ്ബി വഴി തുടങ്ങിവെച്ച ശ്രമങ്ങൾ മുന്നേറണം. സാമ്പത്തിക അച്ചടക്കത്തിന്റെ ഘടകങ്ങൾ ഈ രൂപത്തിലാണ് വിഭാവനം ചെയ്തിട്ടുള്ളത്. സാമ്പത്തിക ദൃഢീകരണ നടപടികൾ

ഇടതുപക്ഷം തുടരുന്ന വികസനസമീപനത്തിന്റെ തന്നെ ഭാഗമായി മാറുകയാണെന്നു കാണാം.

286. സർ, ബാലാമണിയമ്മയുടെ നവകേരളം എന്ന കവിതയിലെ വരികൾ ഞാനോർക്കട്ടെ.

വന്നുദിക്കുന്നു ഭാവനയിങ്ക-

ലിന്നൊരു നവലോകം

വിസ്ഫുരിക്കുന്നു ഭാവനയിലാ-

വിജ്ഞമാനിതം കേരളം

വിജ്ഞാനാധിഷ്ഠിതമായ ഒരു നവകേരളസൃഷ്ടി മുന്നിൽക്കണ്ട് സർ, 2018-19-ലെ ബജറ്റും ഈ സഭയുടെ അംഗീകാരത്തിന് സമർപ്പിക്കുന്നു.

*- ജയ്ഹിന്ദ് -*

Cover painting - **Sobha Menon** 'Habitat'
Cover design - Godfrey Das

Printed by the Superintendent of Government Presses
at the Government Press, Mannanthala, Thiruvananthapuram-2018